28
ചൊവ്വ
ഡിസംബർ 2021
1197 ധനു 13
Vol 4 Issue No 51

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

₹ 7.50
പേജ് 21

www.keralapranamam.com
infokeralapranamam@gmail.com

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്






## വാളയാർ കേസ്; സഹോദരിമാരുടേത് ആത്മഹത്യയെന്ന് സിബിഐ; കുറ്റപത്രം സമർപ്പിച്ചു

തിരുവനന്തപുരം :വാളയാർ കേസിൽ സിബിഐ കുറ്റപത്രം സമർപ്പിച്ചു. വാളയാർ സഹോദരിമാരുടേത് ആത്മഹത്യയാണെന്നും നിരന്തര ശാരീരിക പീഡനത്തെ തുടർന്നാണ് പെൺകുട്ടിയുടെ ആത്മഹത്യയെന്നും കുറ്റപത്രത്തിൽ പറയുന്നു. പൊലീസ് പിടികൂടിയ പ്രതികൾ തന്നെയാണ് യഥാർത്ഥ കുറ്റവാളികൾ തന്നെയെന്നുമാണ് സിബിഐ കണ്ടെത്തൽ. തിരുവനന്തപുരം സിബിഐ യൂണിറ്റ് ഡിവൈഎസ്പി അനന്തകൃഷ്ണനാണ് പാലക്കാട് പോക്സോ കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചത്. വാളയാറിൽ മരിച്ച ഒന്നാമത്തെ പെൺകുട്ടിയുടെ മരണത്തിൽ വി. മധു, ഷിബു, എം. മധു എന്നിവരാണ് പ്രതികൾ. രണ്ടാമത്തെ പെൺകുട്ടിയുടെ മരണത്തിൽ വി. മധുവും പ്രായപൂർത്തിയാകാത്ത ആൺകുട്ടിയുമാണ് പ്രതികളെന്നാണ് സിബിഐ റിപ്പോർട്ടിലുള്ളത്. ബലാത്സംഗം, ആത്മഹത്യാ പ്രേരണ, പോക്സോ വകുപ്പുകൾ ചുമത്തിയാണ് കേസ്. ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല സിബിഐ റിപ്പോർട്ടെന്ന് വാളയാർ സമര സമിതി നേതാവ് സി.ആർ നീലകണ്ഠൻ പറഞ്ഞു. 'ഒന്നുകിൽ സിബിഐ ഗൗരവമല്ലാത്ത അന്വേഷണമാണ് നടത്തിയത്. അല്ലെങ്കിൽ ആദ്യമേ സംശയിക്കുന്നത് പോലെ കേസിൽ അട്ടിമറി നടന്നിട്ടുണ്ടാകും എന്നാണ് പറയാനുള്ളത്. കുറ്റപത്രം പഠിച്ച ശേഷം ഹൈക്കോടതിയിലേക്ക് പോകും'. കേസുമായി ബന്ധപ്പെട്ട് സിബിഐക്ക് നൽകിയ ലീഡ്സ് പരിഗണിച്ചില്ലെന്നും സി ആർ നീലകണ്ഠൻ വ്യക്തമാക്കി. കേസന്വേഷണത്തിൽ പൊലീസ് ചെയ്ത തെറ്റ് തന്നെയാണ് സിബിഐയും ആവർത്തിച്ചതെന്ന് മരിച്ച പെൺകുട്ടികളുടെ അമ്മ മാധ്യമങ്ങളോട് പറഞ്ഞു. അന്വേഷണം ശരിയായി നടന്നിരുന്നെങ്കിൽ കൊലപാതകമാണെന്ന് തെളിയുമായിരുന്നെന്നും അമ്മ പ്രതികരിച്ചു. 2017 ജനുവരി ഏഴിനാണ് വാളയാർ അട്ടപ്പള്ളത്തെ വീട്ടിൽ 13 വയസുകാരിയെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. രണ്ടുമാസത്തിനിപ്പുറം മാർച്ച് നാലിന് ഇതേ വീട്ടിൽ അനുജത്തിയായ ഒമ്പത് വയസുകാരിയേയും തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. 13 കാരിയുടെ മരണത്തിലെ ഏക ദൃക്സാക്ഷി കൂടിയായിരുന്നു ഒമ്പതുകാരി.തിരുവനതപുരം സിബിഐ യൂണിറ്റ് ഡിവൈഎസ്പി അനന്തകൃഷ്ണനാണ് റിപ്പോർട്ട് നൽകിയത്. പാലക്കാട് പോക്സോ കോടതിയിലാണ് കുറ്റപത്രം നൽകിയത്. വീടിന്റെ ഉത്തരത്തിൽ ഒമ്പത് വയസ്സുകാരിക്ക് തൂങ്ങാനാവില്ലെന്ന പോലീസ് കണ്ടെത്തൽ ബാക്കി നിർത്തിക്കൊണ്ടാണ് സിബിഐ കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്.



## കോൺഗ്രസിനും മുസ്ലീം ലീഗിനുമെതിരെ ശക്തമായ വിമർശനവുമായി മുഖ്യമന്ത്രി

**മലപ്പുറം:** കോൺഗ്രസിനും മുസ്ലീം ലീഗിനുമെതിരെ ശക്തമായ വിമർശനവുമായി മുഖ്യമന്ത്രി പിണറായി വിജയൻ. കേരളത്തിൽ ഇനി വികസനം വരാൻ പാടില്ലെന്ന നിഷേധാത്മക നിലപാണ് പ്രതിപക്ഷത്തിന്റേതെന്നും മുഖ്യമന്ത്രി കുറ്റപ്പെടുത്തി. സിപിഎം മലപ്പുറം ജില്ലാ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്രത്തിൽ നിന്നും തികഞ്ഞ അവഗണനയാണ് നേരിടുന്നതെന്നും ബിജെപിയെ രാഷ്ട്രീയമായി നേരിടാൻ പ്രാദേശിക സഖ്യങ്ങൾ ഉയർന്നുവരണമെന്നും അദ്ദേഹം പറഞ്ഞു. യുഡിഎഫും ബിജെപിയും കടുത്ത രാഷ്ട്രീയ പ്രതിസന്ധിയിലാണ്, വർഗീയ ധ്രുവീകരണത്തിനാണ് അവർ ശ്രമിക്കുന്നത്. ഓരോ ചെറിയ വിഷയത്തിലും വർഗീയത കലർത്തി അവരുടെ നയങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കാൻ ബുദ്ധിമുട്ടുകയാണ്. ഇതിനുള്ള കുറുക്കുവഴിയായാണ് വർഗീയത പരത്താൻ ശ്രമിക്കുന്നതെന്നും അദ്ദേഹം വിമർശിച്ചു. ജമാഅത്തെ ഇസ്ലാമിയും പോപ്പുലർ ഫ്രണ്ടുമായി മുസ്ലീം ലീഗ് നേരത്തേ ധാരണയുണ്ടാക്കിയിരുന്നു. എന്നാൽ ഇപ്പോൾ അതുമാറി രണ്ട് സംഘടനകളുടെയും മുദ്രാവാക്യം മുസ്ലീം ലീഗ് ഏറ്റെടുത്തിരിക്കുകയാണ്. മുസ്ലീം ലീഗിന്റെ വർഗീയ നിലപാടുകൾക്കെതിരെ ആ പാർട്ടിയിലെ തന്നെ സമാധാന കാംഷികളായവർ രംഗത്തെത്തണമെന്നും നാടിനാവശ്യമായ പദ്ധതികളൊന്നും ഉപേക്ഷിക്കില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി

## ധാർമികതയ്ക്കും നിയമത്തിനും നിരക്കാത്ത ചിലത് ചെയ്യേണ്ടി വന്നു; സർവകലാശാല ചാൻസലർ പദവിയിൽ തുടരില്ല; ഗവർണർ

**തിരുവനന്തപുരം:** സർവകലാശാല ചാൻസലർ പദവിയിൽ തുടരില്ലെന്ന് ആവർത്തിച്ച് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. സർവകലാശാലകൾ സംരക്ഷിക്കപ്പെടണം. സർക്കാരുമായി ഏറ്റുമുട്ടലിനില്ല. സർവകലാശാലകൾക്ക് പൂർണ പിന്തുണ ഉറപ്പാക്കണമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ വ്യക്തമാക്കി.ഗവർണർ തന്നെ ചാൻസലർ ആകണമെന്നത് ഭരണഘടനാപരമല്ല. ധാർമികതയ്ക്കും നിയമത്തിനും നിരക്കാത്ത ചിലത് തനിക്ക് ചെയ്യേണ്ടി വന്നെന്ന് ഗവർണർ ചൂണ്ടിക്കാട്ടി. സർവകലാശാല വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതില്ലെന്ന് ഓഫീസിന് നിർദേശം നൽകിയെന്നും അദ്ദേഹം പറഞ്ഞു.





## പുതുവർഷാഘോഷത്തിന് പൂട്ടിട്ട് സർക്കാർ

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഒമിക്രോൺ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വ്യാഴാഴ്ച മുതൽ ഞായറാഴ്ച വരെ രാത്രികാല നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാർ. ഡിസംബർ 30 മുതൽ ജനുവരി 2 വരെയാണിത്. രാത്രി 10 മുതൽ രാവിലെ അഞ്ച് വരെയാണ് നിയന്ത്രണം. ഈ സമയങ്ങളിൽ ആൾക്കൂട്ടം ഒഴിവാക്കണം. അനാവശ്യ യാത്രകളും പാടില്ലെന്ന് നിർദ്ദേശമുണ്ട്. പുതുവർഷാഘോഷങ്ങളുടെ പശ്ചാത്തലത്തിലാണ് ശക്തമായ നിയന്ത്രണം ഏർപ്പെടുത്തുന്നത്. ഇന്നലെ ചർന്ന കൊവിഡ് അവലോകന യോഗത്തിലാണ് ഈ തീരുമാനം. കടകൾ രാത്രിയിൽ 10 മണിയ്ക്ക് അടയ്ക്കണമെന്നും നിർദ്ദേശമുണ്ട്.നിലവിൽ കേന്ദ്ര നിർദ്ദേശപ്രകാരം വിവിധ സംസ്ഥാനങ്ങൾ രാത്രികാല യാത്രാ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. യു.പിയിൽ ഡിസംബർ 25 മുതൽ രാത്രി 11 മുതൽ പുലർച്ചെ അഞ്ച് വരെ രാത്രികാല നിരോധനമുണ്ട്. ഗുജറാത്തിൽ എട്ട് നഗരങ്ങളിൽ രാത്രികാല നിരോധനം നിലവിൽ വന്നു. ഡിസംബർ 28 മുതൽ 10 ദിവസത്തേക്ക് കർണാടകയും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. രാത്രി 10 മുതൽ അഞ്ച് വരെയാണ് നിയന്ത്രണം. സംസ്ഥാനങ്ങളിൽ പുതുവർഷ ആഘോഷങ്ങൾക്കും നിയന്ത്രണമുണ്ട്.




കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

രാഹുകാലം : 03.00 to 04.30 pm
ഗുളികകാലം : 12.00 to01.30 Pm
യമകണ്ടകകാലം : 09 .00 to10.30 am

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ



മഹാത്മാ ഗാന്ധി

## പോലീസ്സംവിധാനം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനാകണം

സമാധാനകാംക്ഷികളായ മനുഷ്യരെ ഭയചകിതരാക്കുന്ന സംഭവങ്ങളാണ് ഓരോദിവസവും പുറത്തുവരുന്നത്. ഗുണ്ടകളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുകയോ അംഗവിഹീനരാകുകയോ ചെയ്യുന്നത് പുതുമയല്ലാതായി മാറിയിരിക്കുന്നു. പൈശാചികത പരമാവധി പരീക്ഷിക്കുന്ന ഈ അക്രമങ്ങളുടെ നിന്ദ്യത ഭയപ്പെടുത്തുന്നതാണ് ജീവനോടെ കാൽവെട്ടിയെടുത്ത് പരസ്യമായി പ്രദർശിപ്പിക്കുന്ന ക്രൂരത. അമ്മയുടെയും മക്കളുടെയും ഭാര്യയുടെയും ഒക്കെ മുന്നിലിട്ട് മനുഷ്യനെ വെട്ടിക്കൂട്ടുന്ന നിന്ദ്യത. ജോലികഴിഞ്ഞു പോകുന്ന മനുഷ്യനെ യാതൊരു പ്രകോപനവുമില്ലാതെ ഇടിച്ചിട്ട് വെട്ടിക്കൊല്ലുന്ന നിഷ്ഠുരത.അത്യാധുനിക സംവിധാനങ്ങളെല്ലാമുള്ള, സാങ്കേതിക പിൻബലമുള്ള നമ്മുടെ പോലീസ്–ഇന്റലിജൻസ് സംവിധാനങ്ങൾ ഈ സംഭവങ്ങളിലൊക്കെ പകച്ചുനിൽക്കുകയാണ്. അക്രമങ്ങളെ മുൻകൂട്ടി കാണുന്നതിനോ നിയന്ത്രിക്കുന്നതിനോ കഴിയുന്നില്ല. ഓരോ പ്രദേശവും അടക്കിഭരിക്കുന്ന ഗുണ്ടകൾ നാട്ടുരാജാക്കന്മാരെപ്പോലെ വിലസുമ്പോൾ അവർക്കു മുന്നിൽ മുട്ടിടിച്ചു നിൽക്കാനേ പോലീസിനു കഴിയുന്നുള്ളൂവെന്നു തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ ദിവസം പിടികൂടിയ 'ഒട്ടകം രാജേഷ്' എന്ന ഗുണ്ടയുടെ കഥതന്നെ തെളിവുതരുന്നു. നമ്മുടെ പോലീസ് സംവിധാനത്തിന് എന്തു സംഭവിച്ചുവെന്ന് ഒരിക്കൽക്കൂടി ചൂണ്ടിക്കാണിക്കുന്നതാണ് കഴിഞ്ഞ ദിവസം കിഴക്കമ്പലത്ത് കിറ്റെക്സ് കമ്പനി വളപ്പിലുണ്ടായ അക്രമസംഭവങ്ങളും.

ഇതരസംസ്ഥാന തൊഴിലാളികൾ നടത്തിയ അക്രമങ്ങളറിഞ്ഞു രാത്രി പന്ത്രണ്ടരയോടെയാണു പോലീസ് സ്ഥലത്തെത്തിയത്. പോലീസിനെ ആക്രമിച്ച് അഴിഞ്ഞാടിയ അക്രമികളെ നിയന്ത്രിക്കാനും കസ്റ്റഡിയിലെടുക്കാനും പോലീസിന് ആറു മണിക്കൂറോളം വേണ്ടിവന്നുവെന്നത് പരാജയമാണ്. പോലീസ് വാഹനം കത്തിച്ചും തല്ലിത്തകർത്തും ഉദ്യോഗസ്ഥരെ വിരട്ടിയോടിച്ച ഇതരസംസ്ഥാന തൊഴിലാളികൾ പ്രദേശത്ത് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയായിരുന്നു. സി.ഐ. അടക്കം നിരവധി പോലീസുകാർക്ക് പരുക്കേൽക്കുയും വാഹനങ്ങൾ തകർക്കുകയും ചെയ്തു.

സമാനമായ സാഹചര്യത്തിൽ അക്രമം നിയന്ത്രിക്കാൻ ആറുമണിക്കൂർ എന്നത് പോലീസ് സംവിധാനത്തിന്റെ പരാജയം തന്നെയാണ്. സംഘംചേർന്ന അക്രമികൾ ഉദ്യോഗസ്ഥരെയോ നാട്ടുകാരെയോ കൊലപ്പെടുത്തിയാലും സ്ഥിതിഗതി ഇങ്ങനെയൊക്കെത്തന്നെയാകുമായിരുന്നു. അതുകൊണ്ടുതന്നെ അക്രമികളുടെ കാരുണ്യത്തിൽ ഉദ്യോഗസ്ഥർക്കും ജനങ്ങൾക്കും ജീവൻ നിലനിർത്താനായി എന്ന് ഈ സംഭവത്തെ കുറച്ചുകൂടി വിശദീകരിക്കേണ്ടി വരും. <യ്യ/>കിഴക്കമ്പലം സംഭവത്തിൽ മയക്കുമരുന്നിന്റെ സ്വാധീനത്തെക്കുറിച്ച് കമ്പനി എം.ഡി. തന്നെ സൂചന നൽകുമ്പോൾ ഇതരസംസ്ഥനങ്ങളിൽ നിന്നൊഴുകുന്ന മാരക മയക്കുമരുന്നുകളുടെ പ്രഭവകേന്ദ്രവും വിതരണ ശൃംഖലയും കണ്ടെത്തി അത് അവസാനിപ്പിക്കാൻ നടപടിയെടുക്കണം. ഇതരസംസ്ഥാന തൊഴിലാളികളുടെ വാസകേന്ദ്രങ്ങൾ നിയമവിരുദ്ധപ്രവർത്തനങ്ങൾക്കുള്ള താവളമായി മാറരുത് പൊതുജനങ്ങളുടെ പണമുപയോഗിച്ചു പരിപാലിക്കുന്ന പോലീസ് സംവിധാനം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനാകണം



## കിഴക്കമ്പലം അക്രമം; കിറ്റെക്സ് തൊഴിലാളികളെ കോടതിയിൽ ഹാജരാക്കി

**കോലഞ്ചേരി:** കിഴക്കമ്പലത്ത് ക്രിസ്മസ് രാത്രിയിൽ പൊലീസിനെ ആക്രമിച്ച കേസിൽ പിടിയിലായ കിറ്റെക്സ് തൊഴിലാളികളായ പ്രതികളെ കോടതിയിൽ ഹാജരാക്കി. കോലഞ്ചേരി ഫസ്റ്റ്ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലാണ് പ്രതികളെ എത്തിച്ചത്. പ്രതികളുടെ എണ്ണം കൂടുതലായതിനാൽ പ്രത്യേകമായാണ് കേസ് പരിഗണിച്ചത്.

രണ്ട് കേസുകളാണ് സംഭവത്തിൽ രജിസ്റ്റർ ചെയ്തത്. സംഘർഷം അറിഞ്ഞെത്തിയ സ്റ്റേഷൻ ഹൗസ് ഓഫിസർ വി.ടി. ഷാജൻ അടക്കമുള്ള പൊലീസുകാരെ തടഞ്ഞുവെച്ച് മർദിച്ചതിനും വധിക്കാൻ ശ്രമിച്ചതിനുമാണ് ആദ്യത്തെ കേസ്. രണ്ടാമതായി പൊതുമുതൽ നശിപ്പിക്കാൻ ശ്രമിച്ചതിനും കേസുണ്ട്.

ആദ്യത്തെ കേസിൽ 25 പേരാണ് പ്രതികൾ. ഇവരെയാണ് ആദ്യം കോടതിയിൽ ഹാജരാക്കിയത്. കല്ല്, മരവടി എന്നിവ ഉപയോഗിച്ച് പൊലീസിനെ ആക്രമിച്ചു എന്നാണ് റിമാന്റ് റിപ്പോർട്ടിൽ പറയുന്നത്.


കോടതിയ്ക്ക് മുന്നിൽ പ്രതികൾക്കെതിരെ നാട്ടുകാരുടെ വലിയ പ്രതിഷേധം ഉണ്ടായിരുന്നു. ആകെ 162 പേരാണ് സംഭവവുമായി ബന്ധപ്പെട്ട് പൊലീസ് കസ്റ്റഡിയിൽ ഉണ്ടായിരുന്നത്. ഇതിൽ പൊലീസുകാരെ അക്രമിച്ചതുൾപ്പെടെയുള്ള അതിക്രമങ്ങളിൽ തിരിച്ചറിഞ്ഞ പ്രതികളെയാണ് കോടതിയിൽ ഹാജരാക്കിയത്.അഡ്വ. ഇ.എൻ. ജയകുമാർ പ്രതികൾക്കുവേണ്ടി ഹാജരായി. സർക്കാർ ഭാഗത്തുനിന്നും നിയമസഹായവേദിയുടെ (കെൽസ) വക്കീലാണ് പ്രതികൾക്കുവേണ്ടി ഹാജരായ അഡ്വ. ഇ.എൻ. ജയകുമാർ. പ്രതികളെ വിയ്യൂർ സ്പെഷ്യൽ ജയിലിലേയ്ക്ക് മാറ്റും.

## ചണ്ഡീഗഢ് മുനിസിപ്പൽ കോർപ്പറേഷനിൽ ബിജെപിക്ക്പരാജയം; 14 സീറ്റിൽ ആം ആമി

**ചണ്ഡീഗഢ്** ചണ്ഡീഗഢ് മുനിസിപ്പൽ കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ ബി ജെപിക്ക് കനത്ത പരാജയം. ചണ്ഡീഗഢ് മുൻസിപൽ കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ ആദ്യമായി മത്സരിച്ച ആം ആദ്മി പാർടി 35 സീറ്റിൽ 14 ഇടത്ത് വിജയിച്ചു.

ഭരണകക്ഷിയായിരുന്ന ബിജെപി 12 സീറ്റിലേക്ക് ഒതുങ്ങി. 8 സീറ്റിൽ കോൺഗ്രസും ഒരു സീറ്റിൽ ശിരോമണി അകലിദളുമാണ് വിജയിച്ചത്. ഭൂരിപക്ഷത്തിനാവശ്യമായ 19 സീറ്റ് ആർക്കും ലഭിച്ചില്ല.

ഭരണകക്ഷിയായ ബിജെപിക്ക് കനത്ത തിരിച്ചടിയാണുണ്ടായത്. ബിജെപിയുടെ സിറ്റിംഗ് മേയറും പാർട്ടി സ്ഥാനാർത്ഥിയുമായ രവികാന്ത് ശർമ്മയെ എഎപിയുടെ ദമൻപ്രീത് സിംഗ് പരാജയപ്പെടുത്തി. മുൻ മേയർമാരായ രാജേഷ് കാലിയ, ദവേഷ് മൗഡ്ഗിൽ എന്നിവരും പരാജയപ്പെട്ടു. ബിജെപിയുടെ നാല് സിറ്റിങ് കൗൺസിലർമാരും പരാജയപ്പെട്ടു.2016ൽ 26 ആയിരുന്ന വാർഡുകളുടെ എണ്ണം ഇപ്പോൾ 35 ആയി ഉയർത്തിയതാണ്.




## ആരോഗ്യ വികസന സൂചികയിൽ വീണ്ടും ഒന്നാമതെത്തി കേരളം

നീതി ആയോഗിന്റെ ദേശീയ ആരോഗ്യ വികസന സൂചികയിൽ കേരളം ഒന്നാമത്. വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിലാണ് കേരളം ഒന്നാമതെത്തിയത്. തമിഴ്നാടാണ് രണ്ടാമത്. തെലങ്കാന മൂന്നാമതെത്തി. ഉത്തർപ്രദേശാണ് ഏറ്റവും മോശം പ്രവർത്തനം നടത്തിയ സംസ്ഥാനം.

എന്നാൽ 2018ൽ നിന്നു 2019ൽ എത്തുമ്പോൾ ആരോഗ്യവിഷയത്തിൽ ഏറ്റവും പുരോഗമനം നടത്തിയ സംസ്ഥാനം എന്ന നേട്ടവും ഉത്തർപ്രദേശ് സ്വന്തമാക്കി. 2019–20 കാലത്തെ അടിസ്ഥാനമാക്കിയാണ് റാങ്കിങ്. ദേശീയ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ സഹകരണത്തോടെ ലോകബാങ്കിന്റെ സാങ്കേതിക സഹായം നേടിയാണ് റിപ്പോർട്ട് തയാറാക്കിയത്. ചെറിയ സംസ്ഥാനങ്ങളിൽ മികച്ച പ്രകടനത്തിനുള്ള പുരസ്കാരം ലഭിച്ചത് മിസോറമിനാണ്. കേന്ദ്രഭരണ പ്രദേശങ്ങളായ ഡൽഹി, ജമ്മുകാശ്മീർ എന്നിവ അവസാന സ്ഥാനത്താണ് എത്തിയത്.

കഴിഞ്ഞ ദിവസം കേന്ദ്ര സർക്കാർ പുറത്തുവിട്ട സദ്ഭരണ സൂചികയിൽ കേരളം അഞ്ചാം സ്ഥാനം നേടിയിരുന്നു. ഗുജറാത്താണ് ഒന്നാമത്. വ്യവസായ സൗഹൃദ കാര്യത്തിൽ നില ഏറ്റവും മെച്ചപ്പെടുത്തിയ സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളമുള്ളത്.





## നെടുമ്പാശേരി വിമാനത്താവളത്തിന് കെ കരുണാകരന്റെ പേര് നൽകാത്തത് യുഡിഎഫിന്റെ വീഴ്ചയെന്ന് കെ മുരളീധരൻ

കോഴിക്കോട്: നെടുമ്പാശേരി വിമാനത്താവളത്തിന് മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ പേര് നൽകാത്തത് യുഡിഎഫ് സർക്കാരിന്റെ വീഴ്ചയെന്ന് കെ മുരളീധരൻ എംപി.കോഴിക്കോട് ജില്ലാ കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിച്ച കെ. കരുണാകരൻ അനുസ്മരണ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുരളീധരൻ.2011 ലെ യുഡിഎഫ് സർക്കാരും അന്ന് രാജ്യം ഭരിച്ചിരുന്ന കോൺഗ്രസ് നേതൃത്വത്തിലുള്ള യുപിഎ സർക്കാരും വിമാനത്താവളത്തിന് കെ കരുണാകരന്റെ പേര് നൽകാനുള്ള നടപടികൾ സ്വീകരിച്ചില്ല. തക്കസമയത്ത് വേണ്ടത് ചെയ്യാതെ അനുസ്മണ പരിപാടികളിൽ വിലപിച്ചിട്ട് കാര്യമില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.കെ – റെയിൽ പദ്ധതിയുമായി മുന്നോട്ട് പോകുന്ന സിപിഎമ്മിനെ പരിഹസിച്ച മുരളീധരൻ പത്ത് വർഷം കാലാവധിയുള്ള പദ്ധതി പൂർത്തിയാവുമ്പോഴേക്കും കേരളത്തിൽ സിപിഎം ജീവിച്ചിരിക്കുമോ എന്ന് തീർച്ചയില്ലെന്നും പറഞ്ഞു. സ്വന്തം പൊലീസിന് സംരക്ഷണം കൊടുക്കാൻ കഴിയാത്ത പിണറായിയാണ് കെ. റെയിൽ വിരുദ്ധ സമരക്കാരെ കൈയേറ്റം ചെയ്യുമെന്ന് പറഞ്ഞു നടക്കുന്നതെന്നും അദ്ദേഹം പരിഹസിച്ചു.



## സ്വസ്ഥതയും, സമാധാനവും പോകും: മറ്റുള്ളവർ കാണുന്നതാണ് മന്ത്രിപ്പണിയുടെ ഗമ: പി.പ്രസാദ്

കോഴിക്കോട്: സ്വസ്ഥതയും സമാധാനവും സ്വകാര്യതയും നഷ്ടപ്പെട്ടാലും, മറ്റുള്ളവരുടെ മുൻപിൽ കിട്ടുന്ന ഗമയാണ് മന്ത്രിപ്പണിയുടെ ഹരമെന്ന് കൃഷിമന്ത്രി പി.പ്രസാദ്. മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയാണ് മലയാളികൾ ഗംഭീര വീട് വയ്ക്കുന്നതും വാഹനം വാങ്ങുന്നതും നല്ല വസ്ത്രം ധരിക്കുന്നതും. അതു തന്നെയാണ് മന്ത്രിപ്പണിയുടെ ഹരവും. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കൃഷി അതിജീവനം ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

മന്ത്രി ആകുന്നതോടെ നമ്മുടെ സ്വസ്ഥതയും സമാധാനവും സ്വകാര്യതയും പോകും. ഒരു തർക്കവും വേണ്ട. പിന്നെ ആകെയുള്ള ഹരം നമ്മളെ കാണുമ്പോൾ പൊലീസുകാർ സല്യൂട്ട് അടിക്കും. അപ്പോൾ നാലാളുകൾ നോക്കും. സല്യൂട്ട് അടിക്കുന്നത് ആരെങ്കിലും കണ്ടില്ലെങ്കിൽ പിന്നെ വല്ല കാര്യവു മുണ്ടോ? എന്നെ പൊലീസുകാർ നിരന്നുനിന്ന് സല്യൂട്ട് അടിക്കുന്നത് ആരെങ്കി ലും കാണുമ്പോൾ അവർ എന്നെ നോക്കും. ഞാൻ അവരെയും നോക്കും. ഇത് ആരും കാണുന്നില്ലെങ്കിൽ, ഒരു മനുഷ്യൻ മൈൻഡ് ചെയ്യുന്നില്ലെങ്കിൽ പിന്നെ ഇതിൽ ഒക്കെ എന്തെങ്കിലും കാര്യമുണ്ടോ?

നമ്മൾ ഇങ്ങനെ പൊലീസിന്റെ കൂടെ ഒക്കെ പോകുന്നു. ആ സമയത്ത് മറ്റു വണ്ടികളെ ഓവർടേക്ക് ചെയ്യുന്നു. അപ്പോൾ ആളുകൾ ഒക്കെ ഇങ്ങനെ നോക്കും. അപ്പോൾ നമുക്ക് ഒരു ഗമയാണ്. ആളുകൾ വിചാരിക്കും ഏതോ വല്യ ആളാണെന്ന്. അപ്പോൾ നമുക്കൊരു കുളിരു കോരും. ഇതാണ് ഇതിന്റെ ഒരു ഹരം. 5 വർഷം ഈ സല്യൂട്ട് കണ്ട് നിൽക്കുമ്പോൾ നമുക്ക് തോന്നും നമ്മൾ എന്തോ വല്യ ആളാണെന്ന്. 5 കൊല്ലം കഴിയുമ്പോൾ ഇതിന്റെ ഹരം കൂടുമ്പോൾ കസേരയിൽനിന്ന് ഇറങ്ങാൻ പ്രയാസമാകും. ഇറങ്ങിക്കഴിഞ്ഞാൽ പിന്നെ ആരും സല്യൂട്ട് ചെയ്യില്ലല്ലോ എന്ന തോന്നലാണ്.

5 കൊല്ലം കഴിഞ്ഞാലും ഇവിടെനിന്ന് ഇറങ്ങാതിരിക്കാനാണു പിന്നെയുള്ള ശ്രമം. ഈ പദവി ഒക്കെ മറ്റുള്ളവർ കാണുന്നത് കൊണ്ടാണ് ഒരു ഹരമായി മാറുന്നത്. സാരിക്കു ചേർന്ന ബ്ലൗസ്, പൊട്ട് ഒക്കെ നോക്കി എത്ര നേരം കണ്ണാടിയിൽ നോക്കിയിട്ടാണ് നമ്മൾ വസ്ത്രം മാറുന്നത്. വേഷത്തിന്റെ കാര്യത്തിൽ, വാഹനത്തിന്റെ കാര്യത്തിൽ, വീടിന്റെ കാര്യത്തിൽ ഒക്കെ നമുക്ക് 'ഗംഭീരമാകണം' എന്ന ജാഗ്രതയുണ്ട്. മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയാണ് ഇങ്ങനെ ജീവിക്കുന്നത്.

മറ്റുള്ളവരെ കാണിക്കാൻ വേണ്ടി വീട്ടിലും വാഹനത്തിലും വസ്ത്രത്തിലും വലിയ തിരഞ്ഞെടുപ്പുകൾ നടത്തുന്ന മനുഷ്യർ ഭക്ഷണത്തിന്റെ കാര്യത്തിൽ മാത്രം ഒട്ടും സാക്ഷരതയില്ലാത്തവരാണ്. കഴിക്കുന്ന ഭക്ഷണത്തിന്റെ കാര്യത്തിൽ ഒട്ടും ശ്രദ്ധയില്ലാത്ത ഒരേ ഒരു ജീവി മനുഷ്യനാണ്. ഇത്തരം അവസ്ഥ മാറണം. നമ്മുടെ മക്കളെങ്കിലും രോഗികൾ ആകാതിരിക്കാൻ വൃത്തിയും സുരക്ഷയുള്ളതുമായ ഭക്ഷണം കഴിക്കാൻ ശീലിക്കണമെന്നും മന്ത്രി പ്രസാദ് പറഞ്ഞു.

SPECIAL-NEWS



# അക്കൗണ്ടുകൾ മരവിപ്പിക്കാൻ സന്യാസ സഭ എസ് ബി ഐയോട് ആവശ്യപ്പെട്ടിരുന്നെന്ന് കേന്ദ്രസർക്കാർ; ക്രൂരമായ് ക്രിസ്മസസമ്മാനമെന്ന് കൊൽക്കത്ത അതിരൂപത

**ദില്ലി:** മദർ തെരേസയുടെ മിഷനറീസ് ഓഫ് ചാരിറ്റിയുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ച സംഭവത്തിലെ നടപടി പാവപ്പെട്ടവർക്കുള്ള ക്രൂരമായ ക്രിസ്മസ് സമ്മാനമെന്ന് കൊൽക്കത്ത അതിരൂപത. ക്രിസ്ത്യൻ സമൂഹത്തിനും അവർ സേവിക്കുന്ന ദരിദ്രർക്കുമെതിരായ ആക്രമണം. മിഷനറീസ് ഓഫ് ചാരിറ്റിയുടെ എഫ് സി ആർ എ ആക്ട് അനുസരിച്ച് ലൈസൻസിന്റെ കാലാവധി അവസാനിക്കാനിരിക്കുകയാണ് ഇത് പുതുക്കി നൽകാനുള്ള അപേക്ഷ മിഷനറീസ് ഓഫ് ചാരിറ്റി നൽകിയിരുന്നു. എന്നാൽ ഡിസംബർ 25 ന് അപേക്ഷ നിരസിക്കപ്പെട്ടു. ചട്ട വിരുദ്ധ ലംഘനം ചൂണ്ടിക്കാട്ടിയാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അപേക്ഷ നിരസിച്ചത്. അപേക്ഷ നിരസിച്ചതോടെയാണ് സന്യാസ സഭ അക്കൗണ്ടുകൾ മരവിപ്പിക്കാൻ സന്യാസ സഭ എസ് ബി ഐയോട് ആവശ്യപ്പെട്ടത്. ലൈസെൻസ് ഇല്ലാത്ത ഘട്ടത്തിൽ വരുന്ന ക്രിസ്മസ് സംഭാവനകൾ ചട്ട ലംഘനം ആകുകയും സഭയ്ക്കെതിരായ നടപടി ഉണ്ടാകുകയും ചെയ്യും അത് ഒഴിവാക്കാനാണ് ലൈസെൻസ് മരവിപ്പിക്കാൻ സന്യാസ സഭ അപേക്ഷ നൽകിയത്.അക്കൗണ്ടുകൾ മരവിപ്പിക്കാൻ സന്യാസ സഭ എസ് ബി ഐയോട് ആവശ്യപ്പെട്ടിരുന്നെന്ന് കേന്ദ്രസർക്കാർ. ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കാൻ ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ടിട്ടില്ലെന്നും വിശദീകരണം.അതേസമയം മദർ തെരേസയുടെ മിഷനറീസ് ഓഫ് ചാരിറ്റിയുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ച സംഭവം ഞെട്ടിക്കുന്നതെന്ന് ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി വ്യക്തമാക്കി. 22,000 രോഗികളും ജീവനക്കാരും മരുന്നും ഭക്ഷണവും ഇല്ലാതെ കഴിയുന്നെന്ന് മമതാ ബാനർജി. ഡിസംബർ 25 ന് ക്രിസ്മസ് ദിനത്തിൽ മദർ തെരേസയുടെ സന്യാസി സഭയായ മിഷനറീസ് ഓഫ് ചാരിറ്റിയുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളും കേന്ദ്ര സർക്കാർ മരവിപ്പിച്ചുവെന്നാണ് ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി ട്വീറ്റ് ചെയ്തത്.5000 ത്തോളം കന്യാസ്ത്രീകളാണ് സന്യാസി സഭയായ മിഷനറീസ് ഓഫ് ചാരിറ്റിയിൽ ഉള്ളത്. 750 ലധികം രോഗികളെ പരിചരിക്കുന്ന കെയർ ഹോമുകൾ ഇവർക്കുണ്ട് അതിൽ 243 എണ്ണം ഇന്ത്യയിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. കൊൽക്കത്ത ആസ്ഥാനമാക്കിയാണ് സഭയായ മിഷനറീസ് ഓഫ് ചാരിറ്റി സഭ പ്രവർത്തിക്കുന്നത്.





# കിഴക്കമ്പലം സംഘർഷം; അറസ്റ്റിലായവരെല്ലാം കുറ്റക്കാരല്ലെന്ന് സാബു ജേക്കബ്, പൊലീസ് നടപടിയിൽ ദുരൂഹതയുണ്ടെന്ന് കിറ്റെക്സ് എം ഡി

**കൊച്ചി:** കിഴക്കമ്പലത്ത് കിറ്റെക്സ് ജീവനക്കാരായ തൊഴിലാളികൾ പൊലീസിനെ ആക്രമിച്ച കേസിൽ വിശദീകരണവുമായി കിറ്റെക്സ് എം.ഡി സാബു ജേക്കബ്.നടന്നത് അപ്രതീക്ഷിതമായ സംഭവങ്ങളാണ്. എന്നാൽ പൊലീസിനെ ആക്രമിച്ച സംഭവത്തിൽ എല്ലാവരും കുറ്റക്കാരല്ലെന്നും സാബു ജേക്കബ് പറഞ്ഞു. മലയാളികളെ മാറ്റിനിർത്തി ഹിന്ദിക്കാരെ മാത്രമാണ് പൊലീസ് അറസ്റ്റ് ചെയ്തതെന്നും അറസ്റ്റ് ചെയ്ത 164 പേരിൽ 152 പേരെ മാത്രമെ കിറ്റെക്സിന് തിരിച്ചറിയാനായുള്ളുവെന്നും മറ്റുള്ളവർ എവിടെനിന്നും വന്നെന്ന് അന്വേഷിക്കണമെന്നും സാബു ജേക്കബ് പറഞ്ഞു.

164 പേരിൽ 13 പേർ മാത്രമാണ് കുറ്റക്കാരെന്നും ബാക്കിയുള്ളവരെ പ്രതികളാക്കിയത് ജനങ്ങളെ കബളിപ്പിക്കാനാണെന്നും സാബു ജേക്കബ് പറഞ്ഞു. കൃത്യത്തിൽ പങ്കെടുത്തത് 40 പേരിൽ കുറച്ച് ആളുകൾ മാത്രമാണ്. പൊലീസ് അറസ്റ്റ് ചെയ്ത തൊഴിലാളികളുടെ സംസ്ഥാനങ്ങൾ വെറുതെയിരിക്കുമെന്ന് കരുതേണ്ട എന്നും സാബു ജേക്കബ് ഓർമ്മിപ്പിച്ചു. മൊത്തം 10 സംസ്ഥാനങ്ങളിലെ തൊഴിലാളികളെയാണ് അറസ്റ്റ് ചെയ്തത്. അറസ്റ്റിലായ തൊഴിലാളികൾക്ക് കിറ്റെക്സ് നിയമസഹായം ചെയ്യുമെന്നും സാബു ജേക്കബ് പറഞ്ഞു. കമ്പനി കുറ്റക്കാരെന്ന് കണ്ടെത്തിയ 23 പേർക്ക് നിയമസഹായം നൽകില്ല. സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച് കുറ്റക്കാരെന്ന് കണ്ടെത്തിയ 10പേരെകൂടി പൊലീസിന് കൈമാറി. പരിക്കേറ്റ പൊലീസുകാർക്ക് ചികിത്സാ സഹായം നൽകാൻ തയ്യാറാണെന്നും സാബു ജേക്കബ് അറിയിച്ചു.

അറസ്റ്റിലായവർ 10,11,12 ക്വാട്ടേഴ്സിൽ നിന്നുള്ളവരാണ്, ഇവർ മാത്രമാണ് പ്രതികളെന്ന് പൊലീസിന് എങ്ങനെ മനസിലായെന്ന് സാബു ജേക്കബ് ചോദിച്ചു. 12 ലൈൻ ക്വാട്ടേഴ്സിൽ 984 ജീവനക്കാരുണ്ട്. ഇതിൽ 499 പേർ മലയാളികളാണ്. മൂന്ന് ക്വാട്ടേഴ്സിലെ 164 പേരെ ബസിൽ കയറ്റി കൊണ്ടുപോയി. ഇവർ മാത്രമാണ് പ്രതികളെന്ന് പൊലീസിന് എങ്ങനെ മനസിലായി കിറ്റെക്സിനെയും ട്വന്റി ട്വന്റിയെയും തന്നെയും ഇല്ലാതാക്കാനാണ് സർക്കാർ ശ്രമമെന്ന് സാബു ജേക്കബ് ആരോപിച്ചു. ആക്രമണത്തിൽ സാബു ജേക്കബിന് ഉത്തരവാദിത്വമുണ്ടെന്നും കേസെടുക്കണമെന്നും അഭിപ്രായപ്പെട്ട ബെന്നി ബഹനാൻ എം.പിയെയും സാബു ജേക്കബ് വിമർശിച്ചു.




# സംസ്ഥാനത്ത് ഇന്നലെ 1636 പേർക്ക് കൊവിഡ്; പ്രതിദിന രോഗികളിൽ മുന്നിൽ തിരുവനന്തപുരം, മരണം 23

**തിരുവനന്തപുരം:** സംസ്ഥാനത്ത് 1636 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. 1484 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. രോഗം സ്ഥിരീകരിച്ചവരിൽ 51 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 86 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 15 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.തിരുവനന്തപുരം 344, കോഴിക്കോട് 233, എറണാകുളം 190, കോട്ടയം 130, കണ്ണൂർ 121, പത്തനംതിട്ട 108, തൃശൂർ 107, കൊല്ലം 100, ആലപ്പുഴ 79, ഇടുക്കി 59, മലപ്പുറം 56, കാസർകോട് 42, പാലക്കാട് 39, വയനാട് 28 എന്നിങ്ങനേയാണ് ജില്ലകളിൽ രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 42,149 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോപത്തിന് മുകളിലുള്ള 5 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 6 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,19,025 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,15,182 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും 3843 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 132 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ 21,224 കോവിഡ് കേസുകളിൽ, 11 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 23 മരണങ്ങളാണ് കൊവിഡ് മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 213 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 46,822 ആയി.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 2864 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 511, കൊല്ലം 114, പത്തനംതിട്ട 100, ആലപ്പുഴ 91, കോട്ടയം 328, ഇടുക്കി 102, എറണാകുളം 460, തൃശൂർ 268, പാലക്കാട് 110, മലപ്പുറം 110, കോഴിക്കോട് 354, വയനാട് 80, കണ്ണൂർ 212, കാസർകോട് 34 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 21,224 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 51,68,028 പേർ ഇതുവരെ കൊവിഡിൽ നിന്നും മുക്തി നേടി.



# കൊച്ചി ഇരട്ടക്കൊലയിൽ റിപ്പർ ജയാനന്ദൻ അറസ്റ്റിൽ: ചുരുളഴിഞ്ഞത് 17 വർഷങ്ങൾക്കു ശേഷം

**കൊച്ചി:** ഇടപ്പള്ളി പോണക്കര ഇരട്ടക്കൊലപാതക കേസിൽ റിപ്പർ ജയാനന്ദനെ ക്രൈംബ്രാഞ്ച് അറസ്റ്റു ചെയ്തു. 2004-ൽ നടന്ന ഇരട്ട കൊലപാതകത്തിലാണ് 17 വർഷങ്ങൾക്ക് ശേഷമാണ് പോലീസ് ചുരുളഴിച്ചത്. പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫിസർ വി.നാണിക്കുട്ടി അമ്മാൾ (73), സഹോദരി യുടെ മകൻ ടി.വി.നാരായണ അയ്യർ (രാജൻ-60) എന്നിവർ കൊല്ലപ്പെട്ടത്. കേസിൽ റിപ്പർ ജയാനന്ദന്റെ അറസ്റ്റ് രേഖപ്പെടുത്തിയതായും ഇയാൾ നിലവിൽ ക്രൈംബ്രാഞ്ചിന്റെ കസ്റ്റഡിയിലാണെന്നും ക്രൈംബ്രാഞ്ച് എ.ഡി.ജി.പി. ശ്രീജിത്ത് മാധ്യമങ്ങളോട് പറഞ്ഞു.

ആറ് കൊലക്കേസുകളിലും നിരവധി കവർച്ച, പിടിച്ചുപറി കേസുകളിലും പ്രതിയാണ് റിപ്പർ ജയാനന്ദൻ. നേരത്തെ ചില കേസുകളിൽ ശിക്ഷിക്ക പ്പെട്ട് നിലവിൽ തടവ് ശിക്ഷ അനുഭവിച്ചുവരി കയാണ്. ഇതിനിടെയാണ് ഇടപ്പള്ളിയിലെ ഇരട്ടക്കൊലക്കേസിലും ജയാനന്ദന്റെ അറസ്റ്റ് രേഖപ്പെടുത്തിയത്. കേസിൽ ജയാനന്ദൻ നേരത്തെ കുറ്റസമ്മതം നടത്തിയിരുന്നെങ്കിലും മതിയായ തെളിവുകൾ ശേഖരിക്കേണ്ടിയിരുന്നതിനാലാണ് അറസ്റ്റ് വൈകിയത്. ഡിസംബർ 24- നാണ് ഇടപ്പള്ളി ഇരട്ടക്കൊലക്കേസിൽ ജയാനന്ദന്റെ അറസ്റ്റ് രേഖപ്പെടുത്തിയത്. തുടർന്ന് കോടതിയിൽ ഹാജരാക്കിയ ശേഷം ക്രൈംബ്രാഞ്ച് സംഘം പ്രതിയെ കസ്റ്റഡിയിൽ വാങ്ങി. ഏറെ കോളിളക്കം സൃഷ്ടിച്ച പുത്തൻവേലിക്കര കൊലക്കേസിലും മാള ഇരട്ടക്കൊലക്കേസിലും പ്രതിയാണ് റിപ്പർ ജയാനന്ദൻ. പുത്തൻവേലിക്കര കൊലപാതകത്തിൽ വധശിക്ഷ വിധിച്ചിരുന്നെ ങ്കിലും സുപ്രീംകോടതി പിന്നീട് മരണം വരെ തടവായി ശിക്ഷ കുറച്ചു. വടക്കേക്കര ഏലിക്കുട്ടി കൊലക്കേസി ലും ജയാനന്ദന് ജീവപര്യന്തം ശിക്ഷ ലഭിച്ചു. പ്രായമായവരെ തലയ്ക്കടിച്ച് കൊലപ്പെടുത്തുന്നതാണ് ജയാനന്ദന്റെ രീതി. ഇതിനുശേഷം കവർച്ചയും നടത്തും. കൊലപ്പെടുത്തിയ ശേഷം ഇയാൾ സ്ത്രീകളെ ലൈംഗികമായി ഉപദ്രവിച്ച സംഭവങ്ങളുമുണ്ടെന്ന് പോലീസ് പറഞ്ഞു. തടവ് ശിക്ഷ അനുഭവിക്കുന്നതിനിടെ റിപ്പർ ജയാനന്ദൻ രണ്ട് തവണ ജയിൽ ചാടിയിട്ടുമുണ്ട്. ഇതോടെ കനത്ത സുരക്ഷയിലാണ് ഇയാളെ സെൻട്രൽ ജയിലിൽ പാർപ്പിച്ചിരുന്നത്

# ഷാൻ വധക്കേസ്; ഒരാൾ കൂടി അറസ്റ്റിൽ

**കൊച്ചി:** ഷാൻ വധക്കേസിൽ ഒരാൾ കൂടി അറസ്റ്റിലായി.ആർഎസ്എസ് ജില്ലാ പ്രചാരക് അനീഷ് ആണ് അറസ്റ്റിലായത്.ഇയാൾ മലപ്പുറം സ്വദേശിയാണ്.ഇതോടെ ഷാൻ വധക്കേസിൽ അറസ്റ്റിലായവരുടെ എണ്ണം പതിനഞ്ചായി.എസ്ഡിപിഐ നേതാവ് ഷാനെ കൊലപ്പെടുത്താൻ ഗൂഢാലോചന നടത്തിയവർക്ക് ആലുവ കാര്യാലയത്തിൽ ഒളിത്താവളം ഒരുക്കിയതിനാണ് അനീഷിനെ അറസ്റ്റ് ചെയ്തതെന്ന് പൊലീസ് വ്യക്തമാക്കി.

എസ്ഡിപിഐ നേതാവ് ഷാൻറെ കൊലപാതകം ആർഎസ്എസ് നേതാക്കളുടെ അറിവോടെ ആസൂത്രണം ചെയ്ത പ്രതികാര കൊല ആണെന്നാണ് പൊലീസ് റിമാൻഡ് റിപ്പോർട്ടിൽ പറയുന്നത്. ചേർത്തലയിലെ ആർഎസ് എസ് പ്രവർത്തകൻറെ കൊലയ്ക്ക് പകരം ഷാനിനെ കൊന്നു എന്നാണ് പൊലീസ് കണ്ടെത്തൽ.



ചേർത്തലയിലെ ആർഎസ് എസ് പ്രവർത്തകൻ നന്ദുവിൻറെ കൊലയ്ക്ക് പിന്നാലെയാണ് ആസൂത്രണം തുടങ്ങിയത്. ആർഎസ്എസ് കാര്യാലയത്തിൽ വെച്ച് രഹസ്യ യോഗങ്ങൾ ചേർന്നു. രണ്ട് സംഘമായി എത്തി ഷാനിനെ കൊലപ്പെടുത്തി. അതിനുശേഷം കൊലയാളി സംഘത്തെ തൃശൂരിലേക്ക് രക്ഷപെടാൻ സഹായിച്ചത് ആർഎസ്എസ് നേതാക്കൾ ആണെന്നും റിമാൻഡ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്.



## അറിയിപ്പ്



### സീറ്റൊഴിവ്

ഭാരത് ഹിന്ദി പ്രചാര കേന്ദ്രം അടൂർ സെന്ററിൽ ഹിന്ദി ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ കോഴ്സിൽ ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. പി.എസ്.സി അംഗീകരിച്ച കോഴ്സിന് എസ്.എസ്.എൽ.സിയും, 50 ശതമാനം മാർക്കോടെ രണ്ടാം ഭാഷ ഹിന്ദിയോടുകൂടിയുള്ള പ്ലസ്ടുവും ഉള്ളവർക്ക് അപേക്ഷിക്കാം. ഭൂഷൺ, സാഹിത്യവിശാരദ്, പ്രവീൺ, സാഹിത്യാചാര്യ, ഹിന്ദി ബി.എ, എം.എ എന്നിവയും പരിഗണിക്കും. പ്രായപരിധി 17 നും 35 നും ഇടയിൽ. പട്ടികജാതി പട്ടികവർഗക്കാർക്ക് അഞ്ച് വർഷം, മറ്റു പിന്നാക്കക്കാർക്ക് മൂന്ന് വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കും. ഈ-ഗ്രാന്റ് വഴി പട്ടികജാതി, മറ്റർഹവിഭാഗത്തിന് ഫീസ് സൗജന്യം ഉണ്ടായിരിക്കും. അവസാന തീയതി ഡിസംബർ 31 ആണ്. അപേക്ഷ അയക്കേണ്ട വിലാസം: പ്രിൻസിപ്പൽ, ഭാരത് ഹിന്ദി പ്രചാര കേന്ദ്രം, അടൂർ, പത്തനംതിട്ട. ഫോൺ: 0473 4296496, 8547126028.

### അപേക്ഷ ക്ഷണിച്ചു

കേരള നിയമസഭയുടെ 'കേരള ലേജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ' (പാർലമെന്ററി സ്റ്റഡീസ്) ധകെ-ലാംപസ് (പിഎസ്)പ വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയെയും നടപടിക്രമങ്ങളെയും സംബന്ധിച്ച് നടത്തുന്ന ആറ് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആൻഡ് പ്രൊസീജ്യറിന്റെ എട്ടാം ബാച്ചിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഹയർ സെക്കൻഡറി / തത്തുല്യം. കോഴ്സിന് അപേക്ഷിക്കുന്നതിന് ഉയർന്ന പ്രായപരിധി ഇല്ല. റഗുലർ വിദ്യാർഥികളും ഉദ്യോഗസ്ഥരും ഉൾപ്പെടെ താത്പര്യമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷാഫോമും പ്രോസ്പെക്ടസും നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷാ ഫീസ് 100 രൂപ. പൂരിപ്പിച്ച അപേക്ഷകൾ ഡിസംബർ 31നകം ഡെപ്യൂട്ടി ഡയറക്ടർ, കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ & പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്), റൂം നമ്പർ 728, നിയമസഭാ മന്ദിരം, വികാസ് ഭവൻ. പി.ഒ., തിരുവനന്തപുരം - 695 033 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9496551719, 0471-2512662, 2453, 2670, വെബ് സൈറ്റ്: www.niyamasabha.org.

### കർശന നടപടി

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ അനുമതിയില്ലാതെ അനധികൃതമായി ജനറേറ്ററുകൾ സ്ഥാപിക്കുകയും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിപ്പിക്കുകയും ചെയ്താൽ കർശന നടപടിയെടുക്കുമെന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു. 10 കെ.വി.എ. യും അതിനു മുകളിലും ശേഷിയുള്ള ജനറേറ്ററുകൾ ഉപയോഗിക്കുന്നവർ ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്ന് സുരക്ഷാ സർട്ടിഫക്കറ്റ് വാങ്ങണം. അനധികൃതമായി സ്ഥാപിച്ച ജനറേറ്ററുകൾ ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ മുഖേന അപേക്ഷിച്ച് സുരക്ഷാ സർട്ടിഫിക്കറ്റ് നേടുന്നതിന് 2022 ജനുവരി 15 വരെ അവസരമുണ്ട്. താൽക്കാലിക ആവശ്യങ്ങൾക്കുള്ള ജനറേറ്ററുകൾ സ്ഥാപിക്കുന്നതിന് ഒരാഴ്ച മുൻപ് അപേക്ഷിക്കണം. വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള സുരക്ഷാ മുൻകരുതൽ നടപടികളുമായി പൊതുജനങ്ങൾ സഹകരിക്കണമെന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു. ഫോൺ: 04994 256930.



# കെ – റെയിൽ പദ്ധതി; ചരിത്ര പുരുഷനാകാനാണ് മുഖ്യമന്ത്രിയുടെ ശ്രമം: വി ഡി സതീശൻ

**തിരുവനന്തപുരം:** ചരിത്ര പുരുഷനാകാനാണ് മുഖ്യമന്ത്രിയുടെ ശ്രമമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. കെ-റെയിൽ പദ്ധതിയെക്കുറിച്ച് യു ഡി എഫ് ഉന്നയിച്ച ചോദ്യങ്ങൾക്ക് സർക്കാർ മറുപടി നൽകിയിട്ടില്ല. ചോദ്യങ്ങൾക്ക് മറുപടി പറയാതെ പദ്ധതിയുമായി മുന്നോട്ട് പോകാൻ അനുവദിക്കില്ലെന്നും വി ഡി സതീശൻ വ്യക്തമാക്കി.കെ റെയിൽ പദ്ധതി വേണ്ടെന്ന് മുഷ്ക് കാണിച്ചാൽ അംഗീകരിച്ച് നൽകില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. നാടിന് ആവശ്യമെങ്കിൽ പദ്ധതി നടപ്പാക്കും. ജനങ്ങളുടെ ന്യായമായ എതിർപ്പ് പരിഗണിക്കും. അല്ലാത്ത നിലപാടിനെ അംഗീകരിക്കില്ല. നവകേരളത്തിന് വേണ്ടിയാണ് കെ റെയിൽ പദ്ധതിയെന്നും വ്യക്തതയ്ക്ക് വേണ്ട കാര്യം സർക്കാർ ചെയ്യുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കിയിരുന്നുഅതേസമയം കെ റെയിൽ പദ്ധതിയിൽ ലഘുലേഖയുമായി വീടുകൾ കേന്ദ്രീകരിച്ച് സി പി ഐ എം പ്രചാരണം നടത്തുന്നു. എതിർപ്പിന് പിന്നിൽ യു ഡി എഫ്- ബി ജെ പി ജമാഅത്തെ ഇസ്ലാമി കൂട്ടുകെട്ടെന്ന് സി പി ഐ എം പറയുന്നു. കേരളത്തിന്റെ വികസനം അട്ടിമറിക്കാൻ അവിശുദ്ധ കൂട്ടുകേട്ടെന്ന് സി പി ഐ എം ആരോപിക്കുന്നു. കെ-റെയിലിന്റെ ഗുണങ്ങളും പ്രത്യേകതകളും വിശദീകരിച്ചാണ് ലഘുലേഖ. ലഘുലേഖകൾ എല്ലാ വീടുകളിലേക്കും എത്തിക്കാനാണ് സി പി ഐ എമ്മിന്റെ തീരുമാനം.

## ശശി തരൂർ കെ – റെയിൽ അനുകൂല നിലപാട് സ്വീകരിച്ചത് നിർഭാഗ്യകരം; കെ. മുരളീധരൻ



**തിരുവനന്തപുരം:** കോൺഗ്രസ് എംപി ശശി തരൂർ കെ-റെയിൽ അനുകൂല നിലപാട് സ്വീകരിച്ചത് നിർഭാഗ്യകരമെന്ന് കെ.മുരളീധരൻ. കെ റെയിൽ പ്രായോഗികമല്ലെന്ന് പാർട്ടി നിയോഗിച്ച കമ്മിറ്റി കണ്ടെത്തിയതാണ്. വിദഗ്ദ്ധ സമിതി റിപ്പോർട്ട് അദ്ദേഹത്തിന് അയച്ച് കൊടുത്തതുമാണ്'. അതിനാൽ ഇക്കാര്യത്തിൽ തരൂർ പാർട്ടിക്കൊപ്പം നിൽക്കണമെന്ന് കെ.മുരളീധരൻ ആവശ്യപ്പെട്ടു.കെ റെയിൽ പദ്ധതിയുമായി മുന്നോട്ട് പോകുന്ന സിപിഐഎമ്മിനെ പരിഹസിച്ച മുരളീധരൻ പത്ത് വർഷം കാലാവധിയുള്ള പദ്ധതി പൂർത്തിയാവുമ്പോഴേക്കും കേരളത്തിൽ സിപിഐഎം ജീവിച്ചിരിക്കുമോ എന്ന് തീർച്ചയില്ലെന്നും പരിഹസിച്ചു. സ്വന്തം പൊലീസിനെ ഗുണ്ടകളിൽ നിന്ന് രക്ഷിക്കാൻ കഴിയാത്ത പിണറായിയാണ് കെ. റെയിൽ വിരുദ്ധ സമരക്കാരെ കൈയേറ്റം ചെയ്യുമെന്ന് വീമ്പ് വിളക്കുന്നതെന്നും മുരളീരൻ കളിയാക്കി. കോഴിക്കോട്ട് ജില്ലാ കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിച്ച കെ. കരുണാകരൻ അനുസ്മരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുരളീധരൻ.നെടുമ്പാശ്ശേരി വിമാനത്താവളത്തിന് കോൺഗ്രസ് നേതാവും മുൻ മുഖ്യമന്ത്രിയുമായ കെ. കരുണാകരന്റെ പേര് നൽകുന്നതിൽ വീഴ്ച വരുത്തിയത് യുഡിഎഫ് സർക്കാരാണെന്ന് കെ മുരളീധരൻ എംപി ചൂണ്ടിക്കാട്ടി.

## കെ റെയിൽ: ഇടത് മുന്നണി നിലപാടിനൊപ്പമെന്നു മന്ത്രി പി. പ്രസാദ്

**തിരുവനന്തപുരം:** കെ റെയിൽ പദ്ധതി വിഷയത്തിൽ ഇടത് മുന്നണിയുടെ നിലപാടിനൊപ്പമാണെന്ന് മന്ത്രി പി. പ്രസാദ്. പാർട്ടികൾക്ക് അവരവരുടെ നിലപാടുകൾ ഉണ്ടാകും. സർക്കാരിന്റെ ഭാഗമായതിനാൽ മുന്നണിയുടെ നിലപാടിന് ഒപ്പം തന്നെയാണെന്നും മന്ത്രി പറഞ്ഞു. പച്ചക്കറി നിയന്ത്രിക്കുന്നതിനായി തമിഴ്നാട്ടിൽ നിന്നു കൂടുതൽ പച്ചക്കറി എത്തിക്കുന്നതിനുള്ള ഹോർട്ടികോർപ് ഇടപെടൽ ആരംഭിച്ചിട്ടുണ്ട്. ഇടനിലക്കാരെ ഒഴിവാക്കി സംഭരണം ഊർജിതമാക്കും. ഉത്തരേന്ത്യയിൽ നിന്നും പച്ചക്കറികൾ നേരിട്ട് സംഭരിക്കും. വില കുറയുന്നതു വരെ ഹോർട്ടികോർപ് ചന്തകൾ തുടരുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.



## സംഗീത – നാടക അക്കാദമി ചെയർമാൻ നിയമനത്തിൽ സിപിഎമ്മിനെ പരിഹസിച്ച് ; വി.ടി. ബൽറാം

**തിരുവനന്തപുരം:** കേരള സംഗീത അക്കാദമി ചെയർമാൻ നിയമനത്തിൽ സിപിഎമ്മിനെ പരിഹസിച്ച് കോൺഗ്രസ് നേതാവും മുൻ എം.എൽ.എയുമായ വി.ടി. ബൽറാം. എം.ജി. ശ്രീകുമാറിനെ സംഗീത നാടക അക്കാദമി ചെയർമാനായി നിയമിച്ചതിനെതിരെ ഇടതുപക്ഷത്ത് തന്നെ വിവാദം പുകയുന്നതിനിടയിലാണ് വി.ടി. ബൽറാമിന്റെ ഫേസ്ബുക്ക് പോസ്റ്റ്. ചലച്ചിത്ര അക്കാദമിയിൽ ജീവനക്കാരായി സിപിഎമ്മുകാരെ പിൻവാതിലിലൂടെ നിയമിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് അന്ന് ചെയർമാനായിരുന്ന കമൽ പറഞ്ഞത് അത് അക്കാദമിയുടെ ഇടതുപക്ഷ സ്വഭാവം നിലനിർത്താനാണെന്നാണ്. എന്ത് നിയമവിരുദ്ധതയും നെറികേടും കാണിച്ചാണെങ്കിലും 'ഇടതുപക്ഷ സ്വഭാവം' ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് കരുതുന്ന കേരളത്തിലെ സാംസ്ക്കാരിക പ്രമുഖരാരും ആ അഴിമതി നിയമനങ്ങളെ നേരിയ തോതിൽ പോലും എതിർക്കാൻ തയാറായില്ല. അതുകൊണ്ടുതന്നെ, ഇന്ന് കേരള സംഗീത നാടക അക്കാദമിയിലേക്കും മറ്റും തലപ്പത്ത് നടത്തിയിരിക്കുന്ന പുതിയ നിയമനങ്ങൾ ഏത് ഇടതുപക്ഷത്തെ ശക്തിപ്പെടുത്താനാണെന്ന് വിശദീകരിക്കേണ്ടത് പിണറായി വിജയനും കൂട്ടരും മാത്രമല്ല, ഇക്കാലമത്രയും 'ഇടതുപക്ഷ'ത്തിന് വേണ്ടി വായിട്ടലച്ചു കൊണ്ടിരുന്ന മുഴുവൻ സാംസ്ക്കാരിക പരാദ ജീവികളുമാണ്. അതോ, ഇതു തന്നെയാണോ നിങ്ങളൊക്കെ തലയിലേറ്റിനടക്കുന്ന ഈ 'ഇടതുപക്ഷം' -ബൽറാം ഫേസ്ബുക്ക് കുറിപ്പിലൂടെ ചോദിച്ചു.



## 10 ടൺ തക്കാളി സംസ്ഥാനത്ത് എത്തി



**തിരുവനന്തപുരം:** സംസ്ഥാനത്തെ പച്ചക്കറി വില നിയന്ത്രിക്കാൻ കൃഷി വകുപ്പ് 10 ടൺ തക്കാളിയെത്തിച്ചു. ആന്ധ്രാപ്രദേശിൽ നിന്നാണ് ഇവ തിരുവനന്തപുരത്ത് എത്തിച്ചത്.വിപണി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായാണ് ആന്ധ്രയിലെ കർഷകരിൽ നിന്നും സംഭരിച്ച 10 ടൺ തക്കാളി എത്തിച്ചത്.തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിൽ കൃഷി ഡയറക്ടർ സുഭാഷ് ഐ.എ.എസ് ആണ് വാഹനത്തെ സ്വികരിച്ചത്.ഹോർട്ടികോർപ്പ് വഴി എറണാകുളം ജില്ല വരെ വിൽപ്പനയ്ക്ക് എത്തിക്കും. കിലോഗ്രാമിന് 48 രൂപയ്ക്കായിരിക്കും ചില്ലറ വിൽപ്പന.വരും ദിവസങ്ങളിൽ തെങ്കാശിയിൽ നിന്ന് കർഷകരിൽ നിന്ന് നേരിട്ട് പച്ചക്കറി ശേഖരിക്കുമെന്ന് ഹോർട്ടികോർപ് അറിയിച്ചു. ഈ മാസം 29 മുതൽ അവ കേരളത്തിലെത്തും. മദ്യകേരളത്തിൽ ആണ് വിതരണം നടത്തുക.തമിഴ്നാട് സർക്കാരുമായി കരാറിലായിരിക്കുന്ന കർഷകരിൽ നിന്നാണ് പച്ചക്കറി ശേഖരിക്കുക. അവയുടെ വില സർക്കാർ അപ്പോൾ തന്നെ കർഷകർക്ക് നൽകും. 48 മണിക്കൂറിനുള്ളിൽ തമിഴ്നാട് സർക്കാരിന് ഹോർട്ടികോർപ കൈമാറുമെന്നും അധികൃതർ വ്യക്തമാക്കി.തെക്കൻ മേഖലയിൽ വിതരണത്തിനുള്ള പച്ചക്കറി തിരുനെൽവേലിയിൽ നിന്നും വടക്കൻ മേഖലയിൽ വിതരണത്തിനുള്ളവ കർണാടകയിൽ നിന്നുമാണ് എത്തിക്കുക.

## എസ്എസ്എൽസി പരീക്ഷ മാർച്ച് 31 മുതൽ

**തിരുവനന്തപുരം:** ഈ വർഷത്തെ എസ്എസ്എൽസി, ഹയർസെക്കൻഡറി പരീക്ഷാതീയതി പ്രഖ്യാപിച്ചു. എസ്എസ്എൽസി പരീക്ഷ മാർച്ച് 31 മുതൽ ഏപ്രിൽ 29 വരെയും ഹയർസെക്കൻഡറി പരീക്ഷ മാർച്ച് 30 മുതൽ ഏപ്രിൽ 22 വരെയും നടത്തും. വൊക്കേഷണൽ ഹയർസെക്കൻഡറി പരീക്ഷകൾ മാർച്ച് 30 മുതൽ ഏപ്രിൽ 22 വരെ നടക്കുമെന്നും മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു.എസ്എസ്എൽസി പരീക്ഷയുടെ മോഡൽ പരീക്ഷ മാർച്ച് 21 മുതൽ 25 വരെ നടക്കും. ഹയർസെക്കൻഡറി മോഡൽ പരീക്ഷ മാർച്ച് 16 മുതൽ 22 വരെ നടക്കും. വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗത്തിന്റേത് മാർച്ച് 16 മുതൽ 21 വരെ നടക്കും. പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 10 മുതൽ 19 വരെ നടക്കും. വിശദമായ ടൈംടേബിൾ തിരുവനന്തപുരത്ത് വിദ്യാഭ്യാസ വകുപ്പ് അധികൃതർ പുറത്തിറക്കുമെന്നും മന്ത്രി കാസർകോട് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

## ഓട്ടോ – ടാക്സി തൊഴിലാളികൾ പണിമുടക്കിലേക്ക്




**തിരുവനന്തപുരം:** സംസ്ഥാനത്തെ ഓട്ടോ-ടാക്സി തൊഴിലാളികൾ പണിമുടക്കിലേക്ക്. ഡിസംബർ 30ന് സൂചനാ പണിമുടക്ക് നടത്താൻ ഓട്ടോ-ടാക്സി ലൈറ്റ് മോട്ടോർ വർക്കേഴ്സ് യൂണിയൻ തീരുമാനിച്ചു. ഇന്ധന വിലയും മറ്റ് ചിലവുകളും വർധിച്ചതിന് ആനുപാതികമായി നിരക്ക് വർധനയും ആവശ്യപ്പെട്ടാണ് തൊഴിലാളികൾ പണിമുടക്കുന്നത്. ഓട്ടോ ചാർജ് നിലവിലെ മിനിമം നിരക്കിനേക്കാൾ അഞ്ച് രൂപയെങ്കിലും വർധിപ്പിക്കണമെന്നാണ് തൊഴിലാളികളുടെ ആവശ്യം. 2018 ഡിസംബറിൽ നിരക്ക് പുതുക്കിയ ശേഷം പിന്നീട് വർധനവുണ്ടായിട്ടില്ല. മൂന്ന് വർഷത്തിനിടെ ഇന്ധനവില ക്രമാതീതമായി ഉയർന്നുവെന്നും നിരക്ക് വർധിപ്പിക്കാതെ പിടിച്ചുനിൽക്കാൻ കഴിയില്ലെന്നും തൊഴിലാളികൾ പറയുന്നു.

അറിയിപ്പ്



## ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമബോർഡിൽ നിന്നും വിവിധ പെൻഷനുകൾ ലഭിച്ചുകൊണ്ടിരിക്കുന്നവർ 2022 ജനുവരി മാസം മുതൽ തുടർന്നും ബോർഡിൽ നിന്നും പെൻഷൻ ലഭിക്കുന്നതിനായി ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് 2021 നവംബർ ഒന്നു മുതൽ ഡിസംബർ 31 നു മുമ്പ് ക്ഷേമബോർഡിന്റെ ജില്ലാ ഓഫീസിൽ സമർപ്പിക്കണം. സാന്ത്വന സഹായം കുടുംബ പെൻഷൻ എന്നിവ ലഭിക്കുന്ന 60 വയസ്സിന് താഴെയുള്ളവർ പുനർവിവാഹം ചെയ്തിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്ന ബാങ്ക് അക്കൗണ്ട് ക്ഷേമപെൻഷൻ രേഖ എന്നിവയുടെ പകർപ്പും ഹാജരാക്കണം.

## അപേക്ഷ ക്ഷണിച്ചു

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിന്റെ (ഐ.എച്ച്.ആർ.ഡി) 2022 ജനുവരിയിൽ തുടങ്ങുന്ന കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫോമും വിശദവിവരവും www.ihrd.ac.in ൽ നിന്നും ലഭിക്കും. പൂരിപ്പിച്ച ഫോമുകൾ രജിസ്ട്രേഷൻ ഫീസായ 150 രൂപ (എസ്. സി/എസ്.റ്റി വിഭാഗങ്ങൾക്ക് 100 രൂപ) സഹിതം ഡിസംബർ 31 ന് നാലു മണിക്ക് മുമ്പ് അതാത് സ്ഥാപന മേധാവികൾക്ക് സമർപ്പിക്കണം.

## ഇ-ശ്രം രജിസ്ട്രേഷൻ

അസംഘടിത മേഖലയിലെ എല്ലാ തൊഴിലാളികളും ഇ-ശ്രം പോർട്ടലിലേക്ക് എത്രയും വേഗം രജിസ്ട്രേഷൻ നടത്തണമെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീൺ. രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തിയാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും തൊഴിൽ ഉടമകളുടെയും വിവിധ ട്രേഡ് യൂണിയനുകളുടെയും വകുപ്പുകളുടെയും സഹകരണവും കലക്ടർ അഭ്യർത്ഥിച്ചു.രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ ഇ. എസ്.ഐ/ഇ.പി.എഫ് അംഗത്വമില്ലാത്ത 16നും 59 നും ഇടയിൽ പ്രായമുള്ള എല്ലാ അസംഘടിത തൊഴിലാളികളും ഡിസംബർ 31നകം അവസരം വിനിയോഗിക്കണം. സ്വന്തമായോ പൊതുസേവന കേന്ദ്രം (സി. എസ്. സി ), അക്ഷയ, ഇന്ത്യൻ പോസ്റ്റൽ ബാങ്ക് വഴിയോ രജിസ്ട്രേഷൻ നടത്താം. register.eshram.gov.in പോർട്ടലിലാണ് രജിസ്റ്റർ ചെയ്യേണ്ടത്.ആധാർ, ബാങ്ക് അക്കൗണ്ട്, ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ എന്നിവയുണ്ടെങ്കിൽ ഒ.ടി.പി വെരിഫിക്കേഷൻ സൗകര്യമുപയോഗിച്ച് സ്വന്തമായി രജിസ്റ്റർ ചെയ്യാം. ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ ഇല്ലാത്തവർക്ക് അടുത്തുള്ള സി.എസ്.സി/അക്ഷയ കേന്ദ്രങ്ങളിൽ ബയോമെട്രിക് വെരിഫിക്കേഷൻ വഴി നടത്താം. രജിസ്ട്രേഷൻ പൂർത്തിയാക്കി കാർഡ് ഡൗൺലോഡ് ചെയ്യാം. തൊഴിലുറപ്പ് തൊഴിലാളികൾ, ആശാവർക്കർമാർ, അംഗൻവാടി ജീവനക്കാർ, ലോട്ടറി വിൽപനക്കാർ, കരകൗശല തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, തെരുവ് കച്ചവടക്കാർ, കുടിയേറ്റ തൊഴിലാളികൾ, കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പണിയെടുക്കുന്നവർ, ചുമട്ടു തൊഴിലാളികൾ, ചെറുകിട തോട്ടം-തയ്യൽ തൊഴിലാളികൾ, ആരോഗ്യവകുപ്പിലെ താൽക്കാലിക ജീവനക്കാർ, കെട്ടിട നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന വിവിധ വിഭാഗക്കാർ, ഓട്ടോ-ടാക്സി ഡ്രൈവർമാർ, മത്സ്യതൊഴിലാളികൾ, ഹരിതകർമ്മ സേന തുടങ്ങിയ അസംഘടിത തൊഴിലാളികളെല്ലാം രജിസ്റ്റർ ചെയ്യണമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.



# പട്ടിണിയില്ലാത്ത ഏക സംസ്ഥാനം കേരളമാകണം : കെ.എൻ ബാലഗോപാൽ

**അഞ്ചൽ:** രാജ്യത്ത് പട്ടിണിയില്ലാത്ത ഏക സംസ്ഥാനം കേരളമാണന്ന് മന്ത്രി കെ.എൻ ബാലഗോപാൽ. ചില സംസ്ഥാനങ്ങളിൽ മുപ്പത്ത് ശതമാനത്തിന് മുകളിൽ ആളുകൾ പട്ടിണിയിലാണെന്ന കണക്കുകൾ പുറത്തുവരുമ്പോഴാണ് കേരളത്തിൽ ഈ സ്ഥിതി എന്നും മന്ത്രി പറഞ്ഞു. തൊഴിലുറപ്പ് പദ്ധതി അട്ടിമറിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ കൈക്കൊള്ളുന്നത്. പലപ്പോഴും തൊഴിലാളികൾക്ക് ജോലി ചെയ്താൽ നൽകേണ്ട കൂലി യഥാ സമയത്ത് നൽകാൻ കേന്ദ്രം തയാറാകുന്നില്ല. പദ്ധതിയോട് കേന്ദ്രം വിമുഖത കാട്ടുമ്പോൾ എഴുപത്തിയഞ്ച് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ മുഴുവനാളുകൾക്കും ഉത്സവബത്ത നൽകിയ സർക്കാരാണ് കേരളത്തിലുള്ളത്. കോവിഡ് പ്രതിരോധത്തിലും കേരളം ഒന്നാം സ്ഥാനത്ത് ആണ്. 97 ശതമാനത്തോളം ആളുകൾ ആദ്യ ഡോസ് വാക്സിൻ എടുത്ത് കഴിഞ്ഞതായും മന്ത്രി കൂട്ടിച്ചേർത്തു. സിപിഎം ജില്ല സമ്മേളനത്തിന് മുന്നോടിയായി അഞ്ചലിൽ സംഘടിപ്പിച്ച തൊഴിലുറപ്പ് പദ്ധതിയും കേന്ദ്ര സർക്കാർ സമീപനവും എന്ന സെമിനാർ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു കെ.എൻ ബാലഗോപാൽ. എൻആർഇജി വർക്കേഴ്സ് യൂണിയൻ ജില്ല പ്രസിഡൻറ് സി രാധാമണി അധ്യക്ഷത വഹിച്ചു. എസ് രാജേന്ദ്രൻ വിഷയാവതരണം നടത്തി. നേതാക്കളായ സൂസൻ കോടി, എസ് ജയമോഹൻ, ഡി വിശ്വസേനൻ, സുജ ചന്ദ്രബാബു, രവീന്ദ്രനാഥ്, ജി പ്രമോദ് തുടങ്ങിയവർ പ്രസംഗിച്ചു.

## എൻഎസ്എസ് വോളൻറിയർമാർ ഉത്തമ പൗരന്മരായി ജീവിക്കണം: ഡോ. സുജിത് വിജയൻപിള്ള

**ചവറ:** നാഷണൽ സർവീസ് സ്കീം വോളന്റിയർമാർ ഉത്തമ പൗരരായി ജീവിക്കണമെന്നു ഡോ. സുജിത് വിജയൻപിള്ള എംഎൽഎ. ചവറ കോവിൽത്തോട്ടം ലൂർദ് മാതാ ഹയർ സെക്കൻഡറി സ്കൂളിലെ എൻഎസ്എസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തിനൊപ്പവും അതിനുശേഷവും ഓരോ വ്യക്തിയും സാമൂഹ്യക പ്രതിബദ്ധത പുലർത്തുന്നവർ ആയിരിക്കണം. പരസ്പര സഹകരണത്തോടും സഹായത്തോടും മാത്രമേ നമുക്ക് മുന്നോട്ട് പോകാൻ സാധ്യമാകൂ. പ്രളയം, കോവിഡ് എന്നിവ വന്നപ്പോൾ ഇത് നമുക്ക് ബോധ്യപ്പെട്ടുവെന്നും എംഎൽഎ പറഞ്ഞു. പിടിഎ പ്രസിഡന്റ് ജോൺസൺ പീറ്റർ കാർഡോസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് അംഗം ലിൻസി ലിയോൺ, ഫാ. പ്രേം ഹെൻട്രി, പ്രിൻസിപ്പൽ സിസ്റ്റർ ശാലിനി മേരി, പി ടിഎ വൈസ് പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ, എൻഎസ്എസ് ഉപദേശക സമിതി അംഗം യോഹന്നാൻ ആൻറണി, പ്രോഗ്രാം ഓഫീസർ രാജി രാജഗോപാൽ.ആർ, വോളന്റിയർ ലീഡർ എസ്. ജിതിൻ വിഗ്നേഷ് തുടങ്ങിയവർ പ്രസംഗിച്ചു.കോവിഡ് പ്രതിരോധം, ഗാന്ധി ദർശൻ, സൈബർ നിയമം, ഭരണഘടനാ അവബോധം, ലഹരിവിരുദ്ധം, പരിസ്ഥിതിസംരക്ഷണം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള പഠന ക്ലാസുകളും സെമിനാറു കളും കാമ്പിൽ സംഘടിപ്പിക്കും. ക്യാമ്പ് ജനുവരി ഒന്നിന് സമാപിക്കും.

## കെഎസ്ആർടിസി ജംഗ്ഷനിൽ അപകടം പതിവാകുന്നു

**പുനലൂർ:** കെഎസ്ആർടിസി ജംഗ്ഷനിൽ അപകടം പതിവാകുന്നു.ദിവസേന പത്തും പന്ത്രണ്ടും അപകടങ്ങൾ വരെ ദിവസേന ഇവിടെ നടക്കുന്നു. അനധികൃത ഓട്ടോസ്റ്റാൻഡും അപകടങ്ങൾക്ക് കാരണമാകുന്നു. കെഎസ്ആർടിസി ഡിപ്പോയിലേയ്ക്ക് ബസ് ഇറങ്ങുന്ന ഭാഗത്തു തന്നെയാണ് അനധികൃത ഓട്ടോസ്റ്റാൻഡ് പ്രവർത്തിയ്ക്കുന്നത്. അമിത വേഗതയിലെത്തുന്ന വാഹനങ്ങളാണ് ഇവിടെ അപകടത്തിൽപ്പെടുന്നത്.അശാസ്ത്രീയമായ ട്രാഫിക് സംവിധാനങ്ങളും അപകടത്തിന് ഇടയാക്കുന്നു. ഇരു ഭാഗത്തു നിന്നും വാഹനങ്ങളെത്തുമ്പോൾ റോഡ് മുറിച്ചുകടക്കാനും ബുദ്ധിമുട്ടുണ്ടാകുന്നു.പുനലൂർ നഗരസഭയും ബന്ധപ്പെട്ട അധികൃതരും ഇടപെട്ട് അനധികൃത ഓട്ടോസ്റ്റാൻഡ് നിർത്തലാക്കണമെന്നാണ് ആവശ്യം ഉയരുന്നത്.

## തെരുവുനായ ആക്രമണം ;നിരവധി പേർക്ക് പരിക്ക്

**കരുനാഗപ്പള്ളി:** തൊടിയൂർ അരമത്തുമഠം ഭാഗത്തും സമീപ പ്രദേശങ്ങളിലും തെരുവുനായ ആക്രമണം. കുട്ടികൾ ഉൾപ്പെടെ നിരവധിപ്പേർക്ക് പരിക്കേറ്റു. ശനി വൈകിട്ടും ഞായർ രാവിലെയുമായാണ് തെരുവുനായയുടെ അക്രമണം നടന്നത്. അരമത്തുമഠം ലക്ഷ്മി നിവാസിൽ ഒന്നര വയസ്സുള്ള ശിവാനിഷ്, ഗോകുലത്തിൽ അഞ്ചുവയസ്സുള്ള നിള, വലിയതറയിൽ കാശി (അഞ്ച്) എന്നിവർക്കും ചേലക്കോട്ടുകുളങ്ങരയിൽ അഞ്ചും എട്ടും വയസ്സുള്ള രണ്ടു കുട്ടികൾക്കും സൈക്കിൾ മുക്കിന് സമീപം രണ്ടു വയസ്സുള്ള കുട്ടിയ്ക്കുമാണ് നായയുടെ കടിയേറ്റത്. നടുവിലേത്ത് മുറിയിൽ വീട്ടമ്മയ്ക്കും നായയുടെ കടിയേറ്റു. കണക്കപ്പള്ളേത്ത് റെജിയുടെ പശുവിനെയും നായ കടിച്ചു. ശിവാനിഷ്, നിള എന്നീ കുട്ടികളുടെ ചെവിക്കു താഴെയാണ് കടിയേറ്റത്. കാശിയുടെ കഴുത്തിനാണ് നായ കടിച്ചത്. നായയുടെ കടിയേറ്റവർ ജില്ലാ ആശുപത്രിയിൽ ഉൾപ്പെടെ വിവിധ ആശുപത്രിയിൽ ചികിത്സയിലാണ്. സമീപത്തെ പുരയിടത്തിൽ കിടന്നിരുന്ന നായയാണ് കടിച്ചതെന്ന് നാട്ടുകാർ പറയുന്നു.

## ജനകീയാസൂത്രണം പ്രാദേശിക വികസനത്തിന് വഴിതെളിച്ചു : ചിറ്റയം ഗോപകുമാർ

**കൊട്ടാരക്കര:** ജനകീയാസൂത്രണ പദ്ധതിയിലൂടെ പ്രാദേശിക വികസനം കൂടുതൽ ജനകീയമാക്കാൻ കഴിഞ്ഞതായി ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ. ജനകീയാസൂത്രണത്തിൽ 25-ാം വാർഷിക ആഘോഷത്തിന്റെ ഭാഗമായി കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് സ്വരാജ് പുരസ്കാര ഹാളിൽ സംഘടിപ്പിച്ച ആഘോഷ പരിപാടി ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പരിപാടിയിൽ മുൻ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളെ ആദരിക്കുകയും ഏകദായക വരുമാനക്കാരായ പട്ടികജാതി വി




ധവകൾക്ക് രണ്ട് ലക്ഷം രൂപയുടെ ധനസഹായ വിതരണവും പട്ടികജാതി വിദ്യാർഥികൾക്കുള്ള പഠനോപകരണ വിതരണവും നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം ശിവപ്രസാദ് അധ്യക്ഷത വഹിച്ചു. വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം. തങ്കപ്പൻ ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ സജിനി ഭദ്രൻ, എ. അഭിലാഷ്, മിനി അനിൽ. എസ്. എച്ച്. കനകദാസ്, കെ. ഐ. ലതീഷ്, മിനി കെ. ദിവ്യ, സജിത്ത് തോമസ്, ബിന്ദു ബി, ഗീത ജോർജ്, പട്ടികജാതി വികസന ഓഫീസർ സച്ചിൻ ദാസ്, ബ്ലോക്ക് വൈസ് പ്രസിഡന്റ് എം ലീലാമ്മ, ജോയിന്റ് ബിഡിഒ എന്നിവർ പ്രസംഗിച്ചു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അജയ് രാജ് റിപ്പോർട്ട് അവതരിപ്പിച്ചു.

## അമിത വേഗതയിലും ഉയർന്ന ശബ്ദത്തിലും ബൈക്ക് ഓടിച്ച യുവാവ് പിടിയിൽ

**ചവറ:** നാട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കി സൈലൻസറില്ലാതെ അമിത വേഗതയിലും ഉയർന്ന ശബ്ദത്തിലും ബൈക്ക് ഓടിച്ച യുവാവും, ബൈക്കും പോലീസ് പിടിയിലായി. പന്മന മനയിൽ ഭാഗത്താണ് അമിത വേഗതയിൽ നാട്ടുകാർക്ക് ഭീതിയായി യുവാക്കളുടെ അഭ്യാസ പ്രകടനം. ഇത്തരത്തിൽ ബൈക്ക് ഓടിച്ച പന്മന മനയിൽ സ്വദേശി അജിംഷ ( 18) യാണ് പോലീസിന്റെ പിടിയിലായത്. ബൈക്കിന്റെ സൈലൻസർ അഴിച്ചു മാറ്റി മോഡി വരുത്തിയ ബൈക്കുകളിൽ രാത്രിയും പകലും നാട്ടുകാർക്കും, യാത്രക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കിയാണ് യുവാക്കളുടെ അഭ്യാസം നടക്കുന്നത്. ഇതു വഴി കടന്നു പോകുന്ന സ്ത്രീകൾക്കും ഫ്രീക്കന്മാരുടെ ബൈക്ക് അഭ്യാസം ബുദ്ധിമുട്ടായതോടെ നാട്ടുകാർ പോലീസിൽ പരാതി നൽകുകയായിരുന്നു. ചവറ എസ്ഐ എ.നൗഫലിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം മനയിൽ ഭാഗത്ത് കാത്ത് നിന്നാണ് യുവാവിനെയും, ബൈക്കും പിടിച്ചത്. വരും ദിവസങ്ങളിൽ നാട്ടുകാർക്കും യാത്രക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന ഇത്തരം ബൈക്കുകൾ പിടിച്ചെടുക്കുമെന്ന് പോലീസ് അറിയിച്ചു.

## ദേശീയപാതയിൽ വെള്ളക്കെട്ട്, ഉടൻ പരിഹാരം വേണം



**പുനലൂർ:** പുനലൂർ - ചെങ്കോട്ട റെയിൽവേ റൂട്ടിൽ ബ്രോഡ്ഗേജ് നിർമ്മാണത്തിലെ അശാസ്ത്രീയത മൂലം ദേശീയ പാതയിലും താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെട്ട് നാശനഷ്ടങ്ങളുണ്ടാവുന്നതിന് പരിഹാരമുണ്ടാക്കണമെന്ന് പി.എസ്.സുപാൽ എം.എൽ.എ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. പുനലൂർ നിയോജക മണ്ഡലത്തിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ അവലോകന യോഗത്തിലാണ് എം.എൽ.എയുടെ നിർദ്ദേശം. ജില്ലാ കളക്ടർ അഫ്സാന പർവീണിന്റെ സാന്നിദ്ധ്യത്തിൽ പുനലൂർ പൊതുമരാമാത്ത് വകുപ്പിന്റെ റസ്റ്റ്ഹൗസിലാണ് റെയിൽവേ, ദേശീയ പാത, റവന്യൂ, പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്തയോഗം ചേർന്നത്.ഒന്നരമാസം മുമ്പ് ഉരുൾപൊട്ടി നാശനഷ്ടങ്ങളുണ്ടായ ആര്യങ്കാവ് പഞ്ചായത്തിലെ തേവർകാട്, നാല് സെന്റ്, മൂന്ന് സെന്റ്, ആറുമുറിക്കട കോളനികളിൽ റവന്യൂ മന്ത്രി നേരിട്ടെത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർന്ന് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് അവലോകന യോഗം ചേരുകയും ചെയ്തിരുന്നു. ഇതിൻെറ തുടർച്ചയായാണ് എം.എൽ.എയുടെ നിർദ്ദേശപ്രകാരം കഴിഞ്ഞദിവസം വീണ്ടും ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നത്.അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാധാ രാജേന്ദ്രൻ, പുനലൂർ നഗരസഭാ ചെയർപേഴ്സൺ നിമ്മി എബ്രഹാം, പഞ്ചായത്ത് പ്രസിഡന്റുമാരായ കെ. ശശിധരൻ, സുജ തോമസ്, അജയൻ, നിഷ മുരളി, പി. അനിൽകുമാർ, പുനലൂർ ആർ.ഡി.ഒ ബി. ശശികുമാർ, ഡി.എഫ്.ഒ സൺ, തഹസിൽദാർ കെ.എസ്. നസിയ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ അവലോകന യോഗത്തിൽ പങ്കെടുത്തു.

## പണവും മൊബൈലുകളും കവർന്ന മൂന്നുപേർ പിടിയിൽ



**കൊല്ലം:** മുണ്ടയ്ക്കൽ കിൻഫ്ര വ്യവസായ പാർക്കിലെ ജീവനക്കാരെ ഭീഷണിപ്പെടുത്തി പണവും മൊബൈൽ ഫോണുകളും കവർന്ന ശേഷം ഒളിവിലായിരുന്ന മൂന്നുപേർ പൊലീസ് പിടിയിൽ.ഇരവിപുരം തെക്കുംഭാഗം വള്ളക്കടവ് സുനാമി ഫ്ളാറ്റിൽ പ്രിൻസ് മന്ദിരത്തിൽ സുബിൻ (23), വാളത്തുംഗൽ വേണിവില്ലയിൽ റാംജിത്ത് (19), ഇരവിപുരം തെക്കുംഭാഗം പുത്തനഴികം തോപ്പിൽ ഫ്രാൻസീസ് (25)എന്നിവരാണ് പിടിയിലായത്. ഒക്ടോബർ 30ന് പുലർച്ചെ മൂന്നോടെ വ്യവസായ പാർക്കിന്റെ മതിൽ ചാടിക്കടന്ന്, ഷെഡിൽ ഉറങ്ങുകയായിരുന്ന ജീവനക്കാരായ പ്രദീപ്, ഐസക്ക് എന്നിവരെ ആയുധം കാണിച്ച് ഭീഷണിപ്പെടുത്തി മൊബൈൽ ഫോണുകളും കൈവശമുണ്ടായിരുന്ന പണവും അപഹരിക്കുകയായിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ ഇവർ തിരികെ ഇരവിപുരം വലിയവിളയിൽ എത്തിയെന്ന സൂചനയെത്തുടർന്ന് കൊല്ലം ഈസ്?റ്റ് ഇൻസ്പെക്ടർ ആർ. രതീഷിന്റെ നേതൃത്വത്തിലുള്ള സംഘം പിടികൂടുകയായിരുന്നു.



## അറിയിപ്പ്

### നിയമനം


ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ് (ഇംഹാൻസ്), കോഴിക്കോട്, ന്യൂറോ സയൻസ് റിസർച്ച് ലബോറട്ടറിയിൽ ജൂനിയർ റിസർച്ച് ഫെല്ലോയുടെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത :ബയോ ടെക്നോളജി/ മോളിക്യുലർ ബയോളജി വിഷയത്തിൽ ഒന്നാംക്ലാസ് ബിരുദാനന്തര ബിരുദവും നെറ്റ് /ഗേറ്റ് /തത്തുല്യയോഗ്യത. അനിമൽ സെൽ കൾച്ചർ, മോളിക്യുലാർ ബയോളജി മേഖലയിൽപ്രവർത്തിപരിചയം. പ്രായപരിധി 35 വയസ് കഴിയരുത് (നിയമാനുസൃതമായ വയസിളവ് ബാധകം) നിർദിഷ്ട മാതൃകയിൽ അപേക്ഷ അയയ്ക്കേണ്ട അവസാന തീയതി 2022 ജനുവരി 15. കൂടുതൽ വിവരങ്ങൾക്ക് ooo.ശാവമിം.മരം.ശി വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 8129166196.

### ആർട്സ് കോഴ്സ്

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളജ് 2022 ജനുവരി സെഷനിൽ നടത്തുന്ന മാർഷ്യൽ ആർട്സ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. പത്താംക്ലാസ് പാസായവർക്ക് അപേക്ഷിക്കാം. ആറുമാസം ദൈർഘ്യമുള്ള പ്രോഗ്രാമിൽ കളരിപ്പയറ്റ്, കുങ്ഫു എന്നിവ പഠന വിഷയങ്ങളാണ്. തിയറി, പ്രാക്ടിക്കൽ ക്ലാസുകൾ അംഗീകൃത പഠനകേന്ദ്രത്തിന്റെ സഹായത്തോടെ നടത്തും. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തിരുവനന്തപുരത്ത് നന്ദാവനം പോലീസ്ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്ആർസി ഓഫീസിൽ നിന്നും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ: 0471 2325101, 2325102. htthps://srccc.in/download എന്ന ലിങ്കിൽ നിന്നും അപേക്ഷാ ഫാറം ഡൗൺലോഡ് ചെയ്യാം.15 വയസിനുമേൽ പ്രായമുള്ള ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. വിശദാംശങ്ങൾ www.srccc.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജനുവരി 15. ഫോൺ: 9447683169.

### അപേക്ഷ ക്ഷണിച്ചു

വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി സ്കോൾ കേരള നടത്തുന്ന അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ 2021-23 ബാച്ചിൽ സംസ്ഥാനത്തെ ഏതെങ്കിലും ഒരു റെഗുലർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഒന്നാംവർഷം ബി ഗ്രൂപ്പിൽ പ്രവേശനം നേടിയവരായിരിക്കണം. www.scolekerala.org എന്ന വെബ്സൈറ്റ് മുഖേനെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. കോഴ്സ്ഫീസ് 500 രൂപയാണ്. കോഴ്സ് ഫീസ് ഓൺലൈനായും (ഇന്റർനെറ്റ് ബാങ്കിംഗ്/ ഡെബിറ്റ്/ക്രഡിറ്റ് കാർഡ് മുഖേനെ), പോസ്റ്റ് ഓഫീസ് മുഖേനയും അടയ്ക്കാൻ സൗകര്യമുണ്ട്. ഫീസ് വിവരങ്ങൾക്കും, രജിസ്ട്രേഷനുള്ള മാർഗനിർദ്ദേശങ്ങൾക്കും സ്കോൾ കേരളയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രോസ്പെക്ടസ് കാണുക.പിഴകൂടാതെ 2022 ജനുവരി 12 വരെയും, 60 രൂപ പിഴയോടെ 2022 ജനുവരി 19 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷന് ശേഷം ഡൗൺലോഡ് ചെയ്ത അപേക്ഷയുടെ പ്രിന്റൗട്ടും, അനുബന്ധരേഖകളും രണ്ട് ദിവസത്തിനകം അതത് സ്കൂൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപ്പെടുത്തലോടുകൂടി എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള വിദ്യാഭവൻ, പൂജപ്പുരപി.ഒ, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ തപാൽ മാർഗം അയച്ചു തരണം. അന്വേഷണങ്ങൾക്ക് സംസ്ഥാന ജില്ലാ ഓഫീസുകളിലെ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം. ഫോൺ : 0471 2342950, 2342271, 2342369.



# ഒമിക്രോൺ വ്യാപനം: ജാഗ്രത വേണം

**പത്തനംതിട്ട:** കോവിഡിന്റെ പുതിയ വകഭേദമായ ഒമിക്രോണിനെതിരെ ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എൽ അനിതാകുമാരി അറിയിച്ചു. ക്വാറന്റൈൻ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വിട്ടുവീഴ്ച പാടില്ല. ഹൈറിസ്ക് രാജ്യങ്ങളിൽ നിന്നും വരുന്നവർ ഏഴുദിവസം ക്വാറന്റൈൻ പാലിക്കുകയും ഏഴു ദിവസം സ്വയം നിരീക്ഷണത്തിലിരിക്കുകയും വേണം. അല്ലാത്ത രാജ്യങ്ങളിൽ നിന്നും വരുന്നവർ 14 ദിവസം സ്വയം നിരീക്ഷണത്തിൽ തുടരണം. സ്വയം നിരീക്ഷണത്തിലിരിക്കുന്നവർ വീട്ടിലും, അത്യാവശ്യ സന്ദർഭങ്ങളിൽ പുറത്തുപോകുമ്പോഴും എൻ 95 മാസ്കോ, ഡബിൾ മാസ്കോ ഉപയോഗിക്കുക.വീട്ടിലെ പ്രായമായവർ, കുട്ടികൾ, മറ്റ് രോഗബാധയുള്ളവർ എന്നിവരുമായി സമ്പർക്കം ഒഴിവാക്കുക. വിവാഹം, മരണം, പൊതുപരിപാടികൾ, മറ്റു ചടങ്ങുകൾ മുതലായവ ഒഴിവാക്കുക. ആൾക്കൂട്ടങ്ങളുള്ള സ്ഥലങ്ങൾ, തീയറ്ററുകൾ, ഹോട്ടലുകൾ, മാളുകൾ എന്നിവ സന്ദർശിക്കുന്നത് ഒഴിവാക്കുക. രോഗലക്ഷണങ്ങൾ ഉണ്ടോയെന്ന് സ്വയം നിരീക്ഷിക്കുക. ഏതെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ ഉടൻ ക്വാറന്റൈനിലാകുകയും ആരോഗ്യപ്രവർത്തകരെ വിവരം അറിയിക്കുകയും വേണം. ഒമിക്രോൺ ജാഗ്രത തുടരുന്നതിനൊപ്പം അടിസ്ഥാന പ്രതിരോധ മാർഗങ്ങൾ പാലിക്കുന്നതിലും ശ്രദ്ധിക്കണം. ശരിയായ രീതിയിൽ മാസ്ക് ധരിക്കുക, കൈകൾ ഇടയ്ക്കിടെ അണുവിമുക്തമാക്കുക, സുരക്ഷിത അകലം പാലിക്കുക, ആൾക്കൂട്ടം ഒഴിവാക്കുക തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനൊപ്പം ഇനിയും കോവിഡ് വാക്സിൻ എടുക്കാനുള്ളവർ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിലെത്തി വാക്സിൻ സ്വീകരിക്കണമെന്നും ഡിഎംഒ അറിയിച്ചു.

# സംഘർഷം തടയാനെത്തിയ പൊലീസ് സംഘത്തെ ആക്രമിച്ചു

**പന്തളം:** സംഘർഷം തടയാനെത്തിയ പൊലീസ് സംഘത്തെ ആക്രമിച്ചു. ആക്രമത്തിൽ എസ്.ഐ. ഉൾപ്പെടെ രണ്ട് പൊലീസുകാർക്ക് പരിക്കേറ്റു. ക്രിസ്മസ് ദിനത്തിൽ രാവിലെ 11.30ന് കുളനടക്ക് സമീപം മാന്തുകയിലാണ് സംഭവം. ആക്രമത്തിൽ പരിക്കേറ്റ പന്തളം എസ്. ഐ ജി. ഗോപൻ, സി.പി.ഒമാരായ വി.ജി. വിജിൽ, പി.എം. രാജേഷ് എന്നിവരെ പന്തളത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവവുമായി ബന്ധപ്പെട്ട് കുളനട മാന്തുക , മുണ്ട കോളത്തി പാർക്കിലേത്ത് തെക്കേതിൽ മനു (28), കൊല്ലം അഞ്ചൽ കൂട്ടുക്കൽ ,മേളക്കാട്, ചാവർകാവ് വീട്ടിൽ രാഹുൽ(25) എന്നിവരെ പൊലീസ് അറസ്റ്റ് ചെയ്തു.കുളനട മാന്തുക, മുണ്ട കോളത്തി കോളനിയിലെ സതിയമ്മ, മകൻ അജി എന്നിവർക്കുനേരെ അയൽപക്കത്ത് താമസിക്കുന്ന അഞ്ചൽ സ്വദേശി രാഹുൽ, മനു എന്നിവർ ചേർന്ന് ആക്രമണം നടത്തുവാൻ ശ്രമിക്കവെ അജി വിവരമറിയിച്ചത് പ്രകാരം എത്തിയ പൊലീസ് സംഘത്തെയാണ് പ്രതികൾ ആക്രമിച്ചത്. മനുവിനെയും രാഹുലിനെയും അറസ്റ്റ് ചെയ്ത് പൊലീസ് ജീപ്പിൽ പ്രവേശിപ്പിച്ചപ്പോൾ ജീപ്പിൽനിന്ന് മനുവിനെ പിടിച്ചിറക്കാൻ ശ്രമിച്ച രാഹുൽ അത് തടഞ്ഞ എസ്.ഐയെ മർദിക്കുകയായിരുന്നു. എസ്. ഐ ഗോപന് പ്രതികളുടെ ആക്രമണത്തിൽ കാലി! െ!ൻറ ലിഗമെൻറിന് പരിക്കേറ്റു.മനു പൊലീസുകാരൻെറ കൈ കടിച്ചു മുറിച്ചു. വിവരമറിഞ്ഞ് കൂടുതൽ പൊലീസ് എത്തി അക്രമിസംഘത്തെ കസ്റ്റഡിയിൽ എടുക്കുകയായിരുന്നു. രാഹുലിൻെറ ഭാര്യയുടെ നാടാണ് മാന്തുക. ഇവർ ഇവിടെ വാടകക്ക് താമസിക്കുകയാണ്. ഇരുവരെയും അടൂർ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.



### മണ്ഡല മഹോത്സവത്തിന് സമാപനം

**മല്ലപ്പള്ളി:** കുറിച്ച് കോട്ടാങ്ങൽ ദേവീക്ഷേത്രത്തിൽ കാവടിയാട്ടം നടന്നു. കുളത്തൂർ ദേവീ ക്ഷേത്രം, തൃക്കണ്ണാപുരം മഹാദേവ ക്ഷേത്രം എന്നിവിടങ്ങളിൽനിന്ന് ആരംഭിച്ച കാവടി ഘോഷയാത്രയും ശ്രീ ധർമശാസ്ത ക്ഷേത്രത്തിൽനിന്ന് ഉഷക്കാവടിയും മുത്തുക്കുടങ്ങൾ അമ്മൻകുടം, വിവിധ വാദ്യമേളങ്ങൾ എന്നിവയുടെ അകമ്പടിയോടെ ഉച്ചയോടെ ക്ഷേത്രസന്നിധിയിൽ കാവടി ഘോഷയാത്ര സമാപിച്ചു. ഫോട്ടോ മെയിൽ. കുറിച്ച് കോട്ടാങ്ങൽ ദേവീക്ഷേത്രത്തിൽ നടന്ന ഘോഷയാത്ര

# തേലപ്പുഴക്കടവ് മദ്യപാനികളുടെ താവളമാകുന്നു

**മല്ലപ്പള്ളി:** മണിമലയാറ്റിലെ വായ്പ്പൂര് തേലപ്പുഴക്കടവ് മദ്യപരുടെ താവളമാകുന്നു. നിയന്ത്രിക്കാൻ നടപടിയെടുക്കാതെ അധികൃതരും. ദൂരെ സ്ഥലങ്ങളിൽനിന്ന് വരുന്ന യുവാക്കളാണ് മദ്യപാനത്തിനായി തേലപ്പുഴക്കടവിലെ തൂക്കുപാലവും മണിമലയാറിൻെറ തീരവും തെരഞ്ഞെടുക്കുന്നത്. തൂക്കുപാലം വിനോദസഞ്ചാരികളായ യുവാക്കൾക്ക് കൗതുക കാഴ്ചയാണ് സമ്മാനിക്കുന്നത്. അവധി ദിവസങ്ങൾ ആയതിനാൽ ഇവിടെ സഞ്ചാരികളുടെ എണ്ണവും ദിനംപ്രതി വർധിക്കുകയാണ്. എന്നാൽ, ചതിക്കുഴികൾ ഏറെയുണ്ടെന്ന കാര്യം പലപ്പോഴും മറന്നാണ് യുവാക്കൾ ഉൾപ്പെടെയുള്ളവർ ആറ്റിലേക്ക് കുളിക്കാൻ ഇറങ്ങുന്നത്. മദ്യത്തിൻെറ ലഹരിയിൽ ഇവർ പ്രദേശവാസികൾ നൽകുന്ന അപകട മുന്നറിയിപ്പും അവണിക്കുകയാണ് പതിവ്. നിരവധി മുങ്ങിമരണങ്ങളും ഇങ്ങനെ നടന്നിട്ടുണ്ടെന്ന് നാട്ടുകാർ പറയുന്നു. തൂക്കുപാലത്തിനു സമീപം നടക്കുന്ന മദ്യപാനവും സാമൂഹിക വിരുദ്ധശല്യവും നിയന്ത്രിക്കാൻ നടപടി ഉണ്ടാകണമെന്ന ആവശ്യം ശക്തമാണ്.

### സദ്ഭരണ ദിനാചരണം

**തിരുവല്ല:** അടൽ ബിഹാരി വാജ്പേയി ജന്മദിനത്തോട് അനുബന്ധിച്ച് ബി.ജെ.പി നെടുമ്പ്രത്ത് നടത്തി. പൊടിയാടി ജങ്ഷനിൽ നടന്ന പരിപാടി ജില്ല വൈസ് പ്രസിഡൻറ് വിജയകുമാർ മണിപ്പുഴ ഉദ്ഘാടനം ചെയ്തു. കെ.ടി. കണ്ണൻ അധ്യക്ഷത വഹിച്ചു.




# മണിമലയാർ വറ്റിവരളുന്നു;

## കുടിവെള്ളക്ഷാമം രൂക്ഷമാകാൻ സാധ്യത

**മല്ലപ്പള്ളി:** ഈ വർഷം രണ്ടുതവണ കരകവിഞ്ഞൊഴുകിയ മണിമലയാർ ഒരാഴ്ചത്തെ ചൂടിൽ വറ്റിവരണ്ടുതുടങ്ങി. ജലനിരപ്പ് താഴ്ന്നതോടെ കുടിവെള്ള ക്ഷാമം രൂക്ഷമാകാൻ സാധ്യതയേറി. സമൃദ്ധമായി ഒഴുകിയ ആറ്റിൽ പലയിടങ്ങളിലും മണൽ പുറ്റ് രൂപപ്പെട്ടുതുടങ്ങി. കോട്ടാങ്ങൽ കടൂർക്കടവിൽ ആറ്റിലെ ജലനിരപ്പ് താഴ്ന്ന് മണൽ തെളിഞ്ഞതോടെ വശങ്ങളിൽകൂടി മാത്രം വെള്ളം ഒഴുകുന്ന കാഴ്ചയാണ്. പലയിടങ്ങളിലും മണൽ വാരി രൂപപ്പെട്ട കയങ്ങളിൽ മാത്രമാണ് വെള്ളം കെട്ടിക്കിടക്കുന്നത്. നീരൊഴുക്ക് പൂർണമായും നിലച്ചിരിക്കുകയാണ്. വേനൽ കടുത്താൽ കോട്ടാങ്ങൽ , മല്ലപ്പള്ളി ആനിക്കാട്, കല്ലൂപ്പാറ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിയിലേക്കുള്ള പമ്പിങ്ങിനെ ബാധിക്കും. കുടിവെള്ള പദ്ധതികളുടെ കിണറുകൾ ആറ്റിലും തീരങ്ങളിലുമാണ് നിർമിച്ചിരിക്കുന്നത്. പദ്ധതി പ്രദേശത്തെ വെള്ളവും കുറഞ്ഞു തുടങ്ങി. മൂന്നടിയോളം മാത്രമാണ് വെള്ളം ഇപ്പോൾ ഉള്ളത്. മലയോര മേഖലകളിൽ ആഴ്ചയിൽ ഒരുതവണ മാത്രമാണ് ഇപ്പോൾ പൈപ്പുലൈനിൽ കൂടി വെള്ളമെത്തുന്നത്. വേനൽച്ചൂട് കടുക്കുന്നതോടെ കുടിവെള്ളത്തിനായുള്ള പരക്കംപാച്ചിൽ തുടങ്ങി. കുടിവെള്ളം പലസ്ഥലങ്ങളിൽ വാഹനങ്ങളിൽ എത്തിക്കുകയാണിപ്പോൾ.

# ശബരിമാങ്കൽ സ്കൂൾ ശതാബ്ദി സമാപനം 29ന്

**തടിയൂർ :**ശബരിമാങ്കൽ എൻഎം എൽപി സ്കൂൾ ശതാബ്ദി ആഘോഷം ബുധനാഴ്ച സമാപിക്കും. ശതാബ്ദി സമാപന സമ്മേളനം രാവിലെ 10ന് അഡ്വ . പ്രമോദ് നാരായൺ എംഎൽഎ ഉദ്ഘാടനം ചെയ്യും. ശതാബ്ദി സ്മാരക കെട്ടിട സമുച്ചയം സ്റ്റിവാർഡ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി രാജു എം കോശി ഉദ്ഘാടനം ചെയ്യും. കംപ്യൂട്ടർ ലാബ് ഉദ്ഘാടനം രാജൂ ഏബ്രഹാം നിർവഹിക്കും. ഇംഗ്ലണ്ടിൽ നിന്നെത്തിയ മിഷനറി എഡ്വിൻ ഹണ്ടർ നോയൽ ഗ്രാമീണ പിന്നോക്കാവസ്ഥ പരിഹരിക്കാൻ 1905 ൽ തടിയൂരിൽ സ്ഥാപിച്ച കുടിപ്പള്ളിക്കുടമാണ് 1919-ൽ ലോവർ പ്രൈമറിയായി ഉയർത്തിയ ശബരി മാങ്കൽ സ്കൂൾ. 2019 ലാണ് ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. അന്നമ്മ മാത്യു പ്രധാനാധ്യാപികയും ഷാജി ചീങ്കയിൽ ലോക്കൽ മാനേജരായും നിഷ സാം പിടിഎ പ്രസിഡന്റായും പ്രവർത്തിക്കുന്നു.



### കോന്നി ടൂറിസം കേന്ദ്രങ്ങളിൽ തിരക്ക്

**കോന്നി:** ക്രിസ്മസ് അവധിയെ തുടർന്ന് കോന്നിയുടെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വൻതിരക്ക്. കോന്നി ഇക്കോടൂറിസം സെൻററിലും തണ്ണിത്തോട് അടവി കുട്ടവഞ്ചി സവാരി കേന്ദ്രത്തിലും ഗവി ടൂർ പാക്കേജിലും സഞ്ചാരികളുടെ വലിയ തിരക്കാണ് അനുഭവപ്പെട്ടത്ത്.181 കുട്ടവഞ്ചി സവാരികൾ ക്രിസ്മസ് ദിനത്തിൽ അടവിയിൽ നടന്നു. 90,500 ക്രിസ്മസ് ദിനത്തിലെ മാത്രം വരുമാനം. കല്ലാറ്റിലെ ജലനിരപ്പ് താഴ്ന്നതിനാൽ ഹ്രസ്വദൂര സവാരികൾ മാത്രമാണ് ഇപ്പോൾ നടക്കുന്നത്.എങ്കിലും കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്ന് കല്ലാറ്റിലൂടെയുള്ള കുട്ടവഞ്ചി സവാരി ആസ്വദിക്കുവാൻ നിരവധി ആളുകളാണ് എത്തിയത്.അടവിയിൽ കുട്ടവഞ്ചി സവാരി കേന്ദ്രത്തിലെ കടവിൽ മണൽ നിറഞ്ഞതുമൂലം വള്ളം ഇറക്കാൻ ബുദ്ധിമുട്ട് നേരിട്ടതിനാൽ ഇതും നീക്കം ചെയ്തിരുന്നു. കോന്നി ആനത്താവളത്തിലും ക്രിസ്മസ് ദിനത്തിൽ വലിയ തിരക്ക് അനുഭവപ്പെട്ടു. കുടുംബസമേതം ആനത്താവളവും അടവിയും സന്ദർശിക്കുവാൻ എത്തിയവരായിരുന്നു ഏറെയും. ആനത്താവളത്തിലെ മ്യൂസിയത്തിലും തിരക്ക് അനുവപ്പെട്ടു. പൊതു അവധിയായിരുന്നതിനാൽ വിദ്യാഥികളും ഒട്ടേറെപ്പേർ എത്തിയിരുന്നു.

# മുടങ്ങിയ റാന്നി പുതിയപാലം നിർമാണത്തിന് പച്ചക്കൊടി

**റാന്നി:** നിർമാണം മുടങ്ങിയ റാന്നി പുതിയപാലം പണി പുനരാരംഭിക്കാൻ നടപടി ആരംഭിച്ചു. പാലത്തിൻെറ നിർമാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച ഇലവൺ വൺ നോട്ടിഫിക്കേഷൻ പുറത്തിറങ്ങിയതായി അഡ്വ. പ്രമോദ് നാരായൺ എം.എൽ.എ അറിയിച്ചു. അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുക്കാനുള്ള നടപടിക്കായി കലക്ടർ ഡെപ്യൂട്ടി കലക്ടർ എൽ.എയെ ചുമതലപ്പെടുത്തി. റാന്നി വില്ലേജിൽ 132ഉം അങ്ങാടിയിൽ 20ഉം വസ്തു ഉടമകളിൽനിന്നാണ് സ്ഥലം ഏറ്റെടുക്കേണ്ടത്. പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതക്ക് സമാന്തരമായി പമ്പാനദിക്ക് കുറുകെ പെരുമ്പുഴ ഉപാസന കടവുകളെ ബന്ധിപ്പിച്ചുകൊണ്ടാണ് പുതിയ പാലത്തിൻെറ നിർമാണം ആരംഭിച്ചത്. 26 കോടി രൂപയാണ് പാലം നിർമാണത്തിനായി വകയിരുത്തിയത്. എന്നാൽ, ഇരുകരകളിലുമുള്ള അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുക്കൽ വൈകിയതോടെ പാലം നിർമാണം ഇടക്ക് ഉപേക്ഷിക്കുകയായിരുന്നു. സ്ഥലം ഏറ്റെടുത്ത് അപ്രോച്ച് റോഡ് നിർമിച്ചാൽ മാത്രമേ പാലത്തിൻെറ ബാക്കി പ്രവൃത്തി പൂർത്തിയാവുകയുള്ളൂ. അങ്ങാടി കരയിൽ തിരുവല്ല റാന്നി റോഡിൽനിന്ന് ഉപാസന കടവിലേക്കുള്ള പാത വീതി വർധിപ്പിച്ചാണ് അപ്രോച്ച് റോഡ് ഉയർത്തുന്നത്. രാമപുരം-ബ്ലോക്ക് പടി ബൈപാസ് റോഡ് വീതി വർധിപ്പിച്ചാണ് പെരുമ്പുഴ ഭാഗത്ത് അപ്രോച്ച് റോഡ് നിർമിക്കുന്നത്. പെരുമ്പുഴ ഭാഗത്തുള്ള അപ്രോച്ച് റോഡിന് ഏതാണ്ട് ഒരു കിലോമീറ്ററിലധികം നീളമുണ്ട്. റോഡിനുള്ള സ്ഥലം അളന്ന് നേരത്തേ കല്ലിട്ടിട്ടുണ്ട്.



# ഘോഷയാത്ര സുഗമമാക്കാൻ തിരുവാഭരണ പാതയിൽ ശ്രമ പൂജ

**പത്തനംതിട്ട:** ശബരിമലയിലേക്ക് തിരുവാഭരണ യാത്ര സുഗമമാക്കാൻ പാത ഒരുക്കലിന് ശ്രമ പൂജയോടെ തുടക്കം കുറിച്ചു. പന്തളത്ത് നിന്നും തിരുവാഭരണ പേടകങ്ങൾ വഹിച്ചുള്ള ഘോഷയാത്ര കടന്നു പോകുന്ന വഴികൾ തിരുവാഭരണ പാത സംരക്ഷണ സമിതിയുടെ നേതൃത്വത്തിലാണ് ഒരുക്കുന്നത്. തിരുവാഭരണ യാത്ര സുഗമമാക്കാൻ പാതയിലെ കാടുകൾ തെളിച്ചാണ് ശ്രമപൂജക്ക് തുടക്കമായത്. പന്തളം കൊട്ടാരം നിർവാഹക സമിതി ജനറൽ സെക്രട്ടറി പി എൻ നാരായണ വർമ്മ ശ്രമപൂജ യോഗം ഭദ്രദീപം തെളിച്ച് ഉദ്ഘാടനം ചെയ്തു. തിരുവഭരണ പാതയിൽ അറിഞ്ഞും അറിയാതെയും നടത്തിയിട്ടുള്ള കൈയ്യേറ്റങ്ങൾ 95 ശതമാനം ആളുകളും സ്വമേധയ ഒഴിഞ്ഞുകൊള്ളാമെന്ന് റവന്യു ഡിവിഷൻ ഓഫീസർമാർക്ക് എഴുതി നൽകിയിട്ടുള്ള പശ്ചാത്തലത്തിൽ ബാക്കിയുള്ള കൈയ്യേറ്റം കൂടി ഒഴിയുകയാണ് വേണ്ടത്. അറിയാതെയായാലും തിരുവാഭരണ പാതയിൽ വീടുകൾ ഉൾപ്പെട്ടിട്ടുള്ളത് സർക്കാർ തലത്തിൽ പരിഹരിച്ചു നൽകികൊണ്ട് നാടിനുകൂടി ഗുണംവരുന്ന പാതയുടെ പുനരുദ്ധാരണം ഭംഗിയാക്കാൻ എല്ലാവിഭാഗം ആളുകളുടെയും, ജനപ്രതിനിധികളുടെയും സഹകരണവും ഉണ്ടാകണമെന്ന് നാരായണ വർമ്മ ആവശ്യപ്പെട്ടു.

## അറിയിപ്പ്



### ഗതാഗത നിയന്ത്രണം

**ആലപ്പുഴ:** ദേശീയപാത 66-ൽ റീടാറിംഗ് ജോലികൾ നടക്കുന്ന ഹരിപ്പാട് മാധവ ജംഗ്ഷൻ മുതൽ കായംകുളം കൊറ്റുകുളങ്ങര വരെ 2021 ഡിസംബർ 16 മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതായി നാഷണൽ ഹൈവേ സബ് ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.രാത്രി എട്ടു മുതൽ രാവിലെ ഏഴു വരെയുള്ള നിയന്ത്രണം ഡിസംബർ 31 വരെ തുടരും.

### ഡ്രൈവർ നിയമനം

**ആലപ്പുഴ:** ജില്ലാ മെഡിക്കൽ ഓഫീസിലേക്ക് (ആരോഗ്യം) ദിവസവേതനത്തിന് രണ്ട് ഡ്രൈവർമാരെ താത്ക്കാലികമായി നിയമിക്കുന്നു. ഏഴാം ക്ലാസ് വിജയിച്ച ഹെവി ഡ്യൂട്ടി ലൈസൻസ് (എച്ച്.ഡി.വി) ബാഡ്ജ്, അനുബന്ധ സർട്ടിഫിക്കറ്റ് ഉള്ളവരെയാണ് പരിഗണിക്കുന്നത്. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ അസലും പകർപ്പും സഹിതം ഡിസംബർ 17ന് രാവിലെ 10ന് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിലെത്തണം. ഫോൺ 0477- 2251650.

### രജിസ്ട്രേഷൻ പുതുക്കണം

**ആലപ്പുഴ:** കേരള ഷോപ്സ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ്, മോട്ടോർ തൊഴിലാളി നിയമങ്ങൾ ബാധകമായ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഡിസംബർ 20നകം പുതുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെൻറ്) അറിയിച്ചു. www.lc.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയാണ് പുതുക്കൽ നടത്തേണ്ടത്. വിശദ വിവരങ്ങൾക്ക് അസിസ്റ്റൻറ് ലേബർ ഓഫീസർമാരെ ബന്ധപ്പെടണം. ഫോൺ നമ്പരുകൾ ചുവടെ. ആലപ്പുഴ ഒന്നാം സർക്കിൾ -8547655384, ആലപ്പുഴ രണ്ടാം സർക്കിൾ -8547655385, ആലപ്പുഴ മൂന്നാം സർക്കിൾ -8547655386, അമ്പലപ്പുഴ -8547655383, മങ്കൊമ്പ് -8547655382, ചെങ്ങന്നൂർ -8547655380, മാവേലിക്കര -8547655379, കായംകുളം -8547655378, ഹരിപ്പാട് -8547655381, ചേർത്തല സൗത്ത് -8547655387, ചേർത്തല നോർത്ത് -8547655388.

### ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫീസിൽ പുതിയതായി നിലവിൽ വരുന്ന മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻേറർഡ് ലാബിൽ വയറിംഗ് ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി നിരക്കിൽ ക്വട്ടേഷൻ ക്ഷണിച്ചു. ഡിസംബർ 24നകം സമർപ്പിക്കണം. ഫോൺ: 0477 2962229

### സ്പോട്ട് അഡ്മിഷൻ

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജിയുടെ (സി-മെറ്റ്) കീഴിൽ പ്രവർത്തിക്കുന്ന കാസർകോട് ഉദുമ നഴ്സിംഗ് കോളേജിൽ (ഫോൺ: 0467-2953935, 9447544974) ഒഴിവുള്ള ബി.എസ്സി നഴ്സിംഗ് എൻ.ആർ.ഐ സീറ്റുകളിൽ സ്പോട്ട് രജിസ്ട്രേഷൻ 17 മുതൽ 19 വരെ നടത്തും. രജിസ്ട്രേഷൻ ooo.ശൊലേ.സല്യമഹമ. ഴീ.ശി ൽ നടത്താം. സിമെറ്റിലെ ബി.എസ്സി നഴ്സിംഗ് മാനേജ്മെന്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും എൻ.ആർ.ഐ സീറ്റിൽ അഡ്മിഷൻ എടുക്കാൻ താത്പര്യമുള്ളവർക്ക് സ്പോട്ട് രജിസ്ട്രേഷനിൽ പങ്കെടുക്കാം. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ റാങ്ക് ക്രമത്തിൽ ഒഴിവുള്ള സീറ്റുകളിൽ അലോട്ട്മെന്റ് നടത്തും. സ്പോട്ട് രജിസ്ട്രേഷൻ ചെയ്യാത്ത വിദ്യാർഥികളെ എൻ.ആർ.ഐ അലോട്ട്മെന്റിൽ പരിഗണിക്കില്ല. കൂടുതൽ വിവരങ്ങൾക്ക്: 0471-2302400, www.simet.in.



# ജില്ലയിൽ അതിഥിത്തൊഴിലാളികളുടെ അതിക്രമങ്ങൾ വർധിച്ചു

## വരുമ്പോഴും ഇവരുടെ വിവരങ്ങൾ ശേഖരിക്കാൻ അധികൃതർക്കായിട്ടില്ലെന്ന് പരാതി

**അമ്പലപ്പുഴ:** അതിഥിത്തൊഴിലാളികളുടെ അതിക്രമങ്ങൾ വർധിച്ചുവരുമ്പോഴും ഇവിടെ എത്തിയവരുടെ വിവരങ്ങൾ ശേഖരിക്കാൻ അധികൃതർക്കായിട്ടില്ലെന്ന് പരാതി .അമ്പലപ്പുഴ, പുന്നപ്ര സ്റ്റേഷൻ പരിധിയിൽ മാത്രം ആയിരക്കണക്കിന് തൊഴിലാളികളാണ് പലയിടങ്ങളിലായി താമസിക്കുന്നത്. കോവിഡ് മഹാമാരിയുടെ കാലത്ത് അതിഥിത്തൊഴിലാളികളും അമ്ബലപ്പുഴ പോലീസുമായി വാക്കേറ്റം നടന്നിരുന്നു. കഞ്ചാവുമായി കഴിഞ്ഞ ദിവസം അമ്ബലപ്പുഴ പോലീസ് ചിലരെ പിടികൂടി. ഇവർ എല്ലാവരും അതിഥിത്തൊഴിലാളികളായിരുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നാണ് ഇവർക്ക് കഞ്ചാവ് എത്തിച്ച് നൽകുന്നതെന്ന വിവരവും ചോദ്യംചെയ്യലിൽ വിവരങ്ങൾ ലഭിച്ചു. കരാറുകാരോടൊപ്പമാണ് പലരും ജോലി ചെയ്യുന്നതെങ്കിലും ഇവരെക്കുറിച്ചുള്ള വിവരങ്ങളൊന്നും അറിയില്ല. വാടകയ്ക്ക് വീടെടുത്ത് കൂട്ടത്തോടെ താമസിച്ചുവരുന്ന ഇവരിൽ പലരും ഒരു കരാറുകാരനോടൊപ്പം സ്ഥിരമായി ജോലി ചെയ്യാറില്ല.വർഷങ്ങളായി തൊഴിൽ എടുത്തുവരുന്ന അതിഥിത്തൊഴിലാളികളാണ് പലരെ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഇങ്ങനെ എത്തുന്നവരുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിവരങ്ങൾ തിരിച്ചറിയൽ രേഖകളുടെ പകർപ്പ് സഹിതം പരിധിയിലുള്ള പോലീസ് സ്റ്റേഷനിൽ നൽകണമെന്നാണ്.ഇവർ താമസിക്കുന്ന കെട്ടിടത്തിന്റെ ഉടമയാണ് വിവരങ്ങൾ നൽകേണ്ടത്. എന്നാൽ കെട്ടിടം വാടകക്ക് ഒരാളുടെ പേരിൽ കൊടുത്തുകഴിഞ്ഞാൽ മാസംത്തോറും വാടക വാങ്ങാനല്ലാതെ താമസിക്കുന്നവർ എത്രയുണ്ടെന്ന വിവരങ്ങൾ തേടാറില്ല.അതിഥിത്തൊഴിലാളികളുടെ കടന്നുകയറ്റവും അതിക്രമങ്ങളും വർധിച്ചതോടെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇവരുടെ വിവരങ്ങൾ ശേഖരിക്കാനുള്ള നടപടികളും സ്വീകരിച്ചിരുന്നു. എന്നാൽ അതും പ്രാവർത്തികമായില്ല.ക്രിമിനൽ കേസിൽപ്പെട്ടവരുൾപ്പെടെ വ്യാജമേൽവിലാസങ്ങൾ നൽകി ഇവിടെ താമസമാക്കിയവരുണ്ട്. ഇവിടുത്തെ വാടകച്ചീട്ടുകൾ നൽകി പലരും ഇവിടുത്തെ തിരിച്ചറിയൽ രേഖകളും റേഷൻകാർഡുകളും സ്വന്തമാക്കിയവരുണ്ട്.അതിഥിത്തൊഴിലാളികൾക്ക് വേണ്ട സുരക്ഷയും ആനുകൂല്യങ്ങളും സർക്കാർ ഒരുക്കുമ്ബോൾ ഇവിടുത്തെ ജനങ്ങൾക്കും പോലീസിനും ജീവന് ഭീഷണിയായിരിക്കുകയാണ്.



# എ.സി റോഡിൽ ഗതാഗത നിയന്ത്രണം തോന്നുംപടി

**ആലപ്പുഴ:** കോടതിവിധി മാനിക്കാതെ ഉദ്യോഗസ്ഥർ. ആലപ്പുഴ-ചങ്ങനാശേരി റോഡിൽ ഗതാഗത നിയന്ത്രണം തോന്നുംപടി. എ.സി റോഡ് പുനർനിർമാണത്തോടനുബന്ധിച്ചു റോഡിലൊരിടത്തും വാഹന ഗതാഗതം തടസ്സപ്പെടുത്തരുതെന്നും റോഡിലുടനീളം ഇരുചക്ര നാലു ചക്രവാഹനങ്ങൾക്കും അടിയന്തിരാവശ്യങ്ങൾക്കുള്ള മറ്റ് വാഹനങ്ങൾക്കും തടസമില്ലാതെ സഞ്ചരിക്കാമെന്നുമുള്ള കേരള ഹൈക്കോടതി വിധിയാണ് ഉദ്യോഗസ്ഥർ അട്ടിമറിക്കുന്നത്.ഊരാളുങ്കൽ സൊസൈറ്റിക്കാണ് എ.സി റോഡ് നിർമാണച്ചുമതലയെങ്കിലും ഗതാഗതം നിയന്ത്രിക്കുന്നതിന് സ്വകാര്യ ഏജൻസിയെയാണ് ഇവിടെ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇവർ തമ്മിലും തൊഴിലാളികൾ തമ്മിലുമുള്ള ഏകോപനമില്ലായ്മയാണ് യാത്രികർക്ക് ബുദ്ധിമുട്ടാകുന്നത്.നെടുമുടിക്കും മങ്കൊമ്ബിനുമിടയ്ക്ക് ഫ്ളൈഓവറിനുള്ള പൈലിങ് ആരംഭിച്ചതിനാൽ വാഹനഗതാഗതത്തിന് റോഡിൽ വീതിക്കുറവാണ്. ഒരേസമയം ഒരു ദിശയിലൂടെ മാത്രമേ വാഹനങ്ങൾക്ക് സഞ്ചാരം സാധിക്കുകയുള്ളു. ഇതുമൂലം വൻ ഗതാഗതക്കുരുക്കാണ് ഇവിടെ അനുഭവപ്പെടുന്നത്. റോഡ് പണി തുടങ്ങിയതോടെ കെ.എസ്.ആർ.ടി.സി സർവീസ് പൂർണമല്ലാത്തതിനാലും ആവശ്യത്തിന് ഇല്ലാത്തതിനാലും സ്വകാര്യവാഹനങ്ങളെ പ്രദേശവാസികൾക്ക് ആശ്രയിക്കേണ്ടിവരുന്നുണ്ട്. കൂടാതെ മെറ്റലിട്ട് റോഡിന്റെ വീതിക്കൂട്ടിയതിനാൽ പൊടിശല്യവും അപകടങ്ങളും ഇവിടെ വർധിക്കുകയാണ്.ഇന്നലെ എ.സി റോഡിൽ മങ്കൊമ്ബ് മുതൽ പൂപ്പള്ളി വരെ ഇരുചക്രവാഹന ഗതാഗതവും തടസപ്പെടുത്തിയിരുന്നു. അതുമൂലം എട്ട് കിലോമീറ്റർ അധികം സഞ്ചരിച്ച് മങ്കൊമ്ബ്-ചമ്ബക്കുളം-പൂപ്പള്ളി റോഡ്‌വഴിയാണ് വാഹനം കടത്തിവിട്ടത്.ഗതാഗതം നിയന്ത്രിക്കാനായി ആവശ്യത്തിന് തൊഴിലാളികൾ ഇല്ലാത്തതിനാലും അവരുടെ ഏകോപനക്കുറവും മൂലം എ.സി റോഡ് യാത്ര ദുഷ്കരമാകുകയാണ്. ഊരാളുങ്കൽ സൊസൈറ്റി ഉദ്യോഗസ്ഥർക്ക് പരാതി എത്തിയാലും സ്വകാര്യ ഏജൻസിയുടെ തലയിൽ കുറ്റം കെട്ടിവക്കുകയാണ് പതിവ്. താൽക്കാലികമായി വീതികൂട്ടിയ റോഡിൽ കുണ്ടും കുഴിയും നിറഞ്ഞതിനായും ആവശ്യത്തിന് വീതിയില്ലാത്തതിനാലുമാണ് ഗതാഗതം രൂക്ഷമാകാൻ കാരണം. ഗതാഗതം തിരിച്ചുവിടുന്നതിനാൽ മതിയായ സൈൻ ബോർഡുകൾ സ്ഥാപിക്കാത്തതിനാലും നിർദേശങ്ങൾ യാത്രികർക്ക് തലാസമയം ലഭിക്കാത്തനിലും വാഹനയാത്രികർ വട്ടംചുറ്റുകയാണ്. റോഡ് അടച്ചിട്ട് ഗതാഗതം നിയന്ത്രിക്കാൻ ഊരാളുങ്കൽ സൊസൈറ്റി മുൻപ് നീക്കം നടത്തിയിരുന്നു. എൻ.എസ്.എസ് താലൂക്ക് പ്രസിഡന്റ് നാരായണപിള്ളയും, മറ്റ് ഒൻപത് പേരും ചേർന്ന് സമർപ്പിച്ച ഹർജിയിൽ വാഹനഗതാഗതം തടസപ്പെടുത്തരുതെന്ന് ജസ്റ്റിസ് എൻ. നാഗരേഷ് അനുകൂല വിധി നൽകിയിരുന്നു.



# വീടിന് തീപിടിച്ചു: ആറ് ലക്ഷം രൂപയുടെ നാശനഷ്ടം

**ആലപ്പുഴ:** ഷോർട്ട് സർക്യൂട്ട് മൂലമുണ്ടായ തീപിടിത്തത്തിൽ വീടും ബൈക്കും കത്തിനശിച്ചു. ആറ് ലക്ഷം രൂപയുടെ നാശനഷ്ടം.ആളപായമില്ല. പുലർച്ചെ നാലോടെ ആലപ്പുഴ നഗരസഭ കൊറ്റംകുളങ്ങര വെളുത്തേടത്ത് ഹൗസിൽ വി.എ ജോസഫിന്റെ വീടിനാണ് തീപിടിച്ചത്. ഉടൻ വിവരമറിയിച്ചതിനെ തുടർന്ന് ആലപ്പുഴയിൽ നിന്നും മൂന്നു ഫയർ ഫോഴ്സ് വാഹനവും ചേർത്തലയിൽ നിന്നും ഒരു വാഹനവും എത്തി വെള്ളമൊഴിച്ച് തീ നിയന്ത്രണ വിധേയമാക്കി.കമ്ബ്യൂട്ടർ റൂമിലുണ്ടായ ഷോർട്ട് സർക്യൂട്ടാണ് തീപിടിത്തത്തിന് കാരണമെന്ന് പറയുന്നു. കമ്ബ്യൂട്ടർ മുറിയും സമീപത്തെ കാർപോർച്ചിൽ പാർക്ക് ചെയ്തിരുന്ന ബുള്ളറ്റ് ബൈക്കും അവിടെ സൂക്ഷിച്ചിരുന്ന കയർ ഭൂവസ്ത്രവും അഗ്നിക്കിരയായി. വീട്ടുകാർ അടുത്തമുറിയിൽ ഉറങ്ങുകയായിരുന്നു. വൈകിയാണ് തീപിടിത്തം അറിഞ്ഞത്.രക്ഷാപ്രവർത്തനത്തിൽ ഫയർസ്റ്റേഷൻ ഓഫീസർ പി.ബി വേണുക്കുട്ടന്റെ നേതൃത്വത്തിൽ ഗ്രേഡ് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ എച്ച്. സതീശൻ, ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർമാരായ വി. സന്തോഷ്, പി. രതീഷ്, സനുരാജ്. പി.പി പ്രശാന്ത്, സി.കെ സജീഷ്, അമൽദേവ്. ഫയർ ആൻഡ് റെസ്ക്യൂ ഓഫീസ് ഡ്രൈവർ സനീഷ് മോൻ. ചന്ദ്രപ്പൻ കെ.പി. ഷാജി കെഎസ് എന്നിവർ പങ്കെടുത്തു.

# ആറാട്ടുപുഴയിൽ വസന്ത; 11 ആടുകൾ ചത്തു

മുതുകുളം: ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ ആട് വസന്ത ഭീഷണി. മൂന്നു മാസത്തിനിടയിൽ ആറാട്ടുപുഴയിൽ രോഗം ബാധിച്ച് ചത്തത് 11 ആടുകൾ.ആടുകളെ ബാധിക്കുന്ന മാരകമായ വൈറസ് രോഗമാണ് ആട് വസന്ത. രോഗം പിടിപെട്ടാൽ ഏതാനും മണിക്കൂറുകൾക്കുള്ളിൽ ആടുകൾ ചത്തുപോകും.ആറാട്ടുപുഴ ഒറ്റപ്പനയ്ക്കൽ പുതുവൽ സുബൈർകുട്ടിയുടെ നാലു ആടുകളാണ് ഒന്നര മാസത്തിനിടെ ചത്തത്. വയറിളക്കമായിരുന്നു പ്രാഥമിക ലക്ഷണം. പിന്നീട് വായിൽ നിന്നും ഉമിനീർ പുറത്തേക്ക് ധാരാളമായി വന്നുകൊണ്ടിരുന്നു. കഴിയുന്ന ശുശ്രൂഷകളൊക്കെ ചെയ്തെങ്കിലും അഞ്ചു മണിക്കൂറിനുള്ളിൽ ആടുകൾ ചത്തു. ഒരു ആട് ചത്തപ്പോൾ തന്നെ മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് പ്രതിരോധ മാർഗങ്ങൾ ആരാഞ്ഞിരുന്നു.ആട് വസന്തയ്ക്ക് ഫലപ്രദമായ മരുന്നുകൾ മൃഗാശുപത്രിയിൽ ലഭ്യമല്ലെന്നായിരുന്നു മറുപടി. ആശുപത്രിയിൽ നിന്നും നിർദേശിച്ച മരുന്നുകൾ മറ്റുള്ള ആടുകൾക്ക് രോഗം പിടിപെടാതിരിക്കാനായി നൽകിയെങ്കിലും മൂന്ന് ആടുകൾ കൂടി ചത്തു. ശേഷിക്കുന്ന ആടുകൾക്ക് രോഗം ബാധിക്കുമോയെന്ന ഭീതിയിലാണ് ഈ കർഷകൻ.സമാന ലക്ഷണങ്ങൾ ബാധിച്ചാണ് ആറാട്ടുപുഴ തയ്യിൽ പടീറ്റതിൽ ഷഫീക്കിന്റെ അഞ്ചു ആടുകൾ ചത്തത്. പരപ്പുങ്കൽ പുതുവൽ ഷാജഹാന്റെ രണ്ടു ആടുകളും വസന്തരോഗം ബാധിച്ച് ചത്തു. ആറാട്ടുപുഴയിൽ ഫാമുകളായും വീടുകൾ കേന്ദ്രീകരിച്ചും ആടുകളെ വളർത്തുന്നത് നിരവധിപ്പേരാണ്. രോഗം പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ ഇവരെല്ലാം ഭീതിയിലാണ്. പ്രദേശത്ത് രോഗം ബാധിച്ച് നിരവധി ആടുകൾ ചത്തിട്ടുണ്ടാകുമെന്നാണ് സൂചന.രോഗം പടരുന്നത് മൃഗസംരക്ഷണ വകുപ്പ് അധികൃതർക്ക് ബോധ്യപ്പെട്ടിട്ടും വ്യാപനം തടയുന്നതിന് ഒരു നടപടിയും കൈക്കൊണ്ടിട്ടില്ലെന്ന് ആക്ഷേപമുണ്ട്.

# 'ഓപ്പറേഷൻ സുരക്ഷ' തിരികെ കൊണ്ടുവരണം : ചെന്നിത്തല

**ആലപ്പുഴ:** ഗുണ്ടാലിസ്റ്റ് പരിശോധിച്ച് നടപടിയെടുക്കുന്നതിനായി യു.ഡി.എഫ് കാലത്ത് ആവിഷ്കരിച്ച 'ഓപ്പറേഷൻ സുരക്ഷ' പദ്ധതി തിരികെ കൊണ്ടുവരണമെന്ന് മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു.നിരന്തരമായ ഗുണ്ടാ ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്ബോഴും, മുഖ്യമന്ത്രി മൗനം പാലിക്കുന്നത് കുറ്റസമ്മതത്തിനു തുല്യമാണ്. ആലപ്പുഴയിലെ ഇരട്ടക്കൊലപാതകത്തിലെ പ്രതികൾ സംസ്ഥാനം വിട്ടുപോയത് പൊലീസിന്റെയും ആഭ്യന്തര വകുപ്പിന്റെയും പരാജയമാണ്. ഇത്രയും നിഷ്ക്രിയമായ പൊലീസ് സംവിധാനം മുമ്ബുണ്ടായിട്ടില്ല. ആഭ്യന്തരമന്ത്രിയെന്ന നിലയിൽ പിണറായി വിജയൻ പരാജയമാണ്. 46 രാഷ്ട്രീയ കൊലപാതകങ്ങളാണ് അദ്ദേഹത്തിന്റെ കാലത്ത് ഉണ്ടായത്. പല പൊലീസ് ഉദ്യോഗസ്ഥരും മയക്കുമരുന്നു ലോബിയെ സഹായിക്കുന്നതായി ആക്ഷേപമുണ്ടെന്നും ചെന്നിത്തല ആലപ്പുഴയിൽ വാർത്താസമ്മേളനത്തിൽ കുറ്റപ്പെടുത്തി. കെ.പി.സി.സി ജനറൽ സെക്രട്ടറിമാരായ എ.എ.ഷുക്കൂർ, എം.ജെ. ജോബ്, കെ.പി,സി.സി രാഷ്ട്രീയകാര്യ സമിതിയംഗം ഷാനിമോൾ ഉസ്മാൻ, ഡി.സി.സി പ്രസിഡന്റ് ബി.ബാബുപ്രസാദ്, നെടുമുടി ഹരികുമാർ, സഞ്ജീവ് ഭട്ട് തുടങ്ങിയവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

KOTAYAM

അറിയിപ്പ്



## ലേലം

കോട്ടയം: കോട്ടയം ജനറൽ ആശുപത്രി കോമ്പൗണ്ടിലുള്ള 37 മരങ്ങളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് ഡിസംബർ 28 ന് ഉച്ചയ്ക്ക് 11.30ന് ആശുപത്രി കോൺഫറൻസ് ഹാളിൽ ലേലം നടത്തും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഡിസംബർ 27 വൈകുന്നേരം മൂന്നിനകം ക്വട്ടേഷൻ ആശുപത്രി സൂപ്രണ്ടിന് നൽകണം

## ടെണ്ടർ ക്ഷണിച്ചു

**കോട്ടയം:** സമ്പുഷ്ട കേരളം പദ്ധതിയുടെ ഭാഗമായി വനിതാ - ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാലാ, മുണ്ടക്കയം പ്രൈവറ്റ് ബസ് സ്റ്റാൻഡുകളിൽ മുലയൂട്ടൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നു. ഇതിനാവശ്യമായ ക്യാബിൻ നിർമിക്കുന്നതിനും അനുബന്ധ സംവിധാനങ്ങൾ സജ്ജമാക്കുന്നതിനും മുദ്രവച്ച ടെണ്ടർ ക്ഷണിച്ചു. ഡിസംബർ 28ന് ഉച്ചകഴിഞ്ഞ് മൂന്നിനകം ജില്ലാതല ഐ.സി.ഡി.എസ് സെൽ, അണ്ണാൻ കുന്ന്, കോട്ടയം 686001 എന്ന വിലാസത്തിൽ ടെണ്ടർ നൽകണം. വിശദവിവരത്തിന് ഫോൺ: 0481-2561677, 8281999022.

## വിള ഇൻഷുറൻസ് പദ്ധതി: 31 നകം രജിസ്റ്റർ ചെയ്യണം

**കോട്ടയം:** പ്രധാനമന്ത്രി വിള ഇൻഷുറൻസ്, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് എന്നീ പദ്ധതികളിൽ ഉൾപ്പെടുന്നതിന് കർഷകർക്ക് രജിസ്റ്റർ ചെയ്യാം. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ നെൽ കൃഷിയും വാഴയും മരച്ചീനിയും കാലാവസ്ഥാ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കൈതച്ചക്ക, കരിമ്പ്, കാരറ്റ്, കാബേജ്, വെളുത്തുള്ളി, ഉരുളക്കിഴങ്ങ്, ബീൻസ്, കശുമാവ്, മാവ്, തക്കാളി, ചെറുധാന്യങ്ങൾ (ചോളം, റാഗി, തിന മുതലായവ), പച്ചക്കറികൾ (പയർ, പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകളുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്.അക്ഷയ/കോമൺ സർവീസ് കേന്ദ്രങ്ങൾ/ അംഗീകൃത മൈക്രോ ഇൻഷുറൻസ് ഏജന്റുമാർ വഴിയും www.pmfby.gov.inഎന്ന പോർട്ടൽ മുഖേന നേരിട്ടും കർഷകർക്ക് പദ്ധതിയിൽ ചേരാം. അവസാന തീയതി ഡിസംബർ 31. അപേക്ഷയോടൊപ്പം നിശ്ചിത പ്രീമിയവും ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക്, നികുതി/പാട്ടച്ചീട്ട് എന്നിവയുടെ പകർപ്പുകളും സമർപ്പിക്കണം. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്തിട്ടുള്ള കർഷകരെ അതത് ബാങ്കുകൾക്ക് ചേർക്കാം. ഇതിനായി പ്രത്യേകം അപേക്ഷ നൽകേണ്ടതില്ല. വിശദവിവരം കൃഷിഭവനുകളിലും 1800-425-7062 എന്ന ടോൾ ഫ്രീ നമ്പരിലും ലഭിക്കും.

## ഗതാഗത നിയന്ത്രണം

റീ ബിൽഡ് കേരള പദ്ധതിയിൽ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ അതിരമ്പുഴ - കൈപ്പുഴ റോഡിൽ ഇന്ന് (നവംബർ 20) മുതൽ അടുത്ത വർഷം ഫെബ്രുവരി 18 വരെ വാഹന ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തിയതായി കെ.എസ്.ടി.പി 1 എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. വൈക്കം - പ്രാവട്ടം - കോട്ടയം റൂട്ടിൽ വരുന്ന ബസുകളും വലിയ വാഹനങ്ങളും പനമ്പാലം വഴി കോട്ടയം , മെഡിക്കൽ കോളേജ് ഭാഗങ്ങളിലേക്ക് പോകണം

## സൊസൈറ്റികളുടെ റിട്ടേൺ ഫയൽ കുടിശിക; ഒറ്റത്തവണ തീർപ്പാക്കൽ

**കോട്ടയം:** രജിസ്ട്രേഷൻ വകുപ്പിൽ 1955ലെ ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റികളുടെ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കുടിശികയുള്ളവർക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നു. ഒരു വർഷത്തേക്ക് 500 രൂപ നിരക്കിൽ പിഴയൊടുക്കി ബന്ധപ്പെട്ട രേഖകൾ ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ നൽകി 2022 മാർച്ച് 31 നകം സൊസൈറ്റിയുടെ റിട്ടേൺ ഫയൽ ചെയ്യാം. അവസാന ദിവസത്തെ തിരക്ക് ഒഴിവാക്കുന്നതിനായി സൊസൈറ്റികൾ അവസരം പ്രയോജനപ്പെടുത്തണമെന്ന് കോട്ടയം ജില്ലാ രജിസ്ട്രാർ ജനറൽ അറിയിച്ചു. ഫോൺ: 04812563822.



# റെയിൽവേ പ്രഖ്യാപനം ; പാത ഇരട്ടിപ്പിക്കൽ പൂർത്തിയാകാൻ ഇനിയും കാത്തിരിക്കണം

**കോട്ടയം:** ഏറ്റുമാനൂർ-ചിങ്ങവനം പാത ഇരട്ടിപ്പിക്കൽ ജോലികൾ നീളും. അടുത്ത ഫെബ്രുവരി 28നു മുമ്പ് പൂർത്തിയാക്കുമെന്നാണ് ഇപ്പോൾ റെയിൽവേ വ്യക്തമാക്കുന്നത്. ഈ മാസം 31നു മുമ്പ് പണി പൂർത്തിയാക്കുമെന്നായിരുന്നു നേരത്തെ നടത്തിയ പ്രഖ്യാപനം. കനത്ത മഴ ജോലികളെ പ്രതികൂലമായി ബാധിച്ചതായി റെയിൽവേ അധികൃതർ പറഞ്ഞു. പുതുവർഷ സമ്മാനമായി രണ്ടാംപാത കമ്മീഷൻ ചെയ്യുമെന്നും റെയിൽവേ ഉറപ്പ് നൽകിയിരുന്നു. കഴിഞ്ഞ മാസം തോമസ് ചാഴികാടൻ എംപിയുടെ അധ്യക്ഷതയിൽ നടന്ന അവലോകനയോഗത്തിലും 31ന് ജോലികൾ പൂർത്തിയാക്കുമെന്നായിരുന്നു റെയിൽവേ ഉദ്യോഗസ്ഥർ അറിയിച്ചിരുന്നത്. കനത്ത മഴ ജോലികളുടെ താളം തെറ്റിച്ചെന്ന് റെയിൽവേ നിർമാണം വിഭാഗം പറയുന്നു. കഴിഞ്ഞ രണ്ടു മാസമായി നിർമാണ ജോലികൾ ഇഴഞ്ഞു നീങ്ങുകയാണ്. മിക്ക ദിവസങ്ങളിലും മഴയായിരുന്നതിനാൽ പണി മുടങ്ങുന്ന സ്ഥിതിയുണ്ടായി. മണ്ണ് നീക്കം ചെയ്യുന്ന ജോലികളെയും മഴ ബാധിച്ചു. മെറ്റലും മണ്ണും കൊണ്ടുപോകുന്ന വഴികൾ ചെളി നിറഞ്ഞതോടെ ലോറികൾ താഴുന്ന സ്ഥിതിയായി. പ്രളയത്തെുടർന്ന് ഖനനത്തിന് ജില്ലാ ഭരണകൂടങ്ങൾ വിലക്ക് ഏർപ്പെടുത്തിയതോടെ കരിങ്കലും മെറ്റലും ലഭിക്കാത്ത സ്ഥിതിയുണ്ടായി. മെറ്റൽ ക്ഷാമത്തെതുടർന്ന് പാലങ്ങളുടെ കോൺക്രീറ്റിംഗടക്കം മാറ്റിവയ്ക്കേണ്ടിയും വന്നിരുന്നു. ഇത് പാലങ്ങളുടെ നിർമാണത്തെയും ബാധിച്ചു. ഇത്തരം പ്രതിസന്ധികളാണ് നിശ്ചിത സമയപരിധിയിൽ ജോലികൾ പൂർത്തിയാക്കാൻ കഴിയാത്തതിനു കാരണം. ചെറുതും വലുതുമായ 14 പാലങ്ങളുടെ നിർമാണമാണ് നടന്നുവരുന്നത്. ഏഴ് വലിയ പാലങ്ങളും രണ്ടു മേൽപ്പാലങ്ങളും അഞ്ച് ചെറിയ പാലങ്ങളുമാണുള്ളത്. ഈമാസം പൂർത്തിയാക്കേണ്ടതായിരുന്നു ഇവയെങ്കിലും നിലവിലെ സാഹചര്യത്തിൽ മൂന്നുമാസംകൂടി കാത്തിരിക്കേണ്ടി വരുമെന്നു കരാറുകാർ പറയുന്നു. ഏറ്റുമാനൂർ മുതൽ ചിങ്ങവനം വരെയുള്ള 16.4 കിലോമീറ്ററിലാണു പാത ഇരട്ടിപ്പിക്കൽ ജോലികൾ ഇനി പൂർത്തിയാകാനുള്ളത്. റെയിൽവേ പാതയിരട്ടിപ്പിക്കലിന്റെ ഭാഗമായി കോട്ടയം റെയിൽവേ സ്റ്റേഷനിൽ പുതിയതായി പ്ലാറ്റ്ഫോമുകളും നിർമിക്കുന്നുണ്ട്. ഇവയുടെ ജോലികൾ പൂർണമാകുന്നതോടെ മൊത്തം ആറു പ്ലാറ്റ്ഫോമുകളുണ്ടാകും. ഇതിലൊന്നു പാസഞ്ചർ ട്രെയിനുകൾക്കു മാത്രമായിട്ടായിരിക്കും. റെയിൽവേ സ്റ്റേഷന്റെ പകുതിഭാഗം മുതൽ നാഗന്പടം പ്രൈവറ്റ് ബസ് സ്റ്റാൻഡ് വരെയാകും ഈ പ്ലാറ്റ്ഫോം വരുക. 18 ബോഗികളുള്ള ട്രെയിൻ നിർത്താൻ കഴിയുംവിധമാണ് ഈ പ്ലാറ്റ് ഫോം നിർമിക്കുക. നിലവിലുള്ള ഒന്നാമത്തെ പ്ലാറ്റ്ഫോം നാഗന്പടം സ്വകാര്യ ബസ് സ്റ്റാൻഡിന്റെ പിൻവശംവരെ നീട്ടാനും തീരുമാനമുണ്ട്. ഗുഡ്സ് ട്രെയിനുകൾക്കായും പ്രത്യേക പ്ലാറ്റ്ഫോമുണ്ടാകും. റെയിൽവേ സ്റ്റേഷനിൽ പുതിയ കവാടം നിർമാണത്തിന്റെ ജോലികളും പുരോഗമിക്കുകയാണ്. നിർമാണം ഒറ്റനോട്ടത്തിൽ ഏറ്റുമാനൂർ-ചിങ്ങവനം റെയിൽവേ സ്റ്റേഷനുകൾക്ക് ഇടയിൽ 16.5 കിലോമീറ്റർ ദൂരമാണ് ഇരട്ടപ്പാത പൂർത്തിയാകാനുള്ളത്. ഇതു പൂർത്തിയായാൽ മംഗളൂരു-തിരുവനന്തപുരം റൂട്ടിലെ 634 കിലോമീറ്റർ പാത പൂർണമായും വൈദ്യുതീകരിച്ച ഇരട്ടപ്പാതയായി മാറും. കോട്ടയം-ചിങ്ങവനം (8 കിലോമീറ്റർ) കോട്ടയം-ചിങ്ങവനം പാതയിൽ രണ്ടു ടണലുകളുടെയും സമീപത്തുനിന്നു മണ്ണുനീക്കി പുതിയതുസ്ഥാപിക്കണം. റബർ ബോർഡ് ഓഫീസിനു സമീപത്തെ ടണലിൻറെ വശത്ത് 24 മീറ്റർ താഴ്ചയിൽ മണ്ണുനീക്കണം. പ്ലാൻറേഷൻ കോർപറേഷനു സമീപത്തെ ടണലിന്റെ ഭാഗത്ത് 22 മീറ്റർ താഴ്ചയിൽ മണ്ണുനീക്കണം. മുട്ടമ്പലം അടിപ്പാതയുടെ പണികൾ അന്തിമഘട്ടത്തിൽ. സമീപനപാതയ്ക്ക് നാലു സെന്റ് സ്ഥലം കൂടി ഏറ്റെടുക്കണം. കൊടൂരാറിനു കുറുകെയുള്ള പാലം അവസാനഘട്ടത്തിൽ. 610 മീറ്റർ നീളമുള്ള പാലത്തിൽ 25 സ്പാനുകളാണ്. ഇതിൽ 23 സ്പാനുകൾ സ്ഥാപിച്ചു. കുറ്റിക്കാട്, മൂലേടം, പാക്കിൽ, മുട്ടമ്പലം എന്നിവിടങ്ങളിൽ ചെറുപാലങ്ങൾ പൂർത്തിയാകാനുണ്ട്. ഏറ്റുമാനൂർ-കോട്ടയം (8.5 കിലോമീറ്റർ) ഗാന്ധിനഗർ റെയിൽവേ മേൽപ്പാലം ഭാഗത്ത് രണ്ടു കിലോമീറ്ററോളം ദൂരം പാളമിട്ടു. കരിയംപാടം, പനയക്കഴിപ്പ്, നീലിമംഗലം എന്നിവിടങ്ങളിലായി 3 വയഡക്റ്റുകൾ (ചെറുപാലങ്ങൾ) ഈ റീച്ചിൽ തീരാനുണ്ട്. കുമാരനല്ലൂർ ഹാൾട്ട് സ്റ്റേഷൻ നവീകരണം, 434 മീറ്റർ പ്ലാറ്റ്ഫോം അടിസ്ഥാന നിർമാണം എന്നിവ പൂർത്തിയായി. ഗാന്ധിനഗർ, കാരിത്താസ് എന്നിവിടങ്ങളിൽ കലുങ്കുകൾ പൂർത്തിയാക്കാനുണ്ട്. മീനച്ചിലാറിനു കുറുകെ നാഗമ്പടത്തിനു സമീപമുള്ള 110 മീറ്റർ പാലം പൂർത്തിയായി.

## ക്രൈസ്തവർക്കെതിരേയുള്ള ആക്രമണങ്ങൾ വ്യാപകമാകുന്നത് ആശങ്കാജനകം: ലെയ്റ്റി കൗൺസിൽ

**കോട്ടയം:** മത പരിവർത്തന നിരോധന ബില്ലിന്റെ മറവിൽ വിവിധ സംസ്ഥാനങ്ങളിൽ ക്രൈസ്തവ വിശ്വാസികൾക്കും ക്രൈസ്തവ സ്ഥാപനങ്ങൾക്കുമെതിരേ നടക്കുന്ന ആസൂത്രിത അക്രമങ്ങൾ ആശങ്കാജനകമാണെന്നും ഇവയ്ക്ക് അറുതിയുണ്ടാകണമെന്നും കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവ. വി.സി. സെബാസ്റ്റ്യൻ. ക്രൈസ്തവ സ്ഥാപനങ്ങൾ മത പരിവർത്തന കേന്ദ്രങ്ങളാണെന്ന ആരോപണം അടിസ്ഥാനമില്ലാത്തതാണ്. സ്വാതന്ത്ര്യ പ്രാപ്തി സമയത്തും ഇപ്പോൾ ഏഴു പതിറ്റാണ്ടുകൾക്കുശേഷവും ഇന്ത്യയിലെ ക്രൈസ്തവ ജനസംഖ്യ 2.3 ശതമാനം ആയി മാറ്റമില്ലാതെ തുടരുകയാണ്. ക്രൈസ്തവ സ്ഥാപനത്തിലൂടെ പഠിച്ചിറങ്ങുന്നവരെയും വിവിധ സേവനങ്ങളിലേർപ്പെടുന്നവരെയും മതപരിവർത്തനം ചെയ്തിരുന്നെങ്കിൽ ഇന്ത്യ ക്രൈസ്തവ രാജ്യമായി നാളുകൾക്കു മുമ്പേ മാറുമായിരുന്നു. ഇതിനോടകം ഇന്ത്യയിലെ ഒൻപത് സംസ്ഥാനങ്ങളിൽ മതപരിവർത്തന നിരോധന നിയമം പല രൂപത്തിൽ പാസാക്കിയിട്ടുണ്ട്. മധ്യപ്രദേശ്, കർണാടക ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ ക്രൈസ്തവർക്കു നേരേ അക്രമിക്കാനുള്ള ആയുധമാക്കി. നിയമ വ്യവസ്ഥകളെയും ഭരണഘടനയെപ്പോലും വെല്ലുവിളിക്കുന്ന രീതിയിൽ ചില തീവ്രവാദ സംഘടനകൾ ഈ നിയമങ്ങൾ ദുരുപയോഗം ചെയ്യുകയാണ്. ക്രൈസ്തവരുടെ അവകാശ സംരക്ഷണത്തിനായി കർണാടക കാത്തലിക് ബിഷപ്സ് കൗൺസിൽ പ്രസിഡന്റ് ആർച്ച് ബിഷപ് റൈറ്റ് റവ. ഡോ. പീറ്റർ മച്ചാഡോയുടെ നേതൃത്വത്തിൽ നടക്കുന്ന എല്ലാ ജനകീയ പോരാട്ടങ്ങൾക്കും കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ ലെയ്റ്റി കൗൺസിലും ഇന്ത്യയിലെ വിവിധ അൽമായ സംഘടനകളും പിന്തുണ നൽകും. അതേ സമയം വർഷങ്ങൾക്കുശേഷം കാശ്മീരിൽ ക്രൈസ്തവ ദേവാലയം തുറന്ന് ബലിയർപ്പണ സൗകര്യമൊരുക്കിയ കേന്ദ്രസർക്കാർ നടപടി സ്വാഗതാർഹമാണെന്നും വി.സി. സെബാസ്റ്റ്യൻ പറഞ്ഞു.

## ബൈക്കുകൾ കൂട്ടിമുട്ടി യുവാവ് മരിച്ചു

**കുമരകം:** ബൈക്കുകൾ കൂട്ടിമുട്ടിയുണ്ടായ അപകടത്തിൽ യുവാവ് മരിക്കുകയും രണ്ടു പേർക്കു ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ശനിയാഴ്ച രാത്രി കുമരകം ബാങ്കു പടിക്കു സമീപമാണ് അപകടമുണ്ടായത്. ചെപ്പന്നുക്കരി ഭാഗത്ത് പുത്തൻപറന്പിൽ സെബാസ്റ്റ്യന്റെ (കുഞ്ഞച്ചൻ) മകൻ ജിൻറോ (30) ആണ് മരിച്ചത്. പരുക്കേറ്റ കോതമംഗലം സ്വദേശി ബിനു (45), സുഹൃത്ത് തണ്ണീർമുക്കം സ്വദേശി രതീഷ് (40) എന്നിവരെ കോട്ടയം മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു. അപകടമുണ്ടായ ഉടൻ മൂന്നു പേരെയും മെഡിക്കൽ കോളജിലേക്ക് കൊണ്ടുപോയെങ്കിലും വഴി മധ്യേ ജിൻറോ മരണപ്പെട്ടു. രാത്രി 11.30ന് റിസോർട്ടിലെ ജോലി കഴിഞ്ഞ് മൂവരും മടങ്ങുന്നതിനിടയിലായിരുന്നു അപകടം. ദുബായിൽ ഷിപ്പിൽ ഉദ്യോഗസ്ഥനായ ജിൻറോ അവധിക്ക് നാട്ടിലെത്തി റിസോർട്ടിൽ മാനേജരായി താത്കാലിക ജോലി ചെയ്തു വരുകയായിരുന്നു. മാതാവ്: ജെസി. സഹോദരിമാർ ജുബി (ഓസ്ട്രേലിയ), ജീനാ (ഐസിഐ സിഐ ബാങ്ക്, കോട്ടയം)

## എട്ടുവയസുകാരനു ദാരുണാന്ത്യം

**പാലാ:** ഉള്ളനാട് ഒഴുകുപാറ ഭാഗത്ത് പഴയ വിറകുപുരയുടെ ഭിത്തി ഇടിഞ്ഞു തലയിൽ വീണ് എട്ട് വയസുകാരന് ദാരുണാന്ത്യം. വേലിക്കകത്ത് ബിൻസിന്റെയും റോസിലിയുടെയും മകൻ പോൾവിൻ ആണു മരിച്ചത്. ശനിയാഴ്ച രാവിലെ 10. 45 നായിരുന്നു അപകടം. വിറകുപുരയോടു ചേർന്ന് പോൾവിനും ജ്യേഷ്ഠ സഹോദരങ്ങളായ അശ്വിനും എഡ്വിനും കളിച്ചു കൊണ്ടിരിക്കെ ശോച്യാവസ്ഥയിലായിരുന്ന ഭിത്തി ഇടിഞ്ഞു വീഴുകയായിരുന്നു. അശ്വിനും എഡ്വിനും ഓടിരക്ഷപ്പെട്ടുവെങ്കിലും പോൾവിൻ ഭിത്തിക്കടിയിലായി. കുട്ടിയുടെ തലയിലേക്കാണ് ഭിത്തി പതിച്ചത്. നിലവിളി കേട്ട് അയൽവാസികൾ ഓടിയെത്തി ഭിത്തിക്കടിയിൽ നിന്ന് കുട്ടിയെ എടുത്ത് പാലായിലെ സ്വകാര്യ ആശുപത്രിയിലും തുടർന്ന് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലേക്കും കൊണ്ടു പോയെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## ഉപയോഗശൂന്യ വാഹനങ്ങളാൽ നിറഞ്ഞ് കളക്ടറേറ്റ് വളപ്പ്




**കോട്ടയം:** ഉപയോഗ ശൂന്യമായ വാഹനങ്ങളാൽ നിറഞ്ഞു കാല ങ്ങളായി കളക്ടറേറ്റ് വളപ്പ്. ഉപേക്ഷിക്കപ്പെട്ട മുപ്പതോളം വാഹനങ്ങളാണു കളക്ടറേറ്റ് വളപ്പിൽ കിടന്നു തുരുമ്പെടുത്ത് നശിക്കുന്നത്. ഇവയിൽ തുറന്നു കിടക്കുന്ന ജീപ്പ് അടക്കമുള്ള വാഹനങ്ങളിൽ മദ്യക്കുപ്പികളും ഗ്ലാസ് ഉൾപ്പെടെയുള്ളവയും കാണാം. ജില്ലാ കളക്ടറും കോട്ടയം ഡിവൈഎസ്പിയുമുൾപ്പെടെയുള്ളവരുടെ മുക്കിനു താഴെ കിടക്കുന്ന വാഹനങ്ങളിലാണു മദ്യക്കുപ്പികളും ഗ്ലാസുകളും വച്ചിരിക്കുന്നത്. വിവിധ സർക്കാർ വകുപ്പുകൾ ഉപേക്ഷിച്ച വാഹനങ്ങളും ടാക്സ് അടയ്ക്കാതെയും മറ്റ് നിയമലംഘനങ്ങളുടെ പേരിൽ മോട്ടോർ വാഹനവകുപ്പ് പിടിച്ചെടുത്തിരിക്കുന്ന വാഹനങ്ങളും ഇവിടെ ഉപേക്ഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഉപേക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ കളക്ടറേറ്റ് വളപ്പിലെ സ്ഥലം ഇല്ലാതാക്കുകയാണ്. ഇതുമൂലം വിവിധ ആവശ്യങ്ങൾക്ക് ഇവിടെ എത്തുന്ന പൊതു ജനങ്ങളുടെ വാഹനങ്ങൾ പാർക്ക് ചെയ്യാൻ മതിയായ സൗകര്യവുമില്ല.അടിയന്തരമായി കളക്ടറേറ്റ് വളപ്പിൽ ഉപേക്ഷിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യണമെന്ന ആവശ്യം ശക്തമായിരിക്കുകയാണ്.

## റോഡിന്റെ ടാറിംഗ് ജോലികൾ ആരംഭിച്ചു

**കടുത്തുരുത്തി:** പുനർനിർമിക്കുന്നതിനായി പൊളിച്ചിട്ട നീർപ്പാറ-തലയോലപ്പറമ്പ് റോഡിന്റെ ടാറിംഗ് ജോലികൾ ആരംഭിച്ചു. ഒരാഴ്ച്ചയ്ക്കകം തന്നെ ടാറിംഗ് പൂർത്തിയാക്കുമെന്ന് പൊതുമരാമത്ത് വിഭാഗം ഉദ്യോഗസ്ഥർ പറഞ്ഞു. പുനർനിർമിക്കാനായി മൂന്നു മാസം മുമ്പാണ് റോഡ് പൊളിച്ചു നിർമാണ ജോലികൾ ആരംഭിച്ചത്. പൂർണമായും റോഡിൽ മെറ്റൽ നിറച്ചു ഇട്ടതിനുശേഷമാണ് നിർമാണ ജോലികൾക്ക് തടസം നേരിട്ടത്. ടാറിംഗ് ജോലികൾ വൈകുന്നതു സംബന്ധിച്ച് ദീപിക വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ടാറിംഗ് വൈകുന്നത് മൂലമുള്ള അപകടങ്ങളിൽപ്പെടുന്ന യാത്രക്കാരുടെ ദുരിതം ഉൾപ്പെടെ വാർത്തയിൽ ചൂണ്ടിക്കാട്ടിയിരുന്നു. ഇതേതുടർന്ന് ഉടൻതന്നെ ടാറിംഗ് ജോലികൾ ആരംഭിക്കാനുള്ള നടപടികൾ അധികൃതർ സ്വീകരിക്കുകയായിരുന്നു. ബിഎംബിസി നിലവാരത്തിൽ പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് വിഭാഗമാണ് റോഡ് നന്നാക്കുന്നത്. തലയോലപ്പറമ്പിലേക്കും തിരിച്ചും സഞ്ചരിക്കുന്നതിനു ബ്രഹ്മമംഗലം, നീർപ്പാറ, തുരുത്തുമ്മ എന്നിവിടങ്ങളിലുള്ളവർ പ്രധാനമായും ആശ്രയിക്കുന്നത് ഈ റോഡിനെയാണ്. 2019-20 ലെ ബജറ്റിലാണ് റോഡ് പുനർനിർമാണത്തിനായി 7.10 കോടി രൂപ വകയിരുത്തിയത്. റോഡിലെ 3.830 കിലോമീറ്റർ വരുന്ന നീർപ്പാറ-തട്ടാവേലി ഭാഗവും 550 മീറ്റർ വരുന്ന പാലാംകടവ് പാലം കഴിഞ്ഞ് മാർക്കറ്റിനുള്ളിലൂടെ തലയോലപ്പറമ്പ് മെയിൻ റോഡിലേക്ക് എത്തുന്ന പ്രദേശവും ഉൾപ്പെടെ 4.385 കലോമീറ്ററാണ് ഇപ്പോൾ ബിഎം ബിസി നിലവാരത്തിൽ ടാറിംഗ് നടത്തുന്നത്.



## പൊട്ടിപ്പൊളിഞ്ഞ് റോഡുകൾ



**കാഞ്ഞിരപ്പള്ളി:** പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾ പൊട്ടിപൊളിഞ്ഞ് ഗതാഗത യോഗ്യമല്ലായിട്ടും തിരിഞ്ഞു നോക്കാതെ അധികൃതർ. പുനരുദ്ധാരണ പ്രവർത്തനങ്ങളില്ലാത്തതിനാൽ ഈ റോഡുകളിലുടെയുള്ള യാത്ര ദുഷ്കരമാവുകയാണ്. പഞ്ചായത്തിനു കീഴിലെ വിവിധ റോഡുകളും പിഡബ്ല്യുഡി റോഡുകളുമാണ് പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നത്. കുണ്ടും കുഴിയും രൂപം കൊണ്ട റോഡിൽ കാൽനടയാത്ര പോലും ദുസ്സഹമായ അവസ്ഥയാണ്. ഗുണമേന്മയില്ലാത്ത ടാറിംഗാണ് റോഡുകൾ വേഗത്തിൽ തകരാൻ കാരണമെന്ന് ആരോപണമുണ്ട്.

## അറിയിപ്പ്



### അപേക്ഷിക്കാം

2019 ലെ രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡിന് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഉപഭോക്തൃ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഉപഭോക്തൃ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുകയും മൂന്ന് വർഷത്തെ പ്രവർത്തന പരിചയവുമുള്ള സംഘടനകൾക്ക് അവാർഡിന് അപേക്ഷിക്കാം. വിശദ വിവരങ്ങൾ ഉപഭോക്തൃ കാര്യ വകുപ്പ്, പൊതു വിതരണ വകുപ്പ്, ഡയറക്ട്രേറ്റ്, ജില്ലാ സപ്ലൈ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാണ്. അപേക്ഷകൾ 2022 ജനുവരി 15 വൈകിട്ട് 5 മണിയ്ക്ക് മുൻപ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം -1 എന്ന വിലാസത്തിൽ ലഭിക്കണം. അപൂർണ്ണമോ വൈകിക്കിട്ടുന്നതോ ആയ അപേക്ഷകൾ നിരുപാധികം നിരസിക്കും.. 2019-ൽ ഓരോ സംഘടനയും നടത്തിയ പ്രവർത്തനങ്ങൾക്ക് പോയിന്റ് നിശ്ചയിച്ചായിരിക്കും അവാർഡ് നിർണയം നടത്തുക.തൻ വർഷം പ്രസിദ്ധീകരിച്ച പുസ്തകം (പുനഃപ്രസിദ്ധീകരണങ്ങൾ പരിഗണിക്കുന്നതല്ല)സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിൽ ഫയൽ ചെയ്ത കേസുകൾ, കമ്മീഷനുകൾക്ക് പുറത്ത് ഒത്തുതീർപ്പാക്കിയ കേസുകൾ, നവമാദ്ധ്യമങ്ങളിലെ ഇടപെടലുകൾ (ഫേസ് ബുക്ക് ഓരോ പേജ്, ടിറ്റർ അക്കൗണ്ട് മുതലായവ), (ലൈക്കുകൾ, ഷെയറുകൾ, പിന്തുടരുന്നവർ തുടങ്ങിയവ പരിഗണിച്ച്), ജില്ല ഉപഭോകൃത തർക്ക പരിഹാര കമ്മീഷനുകളിൽ ഫയൽ ചെയ്ത കേസുകൾ, സെമിനാറുകൾ, പ്രസിദ്ധീകരച്ച മാഗസിനുകൾ, കൺസ്യൂമർ ക്ലബ് പ്രവർത്തനങ്ങൾ, ഉൽപ്പന്ന പരിശോധനകൾ, പ്രസിദ്ധീകരിച്ച ലഘുലേഖകൾ എന്നിവ മാനദണ്ഡമായിരിക്കും.

### എഴുത്തു പരീക്ഷ


പട്ടിക വർഗ്ഗവികസന വകുപ്പിനു കീഴിലുള്ള ഇടുക്കി ഐ.റ്റി.ഡി.പി ഓഫീസിലും അനുബന്ധ സ്ഥാപനങ്ങളിലും ഓഫീസ് മാനേജ്മെന്റ് ട്രെയിനികളെ തിരഞ്ഞെടുക്കുന്നതിനായുള്ള എഴുത്തു പരീക്ഷ ഡിസംബർ 28 ന് രാവിലെ 10 മുതൽ 11.15 വരെ തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് യു.പി സ്കൂളിൽ വച്ച് നടക്കും. ഓഫീസ് മാനേജ്മെന്റ് ട്രെയിനിയായി തെരഞ്ഞെടുക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുളളവർ അന്നേ ദിവസം രാവിലെ 9.30ന് മുമ്പ് ഹാൾ ടിക്കറ്റ് സഹിതം പരീക്ഷാ കേന്ദ്രത്തിൽ എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ- 04862 222399

### ക്വട്ടേഷൻ ക്ഷണിച്ചു

കട്ടപ്പന മണ്ണു സംരക്ഷണ അസി. ഡയറക്ടറുടെ ഔദ്യാഗിക ആവശ്യത്തിനായി 7 സീറ്റ് 4 വീൽ ഡ്രൈവിംഗ് വാഹനം മാസ/ദിവസ വാടക വ്യവസ്ഥയിലേയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ഡിസംബർ 31 ഉച്ചയ്ക്ക് ഒരു മണിക്ക് മുമ്പായി കട്ടപ്പന പാറക്കടവിലുള്ള മണ്ണു സംരക്ഷണ അസി. ഡയറക്ടറുടെ ഓഫീസിൽ എത്തിക്കണം. കൂടുതൽ വിവരങ്ങൾ കട്ടപ്പന മണ്ണു സംരക്ഷണ അസി. ഡയറക്ടറുടെ ഓഫീസിൽ നിന്നും ലഭിക്കും.

### അഡ്മിഷൻ

ഗവൺമെന്റ് ഐടിഐ ഇടുക്കി കഞ്ഞിക്കുഴിയിൽ ഡസ്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ ട്രേഡിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് 30/12/2021 വരെ അപേക്ഷകൾ സ്വീകരിക്കുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ, ഒറിജിനലും പകർപ്പുകളും, ഒറിജിനൽ ടിസി, ആധാർ കാർഡിന്റെ പകർപ്പും, ഫീസും സഹിതം നേരിട്ട് ഹാജരാകേണ്ടതാണ് . കൂടുതൽ വിവരങ്ങൾക്ക് 9539348420, 9895904350,9497338063 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.



# ആഘോഷമാക്കി അവധിദിനം ; സഞ്ചാരികളുടെ ഒഴുക്ക്

**ചെറുതോണി:** ക്രിസ്മസ്, പുതുവത്സര അവധി ആഘോഷിക്കാൻ ഇടുക്കിയിലേക്ക് സഞ്ചാരികളുടെ ഒഴുക്ക്.ഇടുക്കി അണക്കെട്ടും മൂന്നാറും തേക്കടിയുമടക്കം പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കഴിഞ്ഞ ദിവസങ്ങളിൽ വലിയ തിരക്കാണ് അനുഭവപ്പെട്ടത്. തേക്കടിയിൽ ബോട്ട് സവാരിക്കെത്തിയവർക്ക് ടിക്കറ്റ് കിട്ടാതെ നിരാശരായി മടങ്ങേണ്ടിവന്നത് പ്രതിഷേധത്തിനും ഇടയാക്കി.കോവിഡിനെ തുടർന്ന് രണ്ടുവർഷമായി പ്രതിസന്ധിയിലായ തേക്കടി ഉൾപ്പെടുന്ന വിനോദസഞ്ചാര മേഖലക്ക് ഉണർവ് നൽകുന്നതാണ് സഞ്ചാരികളുടെ തിരക്ക്. തേക്കടി തടാകത്തിലെ ബോട്ട് സവാരിക്കൊപ്പം വനം വകുപ്പിന്റെ ഇക്കോ ടൂറിസം പരിപാടികളിലും സഞ്ചാരികൾ പങ്കെടുക്കുന്നുണ്ട്. മലയാളികൾക്ക് പുറമേ തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നുള്ളവരും തേക്കടിയുടെ മഞ്ഞും തണുപ്പും ആസ്വദിക്കാൻ എത്തി.കെ.ടി.ഡി.സി, വനം വകുപ്പുകളുടെ ആറ് ബോട്ടുകളിലായി 500ഓളം സഞ്ചാരികൾക്ക് മാത്രമേ തടാകത്തിൽ ഒരുസമയം സവാരി നടത്താനാകൂ. ഒരു ദിവസം അഞ്ച് തവണത്തെ സവാരിയിൽ 2500 പേർക്ക് അവസരം ലഭിക്കും. 120 പേർക്ക് സഞ്ചരിക്കാവുന്ന കെ.ടി.ഡി.സിയുടെ ജലരാജ ബോട്ട് അറ്റകുറ്റപ്പണിക്കായി 2019 മുതൽ വിശ്രമത്തിലാണ്. ടിക്കറ്റിനായി രാവിലെ മുതൽ കാത്തുനിന്ന സഞ്ചാരികളെ മറികടന്ന് ടിക്കറ്റുകൾ മൊത്തമായി ചിലർക്ക് നൽകുന്നത് പ്രശ്നങ്ങൾക്കിടയാക്കുന്നുണ്ട്. ശനി, ഞായർ ദിവസങ്ങളിൽ ഇങ്ങനെ ടിക്കറ്റ് ലഭിക്കാതായ സഞ്ചാരികളാണ് പ്രതിഷേധം ഉയർത്തിയത്.4068 പേരാണ് ഞായറാഴ്ച ഇടുക്കി അണക്കെട്ട് സന്ദർശിച്ചത്. സന്ദർശകരുടെ ക്യൂ ഒരു കിലോമീറ്ററോളം നീണ്ടു. കോഴിക്കോട്, മലപ്പുറം, തൃശൂർ കൊല്ലം തുടങ്ങി വിദൂര ജില്ലകളിൽനിന്നുള്ളവരായിരുന്നു ഏറെയും. പാർക്കിങ് സൗകര്യം തികയാതെ വന്നതും വനം വകുപ്പിൻെറ ബോട്ടിൽ കയറാൻ പാസ് കിട്ടാതെ വന്നതും സഞ്ചാരികളെ വലച്ചു.ഒരേസമയം 20പേർക്ക് കയറാവുന്ന ഒരു ബോട്ട് മാത്രമാണ് ഉണ്ടായിരുന്നത്. ക്രിസ്മസ് ദിനത്തിൽ 3200 പേരാണ് അണക്കെട്ട് കാണാനെത്തിയത്. ഫെബ്രുവരി 28വരെ അണക്കെട്ടിൽ സന്ദർശകർക്ക് പ്രവേശനമുണ്ട്.

# ഭൂപ്രശ്നപരിഹാരത്തിന് മുൻഗണന വേണം ; ഹൈറേഞ്ച് സംരക്ഷണ സമിതി

**രാജകുമാരി:** ജില്ലയുടെ സുവർണ ജൂബിലി ആഘോഷങ്ങളിൽ പ്രഥമ പരിഗണന നൽകേണ്ടത് ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മുല്ലപ്പെരിയാർ വിഷയത്തിൽ ശാശ്വത പരിഹാരത്തിനും ആയിരിക്കണമെന്നും ഇതിനായി വ്യക്തമായ ആസൂത്രണവും സമയബന്ധിതമായ നിർവഹണവും ഉണ്ടാകണമെന്ന് ഹൈറേഞ്ച് സംരക്ഷണസമിതി ആവശ്യപ്പെട്ടു. ഡിസംബർ 26 മുതൽ ജനുവരി 26വരെ ആസൂത്രണ കാലഘട്ടമായും ജനുവരി 26 മുതൽ 2023 ജനുവരി 26 വരെ നിർവഹണ കാലഘട്ടമായും പ്രഖ്യാപിച്ചത് സ്വാഗതാർഹമാണെങ്കിലും വ്യക്തമായ നടപടികളൊന്നും ഇതുവരെയും ആരംഭിച്ചിട്ടില്ല. പ്രഖ്യാപനങ്ങൾ പ്രഹസനങ്ങൾ ആകാതിരിക്കുവാൻ ജാഗ്രത വേണം. നിർമാണ നിരോധനവുമായി ബന്ധപ്പെട്ടുള്ള പ്രതിസന്ധികൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. മൂന്ന് ചെയിൻ, കല്ലാർകുട്ടി - പൊന്മുടി മേഖലകളിലെ പത്തു ചെയിൻ, ഭൂ രേഖകളിൽ ഏലം കൃഷി സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങൾ, ആരാധനാലയങ്ങളുടെ ഭൂമികൾ എന്നിവയുടെ പട്ടയവിതരണം തുടങ്ങിയവ അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കണം. ഇവയ്ക്കായി പ്രത്യേക നിയമ ഭേദഗതികളും സർക്കാർ ഉത്തരവുകളും ഉണ്ടാകണം. പട്ടയവിതരണം വേഗത്തിൽ ആക്കുന്നതിനു ഭൂപതിവ് ഓഫീസുകളിൽ ആവശ്യത്തിന് ജോലിക്കാരെ നിയമിച്ചു സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കണം. പെരിയാർ തീരത്ത് ഭീതിയിൽ ജീവിക്കുന്ന ലക്ഷക്കണക്കിന് ആളുകളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിന് മുല്ലപ്പെരിയാർ വിഷയത്തിൽ ശാശ്വത പരിഹാരവും സുവർണ ജൂബിലി വർഷത്തിൽ ഉണ്ടാകണം. ആസൂത്രണ വേളയിൽ കർഷക സംഘടനകളുടെ അഭിപ്രായങ്ങൾ കൂടി കേൾക്കുവാൻ തയ്യാറാകണം. വ്യക്തമായ പദ്ധതികളോ അത് നടപ്പിലാക്കാനുള്ള കർമ പരിപാടികളേ ഇല്ലാതെ ഉപരിപ്ലവമായ ആഘോഷത്തിലേക്ക് ആണ് പോകുന്നതെങ്കിൽ അവ ബഹിഷ്കരിക്കുന്നതിനും മലയോര ജനത നിർബന്ധിതരാകുമെന്ന് സമിതി ജനറൽ കൺവീനർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, രക്ഷാധികാരികളായ ആർ. മണിക്കുട്ടൻ, സി.കെ. മോഹനൻ, മൗലവി മുഹമ്മദ് റഫീഖ് കൗസരി എന്നിവർ പ്രഖ്യാപിച്ചു.

# കനാലുകളുടെ അറ്റകുറ്റപ്പണി പുരോഗമിക്കുന്നു



**ഇടവെട്ടി:** മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതി(എംവിഐപി) യുടെ ഭാഗമായുള്ള കനാലിന്റെ അറ്റകുറ്റപണികൾ പുരോഗമിക്കുന്നു. ജനുവരി രണ്ടാംവാരത്തോടെ ഇടത്-വലത് കനാലുകൾ ചേരുന്ന പദ്ധതിയിലൂടെ വെള്ളം തുറന്നു വിടാൻ കഴിയുമെന്നാണ് സൂചന. മഴ നവംബറിലും തുടർന്നതോടെ അറ്റകുറ്റപണികൾ ആരംഭിക്കാൻ ഏറെ വൈകിയിരുന്നു. 2018 മുതൽ മഴ ക്രമം തെറ്റി പെയ്യുന്നതിനാൽ കനാലിന്റെ അറ്റകുറ്റപണികൾ ഇത്തരത്തിൽ വൈകുകയാണ്. നിലവിൽ രണ്ടു കനാലുകളുടെയും പൊട്ടിപൊളിഞ്ഞ ഭാഗങ്ങൾ കോൺക്രീറ്റ് ചെയ്യുന്ന ജോലികളാണ് പുരോഗമിക്കുന്നത്. കനാലിന്റെ താഴ്ഭാഗവും വശങ്ങളിലുള്ള ബണ്ടിന്റെ ഇരു വശങ്ങളുമാണ് ഇപ്പോൾ കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തുന്നത്. തൊണ്ടിക്കുഴയ്ക്കു സമീപം പട്ടയംകവല കനാൽ റോഡിലും ഇതിന്റെ ഭാഗമായി ജോലികൾ നടന്നു വരികയാണ്. ഇരുവശങ്ങളും 150 മീറ്ററോളം വീതിയിലാണ് ഇവിടെ പുതുക്കി നിർമിക്കുന്നത്. വശങ്ങൾ പൊളിഞ്ഞ സ്ഥലത്ത് ആദ്യം മെറ്റിൽ പതിപ്പിച്ച ശേഷം ഇതിന് മുകളിൽ കോൺക്രീറ്റ് ചെയ്ത് ഉറപ്പിക്കുകയാണ്. സമാനമായി മറ്റ് പലയിടത്തും ജോലികൾ നടക്കുന്നുണ്ട്. ഇവിടുത്തെ അറ്റകുറ്റപ്പണികൾ ഒരാഴ്ചയ്ക്കകം തീരുമെന്ന് കോൺട്രാക്ടർ വ്യക്തമാക്കി. എന്നാൽ ഇതിലൂടെ ഉടനെ വെള്ളം തുറന്നു വിടാനാകില്ല. ഡിസംബർ ഒന്നിനാണ് കനാലിന്റെ ശുചീകരണ ജോലികൾ ആരംഭിച്ചത്. ഇത് തീരാനും ഇനി രണ്ടാഴ്ചയോളമെടുക്കും. പലയിടത്തും ശുചീകരണ ജോലികൾ നടത്തിയപ്പോഴാണ് വലിയ തകരാറുകൾ കണ്ടെത്തിയത് . ഇവയുടെ അറ്റകുറ്റപണികളാണ് ഇപ്പോൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നത്. മഴമാറി വെയിൽ എത്തിയതോടെ പലയിടത്തും കുടിവെള്ള ക്ഷാമം നേരിട്ട് തുടങ്ങി. നേരത്തെ ഡിസംബർ പാതിയോടെ തുറന്ന് വെള്ളം ഒഴുക്കിയിരുന്ന കനാലുകൾ 2018 മുതൽ ജനുവരി മാസത്തിലാണ് തുറക്കുന്നത്. മൂന്ന് ജില്ലകളിലായി പതിനായിരക്കണക്കിന് ആളുകളാണ് ഈ കനാലിലെ ജലത്തെ ആശ്രയിച്ച് കഴിയുന്നത്.

# പുതിയ ടാറിംഗ് ; വാഹനങ്ങൾക്ക് വിനയാകുന്നതായി പരാതി

**മുട്ടം:** മുട്ടം -മൂലമറ്റം റോഡിലെ കുഴികൾ നികത്തുന്നതിനായി നടക്കുന്ന ടാറിംഗ് വാഹനങ്ങൾക്ക് വിനയാകുന്നതായി പരാതി. റോഡിൽ പൊളിഞ്ഞ് കിടക്കുന്ന ഭാഗം ചതുരാകൃതിയിലാണ് ടാറിംഗ് നടത്തിയിട്ടുള്ളത്. പഴയ ടാറിംഗ് നിരപ്പിൽ നിന്നും രണ്ടിഞ്ചോളം ഉയരത്തിലാണ് പുതിയ ടാറിംഗ് നടത്തുന്നത്. റോഡിൽ പല കനത്തിൽ ടാറിംഗ് ഉള്ളതിനാൽ ഇരുചക്രവാഹനങ്ങൾക്കാണ് ഏറെ ബുദ്ധിമുട്ട് ഉണ്ടാകുന്നത്. ചിലയിടത്ത് റോഡിന്റെ ഒരു ഭാഗം പുതിയ ടാറിംഗും മറു ഭാഗം പഴയ നിലയിലുമാണുള്ളത്. ഇതു മൂലം ഈ ഭാഗത്ത് വാഹനങ്ങൾ കയറുമ്പോൾ നിയന്ത്രണം നഷ്ടപ്പെടുന്നതായി ഡ്രൈവർമാർ പറയുന്നു. റോഡിലെ ചെറിയ കുഴികൾ നികത്താതെ വലിയ കുഴികൾ മാത്രമാണ് നികത്തുന്നത്. റോഡ് പൂർണമായും റീ ടാറിംഗ് നടത്താതെ ഇടവിട്ട് ഉയർത്തി അറ്റകുറ്റപ്പണി നടത്തിയതാണ് വിനയായതെന്നാണ് ആരോപണം.

# വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന വിദ്യാർഥി മരിച്ചു

**കട്ടപ്പന:** തൃശൂർ കുന്നംകുളത്തിന് സമീപം തൂവാനൂരിൽ ഉണ്ടായ വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന വിദ്യാർഥി മരിച്ചു. കട്ടപ്പന നത്തുകല്ല് തെക്കേൽ ജോസ് - ബിന്ദു ദന്പതികളുടെ മകൻ ജിതിൻ ( 20 ) ആണ് മരിച്ചത്. ഒപ്പമുണ്ടായിരുന്ന കോട്ടയം സ്വദേശിയായ സുഹൃത്ത് ചികിത്സയിലാണ്. വെള്ളിയാഴ്ച രാത്രിയിലായിരുന്നു അപകടം. മംഗലാപുരം കനച്ചൂർ മെഡിക്കൽ കോളജിലെ നഴ്സിംഗ് വിദ്യാർഥികളായ ജിതിനും സുഹൃത്തും ക്രിസ്മസ് അവധിയ്ക്ക് വീട്ടിലേയ്ക്കുള്ള യാത്ര മധ്യേയാണ് അപകടത്തിൽപ്പെട്ടത്. മറ്റൊരു റോഡിൽ നിന്നും പ്രധാന പാതയിലേയ്ക്ക് കയറിയ പിക്കപ്പ് വാനിൽ ഇവർ സഞ്ചരിച്ച ബൈക്ക് ഇടിയ്ക്കുകയായിരുന്നു. തലയ്ക്ക് ഗുരുതരമായി ക്ഷതമേറ്റ ജിതിനെ ഉടൻ തന്നെ തൃശൂരിലുള്ള സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.ശനിയാഴ്ച്ച വൈകുന്നേരം ആറോടെ മരണം സംഭവിച്ചു. മൃതദേഹം പോസ്റ്റ് മോർട്ടത്തിന് ശേഷം ഞായറാഴ്ച്ച രാത്രിയോടെ നത്തുകല്ലിലെ വീട്ടിലെത്തിച്ചു. സംസ്കാരം ഇന്ന് രാവിലെ ഒൻപതിന് ഇരട്ടയാർ സെന്റ് തോമസ് ഫൊറോന പള്ളിയിൽ. ജോയൽ ജോസ്, ജിത്തു ജോസ് എന്നിവരാണ് ജിതിന്റെ സഹോദരങ്ങൾ.

# വോളിബോൾ ചാമ്പ്യൻഷിപ്പിന് തുടക്കമായി

**തൊടുപുഴ:** ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തുന്ന ജില്ലാ വോളിബോൾ ചാന്പ്യൻഷിപ്പിന് തുടക്കമായി. തൊടുപുഴ പട്ടയംകവലയിൽ മുനിസിപ്പൽ ചെയർമാൻ സനീഷ് ജോർജ് മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കെ.എൽ.ജോസഫ് അധ്യക്ഷത വഹിച്ചു. കൗൺസിലർ സിജി റഷീദ്, സംഘാടക സമിതി ജനറൽ കൺവീനർ സാബു ജോസഫ് , എം.എച്ച്. ഇസ്മയിൽ, കെ.കെ.ആർ. റഷീദ് എന്നിവർ പ്രസംഗിച്ചു. സീനിയർ വിഭാഗത്തിലെ ലോറേഞ്ച് തല മത്സരങ്ങളാണ് പട്ടയംകവലയിൽ നടക്കുന്നത്. സീനിയർ വിഭാഗത്തിലെ ഹൈറേഞ്ച് തല മത്സരങ്ങൾ ജനുവരി ആറ്, ഏഴ് തീയതികളിൽ വാഴത്തോപ്പിൽ നടക്കും. കാഞ്ഞാറിലെ വിജിലന്റ് ക്ലബ് സ്റ്റേഡിയത്തിൽ 28, 29 തീയതികളിൽ മിനി, സബ് ജൂണിയർ, ജൂണിയർ വിഭാഗം മത്സരങ്ങളും 30ന് യൂത്ത് വിഭാഗം മത്സരങ്ങളും അരങ്ങേറും. എട്ട്, ഒന്പത് തീയതികളിൽ കാഞ്ഞാറിൽ ഇന്റർസോൺ മത്സരം നടത്തും.ജില്ലയിൽ മൂന്ന് വേദികളിലായാണ് പുരുഷ, വനിതാ വിഭാഗത്തിൽ മത്സരങ്ങൾ നടക്കുക. മിനി, സബ് ജൂണിയർ, ജൂണിയർ, യൂത്ത്, സീനിയേഴ്സ് എന്നീ വിഭാഗങ്ങളിലാണ് മത്സരം. ജില്ലയിലെ വിവിധ ക്ലബുകൾ, സംഘടനകൾ, സ്കൂൾ, കോളജ്, ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ടീമുകളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. ഈ മത്സരങ്ങളിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ മികച്ച കളിക്കാരെ സംസ്ഥാനതല മത്സരത്തിലേക്ക് തെരഞ്ഞെടുക്കും.

ERNAKULAM

## അറിയിപ്പ്

### അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്മെന്റിന്റെ (ഐ.എച്ച്.ആർ.ഡി) ആഭിമുഖ്യത്തിൽ ജനുവരി മാസത്തിൽ ആരംഭിക്കുന്ന വിവിധ കോഴ്സുകളിൽ പ്രവേശനത്തിനായി വിവിധ കേന്ദ്രങ്ങളിൽ അപേക്ഷ ക്ഷണിച്ചു.പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പിജിഡിസിഎ) (രണ്ട് സെമസ്റ്റർ) യോഗ്യത ഡിഗ്രി പാസ്. ഡാറ്റാ എൻട്രി ടെക്നിക്സ് ആന്റ് ഓഫീസ് ഓട്ടോമേഷൻ (ഡിഡിറ്റിഒഎ) (രണ്ട് സെമസ്റ്റർ) യോഗ്യത എസ്.എസ്.എൽ.സി. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡിസിഎ) (ഒരു സെമസ്റ്റർ)യോഗ്യത പ്ലസ് ടു. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സിസിഎൽഐഎസ്) (ഒരു സെമസ്റ്റർ) യോഗ്യത പ്ലസ് ടു. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് ആന്റ് സെക്യൂരിറ്റി(പിജിഡിസിഎഫ്) (ഒരു സെമസ്റ്റർ) യോഗ്യത എം.ടെക്/ബി.ടെക്/എംസിഎ/ബി.എസ്.സി/എം.എസ്.സി/ബിസിഎ. അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് (എഡിബിഎംഇ) (ഒരു സെമസ്റ്റർ) യോഗ്യത ഇലക്ട്രോണിക്സ്/അനുബന്ധ വിഷയങ്ങളിൽ ഡിഗ്രി/ത്രിവത്സര ഡിപ്ലോമ പാസ്. ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ് (ഡിഎൽഎസ്എം) (ഒരു സെമസ്റ്റർ) ഡിഗ്രി/ത്രിവത്സര ഡിപ്ലോമ പാസ്. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ എംബെഡഡ് സിസ്റ്റം ഡിസൈൻ (പിജിഡിഇഡി) (ഒരു സെമസ്റ്റർ) എം.ടെക്/ബി.ടെക്/എം.എസ്.സി. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്പ്യൂട്ടർ നെറ്റ് വർക്ക് അഡ്മിനിസ്ട്രേഷൻ (സിസിഎൻഎ) CO&PA പാസ്/കമ്പ്യൂട്ടർ/ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ വിഷയത്തിൽ ബി.ടെക്/ത്രിവത്സര ഡിപ്ലോമ പാസായവർ/കോഴ്സ് പൂർത്തിയാക്കിയവർ. അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 31.ഈ കോഴ്സുകളിൽ പഠിക്കുന്ന എസ്.സി/എസ്.റ്റി മറ്റ് പിന്നാക്ക വിദ്യാർഥികൾക്ക് നിയമവിധേയമായി പട്ടികജാതി വികസന വകുപ്പിൽ നിന്ന് വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും. അപേക്ഷാഫാറവും വിശദവിവരവും ഐ.എച്ച്.ആർ.ഡി വെബ്സൈറ്റായ www.ihrd.ac.in നിന്നും ഡൗൺലോഡ് ചെയ്യാം. പൂരിപ്പിച്ച അപേക്ഷാഫാറങ്ങൾ രജിസ്ട്രേഷൻ ഫീസായ 150 രൂപ (എസ്.സി/എസ്.റ്റി 100 രൂപ) ഡി.ഡി സഹിതം ഡിസംബർ 31 ന് വൈകിട്ട് നാലിനു മുമ്പായി അതത് സ്ഥാപന മേധാവിക്ക് സമർപ്പിക്കണം

### നിയമനം

കൊച്ചി: എറണാകുളം ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ധന്വന്തരി സർവീസ് സൊസൈറ്റിയുടെ മെഡിക്കൽ സ്റ്റോറിലേക്ക് ഫാർമസിസ്റ്റ് തസ്തികയിൽ താത്കാലിക നിയമനം നടത്തുന്നതിന് പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. യോഗ്യത ഡിഫാം. മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം പ്രായം 20-40. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഡിസംബർ 30-ന് രാവിലെ 11-ന് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം വാക് ഇൻ ഇന്റർവ്യൂവിന് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

### അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡിയുടെ റീജിനൽ സെന്റർ, ഇടപ്പള്ളിയിൽ ആരംഭിക്കുന്ന കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ളിക്കേഷൻസ് (പി.ജി.ഡി.സി.എ) യോഗ്യത ഡിഗ്രി പാസ്സ് (ഒരു വർഷം). ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ളിക്കേഷൻസ് (ഡി.സി.എ) യോഗ്യത പ്ലസ് ടു പാസ്സ് (ആറ് മാസം) ഡാറ്റ എൻട്രി ടെക്നിക്സ് ആന്റ് ഓഫീസ് ഓട്ടോമേഷൻ (ഡി.ഡി.റ്റി.ഒ.എ.) യോഗ്യത എസ്.എസ്.എൽ.സി പാസ്സ് (ഒരു വർഷം). ഡിപ്ലോമ ഇൻ കംപ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിങ്ങ് (ഡി.സി.എഫ്.എ) യോഗ്യത പ്ലസ് ടു പാസ്സ് (ആറ് മാസം).എസ്.സി / എസ്.റ്റി / ഒ.ഇ.സി കുട്ടികൾക്ക് നിയമാനുസൃതമായ ഫീസ് ആനുകൂല്യം ലഭിക്കുന്നതാണ്. താൽപര്യമുള്ള അപേക്ഷകർ ഐ.എച്ച്.ആർ.ഡിയുടെ റീജിനൽ സെന്റർ, ഇടപ്പള്ളിയിൽ ഡിസംബർ 31 നുമുമ്പായി അപേക്ഷ സമർപ്പിക്കുക. (ഫോൺ 0484 2337838).



# ഭൂതത്താൻകെട്ടിൽ ബോട്ടിങ് പുനരാരംഭിച്ചു

**കോതമംഗലം:** ഭൂതത്താൻകെട്ടിൽ വിനോദസഞ്ചാരികളുടെ മുഖ്യ ആകർഷണമായ ബോട്ടിങ് പുനരാരംഭിച്ചു. ഷട്ടറുകൾ അടച്ച് അണക്കെട്ടിൽ ജലനിരപ്പ് ഉയർന്നതോടെയാണ് ആറു മാസത്തെ ഇടവേളയ്ക്കുശേഷം വീണ്ടും ബോട്ടുസവാരി തുടങ്ങിയത്. കോവിഡ് കാരണം രണ്ട് സീസണുകൾ നഷ്ടമായിരുന്നു. ഇത്തവണ സഞ്ചാരികൾ കൂടുതൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. തട്ടേക്കാട്, കുട്ടമ്പുഴ, ഇഞ്ചത്തൊട്ടി, നേര്യമംഗലം വരെയാണ് ബോട്ടുസവാരി.

## തിരക്കിലും സുഗമദർശനം ഒരുക്കി തിരുവൈരാണിക്കുളം

**കാലടി :** ക്രിസ്മസ് അവധിദിനങ്ങളിൽ തിരുവൈരാണിക്കുളം ക്ഷേത്രത്തിലെ നടതുറപ്പുമഹോത്സവത്തിന് വൻ തിരക്ക്. ക്ഷേത്രട്രസ്റ്റും വിവിധ സർക്കാർ വകുപ്പുകളും ഏർപ്പെടുത്തിയ സൗകര്യങ്ങൾ സുഗമമായ ദർശനത്തിന് വഴിയൊരുക്കി. ഏറെനേരം കാത്തുനിൽക്കാതെതന്നെ എല്ലാവർക്കും ദർശനം നടത്താൻ കഴിഞ്ഞു.വെർച്വൽ ക്യൂ, സ്പോട്ട് ബുക്കിങ് സംവിധാനങ്ങളിലൂടെയാണ് ദർശനം അനുവദിക്കുന്നത്. വന്നിറങ്ങുന്നതുമുതൽ ദർശനം കഴിഞ്ഞ് മടങ്ങുംവരെ കൃത്യമായി ആസൂത്രണം ചെയ്താണ് സംഘാടനം. പാർക്കിങ് ഗ്രൗണ്ടുകളിൽത്തന്നെ വെർച്വൽ ക്യൂ വെരിഫിക്കേഷനുകൾ സജ്ജീകരിച്ചിട്ടുള്ളതിനാൽ ആശയക്കുഴപ്പമില്ലാതെ പരിശോധന പൂർത്തിയാക്കാം. ക്ഷേത്രകവാടത്തിനുമുന്നിൽ സജ്ജീകരിച്ചിട്ടുള്ള സ്പോട്ട് ബുക്കിങ് കൗണ്ടറുകളിൽ നേരിട്ടും ബുക്ക് ചെയ്യാം. പൊലീസും സന്നദ്ധസേവകരും സെക്യൂരിറ്റി ജീവനക്കാരും സഹായത്തിനുണ്ട്. കുടിവെള്ളവും ലഘുഭക്ഷണവും ലഭ്യമാക്കിയിട്ടുണ്ട്.പാർക്കിങ് ഗ്രൗണ്ടുകളിലെ കെഎസ്ആർടിസിയുടെ താൽക്കാലിക ബസ് സ്റ്റേഷനിൽനിന്ന് ആറു ബസുകൾ രാവിലെ അഞ്ചുമുതൽ രാത്രിവരെ സർവീസ് നടത്തുന്നു. രാത്രി പത്തിന് നട അടയ്ക്കും. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി വി കുഞ്ഞിക്കൃഷ്ണൻ, പി വി ശ്രീനിജിൻ എംഎൽഎ, എക്സൈസ് കമീഷണർ എസ് അനന്തകൃഷ്ണൻ, കൊച്ചി മെട്രോ എംഡി ലോക്നാഥ് ബെഹ്റ, നടി ശിവദ തുടങ്ങിയ പ്രമുഖർ കഴിഞ്ഞദിവസങ്ങളിൽ ദർശനം നടത്തി.

## ബോർഡുകൾ ഗതാഗത തടസ്സം തീർക്കുന്നു

**കളമശ്ശേരി:** പൊതുമേഖല സ്ഥാപനത്തിലെ പ്ലാൻറ് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് റോഡുകളിൽ സ്ഥാപിച്ചിരുന്ന ബോർഡുകൾ നീക്കം ചെയ്യാത്തത് ഗതാഗത തടസ്സം സൃഷ്ടിക്കുന്നു.ഏലൂരിലെ ടി.സി.സി കമ്പനിയുടെ പുതിയ പ്ലാൻറ് ഉദ്ഘാടനത്തിന് സ്ഥാപിച്ച ബോർഡുകളാണ് ദുരിതമാകുന്നത്.ഒരാഴ്ച മുമ്പായിരുന്നു പ്ലാൻറ് മന്ത്രി പി. രാജീവ് ഉദ്ഘാടനം നിർവഹിച്ചത്. അതിന് ദിവസങ്ങൾക്ക് മുമ്പാണ് ദേശീയ പാതയോരങ്ങളിലടക്കം ബോർഡ് സ്ഥാപിച്ചത്. കഴിഞ്ഞ നാലുദിവസം മുമ്പ് മുന്നിൽ പോയ ബൈക്ക് കാരനെ കണ്ട് ബ്രേക്കിട്ട മുഖ്യമന്ത്രിയുടെ പൈലറ്റ് വാഹനം മറിഞ്ഞ സംഭവം നടന്ന യുടേണിന് സമീപത്ത് സ്ഥാപിച്ച ബോർഡും നീക്കം ചെയ്യതിട്ടില്ല.കൂടാതെ മറ്റ് പല പ്രധാന സ്ഥലങ്ങളിലും ബോർഡ് തടസ്സം സൃഷ്ടിക്കുന്നുണ്ട്. പാതയോരങ്ങളിൽ ഇത്തരത്തിൽ ബോർഡുകൾ സ്ഥാപിക്കുന്നതിൽ ഹൈകോടതി വിലക്കുള്ളതാണ്.ഈ സാഹചര്യത്തിലാണ് സർക്കാർ സ്ഥാപനം തന്നെ നിയമലംഘനം നടത്തുന്നത്. അതേസമയം, ചടങ്ങുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ ബോർഡുകൾ സ്ഥാപിക്കാൻ കമ്പനി സ്വകാര്യ സ്ഥാപനത്തിന് കരാർ നൽകിയതാണെന്നാണ് വിവരം.



## സിയാൽ അക്കാദമിക്ക് അഭിമാനനേട്ടം ; വിമാനത്താവള സുരക്ഷാസേനയിലേക്ക് 13 പേർകൂടി

**നെടുമ്പാശേരി** അന്താരാഷ്ട്ര വിമാനത്താവളത്തിലെ അഗ്നി രക്ഷാസേനയിലെ (എയർപോർട്ട് റസ്ക്യു ആൻഡ് ഫയർഫോഴ്സ്-എആർഎഫ്എഫ്) പുതിയ അംഗങ്ങളുടെ പാസിങ് ഔട്ട് പരേഡ് നടന്നു. നാലുമാസത്തെ തീവ്രപരിശീലന പദ്ധതി വിജയകരമായി പൂർത്തിയാക്കിയ 13 ജൂനിയർ അസിസ്റ്റന്റ് ട്രെയിനികളാണ് 105 അംഗ സേനയുടെ ഭാഗമായത്.ഇലക്ട്രിക്കൽ എൻജിനിയറിങ് ഡിപ്ലോമ അടിസ്ഥാനയോഗ്യതയുള്ളവരെ വിവിധ പരീക്ഷകൾക്കുശേഷമാണ് സിയാൽ ഈ തസ്തികയിലേക്ക് തെരഞ്ഞെടുക്കുന്നത്. വിമാനത്താവള അഗ്നി രക്ഷാസേനയിൽ പ്രവർത്തിക്കണമെങ്കിൽ അന്താരാഷ്ട്ര വ്യോമയാനസംഘടന (ഇന്റർനാഷണൽ സിവിൽ ഏവിയേഷൻ ഓർഗനൈസേഷൻ, ഐകാവോ) അംഗീകരിച്ച സിലബസിൽ തീവ്രപരിശീലന പരിപാടി പൂർത്തിയാക്കണം. വിമാനത്താവള അതോറിറ്റിയുടെ ഡൽഹി, കൊൽക്കത്ത കേന്ദ്രങ്ങളിൽ നടക്കാറുള്ള പരിശീലനം കോവിഡ് പശ്ചാത്തലത്തിൽ ഇത്തവണ നടന്നില്ല. സിയാലിന്റെ ഏവിയേഷൻ അക്കാദമി പരിശീലന പദ്ധതി ഏറ്റെടുക്കുകയും ഐകാവോ അംഗീകാരം നേടിയെടുക്കുകയും ചെയ്തു. സിയാൽ അക്കാദമി ആദ്യമായാണ് പരിശീലനപദ്ധതി ഏറ്റെടുത്തത്.സിയാൽ ജീവനക്കാർക്കൊപ്പം സംസ്ഥാന അഗ്നി രക്ഷാസേന, കൊച്ചി റിഫൈനറി എന്നിവയിലെ ജീവനക്കാരുടെ സംഘങ്ങളും വിവിധഘട്ടങ്ങളിൽ പരിശീലന പദ്ധതിയിൽ പങ്കെടുത്തു. അഗ്നിരക്ഷമുതൽ മലകയറ്റംവരെ ഉള്ളതിൽ വിദഗ്ധരാണ് പരിശീലനം നൽകിയത്. സിയാൽ അക്കാദമി പരിസരത്ത് നടന്ന പാസിങ് ഔട്ട് പരേഡിൽ മാനേജിങ് ഡയറക്ടർ എസ് സുഹാസ് അഭിവാദ്യം സ്വീകരിച്ചു. പരേഡിനുശേഷം സിയാൽ എആർഎഫ്എഫിന്റെ ഡ്രിൽ നടന്നു.



## കെഎസ്ആർടിസി സർവീസ് പുനരാരംഭിക്കണം

**കരുമാലൂർ:** പറവൂർ-അങ്കമാലി മേഖലയിൽ നിന്നു തടിക്കക്കടവ് വഴി എറണാകുളത്തേക്കു പോയിരുന്ന കെഎസ്ആർടിസി സർവീസ് പുനരാരംഭിക്കമെന്ന് ആവശ്യം. തടിക്കക്കടവ് പാലത്തിൻറെ റോഡുകൾ തകർന്നതോടെയാണ് ഇതുവഴിയുള്ള സർവീസ് നിർത്തിവച്ചത്. എന്നാൽ അപ്രോച്ച് റോഡിൻറെ അറ്റകുറ്റപ്പണി പൂർത്തിയായെങ്കിലും സർവീസ് പുനരാരംഭിക്കാൻ അധികൃതർ തയാറായില്ല. ഇതോടെ വെളിയത്തുനാട്, തടിക്കക്കടവ് മേഖലയിൽ താമസിക്കുന്നവർ ബുദ്ധിമുട്ടിലാണ്.സ്കൂളുകളിലും ജോലി സ്ഥലങ്ങളിലേക്കു പോകുന്നവരും ഉൾപ്പെടെയുള്ളവർക്കു മറ്റു വാഹനങ്ങളെ ആശ്രയിക്കേണ്ട ഗതികേടാണ്. മാളികംപീടിക-തടിക്കക്കടവ് പാലം വഴിയുള്ള സർവീസ് എത്രയും വേഗം പുനനാരംഭിക്കണമെന്നാണ് ആവശ്യം. പല തവണ ആവശ്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും നടപടി സ്വീകരിച്ചില്ലെന്നു വെളിയത്തുനാട്-തടിക്കക്കടവ് പൗരസമിതി പ്രസിഡൻറ് നജീബ് പള്ളത്ത് പറഞ്ഞു.

# ബാർ ഹോട്ടലിൽ അക്രമം: അഞ്ചംഗ ഗുണ്ടസംഘം അറസ്റ്റിൽ

**ചെറായി:** കൊലക്കേസ് പ്രതികൾ ഉൾപ്പെട്ട അഞ്ചംഗ ഗുണ്ടസംഘം ബാർ ഹോട്ടലിൽ അക്രമം നടത്തി. മാനേജറെ കൈയേറ്റം ചെയ്യുകയും ബാറിനകത്ത് മദ്യം അടങ്ങിയ കുപ്പികളും ഗ്ലാസുകളും തകർത്ത് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. സൗജന്യമായി ഭക്ഷണവും മദ്യവും നൽകാതിരുന്നതിനെ തുടർന്നായിരുന്നു അക്രമം.ക്രിസ്മസിനു തലേന്ന് വൈകീട്ട് ചെറായിലെ ഹോളിഡേ ഹോട്ടലിലാണ് സംഭവം. കത്തികാട്ടി ഭീഷണിപ്പെടുത്തിയ ഗുണ്ടകൾ മാനേജറുടെ പക്കൽനിന്ന് ഫോണും പണമടങ്ങിയ പഴ്സും കൈവശപ്പെടുത്തി. മുനമ്പം സി.ഐ എ.എൽ. യേശുദാസ്, എസ്.ഐ കെ.എസ്. ശ്യാംകുമാർ എന്നിവരുടെ നേതൃത്വത്തിൽ പൊലീസെത്തി അഞ്ചുപേരെയും അറസ്റ്റ് ചെയ്തു.ഇവരിൽനിന്ന് മാരകായുധങ്ങളും കഞ്ചാവ് നിറച്ച സിഗരറ്റുകളും പിടിച്ചെടുത്തു. അയ്യമ്പിള്ളി ആലിങ്കൽ മണിയൻ എന്ന വിവേക് (25), നായരമ്പലം കപ്പിത്താൻ പറമ്പിൽ അമ്പാടി (20), എടവനക്കാട് വാച്ചാക്കൽ ജിത്തൂസ്(20), ചെറായി പഴേടത്ത് അർജുൻ (21), ചെറായി തോട്ടുങ്കൽ ആദിത്യൻ (21) എന്നിവരാണ് അറസ്റ്റിലായത്. ഇതിൽ ആദ്യ മൂന്ന് പ്രതികളും ഒരു വർഷം മുമ്പ് പള്ളത്താംകുളങ്ങര ബീച്ചിൽ നടന്ന പ്രണവ് വധക്കേസിലെ പ്രതികളാണെന്ന് പൊലീസ് പറഞ്ഞു. ബാർ ഹോട്ടലിനു 50,000 രൂപയുടെ നഷ്ടം സംഭവിച്ചതായി പൊലീസിനു നൽകിയ പരാതിയിൽ പറയുന്നു.

## അറ്റകുറ്റപ്പണി: ഗോശ്രീ ഒന്നാം പാലത്തിൽ ഗതാഗത ക്രമീകരണം

**കൊച്ചി:** ഗോശ്രീ ഒന്നാം പാലത്തിൽ അടിയന്തര അറ്റകുറ്റപ്പണി നടക്കുന്നതിനാൽ ഇന്നും നാളെയും രാത്രി ഒമ്പത് മുതൽ രാവിലെ ഏഴ് വരെ ഗതാഗതം നിയന്ത്രണം ഏർപ്പെടുത്തുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചു. ഹൈക്കോടതി ഭാഗത്തുനിന്നു വൈപ്പിനിലേക്കും, തിരിച്ചും സഞ്ചരിക്കേണ്ട വാഹനങ്ങൾ ഏബ്രഹാം മാടമാക്കൽ റോഡ്, ചാത്യാത്ത് വടുതല ചിറ്റൂർ പാലം, ഷാപ്പുംപടി കവല, ആസ്റ്റർ മെഡിസിറ്റി, കണ്ടെയ്നർ ടെർമിനൽ റോഡ്, മൂലമ്പിള്ളി, മുളവുകാട്, ബോൾഗാട്ടി ജംഗ്ഷൻ റൂട്ടിലൂടെ പോകണം. ഭാരവാഹനങ്ങൾക്ക് ഇടപ്പള്ളി ജംഗ്ഷനിലെത്തി ദേശീയപാത 66ലൂടെ ചേരാനല്ലൂർ ജംഗ്ഷനിൽനിന്നും ഇടത്തുതിരിഞ്ഞ് കണ്ടെയ്നർ റോഡിലൂടെ ബോൾഗാട്ടി ജംഗ്ഷനിലേക്കും, തിരിച്ചും പോകാവുന്നതാണ്.

THRISSUR

## അറിയിപ്പ്

### ഒഴിവ്

സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി (സി-ഡിറ്റ് നടപ്പിലാക്കി വരുന്ന എഫ്. എം.എസ് എം.വി.ഡി പ്രോജക്ടിലേയ്ക്ക് അസിസ്റ്റന്റ് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിനായി, ഇലക്ട്രോണിക്സിലോ, കമ്പ്യൂട്ടർ ഹാർഡ് വെയറിലോ ഉള്ള മൂന്ന് വർഷത്തെ ഡിപ്ലോമ/ബി.സി.എ/ബി.എസ്.സി (കമ്പ്യൂട്ടർ സയൻസ് ) എന്നീ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ വാക്-ഇൻ-ഇന്റർവ്യൂ കോഴിക്കോട് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിൽ നടത്തുന്നു. താൽപര്യമുള്ളവർ ബയോഡാറ്റ, വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ സഹിതം ഡിസംബർ 21ന് രാവിലെ 10.00 മണി മുതൽ 1.00 മണി വരെ അഭിമുഖത്തിന് നേരിട്ട് ഹാജരാകണം. പ്രതിമാസ വേതനം- ഞ്ഞ. 15,500. കൂടുതൽ വിവരങ്ങൾക്ക് www.cdi-tor; സന്ദർശിക്കുക.

### ദർഘാസ് ക്ഷണിച്ചു

തൃശൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസിലെ ആവശ്യത്തിലേക്കായി ഉപയോഗിക്കുന്നതിന് ടാക്സി പെർമിറ്റ് ഉള്ള വാഹനം കരാറടിസ്ഥാനത്തിൽ എടുക്കുന്നതിന് ദർഘാസ് ക്ഷണിച്ചു. 7 വർഷത്തിൽ കുറവ് പഴക്കമുള്ള 1000 സിസിയിൽ കുറയാത്ത എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനം ഒരു വർഷത്തേക്കാണ് കരാർ എടുക്കുന്നത്. താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവർക്ക് അപേക്ഷിക്കാം. വാഹനത്തിന് 1500 കിലോമീറ്ററിന് പ്രതിമാസം 30,000 രൂപ നിരക്കിലും അധികരിച്ചു വരുന്ന ഓരോ കിലോമീറ്ററുകൾക്ക് അതാത് സമയങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലും പരമാവധി 250 കിലോമീറ്റർ വരെ വാടക നിശ്ചയിക്കും. ആർസി ബുക്ക്, ഇൻഷുറൻസ്, ടാക്സി പെർമിറ്റ്, ടാക്സ് ചലാൻ തുടങ്ങിയ രേഖകൾ ഉൾപ്പെടെ www.etenders.kerala.gov.in എന്ന ഓൺലൈൻ പോർട്ടലിൽ ഡിസംബർ 21 ന് വൈകീട്ട് 5 മണിക്ക് മുൻപായി സമർപ്പിക്കണം. ഡിസംബർ 23ന് ഉച്ചയ്ക്ക് 3 മണിക്ക് ദർഘാസ് തുറക്കും. വിശദവിവരങ്ങൾക്ക് അയ്യന്തോളിലുള്ള ജില്ലാ വനിത ശിശു വികസന ഓഫീസിലോ 0487 2361500 എന്ന നമ്പറിലോ ബന്ധപ്പെടുക.

### വാഹനം ആവശ്യമുണ്ട്

ഹോമിയോപ്പതി തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസിലെ ദൈനംദിന ഉപയോഗത്തിന് കരാർ വ്യവസ്ഥയിൽ വാഹനം ആവശ്യമുണ്ട്. 2022 ജനുവരി 1 മുതൽ മൂന്ന് മാസത്തേക്ക് വാഹനം ലഭ്യമാക്കാൻ തയ്യാറുള്ളവരിൽ നിന്നും മത്സര സ്വഭാവത്തിലുള്ള സീൽ ചെയ്ത ക്വട്ടേഷൻ ക്ഷണിച്ചു. അഞ്ച് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത വാഹനമാണ് ആവശ്യം. ഇന്ധന ക്ഷമതയുള്ള, സെഡാൻ ടൈപ്പ് വാഹനത്തിന് മുൻഗണനയുണ്ട്. വാഹനം എല്ലാ ദിവസവും ഓഫീസ് അധികൃതർ നിർദ്ദേശിക്കുന്ന സ്ഥലത്ത് സൂക്ഷിക്കണം. പരമാവധി 30,000 രൂപയാണ് ക്വട്ടേഷൻ തുക. പിന്നീട് വരുന്ന ഓരോ കിലോമീറ്ററിനും എത്ര തുകയാണെന്ന് ക്വട്ടേഷനിൽ കാണിക്കണം. ക്വട്ടേഷനോടൊപ്പം 1000 രൂപയുടെ എസ്ബിഐ ബാങ്ക് ഡിമാൻഡ് ഡ്രാഫ്റ്റ്, ഇ എം ഡി ആയി നൽകണം. ഫോൺ: 0487 2366643



# ആർഎസ് എസ് കൊലയാളി സംഘത്തിന് ഒളിത്താവളം

## ഒരുക്കിയ മുഴുവൻ കുറ്റവാളികളെയും പിടികൂടണം: എം എം വർഗീസ്

**തൃശൂർ:** കള്ളായിയിൽ ആർഎസ്എസ് കൊലയാളി സംഘത്തിന് ഒളിത്താവളം ഒരുക്കിയ സംഭവത്തിൽ മുഴുവൻ കുറ്റവാളികളെയും പിടികൂടി നിയമനടപടികൾ സ്വീകരിക്കണമെന്ന് സിപിഐ എം ജില്ലാ സെക്രട്ടറി എം എം വർഗീസ് ആവശ്യപ്പെട്ടു. പ്രതികളെ ഒളിപ്പിച്ചതിനുപിന്നിൽ ബിജെപി, ആർഎസ്എസ് സംസ്ഥാന ജില്ലാ നേതാക്കൾക്ക് പങ്കുള്ളതായാണ് പുറത്തുവരുന്നത്. ഇത് ആപൽകരമായ സൂചനയാണ്.ആലപ്പുഴയിൽ എസ്ഡിപിഐ നേതാവിനെ കൊലപ്പെടുത്തിയ സംഘത്തിനാണ് കള്ളായിയിൽ ആർഎസ്എസ് നേതാവ് ഒളിത്താവളം ഒരുക്കിയത്. സംഭവത്തിൽ ആർഎസ്എസ് ജില്ലാ ബൗദ്ധിക് പ്രമുഖ് കള്ളായി കല്ലംകുന്നേൽ കെ ടി സുരേഷ് ( സുധീഷ്- 49), ആർഎസ്എസ് പ്രവർത്തകൻ കള്ളായി മംഗലത്ത് ഉമേഷ് (27) എന്നിവരെയാണ് പൊലീസ് പിടികൂടിയത്. കള്ളായി വനത്തോട് ചേർന്ന് സുരേഷിന്റെ ഭാര്യവീടാണ് ഒളിത്താവളമാക്കിയത്. അക്രമങ്ങൾക്കുശേഷം സംസ്ഥാനത്തെ ആർഎസ്എസ് ക്രിമിനലുകളെ ഇവിടെ എത്തിക്കാറുള്ളതായാണ് സൂചന. സാധാരണ പ്രാദേശിക പ്രവർത്തകർ മാത്രം തീരുമാനിച്ചാൽ ഇത്തരം ഒളിത്താവളങ്ങൾ ഒരുക്കാനാവില്ല. ഉന്നത ആർഎസ്എസ്, ബിജെപി നേതാക്കളുടെ അറിവോടെയും നിർദേശത്തോടെയുമാണ് ഇത് ആസൂത്രണം ചെയ്തിട്ടുള്ളത്. മുമ്പും ഇത്തരം പ്രതികളെ ഒളിപ്പിച്ചതായും സൂചനയുണ്ട്. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണ്. നാട്ടിൽ കലാപം അഴിച്ചുവിട്ട് സമാധാനം തകർക്കാനാണ് വർഗീയശക്തികൾ ശ്രമിക്കുന്നത്. ആർഎസ്എസ്, എസ്ഡിപിഐ സംഘങ്ങൾ ഇതിനായി പ്രത്യേകം ചാവേർപ്പടകളെ രംഗത്തിറക്കിയതായും സംസ്ഥാന പൊലീസ് രഹസ്യാന്വേഷണവിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇത്തരം ക്രിമിനലുകൾക്ക് ഒളിത്താവളം ഒരുക്കുന്നത് അതീവ ഗൂരതരമായ കുറ്റമാണ്. വർഗീയ ശക്തികളുടെ നീക്കത്തിൽ ജനങ്ങളാകെ ജാഗ്രതപാലിക്കണമെന്നും എം എം വർഗീസ് പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

## ബൈക്ക് അഭ്യാസം ചോദ്യം ചെയ്തവരെ തോക്കുചൂണ്ടി ഭീഷണിപ്പെടുത്തി

**കാട്ടകാമ്പാൽ:** ബൈക്ക് അഭ്യാസം നടത്തിയത് ചോദ്യംചെയ്തവർക്കു നേരെ തോക്കുചൂണ്ടി ഭീഷണി. സ്രായിൽക്കടവിൽ ശനിയാഴ്ച വൈകീട്ട് ആറോടെയായിരുന്നു സ്ത്രീകളും കുട്ടികളും നോക്കിനിൽക്കെ കാറിലും ബൈക്കിലുമെത്തിയ ആറംഗസംഘം അക്രമം അഴിച്ചുവിട്ടത്. ക്രിസ്മസായതിനാൽ കടവിൽ സായാഹ്നം കാണാൻ നിരവധിപേരെത്തിയിരുന്നു.ഇതിനിടയിലാണ് ഒരു സംഘം അപകടകരമായ വിധത്തിൽ ബൈക്കിൽ അഭ്യാസപ്രകടനം നടത്തിയത്.അഭ്യാസപ്രകടനം ചോദ്യംചെയ്ത സ്രായിൽ സ്വദേശികളായ ജഗത്, അനൂപ് തുടങ്ങിയവരെ ആക്രമിക്കുകയും എതിർത്തപ്പോൾ തോക്കുചൂണ്ടി ഭയപ്പെടുത്തുകയും ചെയ്തു. തുടർന്ന് ബൈക്കിൽ തോക്കുമായി റോന്തുചുറ്റിയ ശേഷം സംഘം കടന്നുകളഞ്ഞു.മലപ്പുറം ജില്ലയിലെ അയിനിച്ചോട് സ്വദേശികളാണ് ആക്രമണത്തിനു പിന്നിലെന്ന് നാട്ടുകാർ പറഞ്ഞു. കുന്നംകുളം എസ്.ഐ. ടി.സി. അനുരാജിന്റെ നേതൃത്വത്തിൽ പോലീസ് സംഘം സ്ഥലത്തെത്തിയിരുന്നു. മേഖലയിൽ സമാധാനാന്തരീക്ഷം തകർക്കുന്ന രീതിയിൽ ഗുണ്ടാ, ലഹരി മാഫിയകൾ നടത്തുന്ന നീക്കങ്ങൾക്കെതിരേ പരാതി നൽകുമെന്നും പോലീസിന്റെ സേവനം ലഭ്യമാക്കുമെന്നും ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തംഗം ടി.എസ്. മണികണ്ഠൻ അറിയിച്ചു.

## തിരക്കൊഴിയാതെ അതിരപ്പിള്ളി

**അതിരപ്പിള്ളി:** ക്രിസ്മസ് അവധിയോടനുബന്ധിച്ച് അതിരപ്പിള്ളി, വാഴച്ചാൽ, മലക്കപ്പാറ, തുമ്പൂർമുഴി, ഏഴാറ്റുമുഖം വിനോദസഞ്ചാര മേഖലയിൽ സഞ്ചാരികളുടെ വൻ തിരക്ക്. മലക്കപ്പാറയിലേക്കുള്ള ആനമല റോഡിൽ വാഹനങ്ങളുടെ വൻ തിരക്കായിരുന്നു. മേഖലയിലെ ഭൂരിഭാഗം റിസോർട്ടുകളിലും മുറി ബുക്കിങ് കഴിഞ്ഞിരുന്നു. വിനോദസഞ്ചാരികളുടെ ആയിരത്തിലധികം വാഹനങ്ങളും 13 കെ.എസ്.ആർ.ടി.സി. മലക്കപ്പാറ സ്പെഷ്യൽ ബസുകളും മലക്കപ്പാറയിലേക്ക് എത്തിയതോടെ മലക്കപ്പാറ തിരക്കിൽ വീർപ്പുമുട്ടി.ആനമല റോഡിൽ പലയിടത്തും ചെറിയ തോതിൽ ഗതാഗതക്കുരുക്കുണ്ടായി. തുമ്പൂർമുഴി മുതൽ കണ്ണൻകുഴി വരെ ഒട്ടേറെയിടങ്ങളിൽ സഞ്ചാരികൾ കൂട്ടത്തോടെ പുഴയിലിറങ്ങി. വെറ്റിലപ്പാറയിലെ വാട്ടർതീം പാർക്കിലും തിരക്കനുഭവപ്പെട്ടു. പോലീസും വനപാലകരും വനസംരക്ഷണ സമിതി പ്രവർത്തകരും കൂട്ടായി പ്രവർത്തിച്ചതിനാൽ വൻ തിരക്ക് ഉണ്ടായിട്ടും വലിയതോതിൽ ഗതാഗതക്കുരുക്ക് ഉണ്ടായില്ല.

## വില്ലൻവളവിൽ ടാങ്കർലോറി മറിഞ്ഞു

കുതിരാൻ: ഇരുമ്പുപാലം വില്ലൻവളവിൽ ടാങ്കർലോറി മറിഞ്ഞു. നിർമാണം നടക്കുന്ന സർവീസ് റോഡിലൂടെ പാലക്കാട് ഭാഗത്തേക്ക് പോയ ലോറി മണ്ണിൽ താഴ്ന്നതിനെത്തുടർന്ന് ചെരിഞ്ഞ് മറിയുകയായിരുന്നു. ടാങ്കറിന്റെ രണ്ട് അറകളിൽ ഡീസലും ഒരു അറയിൽ പെട്രോളും ഉണ്ടായിരുന്നു. അപകടത്തെത്തുടർന്ന് ചെറിയതോതിൽ പെട്രോൾ ചോർച്ച ഉണ്ടായി. കുതിരാൻ തുരങ്കത്തിലെ ഗതാഗതക്കുരുക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അമ്പലത്തിനു മുന്നിലെ പഴയ റോഡിലൂടെ വാഹനങ്ങളെ പോലീസ് കടത്തിവിട്ടിരുന്നു. ഇങ്ങനെ വന്ന ടാങ്കർ ലോറിയാണ് മറിഞ്ഞത്. അപകടത്തിനുശേഷം അമ്പലത്തിനു മുന്നിലെ റോഡിലും രൂക്ഷമായ ഗതാഗതക്കുരുക്ക് ഉണ്ടായി. വില്ലൻവളവിൽ റിസർവോയറിന് മുകളിൽ നിർമിച്ച പാലത്തിലേക്കുള്ള റോഡ് നിർമാണം ആരംഭിച്ചതുമുതൽ നിരവധി വാഹനങ്ങളാണ് ഇവിടെ മണ്ണിൽ താഴ്ന്നതും അപകടത്തിൽപ്പെട്ടതും. കഴിഞ്ഞയാഴ്ച ഈ റോഡിലൂടെയുള്ള ഗതാഗതം പൂർണമായും തടഞ്ഞിരുന്നു. എങ്കിലും തുരങ്കത്തിൽ ഗതാഗതക്കുരുക്കുണ്ടാകുന്ന അടിയന്തരസാഹചര്യങ്ങളിൽ മറ്റു മാർഗങ്ങൾ ഇല്ലാത്തതിനാലാണ് ഈ റോഡ് തുറന്നുകൊടുക്കുന്നത്.പീച്ചി പോലീസിന്റെയും ഹൈവേ പോലീസിന്റെയും വടക്കഞ്ചേരിയിൽ നിന്നുള്ള അഗ്നിരക്ഷാസേനയുടെയും നേതൃത്വത്തിൽ ഒന്നര മണിക്കൂറിലേറെ പരിശ്രമിച്ചാണ് ലോറി ഉയർത്തിയത്. പെട്രോൾ ചോർച്ച ഉണ്ടായിരുന്നതിനാൽ അതീവശ്രദ്ധയോടെയാണ് ലോറി ഉയർത്തിയത്.

## അങ്കണവാടിയുടെ മതിൽ തകർന്ന് ഏഴു വയസ്സുകാരന് പരിക്ക്

**കൊടുങ്ങല്ലൂർ:** അങ്കണവാടിയുടെ മതിൽ തകർന്നുവീണ് മാനങ്കേരി അഷ്റഫിന്റെ മകൻ മുഹമ്മദ് സയാനാണ് പരിക്കേറ്റത്. എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച കുട്ടിക്ക് കാലിൽ ശസ്ത്രക്രിയ നടത്തേണ്ടിവന്നു. ശനിയാഴ്ച വൈകീട്ട് ആറുമണിയോടെയായിരുന്നു അപകടം.എറിയാട് പഞ്ചായത്ത് ഒന്നാം വാർഡിലെ 21-ാം നമ്പർ അങ്കണവാടിയുടെ ഗേറ്റ് ഘടിപ്പിച്ചിരുന്ന മതിലിന്റെ ഒരു ഭാഗമാണ് വീണത്. അയൽവാസികളായ കുട്ടികൾ ഈ ഗേറ്റിൽ കളിക്കുന്നതിനിടെ ഗേറ്റ് ഘടിപ്പിച്ച വലിയ തൂണ് നിലംപതിക്കുകയായിരുന്നു. സമീപത്ത് കളിച്ചുകൊണ്ടിരുന്ന ഒരുകൂട്ടം ചെറുപ്പക്കാരാണ് വേഗത്തിൽ തൂണിനടിയിൽ നിന്ന് കുട്ടിയെ രക്ഷപ്പെടുത്തി ആശുപത്രിയിൽ എത്തിച്ചത്.പതിനഞ്ചോളം കുട്ടികൾ പഠിക്കുന്ന അങ്കണവാടിയിൽ ഗേറ്റിന്റെ ശോച്യാവസ്ഥ നാട്ടുകാർ ശ്രദ്ധയിൽപെടുത്തിയിട്ടും അധികൃതർ നടപടി സ്വീകരിച്ചില്ലെന്ന് എറിയാട് ഒന്നാം വാർഡ് കോൺഗ്രസ് കമ്മിറ്റി ആരോപിച്ചു. അധികൃതരുടെ അനാസ്ഥയ്ക്കെതിരേ പ്രതിഷേധവും രേഖപ്പെടുത്തി.



PALAKKAD

**അറിയിപ്പ്**

## അംഗത്വം പുതുക്കാം

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2021 ലെ അംഗത്വം പുതുക്കൽ 2022 ജനുവരി ഒന്നു മുതൽ മാർച്ച് 31 വരെ നടക്കും. തൊഴിലാളികൾ നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിലെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് അംഗീകൃത ട്രേഡ് യൂണിയനുകൾ, അസിസ്റ്റന്റ് ലേബർ ഓഫീസർ, ഗ്രാമപഞ്ചായത്ത് നഗരസഭാ സെക്രട്ടറി എന്നിവരിൽ നിന്നും സാക്ഷ്യപ്പെടുത്തി ആധാർ കാർഡിന്റെ പകർപ്പും അവസാനം അംശാദായം അടച്ച രസീതും സഹിതം ലഭ്യമാക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അപേക്ഷയിൽ നിർബന്ധമായും ഫോൺ നമ്പർ രേഖപ്പെടുത്തണം. ഫോൺ: 0491 2546873.

## ജലവിതരണം ഫെബ്രുവരി ആദ്യവാരം മുതൽ

കാഞ്ഞിരപ്പുഴ കനാലുകളിലൂടെയുള്ള ജലവിതരണം ഫെബ്രുവരി ആദ്യവാരം മുതൽ ആരംഭിക്കാനും പ്രധാന കനാലിന്റെയും ഉപകനാലുകളുടെയും ശുചീകരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാനും കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി ഉപദേശ സമിതി യോഗത്തിൽ തീരുമാനിച്ചു.കനാലുകളിൽ മണ്ണെടുത്ത് ആഴം കൂട്ടുന്നത് ഉൾപ്പെടെയുള്ള എല്ലാതരം പ്രവൃത്തികളും ഇറിഗേഷൻ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടത്തണമെന്ന് ജില്ലാ കലക്ടർ നിർദ്ദേശിച്ചു.കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ഉപദേശക സമിതി യോഗത്തിൽ ജില്ലാ കലക്ടർ മൃൺമയി ജോഷി അധ്യക്ഷയായി. അഡ്വ. ശാന്തകുമാരി എം.എൽ.എ, ഡെപ്യൂട്ടി കലക്ടർ, ഷാഫി, എക്സിക്യൂട്ടീവ് എ9ജിനീയ4 ലെവിൻസ് ബാബു കോട്ടൂർ എന്നിവർ യോഗത്തിൽ സംസാരിച്ചു.

## സർട്ടിഫിക്കറ്റ് പരിശോധന

ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിൽ എൽ.പി സ്കൂൾ ടീച്ചർ (മലയാളം മാധ്യമം, കാറ്റഗറി നമ്പർ: 516/2019) തസ്തികയുടെ തിരഞ്ഞെടുപ്പിനായി ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് അർഹരായവരുടെ മൂന്നാംഘട്ട അഭിമുഖം പി.എസ്.സി ജില്ലാ ഓഫീസിൽ ജനുവരി 5, 6, 7 തീയതികളിൽ നടക്കും. ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് പ്രൊഫൈൽ/ എസ്.എം.എസ് വഴി അറിയിപ്പ് നൽകിയിട്ടുണ്ട്. അഭിമുഖത്തിന് വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, അസൽ പ്രമാണങ്ങളുമായി എത്തണമെന്ന് പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു.

## ക്വട്ടേഷൻ ക്ഷണിച്ചു

പാലക്കാട് പട്ടികവർഗ വികസന ഓഫീസിന്റെ പ്രവർത്തന പരിധിയിൽ വരുന്ന 26 പട്ടികവർഗ കോളനികളിൽ 'വിദ്യാകിരൺ' പദ്ധതിയുടെ ഭാഗമായി ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിന് തൽപരരായ നെറ്റ്‌വർക്ക് സേവന ദാതാക്കളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0491-2505383, 9496070399, 9496070366, 9496070367.

## സൗജന്യ പരീക്ഷ പരിശീലനം

കുഴൽമന്ദം ചന്തപ്പുര ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ പി.എസ്.സി നടത്തുന്ന ബിരുദ യോഗ്യത നേടിയ പരീക്ഷകൾക്ക് സൗജന്യ പരീക്ഷാ പരിശീലനം നൽകുന്നു. പട്ടികജാതി-പട്ടികവർഗ്ഗ, ഒ.ബി.സി വിഭാഗക്കാരായ ഡിഗ്രി പാസായവർക്ക് അപേക്ഷിക്കാം. ഒ.ബി.സി വിഭാഗത്തിൽ വാർഷിക വരുമാനം ഒരു ലക്ഷത്തിൽ കവിയരുത്. താത്പര്യമുള്ളവർ ജാതി, ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, വരുമാന സർട്ടിഫിക്കറ്റ് (ഒ.ബി.സിക്കാർക്ക് മാത്രം) എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, പാസ്പോർട്ട് സൈസ് ഫോട്ടോ, ബിരുദ യോഗ്യത നേടിയ പരീക്ഷകൾക്ക് അപേക്ഷിച്ചതിന്റെ പ്രിന്റ് ഔട്ട് എന്നിവ സഹിതം പൂരിപ്പിച്ച അപേക്ഷകൾ ഡിസംബർ 30 ന് വൈകിട്ട് അഞ്ചിനകം ഓഫീസിൽ നൽകണം. പട്ടികജാതി വിദ്യാർഥികൾക്ക് ദൂരപരിധിക്ക് വിധേയമായി സ്റ്റൈപ്പൻഡ് ലഭിക്കും. വിജ്ഞാപനത്തിന്റെ പകർപ്പും അപേക്ഷയുടെ മാതൃകയും കുഴൽമന്ദം ഗവ. പ്രീ- എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിലും, ജില്ലാ/ ബ്ലോക്ക്/മുനിസിപ്പാലിറ്റി പട്ടികജാതി വികസന ഓഫീസുകളിലും ലഭിക്കും. ഫോൺ 04922 273777.




# ട്രെയിൻതട്ടി ചരിയുന്നത് ഒഴിവാക്കാനുള്ള നടപടിക്ക് തുടക്കമായി

**പാലക്കാട്:** ട്രെയിനിടിച്ച് കാട്ടാനകൾ ചരിയുന്നത് ഒഴിവാക്കാൻ റെയിൽവേയും വനവകുപ്പുമായി ചേർന്നുള്ള നടപടിക്ക് തുടക്കമായി.ഇതിന്റെ ഭാഗമായി ആനകൾക്ക് കടക്കാൻ രണ്ട് അടിപ്പാതകൾ, ലെവൽ ക്രോസിംഗുകൾ, റെയിൽവേ ട്രാക്കുകളിലേക്ക് എളുപ്പത്തിൽ പ്രവേശിപ്പിക്കുന്നതിനുള്ള എമർജസി റോഡ് എന്നിവ നിർമ്മിക്കും. പാലക്കാട്- കോയമ്പത്തൂർ റെയിൽവേ ട്രാക്കിൽ കാട്ടാനകൾ ട്രെയിനിടിച്ച് ചരിയുന്നത് ഒഴിവാക്കാനാണ് നടപടിയെന്ന് വനംവകുപ്പ് അധികൃതർ അറിയിച്ചു.കേന്ദ്ര പരിസ്ഥിതി, വനം മന്ത്രാലയം കാട്ടാനകളെ സംരക്ഷിക്കുന്നതിനായി കേരളത്തിലെയും തമിഴ്നാട്ടിലെയും ഉന്നത വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് 16 നിർദേശങ്ങൾ കഴിഞ്ഞ ദിവസം കൈമാറിയിരുന്നു. ഇതിനെ തുടർന്നാണ് റെയിൽവേയും വനവകുപ്പും സംയുക്തമായ നടപടിക്ക് തുടക്കമിട്ടത്. 2002നും 2021നും ഇടയിൽ ഏറ്റവും കൂടുതൽ അപകടങ്ങൾ സംഭവിച്ചത് ബി ലൈനിലാണ്. രാത്രിയിൽ സർവീസ് നടത്തുന്ന കുറച്ച് പാസഞ്ചർ ട്രെയിനുകൾ ബി ലൈനിൽ നിന്ന് എ ലൈനിലേക്ക് മാറ്റാനുള്ള നിർദ്ദേശം റെയിൽവേ പരിഗണിക്കുന്നുണ്ട്.നവംബർ 26ന് തമിഴ്നാട്ടിലെ നവക്കരക്കടുത്ത് ട്രെയിനിടിച്ച് മൂന്ന് കാട്ടാനകളാണ് ചരിഞ്ഞത്. എട്ടിമടക്കും വാളയാർ സ്റ്റേഷനുകൾക്കും ഇടയിൽ ബി ലൈനിൽ രണ്ട് അടിപ്പാതകൾ നിർമ്മിക്കാനുള്ള നിർദ്ദേശം 11 വർഷം മുമ്പാണ് ഉയർന്നത്. തമിഴ്നാട് വനംവകുപ്പാണ് പദ്ധതിക്ക് പണം നൽകേണ്ടിയിരുന്നതെങ്കിലും പ്രതീക്ഷിച്ച രീതിയിൽ ഫണ്ട് ലഭിക്കാത്തതിനാൽ റെയിൽവേ ചെലവ് വഹിക്കണമെന്ന് സമിതി നിർദേശിച്ചതിനെ തുടർന്ന് നിർമ്മാണം സ്തംഭിക്കുകയായിരുന്നു.

# കാഞ്ഞിരപ്പുഴ ഡാമിൽ മിനി ഹൈഡ്രോ പവർ പ്ലാന്റിനു സാധ്യതാപഠനം നടത്തും ; മന്ത്രി

**കാഞ്ഞിരപ്പുഴ:** കാഞ്ഞിരപ്പുഴ ഡാമിൽ മിനി ഹൈഡ്രോ പവർ പ്ലാന്റിനും സോളാർ പവർ പ്ലാന്റിനും സാധ്യത പഠനം നടത്തുമെന്ന് വൈദ്യുതമന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു. ആറുമാസമെങ്കിലും ജലലഭ്യത ഉറപ്പുവരുത്താനായാൽ മിനി ഹൈഡ്രോ പവർ പ്ലാന്റ് ആരംഭിക്കാനാകും. കാഞ്ഞിരപ്പുഴ ഡാമിൽ ഇതു നടപ്പിലാക്കാൻ ആവുമോ എന്ന് വിദഗ്ധർ പഠനം നടത്തണം. വൈകാതെ സാധ്യത പഠനം നടത്തി വിദഗ്ധരുടെ അഭിപ്രായം കാഞ്ഞിരപ്പുഴ ഡാമിൽ പ്ലാന്റ് നടത്താമെന്നാണ് റിപ്പോർട്ടെങ്കിൽ തുടർനടപടിയുമായി മുന്നോട്ട് പോവുമെന്നും മന്ത്രി പറഞ്ഞു.കാഞ്ഞിരപ്പുഴ ഡാമിൽ സോളാർ പവർ പ്ലാന്റ് ആരംഭിക്കുന്നതിനെ കുറിച്ച് കെ. ശാന്തകുമാരി എംഎൽഎ മന്ത്രിയുമായി സംസാരിച്ചു. ഇക്കാര്യവും പഠനം നടത്തി പ്രാവർത്തികമാക്കുന്നതിനെ കുറിച്ച് തുടർ നടപടികളുമായി മുന്നോട്ടു പോവുമെന്ന് മന്ത്രി പറഞ്ഞു. കാഞ്ഞിരപ്പുഴ ഉദ്യാനത്തിൽ ക്രിസ്മസ് പുതുവത്സര ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച വാടികാസ്മിതം പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കെ.ശാന്തകുമാരി എംഎൽഎ അധ്യക്ഷയായി. വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ സതി രാമരാജൻ, നാരായണൻകുട്ടി, കെ.ടി. സുരേഷ്, ഗോകുൽദാസ്, അനിത, ഷീബ, ടി.കെ. അജിത്ത്, വി.എസ്. രാമചന്ദ്രൻ, ലത, ജില്ലാ പഞ്ചായത്ത് അംഗം റെജി ജോസ്, ജോസ് ജോസ്, ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ അനിൽകുമാർ, വി.ആർ. സതീശൻ, ജയപ്രകാശ് പ്രസംഗിച്ചു. തുടർന്ന് വൈകുന്നേരം അഞ്ചു മുതൽ ഏഴുവരെ മണ്ണാർക്കാട് കലാസമിതിയുടെ നാടൻ പാട്ടും ഉണ്ടായിരുന്നു. ഇന്നു വൈകുന്നേരം അഞ്ചിനു കാഞ്ഞിരപ്പുഴ ഉദ്യാനത്തിൽ നടക്കുന്ന കൾച്ചറൽ പ്രോഗ്രാം കെ. ശാന്തകുമാരി എംഎൽഎ ഉദ്ഘാടനം ചെയ്യും.കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സതി രാമരാജൻ അധ്യക്ഷയാവും. ടി.ആർ. അജയൻ മുഖ്യ അതിഥിയായി പങ്കെടുക്കും. ഉദ്ഘാടന ചടങ്ങുകൾക്കുശേഷം വൈകുന്നേരം ഏഴുവരെ മെഹ്ഫിൽ പാലക്കാട് ഒരുക്കുന്ന ഗസൽ സന്ധ്യ അരങ്ങേറും. 28ന് നടക്കുന്ന പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബിനുമോൾ ഉദ്ഘാടനം ചെയ്യും. പ്രഫസർ സി.പി. ചിത്രഭാനു മുഖ്യാതിഥിയാകും. തച്ചമ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഒ. നാരായണൻകുട്ടി അധ്യക്ഷനാവും. തുടർന്ന് പ്രഫഷണൽ ഡിജെ ഒലവക്കോട് ഒരുക്കുന്ന ഡിജെ ഡാൻസ് നടക്കും. 29ന് പരിപാടി കെ. ശാന്തകുമാരി എംഎൽഎയാണ് ഉദ്ഘാടനം ചെയ്യുക. ഗാനരത്നം മണ്ണൂർ രാജകുമാരനുണ്ണി മുഖ്യാതിഥിയാവും. കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സതിരാമരാജൻ അധ്യക്ഷയാകും. തുടർന്ന് അഞ്ച് മുതൽ ഏഴുവരെ മ്യൂസിക് ബീറ്റ്സ് പാലക്കയം അവതരിപ്പിക്കുന്ന കരോക്കെ ഗാനമേള നടക്കും. 30ന് പരിപാടി കെടിഡിസി ചെയർമാൻ പി.കെ. ശശി ഉദ്ഘാടനം ചെയ്യും. നാടൻ പാട്ട് കലാകാരി നഞ്ചിയമ്മ മുഖ്യാതിഥിയാവും. തച്ചമ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നാരായണൻകുട്ടി അധ്യക്ഷനാകും. തുടർന്ന് അഞ്ച് മുതൽ മുതൽ നാട്യമയൂരി നൃത്തകലാ ക്ഷേത്രം മീനാക്ഷിയും സംഘവും അവതരിപ്പിക്കുന്ന ക്ലാസിക്കൽ ഫ്യൂഷൻ നൃത്ത സന്ധ്യ അരങ്ങേറും. സമാപന ദിവസമായ 31ന് മന്ത്രി കെ.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. പാലക്കാട് ജില്ലാ കളക്ടർ മൃൺമയി ജോഷി മുഖ്യാതിഥിയാവും. കെ. ശാന്തകുമാരി എംഎൽഎ അധ്യക്ഷയാവും. തുടർന്ന് വൈകുന്നേരം പ്രണവം ശശിയും സംഘവും അവതരിപ്പിക്കുന്ന നാടൻപാട്ട്.

# യാത്രക്കാർക്കു ഭീഷണിയായി തെരുവുനായകൾ



**വണ്ടിത്താവളം:** തെരുവുനായകളുടെ ശല്യത്തിൽ ദുരിതത്തിലായി വണ്ടിത്താവളം ടൗൺ നിവാസികളും യാത്രക്കാരും. ടൗൺ നാലുമൊക്കു റോഡ്, തങ്കം തിയേറ്റർ ജംഗ്ഷൻ, പള്ളിമൊക്കു റോഡ്, വിളയോടിയിറക്കം, പച്ചക്കറി ചന്ത, എഎസ് ഓഡിറ്റോറിയം എന്നിവിടങ്ങളിലാണ് തെരുവുനായകൾ കൂട്ടമായി തമ്പടിച്ചിരിക്കുന്നത്. ടൗണിലുള്ള ഹയർ സെക്കൻഡറി സ്കൂളിലും നായകൾ പരക്കം പായുന്നത് വിദ്യാർഥികൾക്ക് അപകട ഭീഷണിയായിട്ടുണ്ട്. മുൻപ് സ്കൂളിനകത്തു ഗ്രൗണ്ടിൽ പുല്ലു തിന്നുകയായിരുന്ന രണ്ടു ആടുകളെ നായകൾ കൂട്ടത്തോടെ ആക്രമിച്ച് കൊന്ന സംഭവവും നടന്നിട്ടുണ്ട്. അയ്യപ്പൻകാവ് മുതൽ പള്ളിമൊക്കുവരെയുള്ള ഒന്നര കിലോമീറ്റർ ദൂരത്തിനിടയിൽ തെരുവുനായകൾ കുറുകെ ചാടി വിവിധ അപകടങ്ങളിലായി രണ്ടു മരണങ്ങളും നിരവധി പേർക്ക് പരിക്കും സംഭവിച്ചിട്ടുണ്ട്.പേയിളകിയ നായ ടൗണിലെത്തി രണ്ടു കുട്ടികൾ ഉൾപ്പെടെ പതിനഞ്ച് പേരെ കടിച്ച് മുറിവേൽപ്പിച്ച് പ്രദേശമാകെ ഭീതി പരത്തിയ സംഭവവും ഉണ്ടായിട്ടുണ്ട്. മൂന്നു വർഷം മുൻപാണ് തെരുവുനായകളെ പിടികൂടി വന്ധീകരണം നടത്തി തിരിച്ചു കൊണ്ടുവന്നു വിട്ടത്. ഇതിനു ശേഷം നിയന്ത്രണ പരിപാടികൾ ഒന്നും ഉണ്ടാവാത്താണ് നായകൾ അനിയന്ത്രമായി പെരുകാൻ കാരണമെന്ന് പ്രദേശവാസികൾ പറയുന്നു.

# വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് സഞ്ചാരികൾ ഒഴുകി



**പാലക്കാട്:** ക്രിസ്മസ് അവധി ആഘോഷിക്കാൻ ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് സഞ്ചാരികൾ ഒഴുകി. നെല്ലിയാമ്പതിയും മലമ്പുഴയും അടക്കം പ്രധാന ഇടങ്ങളിലെല്ലാം 24 മുതൽ തിരക്കുണ്ടായി. കോവിഡിനെ തുടർന്ന് കഴിഞ്ഞ രണ്ട് ക്രിസ്മസിനും വിനോദസഞ്ചാരകേന്ദ്രങ്ങൾ അടഞ്ഞുകിടക്കുകയായിരുന്നു. ഇത്തവണ റിസോർട്ടുകളിലും ഹോട്ടലുകളിലും സഞ്ചാരികൾക്ക് മുറി ലഭിക്കാതെ മടങ്ങുന്ന സ്ഥിതിയുണ്ടായി. ഡിസംബറിലെ തണുപ്പും മഞ്ഞുവീഴ്ചയുമാണ് നെല്ലിയാമ്പതിയിലേക്ക് വിനോദസഞ്ചാരികളെ ആകർഷിച്ചത്. നെല്ലിയാമ്പതിയിലെ എല്ലാ റിസോർട്ടുകളും ആഴ്ചകൾക്ക് മുമ്പ് ബുക്കിങ് പൂർത്തിയായിരുന്നു. കെഎസ്ആർടിസി പാലക്കാട് നിന്ന് നടത്തുന്ന പ്രത്യേക സർവീസിനുപുറമെ ചാലക്കുടി ഡിപ്പോയിൽനിന്നും ബസ്സുകളെത്തി. ശനിയാഴ്ച മാത്രം 2,000 വാഹനങ്ങൾ നെല്ലിയാമ്പതി ചുരം കയറിയതായി പോത്തുണ്ടിയിലെ വനംവകുപ്പ് ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർ പറഞ്ഞു. സഞ്ചാരികൾ കൂടിയതോടെ പുലയൻപാറയിൽനിന്ന് സീതാർകുണ്ടിലേക്കുള്ള ചായത്തോട്ടത്തിലൂടെയുള്ള റോഡിൽ ഗതാഗതം തടസ്സപ്പെട്ടു. ഇവിടെ സഞ്ചാരികൾ മണിക്കൂറുകളോളം കുടുങ്ങി. കേശവൻ പാറ, കാരപ്പാറ എന്നീകേന്ദ്രങ്ങളിലും വൻ തിരക്കുണ്ടായി. മിന്നാംപാറ ആനമട ഭാഗങ്ങളിലേക്കുള്ള സഫാരി ജീപ്പ് നാലും അഞ്ചും ട്രിപ്പാണ് നടത്തിയത്. മലമ്പുഴ നിറഞ്ഞ് സഞ്ചാരികൾ ക്രിസ്മസ് ദിനത്തിലും ഞായറാഴ്ചയും മലമ്പുഴയിൽ സന്ദർശകത്തിരക്കായിരുന്നു. ശനിയാഴ്ച വിദ്യാർഥികൾ അടക്കം 11,352 പേർ മലമ്പുഴ ഉദ്യാനം സന്ദർശിച്ചു. 9,094 മുതിർന്നവരും 2,258 കുട്ടികളുമെത്തി.സന്ദർശക ഫീസിനത്തിൽ 2,99,365 രൂപ ഡിടിപിസിക്ക് വരുമാനമുണ്ടായി. സ്നേക് പാർക്ക്, റോക്ക് ഗാർഡൻ, റോപ്പ് വേ, ബോട്ടിങ്, അക്വേറിയം എന്നിവിടങ്ങളിലും തിരക്കുണ്ടായി. മലമ്പുഴ ഉദ്യാനം സന്ദർശിച്ച കൂടുതൽ പേരും കവയിലും പരിസരത്തുമെത്തി.സന്ദർശകരുടെ തിരക്ക് കച്ചവടക്കാർക്കും വരുമാനമായി. ശീതളപാനീയ കടകളിലും ഭക്ഷണശാലകളിലും ഫാൻസി കടകളിലും നല്ല വിൽപ്പനയുണ്ടായി. പുതുവത്സരദിവസം വരെ സഞ്ചാരികളുടെ ഒഴുക്ക് തുടരുമെന്ന പ്രതീക്ഷയിലാണ് കച്ചവടക്കാർ. കുട്ടികളുടെ പാർക്ക് അടച്ചതും കളിത്തീവണ്ടി ഓടാത്തതും കുട്ടികളെ നിരാശരാക്കി.

# ഭൂമി സ്വകാര്യ വ്യക്തികൾ കൈയേറിയതായി പരാതി

**വടക്കഞ്ചേരി:** തൃശൂർ നടുവിൽ മഠം ദേവസ്വത്തിന്റെ പുതുക്കോട്ടുള്ള ഭൂമി സ്വകാര്യ വ്യക്തികൾ കൈയേറിയതായി പരാതി. തൃശൂർ നടുവിൽ മഠം ദേവസ്വം മാനേജർ എടമന വാസുദേവൻ നമ്പൂതിരിയാണു ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണന് ഇതു സംബന്ധിച്ചു പരാതി നൽകിയിരിക്കുന്നത്. പുതുക്കോട് സർവജന ഹൈസ്കൂളിന്റെ തെക്കുഭാഗത്തെ ഭൂമി, പുതുക്കോട് അന്നപൂർണേശ്വരി ക്ഷേത്രത്തിലെ നവരാത്രിയാഘോഷത്തിലെ പള്ളിവേട്ട ചടങ്ങിലെ താഴത്തുകുളം, അനുബന്ധ കടവുകൾ, അരയാൽക്കടവ് എന്നിവ ചേർന്ന സ്ഥലമുൾപ്പെടെയുള്ള ഭാഗങ്ങളാണ് കയ്യേറിയിരിക്കുന്നതെന്ന് പറയുന്നു.നവരാത്രി ആഘോഷത്തിലെ ആറാട്ടുത്സവത്തിന് ഉപയോഗിക്കുന്ന തേവാരക്കടവ് സ്ഥിതി ചെയ്യുന്ന ഭാഗവും അതിനു പടിഞ്ഞാറ് ഭാഗം ഏതാനും സ്ഥലങ്ങളും ദേവസ്വത്തിന്റെതാണ്. ഈ സ്ഥലങ്ങളും കയേറിയതായി പരാതിയിൽ പറയുന്നു. ദേവസ്വത്തിന്റ കൈയേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാണു നടുവിൽമഠം ദേവസ്വം മന്ത്രിക്കു പരാതി നൽകിയിരിക്കുന്നത്.

# സമത ഫുഡ് ആൻഡ് ഫ്ലോറ ഫെസ്റ്റ്

**മുണ്ടൂർ:** ക്രിസ്മസ്, പുതുവർഷ, ശീതകാല വില്പനയുടെ ഭാഗമായി ഐആർടിസി സമത സംഘടിപ്പിക്കുന്ന 'സമത ഫുഡ് ആൻഡ് ഫ്ലോറ ഫെസ്റ്റിന്' (ഭക്ഷ്യസസ്യ മേള) തുടക്കമായി. മലമ്പുഴ എംഎൽഎ എ.പ്രഭാകരൻ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. ഐആർടിസി ഡയറക്ടർ പ്രഫ. ഡോ. ജെ. സുന്ദരേശൻ അധ്യക്ഷത വഹിച്ചു.ഇൻഡോർ ഔട്ട് ഡോർ അലങ്കാരച്ചെടികൾ, പച്ചക്കറി വിത്തുകൾ, തൈകൾ, അത്യൽപാദന ശേഷിയുള്ള തെങ്ങിൻ തൈകൾ, ഫലവൃക്ഷത്തൈകൾ എന്നിവയെല്ലാം ലഭ്യമാകുന്ന ഫെസ്റ്റാണ് നടക്കുന്നത്. വൈവിധ്യമുള്ള ഭക്ഷ്യവിഭവങ്ങളും ഫെസ്റ്റിനോടനുബന്ധിച്ച് ഉണ്ടായിരിക്കും. ഉദ്ഘാടനച്ചടങ്ങിൽ പുതുപ്പരിയാരം പഞ്ചായത്ത് പ്രസിഡന്റ് പി.ആർ. ബിന്ദു, മുണ്ടൂർ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പി.നാരായണൻകുട്ടി, പുതുപ്പരിയാരം വാർഡ് മെമ്പർ പി. ഉണ്ണിക്കണ്ണൻ, ഡോ. എ.ടി. ലിജിഷ എന്നിവർ പ്രസംഗിച്ചു.

# സ്വകാര്യ ബസുകൾ സമയത്തെ ചൊല്ലി വീണ്ടും തർക്കം

**ചിറ്റൂർ:** സ്വകാര്യ ബസുകൾ പൂർണ്ണ തോതിൽ സർവീസ് ആരംഭിച്ചു തുടങ്ങിയതോടെ സമയത്തച്ചൊല്ലി വഴിയിൽ തർക്കങ്ങളും ആരംഭിച്ചു. അണിക്കോട് ജംഗ്ഷനിൽ പൊള്ളാച്ചി, ഗോപാലപുരം എന്നിവിടങ്ങളിൽ നിന്നും പാലക്കാട്ടേയ്ക്കു വരുന്ന ബസുകളാണ് തർക്കത്തിലേർപ്പെട്ടത്. കോവിഡ് നിബന്ധനകൾക്ക് വിധേയമായി ദീർഘകാലം നിർത്തിവെച്ച സ്വകാര്യ ബസുകൾ വലിയ സാമ്പത്തിക ചെലവുകൾ നടത്തിയാണ് സർവീസ് പുനരാരംഭിച്ചിരിക്കുന്നത്. ഇതിനിടെ സമയനിഷ്ഠ പാലിക്കാതെ ബസുകൾ ഓടുന്നതുമൂലം ബസ് ഉടമകളാണ് ഏറെ വിഷമത്തിലായിരിക്കുന്നത്. കോവിഡ് കാലത്ത് നിർത്തിവെച്ച് പഞ്ചിംഗ് പുനരാരംഭിക്കണമെന്ന ആവശ്യവും ശക്തമാണ്.



# പുഴയിലെ പായലുകൾ നീക്കം ചെയ്തു

**പാലക്കാട്:** ഗവ. വിക്ടോറിയ കോളജ് വിദ്യാർഥികൾ എൻഎസ്എസ് സപ്തദിന ക്യാമ്പിൻറെ ഭാഗമായി തിരുനെല്ലായ് പുഴയിലെ പായലുകൾ നീക്കംചെയ്തു. നഗരസഭ ചെയർപേഴ്സൺ പ്രിയ അജയൻ ഉദ്ഘാടനം നിർവഹിച്ചു. നഗരസഭ കൗൺസിലർ എ.കൃഷ്ണൻ അധ്യക്ഷത വഹിച്ചു. പ്രോഗ്രാം കോർഡിനേറ്റർ സി.എസ്. സന്ധ്യ, നഗരസഭാംഗം സെലീനാ ബീവി നേതൃത്വം നൽകി. പോസ്റ്റ് ഓഫീസ് പ്രതിഷേധ മാർച്ച്

## അറിയിപ്പ്



### അപേക്ഷ ക്ഷണിച്ചു

നോർക്ക പ്രവാസി സംരംഭകത്വ സഹായ പദ്ധതിയായ നോർക്ക പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (എൻ.ഡി.പി.ആർ.എം) വഴി 30 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് അപേക്ഷിക്കാം. 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി മൂന്നു ലക്ഷം രൂപ) മൂന്നു ശതമാനം പലിശ സബ്സിഡിയും നൽകുന്ന ഈ പദ്ധതി വഴി സാമ്പത്തിക വർഷം ഇതുവരെ 520 പ്രവാസികൾ നാട്ടിൽ വിവിധ സംരംഭങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്. ആകെ 10 കോടി രൂപ ഈ സംരംഭങ്ങൾക്ക് സബ്സിഡി ഇനത്തിൽ അനുവദിച്ചു. രണ്ടു വർഷത്തിലധികം വിദേശത്ത് ജോലി ചെയ്ത ശേഷം മടങ്ങിയെത്തി നാട്ടിൽ സ്ഥിരതാമസമാക്കിയവർക്ക് അപേക്ഷിക്കാം. വായ്പയ്ക്കൊപ്പം സംരംഭകത്വ പിന്തുണയും നോർക്ക റൂട്ട്സ് നൽകുന്നു.സംസ്ഥാനത്തെ 16 ധനകാര്യ സ്ഥാപനങ്ങളുടെ ആറായിരത്തോളം ശാഖകൾ വഴി വായ്പ ലഭിക്കാൻ അവസരമൊരുക്കിയിട്ടുണ്ട്.അപേക്ഷ സമർപ്പിക്കാൻ www.norkaroots.org എന്ന വെബ്സൈറ്റ് സന്ദർശിക്കാം. കുടുതൽ വിവരങ്ങൾക്ക് 1800 425 3939.

### ധനസഹായം

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് 2012 ഏപ്രിൽ ഒന്ന് മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ പ്രസവ ധനസഹായ തുക 2000 രൂപ കൈപറ്റിയവരിൽ അധിക പ്രസവ ധനസഹായ തുകയായ 13000/ രൂപ ഇനിയും ലഭിക്കാത്തവർ ആവശ്യമായ രേഖകൾ ഡിസംബർ 25ന് മുൻപായി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ എത്തിക്കണമെന്ന് എക്സിക്യൂട്ടീവ് ഓഫിസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്- 04832738989

### എസ്റ്റിമേറ്റ് നൽകണം

നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് റൂൾസ് 1985 പ്രകാരം റെക്കഗ്നൈസ്ഡ് മെഡിക്കൽ ഇൻസ്റ്റിറ്റിയൂഷനായി അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളും, ആശുപത്രികളും 2022 ലേക്കുള്ള എസൻഷ്യൽ നാർക്കോട്ടിക് ഡ്രഗ്സിന്റെ ആവശ്യകത സംബന്ധിച്ച എസ്റ്റിമേറ്റ് നവംബർ 30ന് മുമ്പും ഡിസംബർ 31ന് കാലാവധി അവസാനിക്കുന്ന സ്ഥാപനങ്ങൾ നിർദ്ദിഷ്ഠ മാതൃകയിൽ ഡിസംബർ 31 നകവും എസൻഷ്യൽ നാർക്കോട്ടിക് ഡ്രഗ്സിന്റെ വാങ്ങൽ, വിതരണം സംബന്ധിച്ച സ്ഥിതി വിവരകണക്ക് 2022 മാർച്ച് 31 നകവും സംസ്ഥാന ഡ്രഗ്സ് കൺട്രോളർക്ക് സമർപ്പിക്കണമെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അറിയിച്ചു.

### നിയമനം

പുറത്തൂർ മംഗലം ശ്രീ.വാളമാരുതൂർ ദേവസ്വത്തിൽ പാരമ്പര്യേതര ട്രസ്റ്റിമാരുടെ ഒഴിവിലേക്ക് തദ്ദേശവാസികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഡിസംബർ 31 ന് വൈകീട്ട് അഞ്ചിന് മുമ്പായി തിരൂർ മിനി സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കുന്ന മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിൽ ലഭിക്കണം. അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കുമായി മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസുമായോ വകുപ്പിന്റെ മഞ്ചേരി ഡിവിഷൻ ഇൻസ്പെക്ടറുടെ ഓഫീസുമായോ ബന്ധപ്പെടുക.

### ധനസഹായം

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് 2012 ഏപ്രിൽ ഒന്ന് മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ പ്രസവ ധനസഹായ തുക 2000 രൂപ കൈപറ്റിയവരിൽ അധിക പ്രസവ ധനസഹായ തുകയായ 13000/ രൂപ ഇനിയും ലഭിക്കാത്തവർ ആവശ്യമായ രേഖകൾ ഡിസംബർ 27ന് മുൻപായി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ എത്തിക്കണമെന്ന് എക്സിക്യൂട്ടീവ് ഓഫിസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്- 04832738989



കെ എം ബഷീർ സ്മാരക മാധ്യമ അവാർഡ് ദാനം സ്പീക്കർ എം ബി രാജേഷ് ഉദ്ഘാടനംചെയ്യുന്നു

# വികസനത്തിനുള്ള ബദലാണ് കേരളത്തിന്റെ സഹകരണ പ്രസ്ഥാനം: സ്പീക്കർ

**തിരൂർ :**കേരള വികസനത്തിനുള്ള ബദലാണ് കേരളത്തിന്റെ സഹകരണ പ്രസ്ഥാനമെന്ന് സ്പീക്കർ എം ബി രാജേഷ് പറഞ്ഞു. തിരൂർ അർബൻ കോഓപറേറ്റീവ് ബാങ്ക് ഏർപ്പെടുത്തിയ പ്രഥമ കെ എം ബഷീർ സ്മാരക മാധ്യമ അവാർഡ് ദാനചടങ്ങ് ഉദ്ഘാടനംചെയ്യുകയായിരുന്നു സ്പീക്കർ. ഈ ബദലിനെ വരുതിയിലാക്കി ഇല്ലാതാക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. സമൂഹ ലക്ഷ്യത്തോടെ ഇടപെടാൻ പാടില്ലെന്നാണ് കേന്ദ്ര സർക്കാരും റിസർവ് ബാങ്കും പറയുന്നത്. ഇതുവഴി വൻകിട മൂലധനശക്തികൾക്ക് സഹായകരമാകുകയും ഓഹരി വിപണിയിലെ ചൂതാട്ടത്തിനടക്കം സഹകരണ മേഖലയിലെ പണം ഉപയോഗിക്കാൻ നീക്കംനടത്തുന്നു. മാധ്യമ പ്രവർത്തകർ വലിയ വെല്ലുവിളി നേരിടുന്ന കാലമാണിത്. സത്യത്തെ മുറുകെ പിടിക്കുന്നവർക്ക് പ്രോത്സാഹനത്തിനായി മാധ്യമ അവാർഡുകൾ ഉപകരിക്കണമെന്നും എം ബി രാജേഷ് പറഞ്ഞു. കെ എം ബഷീർ സ്മാരക അച്ചടി മാധ്യമ അവാർഡിന് ദീപികയിലെ ജിമ്മി ഫിലിപ്പും ദൃശ്യ മാധ്യമ അവാർഡിന് മീഡിയ വൺ മുൻ സീനിയർ പ്രൊഡ്യൂസർ സുനിൽ ബേബിയും അർഹരായി. പി പി അബ്ദുള്ളക്കുട്ടി സ്മാരക അവാർഡും സ്പീക്കർ വിതരണംചെയ്തു.പുന്നക്കൽ കുട്ടിശങ്കരൻ നായർ സ്മാരക എൻഡോവ്മെന്റ്, വിദ്യാഭ്യാസ ധനസഹായ വിതരണവും നടത്തി. വിദ്യാഭ്യാസ അവാർഡ്, ബ്രാഞ്ച്തല പെർഫോമൻസ് അവാർഡുകൾ എന്നിവയും വിതരണംചെയ്തു. കുറുക്കോളി മൊയ്തീൻ എംഎൽഎ മുഖ്യാതിഥിയായി. തിരൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. യു സൈനുദ്ദീൻ, മലപ്പുറം പ്രസ് ക്ലബ് പ്രസിഡന്റ് ഷംസുദീൻ മുബാറക്ക്, ഇമ്പിച്ചിബാവ സഹകരണ ആശുപത്രി ചെയർമാൻ എ ശിവദാസൻ, വൈസ് ചെയർമാൻ അഡ്വ. ദിനേശ് പൂക്കയിൽ, വി വാസുദേവൻ, അഡ്വ. പി ഹംസക്കുട്ടി, എൻ ജനാർദനൻ, സി എം മൊയ്തീൻകുട്ടി, ലക്ഷ്മണൻ, രാജേഷ്, കൂട്ടായി ബഷീർ, കെ കൃഷ്ണൻ നായർ, കെ ബഷീർ എന്നിവർ സംസാരിച്ചു. ബാങ്ക് ചെയർമാൻ ഇ ജയൻ സ്വാഗതവും കെ പി സുരേഷ് നന്ദിയും പറഞ്ഞു.

## കാളികാവ് ബസാർ ജി.യു.പി ഹൈസ്കൂളാവുന്നു

**കാളികാവ്:** ബസാർ ജി.യു.പി സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ കോടതി അനുകൂല നടപടി സ്വീകരിച്ച സാഹചര്യത്തിൽ പ്രദേശത്ത് സർവകക്ഷി യോഗം ചേർന്നു. രക്ഷാകർതൃ സമിതിയുടെ ഹരജിയിൽ ഹൈസ്കൂളാക്കി ഉയർത്തണമെന്ന ആവശ്യം ഹൈകോടതി അംഗീകരിച്ചതായി പി.ടി.എ ഭാരവാഹികൾ അറിയിച്ചു. രണ്ടുമാസത്തിനുള്ളിൽ സർക്കാറിനോട് ഉചിതമായ നടപടിയെടുക്കാനും ഹൈകോടതി നിർദേശിച്ചിട്ടുണ്ട്. രക്ഷാകർതൃസമിതിക്കും നാട്ടുകാർക്കും പിന്തുണയുമായി രാഷ്ട്രീയപ്പാർട്ടികളും രംഗത്തുവന്നിട്ടുണ്ട്. 100 വർഷം തികഞ്ഞ സ്കൂളിൽ ഹൈസ്കൂളിനുള്ള കെട്ടിടവും മൈതാനവുമടക്കം നാലേക്കർ സ്ഥലമുണ്ട്. 2019ൽ കാളികാവ് ഗ്രാമപഞ്ചായത്ത് ഭരണ സമിതി യു.പി സ്കൂളിനെ ഹൈസ്കൂളാക്കി ഉയർത്താൻ പ്രമേയവും പാസാക്കിയിട്ടുണ്ട്.പൂർവവിദ്യാർഥികൾ ഒരുക്കിയ ശീതീകരിച്ച കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്മുറികൾ, ആധുനിക ഗണിതലാബ് എന്നിവകൊണ്ട് ശ്രദ്ധ നേടിയ വിദ്യാലയമാണ് കാളികാവ് ബസാർ സ്കൂൾ. കോടതി വിധിയുടെ പശ്ചാത്തലത്തിൽ കാളികാവ് ബസാർ സ്കൂൾ ഹൈസ്കൂളായി ഉയർത്തണമെന്നാവശ്യപ്പെട്ട് സ്കൂൾ പി.ടി.എയും സി.പി.എം നേതാക്കളും കഴിഞ്ഞദിവസം വിദ്യാഭ്യാസ മന്ത്രി ശിവൻകുട്ടിയെ കണ്ട് നിവേദനം നൽകി. ഹൈകോടതി നിരീക്ഷണത്തിന്മേൽ അനുകൂല നടപടി സ്വീകരിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ഉറപ്പുനൽകിയതായി പി.ടി.എ ഭാരവാഹികൾ പറഞ്ഞു.ഗ്രാമപഞ്ചായത്ത് പ്രമേയം അടക്കമുള്ള രേഖകൾ വിദ്യാഭ്യാസ മന്ത്രിയുടെ ഓഫിസിലെത്തി കൈമാറി. സി.പി.എം നിലമ്പൂർ ഏരിയ സെക്രട്ടറി ഇ. പത്മാക്ഷൻ, എൻ. നൗഷാദ്, പി.ടി.എ പ്രസിഡൻറ് കെ. റഹ്മത്തുല്ല, പി. മഅസൂം എന്നിവരടങ്ങിയ സംഘമാണ് ഓഫിസിലെത്തി മന്ത്രിയെ കണ്ട് അപേക്ഷ നൽകിയത്. സ്കൂൾ അപ്ഗ്രേഡിങ് നടപടി ആവശ്യപ്പെട്ട് കഴിഞ്ഞ ദിവസം കാളികാവിൽ സർവകക്ഷി യോഗം ചേർന്നു. കാളികാവ് ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൻ രമാരാജൻ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡൻറ് കെ. റഹ്മത്തുല്ല അധ്യക്ഷത വഹിച്ചു. എൻ. നൗഷാദ്, എം. ഷറഫുദ്ദീൻ, അപ്പച്ചൻ തേക്കും തോട്ടത്തിൽ, സി. അഷ്റഫ്, സി. ഷൗക്കത്തലി, സി. ഷറഫുദ്ദീൻ, സി.പി. റഊഫ്, തെറ്റത്ത് ബാലൻ, ജിനേഷ്, ഷഫീക്ക് മാമ്പ്ര, ഒ.പി. നവാഫ്, സി. ഷറഫുദ്ദീൻ, കെ.കെ. കുട്ടൻ, എ.പി. ബാബു, കെ. റൈഷാദ്, ടി. ഫിറോസ്, ഷിബു കൂരി, എം. അഷ്ഹദ്, ഷിബു കൂരി എന്നിവർ സംസാരിച്ചു. പി. മഹ്സൂം സ്വാഗതവും കെ.ടി. നൂറുദ്ദീൻ നന്ദിയും പറഞ്ഞു.

## കരിപ്പൂർ സ്വർണക്കവർച്ചാ കേസ് വിദേശത്തേക്ക് കടക്കാൻ ശ്രമിച്ച പ്രതി അറസ്റ്റിൽ

**കൊണ്ടോട്ടി:**രാമനാട്ടുകര വാഹനാപകടത്തിൽ മരിച്ചവരുൾപ്പെട്ട കരിപ്പൂർ സ്വർണക്കവർച്ചാ കേസിൽ വിദേശത്തേക്ക് കടക്കാൻ ശ്രമിച്ച പ്രതി പിടിയിൽ. കൊടുവള്ളി ആലപ്പുറായി സമീറലി (34)യാണ് അറസ്റ്റിലായത്. ഞായർ പുലർച്ചെ കരിപ്പൂർ വിമാനത്താവളംവഴി ദുബായിലേക്ക് രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെയാണ് പിടിയിലായത്. കൊടുവള്ളി കേന്ദ്രീകരിച്ച് നടക്കുന്ന കുഴൽപ്പണ, സ്വർണക്കവർച്ചാ സംഘത്തിലെ മുഖ്യകണ്ണിയായ കൊടുവള്ളി സ്വദേശി സൂഫിയാന്റെ ബന്ധുവാണ് സമീറലി. സ്വർണക്കടത്തിന് കസ്റ്റംസ് പിടികൂടി കൊഫേപോസെ കേസിൽ രണ്ട് മാസത്തോളം സൂഫിയാനൊടൊപ്പം ജയിലിലായിരുന്ന ഇയാൾ അടുത്തിടെയാണ് ജാമ്യത്തിലിറങ്ങിയത്. സ്വർണക്കവർച്ചയ്ക്കായി സൂഫിയാന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയ വാട്സപ്പ് ഗ്രൂപ്പിൽ ഇയാളും അംഗമായിരുന്നെന്ന് പൊലീസ് പറഞ്ഞു. പ്രതിയെ റിമാൻഡ് ചെയ്തു. കൂടുതൽ അന്വേഷണത്തിനായി പൊലീസ് കസ്റ്റഡിയിൽ വാങ്ങും.

## സ്വർണക്കവർച്ച: ഇതുവരെ പിടിയിലായത് 65 പേർ

**കൊണ്ടോട്ടി:**സ്വർണക്കവർച്ചാ കേസുമായി ബന്ധപ്പെട്ട് പൊലീസ് നടത്തിയത് മികവുറ്റ അന്വേഷണം. കരിപ്പൂർ സ്റ്റേഷനിൽ രജിസ്റ്റർചെയ്ത മൂന്ന് കേസുകളിലായി 65 പേരെ ഇതുവരെ അറസ്റ്റ് ചെയ്തു. ഇരുപത്തഞ്ചോളം വാഹനങ്ങളും പിടിച്ചെടുത്തു. വിദേശത്ത് ഒളിവിൽകഴിയുന്ന പ്രതികളെ കേന്ദ്ര ഏജൻസികളുടെ സഹായത്തോടെ നാട്ടിലെത്തിക്കാനുള്ള നടപടികളും ഊർജിതമാക്കി. രാമനാട്ടുകര വാഹനാപകടത്തിൽ മരിച്ച അഞ്ചുപേർ കള്ളക്കടത്ത് സംഘാംഗങ്ങളാണെന്ന് മനസ്സിലാക്കിയതോടെ പൊലീസ് അന്വേഷണം ശക്തമാക്കിയിരുന്നു. മൂന്ന് ജില്ലകളിൽനിന്നായി മികച്ച ഉദ്യോഗസ്ഥരടങ്ങുന്ന അന്വേഷക സംഘത്തെയാണ് മലപ്പുറം ജില്ലാ പൊലീസ് മേധാവി സുജിത്ത് ദാസിന്റെ മേൽനോട്ടത്തിൽ കൊണ്ടോട്ടി ഡിവൈഎസ്പി കെ അഷ്റഫിന്റെ നേതൃത്വത്തിൽ നിയോഗിച്ചത്. പഴുതടച്ച അന്വേഷണത്തിലൂടെയാണ് തമിഴ്നാട്, കർണാടക, ഗോവ, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലും കേരളത്തിലെ വിവിധ ജില്ലകളിലുമായി ഒളിവിൽ കഴിഞ്ഞ പ്രതികളെ പിടികൂടാനായത്. അന്വേഷക സംഘാംഗത്തെ വകവരുത്താൻപോലും പ്രതികൾ ലക്ഷ്യമിട്ടിരുന്നു. നേരത്തെ പൊലീസ് അറസ്റ്റുചെയ്ത ഒരു പ്രതിയിൽനിന്നും പിടിച്ചെടുത്ത മൊബൈൽ ഫോണിലെ വാട്സാപ്പ് ചാറ്റിലൂടെയാണ് പദ്ധതി പൊലീസ് അറിഞ്ഞത്. പൊലീസിന്റെ മനോവീര്യം തകർക്കലായിരുന്നു ലക്ഷ്യം. ഈ സംഭവത്തിൽ അന്വേഷക സംഘം പ്രത്യേകം കേസെടുത്തിരുന്നു. കരിപ്പൂർ സി ഐ ഷിബു, ശശി കുണ്ടറക്കാട് , സത്യൻ മാനാട്ട്, അസീസ് കാര്യോട്ട് , ഉണ്ണി മാരാത്ത്, സഞ്ജീവ്, കോഴിക്കോട് സിറ്റി ക്രൈം സ്ക്വാഡിലെ ഒ. മോഹൻദാസ്, ഹാദിൽ കുന്നുമ്മൽ , ഷഹീർ പെരുമണ്ണ, സതീഷ് നാഥ്, ദിനേശ്കുമാർ എന്നിവരാണ് പ്രത്യേക അന്വേഷണ സംഘാംഗങ്ങൾ.




## ആർച്ച് ബിഷപ്പിന് നിലമ്പൂർ ദേവാലയത്തിൽ സ്വീകരണം നൽകി

**നിലമ്പൂർ:** പൗരോഹിത്യ സുവർണ ജൂബിലി ആഘോഷിക്കുന്ന തലശേരി അതിരൂപത ബിഷപ് മാർ ജോർജ് ഞരളക്കാട്ടിന് നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോന ദേവാലയത്തിൽ ഭക്തിനിർഭരമായ സ്വീകരണം നൽകി. നിലമ്പൂർ ഫൊറോന വികാരി ഫാ. ബിജു തുരുത്തേൽ, അസിസ്റ്റന്റ് വികാരി ഫാ. ജോഫിൻ മുളകൊടിയാങ്കൽ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ഇടവക സമൂഹം സ്വീകരണം നൽകിയത്. 2006 മുതൽ രണ്ടു വർഷം നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോന ദേവാലയത്തിൽ വികാരിയായി ആർച്ച് ബിഷപ് സേവനം അനുഷ്ഠിച്ചിട്ടുണ്ട്. രണ്ടുവർഷം നിലമ്പൂരിൻറെ സാമൂഹിക മേഖലയിലും ആത്മീയമേഖലയിലും സജീവസാന്നിധ്യമായിരുന്ന തങ്ങളുടെ ഇടയന് സുവർണ ജൂബിലി മംഗളങ്ങൾ നേരിട്ടു അറിയിക്കുന്നതിനാണ് ഇടവക സമൂഹം സ്വീകരണമൊരുക്കിയത്. സ്വീകരണ യോഗം നിലന്പൂർ-മണിമൂളി -റീജിയൻ സിഞ്ചെല്ലൂസ് ഫാ.തോമസ് മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോന വികാരി ഫാ.ബിജു തുരുത്തേൽ അധ്യക്ഷത വഹിച്ചു. മാനന്തവാടി പാസ്റ്റർ സെൻറർ ഡയറക്ടർ ഫാ.ജോജോ കുടക്കച്ചിറ, ലിറ്റിൽ ഫ്ളവർ സ്കൂൾ പ്രിൻസിപ്പൽ ഫാ. ജോണി കല്ലുപുര, നിലന്പൂർ ഇൻഫൻറ് ജീസസ് ദേവാലയ വികാരി ഫാ. ആൻറോ, ഫാ.ജോഫിൻ മുളകൊടിയാങ്കൽ, സെബാസ്റ്റ്യൻ ഞളളംന്പുഴ, ഫാ. സിബി മറ്റത്തിൽ, ഡോ. ഷാജി ടോംപസൺ പൂവത്തുമൂട്ടിൽ, ബിജു ചിറ്റേടത്ത് എന്നിവർ പ്രസംഗിച്ചു.നിലന്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോന കുടുംബാംഗങ്ങളുടെ സ്നേഹത്തിനു അദ്ദേഹം നന്ദി രേഖപ്പെടുത്തി. പൗരോഹിത്യ ജീവിതത്തിൽ 50 വർഷം പൂർത്തിയാകുമ്പോൾ ഏറെ സന്തോഷമുണ്ട്. ഇതിൽ രണ്ടു വർഷം നിലന്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോന ദേവാലയ വികാരിയായി സേവനം അനുഷ്ഠിക്കാൻ ദൈവം നൽകിയ അവസരത്തിനും മാർ ജോർജ് ഞരളക്കാട്ട് നന്ദി പറഞ്ഞു. രാവിലെ നടന്ന ആഘോഷമായ വിശുദ്ധ കുർബാനയ്ക്ക് ആർച്ച് ബിഷപ മാർ ജോർജ് ഞരളക്കാട്ട് മുഖ്യകാർമികത്വം വഹിച്ചു.



## ചൂടുവെള്ളം വീണ് പൊള്ളലേറ്റയാൾ അബൂദബിയിൽ മരിച്ചു

**അബൂദബി:** ചൂടുവെള്ളം വീണ് ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന മലപ്പുറം സ്വദേശി അബൂദബിയിൽ മരിച്ചു. മലപ്പുറം തിരൂർ കടുങ്ങാത്തുണ്ട് മയ്യരിച്ചിറ കോറാടൻ സൈതലവി (48) ആണ് മരിച്ചത്.അബൂദബിയിലെ പവർ സ്റ്റേഷനിൽ ജോലിക്കാരനായിരുന്ന സൈതലവിക്ക് 21നാണ് പൊള്ളലേറ്റത്. പവർ സ്റ്റേഷനിലെ വാട്ടർ ഹീറ്ററിലെ തിളച്ച വെള്ളം ദേഹത്ത് വീണതിനെ തുടർന്ന് അഞ്ച് ദിവസമായി ചികിത്സയിലായിരുന്നു. ഞായറാഴ്ചയാണ് മരിച്ചത്.പരേതനായ കോറാടൻ മുഹമ്മദ് കുട്ടിയുടെയും നഫീസയുടെയും മകനാണ്. ഭാര്യ: ഷംസിയ. മക്കൾ: മക്കൾ മുഹമ്മദ് സലീക്ക്, ഫസ്ന, സന. ബനിയാസ് ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം നടപടി ക്രമങ്ങൾ പൂർത്തിയാക്കി നാട്ടിലേക്ക് കൊണ്ടുപോകാനുള്ള ശ്രമത്തിലാണെന്ന് ബന്ധുക്കൾ പറഞ്ഞു.

## സ്റ്റുഡന്റ് മാസിക ക്യാമ്പയിന് തുടക്കം

**മലപ്പുറം:**എസ് എഫ് ഐ മുഖമാസികയായ സ്റ്റുഡന്റ് വരിക്കാരെ ചേർക്കൽ ക്യാമ്പയിന് തുടക്കം. ജില്ലാതല ഉദ്ഘാടനം അരീക്കോട് ഓടക്കയം ട്രൈബൽ കോളനിയിൽ യൂണിറ്റ് ഭാരവാഹികളായ അനുമോൾ, ശ്യാമ എന്നിവർക്ക് സ്റ്റുഡന്റ് നൽകി ജില്ലാ സെക്രട്ടറി കെ എ സക്കീർ നിർവഹിച്ചു. സംസ്ഥാന അംഗം എം സജാദ്, ജില്ലാ വൈസ് പ്രസിഡന്റ് സി നീതു, ഏരിയാ സെക്രട്ടറി ബിനീഷ് കല്ലട, നിമിഷ ജ് എന്നിവർ സംസാരിച്ചു.



KOZHIKODE

## അറിയിപ്പ്



### ഉന്നത വിദ്യാഭ്യാസ അവാർഡിന് അപേക്ഷ ക്ഷണിച്ചു

കർഷക തൊഴിലാളിക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് 2020-21 അദ്ധ്യയന വർഷത്തെ ഉന്നത വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷ ക്ഷണിച്ചു. കേരളത്തിലെ സർക്കാർ/ എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നും ഡിഗ്രി, പി.ജി, പ്രൊഫഷണൽ ഡിഗ്രി, പ്രൊഫഷണൽ പി.ജി, ടി.ടി.സി, ഐ.ടി.ഐ, പോളി, ജനറൽ നേഴ്സിങ്ങ്, ബിഎഡ്, മെഡിക്കൽ ഡിപ്ലോമ കോഴ്സുകളിലേതിലെങ്കിലും ആദ്യചാൻസിൽ ഉന്നതവിജയം നേടിയ കുട്ടികളുടെ രക്ഷിതാക്കൾക്ക് അപേക്ഷിക്കാം. ആർട്സിൽ 60 ശതമാനത്തിലും കൊമേഴ്സിൽ 70 തമാനത്തിലും സയൻസിൽ 80 ശതമാനത്തിലും കുറയാത്ത മാർക്ക് നേടിയിരിക്കണം. ജില്ലയിൽ ആദ്യത്തെ മൂന്നു സ്ഥാനക്കാർക്കു മാത്രമേ അവാർഡിന് അർഹതയുള്ളൂ. മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം. അംഗവും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്നതിന് മറ്റുരേഖകളുടെ അഭാവത്തിൽ റേഷൻ കാർഡിന്റെ നിശ്ചിത പേജ് ാജരാക്കണമെന്ന് ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ അറിയിച്ചു. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോഴിക്കോട് ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർക്ക് 2021 ഡിസംബർ 31 വൈകീട്ട് മൂന്ന് മണി വരെ സമർപ്പിക്കാം. അപേക്ഷിക്കുന്ന അംഗം വിദ്യാർത്ഥിയുടെ പരീക്ഷ തീയതിക്ക് തൊട്ടുമുമ്പുള്ള മാസത്തിൽ 12 മാസത്തെ അംഗത്വകാലവും ഡിജിറ്റലൈസേഷൻ നടപടികളും പൂർത്തീകരിച്ചിരിക്കണം. പരീക്ഷ തീയതിയിൽ അംഗത്തിന് 24 മാസത്തിൽ കൂടുതൽ അംശാദായകുടിശ്ശിക ഉണ്ടായിരിക്കാൻ പാടില്ല. ഫോമിന്റെ മാതൃകയും മറ്റു വിവരങ്ങളും കോഴിക്കോട് ജില്ലാ ക്ഷേമനിധി ബോർഡ് ഓഫീസിലും www.agriworkersfund.org വെബ് സൈറ്റിലും ലഭ്യമാണ്.

### ടെണ്ടർ ക്ഷണിച്ചു

തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിച്ചു. അവസാന തീയതി ജനുവരി നാലിന് വൈകീട്ട് ആറ് മണി. വിശദാംശങ്ങൾക്ക് http://tender.lsgkerala.gov.in/pages/displayTender.php, www.etenders.kerala.gov.in.

### പാചക വാതക അദാലത്ത് ജനുവരി 6 ന്

കോഴിക്കോട് ജില്ലയിൽ 2022 ജനുവരി ആറിന് രാവിലെ 11 മണിക്ക് പാചകവാതക അദാലത്ത് (എൽ.പി.ജി ഓപ്പൺ ഫോറം) ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

### നഴ്സ് നിയമനം

ജില്ലയിലെ സർക്കാർ ഹോമിയോ ആശുപത്രികളിൽ നിലവിലുള്ള നഴ്സ് തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നു. യോഗ്യത ജി.എൻ.എം ഡിപ്ലോമ/ബിഎസ്സി നഴ്സിംഗ്. താൽപര്യമുള്ളവർ 2022 ജനുവരി നാലിന് രാവിലെ 10.30ന് കൂടിക്കാഴ്ചക്കായി സിവിൽ സ്റ്റേഷനിൽ ബി ബ്ലോക്കിൽ പ്രവർത്തിക്കുന്ന ജില്ലാ മെഡിക്കൽ ഓഫീസിൽ യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പരിചയ സർട്ടിഫിക്കറ്റും തിരിച്ചറിയൽ രേഖകളുടെ പകർപ്പും സഹിതം ഹാജരാകണമെന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചു. ഫോൺ : 0495 2371748.

### ലേലം 30 ന്

കോഴിക്കോട് ഗവ. കോളേജ് ഓഫ് ടീച്ചർ എജ്യക്കേഷൻ, കോളേജ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന മരങ്ങളും, കോളേജ് കെട്ടിടത്തിന്റെ മുകളിലേക്ക് ചാഞ്ഞ് കിടക്കുന്ന മരത്തിന്റെ ശിഖരങ്ങളും മുറിച്ച് മാറ്റി നീക്കം ചെയ്ത് കൊണ്ടുപോകുന്നതിന് ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ഓഫീസ് പരിസരത്ത് ഡിസംബർ 30 ന് രാവിലെ 11 മണിക്ക് ലേലം ചെയ്യും.



# മണാശ്ശേരി ഇരട്ടക്കൊല: മൃതദേഹം കഷ്ണങ്ങളാക്കിയത് മൃഗവേട്ടയിലെ അറിവുവെച്ചന്ന് ക്രൈംബ്രാഞ്ച്

**കോഴിക്കോട്:** അമ്മയെ വധിക്കാൻ സഹായിച്ചയാളെ കൊലപ്പെടുത്തിയ പ്രതി മൃതദേഹം കഷ്ണങ്ങളാക്കിയത് മൃഗവേട്ടയിലെ അറിവുവെച്ചെന്ന് ക്രൈംബ്രാഞ്ച് കണ്ടെത്തൽ.മണാശ്ശേരി ഇരട്ടക്കൊലപാതക കേസിലെ പ്രതി വെസ്റ്റ് മണാശ്ശേരി സൗപർണികയിൽ പി.വി. ബിർജു മുമ്പ് കാട്ടിൽ പോയി മൃഗങ്ങളെ കൊന്ന് കഷ്ണങ്ങളാക്കിയിരുന്നു.ഈ പരിചയമാണ് നേരത്തെ അമ്മ ജയവല്ലിയെ വധിക്കാൻ സഹായിച്ച ഇസ്മാഈലിനെ കൊലപ്പെടുത്തി മൃതദേഹത്തിലെ കൈകാലുകളും തലയും അറുത്തുമാറ്റി വിവിധയിടങ്ങളിൽ തള്ളാൻ പ്രതിയെ പ്രേരിപ്പിച്ചത്. ഡിവൈ.എസ്.പി ടി. സജീവന്റെ നേതൃത്വത്തിലുള്ള ക്രൈംബ്രാഞ്ച് സംഘം കേസന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ഐ.ജി രാഹുൽ ആർ. നായർക്ക് നൽകാനുള്ള നടപടിയാണ് പുരോഗമിക്കുന്നത്. തുടർന്ന് കേസിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിക്കും.സ്വത്ത് കൈക്കലാക്കാൻ ബിർജു മലപ്പുറം വണ്ടൂർ സ്വദേശി പുതിയോത്ത് ഇസ്മാഈലിന്റെ സഹായത്തോടെ 2016 മാർച്ച് 15ന് അമ്മ ജയവല്ലിയെ വീട്ടിൽവെച്ച് കഴുത്തുമുറുക്കി കൊലപ്പെടുത്തി കെട്ടിത്തൂക്കി തൂങ്ങിമരിച്ചെന്ന് പ്രചരിപ്പിക്കുകയുമായിരുന്നു. കൊലക്ക് സഹായിച്ച ഇസ്മാഈലിന് രണ്ടുലക്ഷം രൂപ വാഗ്ദാനം ചെയ്ത ബിർജു 10,000 രൂപ നൽകുകയും ചെയ്തിരുന്നു. ബാക്കി തുകക്ക് ഇസ്മാഈൽ ബന്ധപ്പെടുകയും പണം തന്നില്ലെങ്കിൽ അമ്മയുടെ മരണം കൊലപാതകമാണെന്ന് പൊലീസിനോട് പറയുമെന്നും ഭീഷണിപ്പെടുത്തി.ഇതോടെയാണ് ഇസ്മാഈലിനെയും വധിക്കാൻ ബിർജു തീരുമാനിച്ചത്. തുടർന്ന് പണം നൽകാമെന്നുപറഞ്ഞ് 2017 ജൂൺ 18ന് വീട്ടിലേക്ക് വിളിച്ചുവരുത്തി മദ്യംനൽകി അബോധാവസ്ഥയിലാക്കി കൊലപ്പെടുത്തുകയായിരുന്നു. പിന്നീട് കെട്ടാങ്ങലിലെ കടയിൽനിന്ന് തെർമോകോൾ മുറിക്കുന്ന കത്തി വാങ്ങി മൃതദേഹം കഷ്ണങ്ങളാക്കി ഒരുഭാഗം ചാക്കിൽകെട്ടി ബൈക്കിൽ കൊണ്ടുപോയി കാരശ്ശേരി ഗേറ്റുംപടി തൊണ്ടിമ്മൽ റോഡിലും ബാക്കി ഇരുവഴിഞ്ഞി പുഴയിലുമെറിഞ്ഞു.ശരീരഭാഗങ്ങൾ 2017 ജൂൺ 28നും ആഗസ്റ്റ് 13നും ഇടയിൽ കാരശ്ശേരിയിൽനിന്നും ചാലിയാർ തീരത്തുനിന്നും ലഭിച്ചതോടെയാണ് പൊലീസ് കേസ് രജിസ്റ്റർ ചെയ്തത്. ഡി.എൻ.എ പരിശോധനയിൽ ശരീരഭാഗങ്ങൾ ഒരാളുടേതെന്ന് വ്യക്തമായെങ്കിലും മരിച്ചയാളെ തിരിച്ചറിഞ്ഞില്ല. കാണാതായ ആളുകളെ കുറിച്ച് നടത്തിയ അന്വേഷണത്തിലാണ് മൃതദേഹം ഇസ്മാഈലിന്റേതാണെന്ന് സ്ഥിരീകരിച്ചത്.2020 ജനുവരി 16ന് ഗൂഡല്ലൂരിൽനിന്ന് അറസ്റ്റിലായതോടെയാണ് ഇസ്മായിലിനെ കൊലപ്പെടുത്തിയത് അമ്മയെ കൊന്നകാര്യം പുറത്തറിയാതിരിക്കാനാണെന്ന് വെളിപ്പെടുത്തിയത്. കേസിൽ 120 സാക്ഷികളുണ്ടെങ്കിലും ദൃക്സാക്ഷികളില്ല. ജാമ്യത്തിലിറങ്ങിയ പ്രതി ഇപ്പോൾ ഗൂഡല്ലൂരിലാണ് താമസം.

# കാർ തടഞ്ഞുനിർത്തി സ്വർണം കവർന്ന സംഭവം: അന്വേഷണം പാതിവഴിയിൽ

**കോഴിക്കോട്:** കോഴിക്കോട് പൂളാടിക്കുന്ന് ബൈപ്പാസിൽ കാർ തടഞ്ഞുനിർത്തി അരക്കിലോ സ്വർണം കവർന്ന കേസിൽ അന്വേഷണം പാതിവഴിയിൽ. ബൈപാസ് കേന്ദ്രീകരിച്ച് കരിപ്പൂർ മുതൽ പൂളാടിക്കുന്ന് വരെയുള്ള സിസിടിവി ദൃശ്യങ്ങൾ പോലീസ് പരിശോധിച്ചെങ്കിലും സംഭവം നടന്ന് ഒരാഴ്ചയാകാറായിട്ടും പ്രതികളിലേക്ക് എത്താനുതകുന്ന യാതൊരു തെളിവും ലഭിച്ചില്ല. എലത്തൂർ പോലീസാണ് കേസ് അന്വേഷിക്കുന്നത്. ചൊവ്വാഴ്ച പുലർച്ചെയാണ് സംഭവം നടന്നത്. കത്തികാണിച്ച് ഭീഷണിപ്പെടുത്തിയായിരുന്നു സിനിമാസ്റ്റൈൽ കവർച്ച നടന്നത്. കരിപ്പൂർ ഉദ്യോഗസ്ഥരുടെ പരിശോധനയെ കബളിപ്പിച്ച് സിലിൻഡർ രൂപത്തിൽ എത്തിയ സ്വർണമാണ് കവർച്ച ചെയ്യപ്പെട്ടത്. കരിപ്പൂരിൽ വിമാനമിറങ്ങി നാദാപുരത്തേക്ക് പോകുകയായിരുന്ന വിഷ്ണുമംഗലം കിഴക്കയിൽ ഇല്യാസ് സഞ്ചരിച്ച കാറാണ് നാലംഗ സംഘം പിന്തുടർന്ന് പടികൂടി സ്വർണം കവർന്നത്. സുഹൃത്ത് മുഹമ്മദ്, സഹോദരൻ ഹുസൈൻ എന്നിവരും സംഘത്തിലുണ്ടായിരുന്നു.അതേസമയം സ്വർണം കൊണ്ടുവന്നത് ദുബായിൽ നിന്നാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. തുടക്കത്തിൽ സാധാരണമോഷണമായാണ് ഇരയായവർ പോലീസിനെ അറിയിച്ചത്. തുടർന്നാണ് സിലിൻഡർ രൂപത്തിൽ കടത്തികൊണ്ടുവന്ന സ്വർണമാണ് കവർച്ച ചെയ്യപ്പെട്ടതെന്ന് വ്യക്തമായത്. ദുബൈയിലുള്ള സുഹൃത്തിന് ഇല്യാസ് സ്വർണം നാട്ടിലേക്ക് കൊണ്ടുവരുന്നത് അറിയാമായിരുന്നു. സ്വർണം മലദ്വാരത്തിൽ ഒളിപ്പിച്ചാണ് കരിപ്പൂർ വിമാനത്താവളത്തിൽ നിന്നും പുറത്തെത്തിച്ചത്. പിന്നീട് സ്വകാര്യ ഹോട്ടലിൽ വച്ച് സ്വർണം പുറത്തെടുക്കുകയും കാറിൽ നാദാപുരത്തേക്ക് തിരിക്കുകയുമായിരുന്നു. ഇത് കൃത്യമായി അറിയാവുന്ന സംഘമാണ് കോഴിക്കോട് പൂളാടിക്കുന്നിൽ വച്ച് ഓപ്പറേഷൻ പ്ലാൻ ചെയ്തത്. നാദാപുരം സ്വദേശിക്ക് എത്തിക്കാൻ കൊണ്ടുവന്ന സ്വർണമാണിതെന്നാണ് പോലിസിന് ലഭിച്ച വിവരം.

# ബേപ്പൂർ വാട്ടർഫെസ്റ്റ്: ജലസാഹസിക മേളയ്ക്ക് മിഴി തുറന്നു



**കോഴിക്കോട്:** ഉരുപ്പെരുമയുടെ നാട്ടിൽ ജല സാഹസിക മേള. ബേപ്പൂർ വാട്ടർ ഫെസ്റ്റിനു തുടക്കം കുറിച്ച് നഗരത്തെ ആവേശത്തിലാഴ്ത്തി സൈക്കിൾ റൈഡ്. കോഴിക്കോട് ബീച്ചിൽ തുറമുഖ മന്ത്രി അഹമ്മദ് ദേവർകോവിൽ ഫ്ലാഗ് ഓഫ് ചെയ്ത റൈഡ് നഗരത്തിലെ വിവിധ കേന്ദ്രങ്ങൾ ചുറ്റി ബേപ്പൂർ മറീനയിൽ സമാപിച്ചു. മന്ത്രിയിൽ നിന്ന് സൈക്ലിംഗ് കമ്മിറ്റി ലീഡർ സാഹിർ ബാബു സ്വീകരിച്ച ഫെസ്റ്റിന്റെ പതാക ബേപ്പൂരിൽ ജില്ലാ കളക്ടർ ഡോ.എൻ. തേജ് ലോഹിത് റെഡ്ഡി ഉയർത്തിയതോടെ ജലോത്സവത്തിൻറെ നാലു പകലിരവുകൾക്ക് തുടക്കമായി ബേപ്പൂർ ഫെസ്റ്റ് ചരിത്രത്തിൽ ഇടംനേടുമെന്ന കാര്യത്തിൽ സംശയമില്ലായെന്ന് മന്ത്രി പറഞ്ഞു. ചടങ്ങിൽ തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ അധ്യക്ഷത വഹിച്ചു. കാലിക്കട്ട് സൈക്ലിംഗ് കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ സൈക്ലിംഗ് പെഡലെഴ്സ്, ടീം മലബാർ റൈഡേഴ്സ്, മലബാർ സൈക്കിൾ റൈഡേഴ്സ് എന്നീ മൂന്നു സൈക്ലിംഗ് ക്ലബ്ബുകളിലെ നൂറോളം പേരാണ് റൈഡിൽ പങ്കെടുത്തത്. കോഴിക്കോട് ബീച്ച് കോർപറേഷൻ ഓഫീസിനു മുൻപിൽ നിന്നാരംഭിച്ച യാത്ര മാനാഞ്ചിറ, കല്ലായി, മാത്തോട്ടം, നടുവട്ടം ചുറ്റി ബേപ്പൂരിൽ സമാപിക്കുകയായിരുന്നു. ബേപ്പൂർ വാട്ടർ ഫെസ്റ്റിനോട് അനുബന്ധിച്ച് പാരിസൺസ് ഗ്രൗണ്ടിൽ ആരംഭിച്ച ഫുഡ് ആൻഡ് ഫ്ളീ മാർക്കറ്റ് മന്ത്രി എ.കെ. ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഭക്ഷ്യ പ്രദർശന വസ്തുക്കളാണ് ഫെസ്റ്റിൽ ഒരുക്കിയിട്ടുള്ളത്.കോഴിക്കോടിന്റെ തനത് രുചികൾ സംഗമിക്കുന്നിടമാണ് ബേപ്പൂർ ഫെസ്റ്റിലെ ഫുഡ് ഫെസ്റ്റ്. വിവിധതരം ബിരിയാണികൾ, ജ്യൂസുകൾ, വിവിധ നിരത്തിലും രുചിയിലുമുള്ള ഐസ്ക്രീമുകൾ, എണ്ണക്കടികൾ, മത്സ്യ-മാംസ വിഭവങ്ങൾ എന്നിവ രുചിയുടെ മേളപ്പെരുപ്പം തീർക്കും.

# വിശ്വാസത്തിലധിഷ്ഠിത ജീവിതം അനിവാര്യം: മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

**പേരാമ്പ്ര:** ജൂബിലികൾ തിരുത്തലിനുള്ള അവസരങ്ങളായി പ്രയോജനപ്പെടുത്തണമെന്ന് താമരശേരി ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ. പടത്തുകടവ് ഹോളി ഫാമിലി ഇടവകയുടെ പ്ലാറ്റിനം ജൂബിലിയുടെ ഒരു വർഷം നീണ്ട ആഘോഷങ്ങളുടെ സമാപനത്തിൽ കൃതജ്ഞതാബലി അർപ്പിച്ചു വചന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. പ്രതിസന്ധികളെ അതിജീവിക്കാൻ വിശ്വാസത്തിലധിഷ്ഠിത ജീവിതം അനിവാര്യമാണ്.വൈദീകർ ഉൾപ്പടെ അനേകം പൂർവികരുടെ ത്യാഗവും വിശ്വാസവും ആത്മാർപ്പണവുമാണു കുടിയേറ്റ പ്രദേശങ്ങളുടെ ഉയർച്ചയ്ക്കു അടിസ്ഥാനം. വിശ്വാസം പുഷ്പിക്കുമ്പോഴാണു ദൈവ വിളികൾ ഉണ്ടാകുന്നത്. ഇതിനു നിരന്തര പ്രാർഥന വേണമെന്നും ബിഷപ് ഉത്ബോധിപ്പിച്ചു. മാർ ഇഞ്ചനാനിയൽ ദേവാലയത്തിൽ തിരിതെളിയിച്ചു കൊണ്ടാണ് ജൂബിലിയുടേയും വി.യൗസേപ്പ് പിതാവിൻറെ വർഷ സമാപന ആഘോഷ ചടങ്ങുകൾ ആരംഭിച്ചത്. തുടർന്നു ഇടവക തിരുനാളിനു തുടക്കമിട്ടു അദ്ദേഹം കൊടി ഉയർത്തി. തിരുക്കർമങ്ങൾക്ക് ഫാ. ജോർജ് മണിയമ്പ്രായിൽ (സിഎംഐ), ഫാ.വർക്കി തെങ്ങനാക്കുന്നേൽ, ഇടവക വികാരി ഫാ.അരുൺ വടക്കേൽ എന്നിവർ സഹകാർമികത്വം വഹിച്ചു.പരിപാടിയുടെ ഭാഗമായി നടന്ന യോഗത്തിൽ വിവാഹ, സമർപ്പിത ജൂബിലി ആഘോഷിച്ചവരെയും സഭയുടെ വിവിധ തലങ്ങളിൽ സേവനം അനുഷ്ഠിച്ച അൽമായ പ്രമുഖരേയും വിവിധ മത്സര വിജയികളെയും ബിഷപ് ആദരിച്ചു. മരുതോങ്കര സെൻറ് മേരീസ് ഫൊറോനാ വികാരി ഫാ. ജോർജ് കളത്തൂർ, ആരാധന സഭ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ആനീസ് കുംബ്ലന്താനം, പടത്തുകടവ് ഇമ്മാനുവേൽ മാർത്തോമ്മ പള്ളി വികാരി ഫാ. റീജൻ, ഫാ. അരുൺ വടക്കേൽ, തോമസ് ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. സ്നേഹ വിരുന്നുമുണ്ടായിരുന്നു. ട്രസ്റ്റിമാരായ ജെയിസൻ തേവർകോട്ടയിൽ, ജോൺസൺ മണിയമ്പ്രായിൽ, ബാബു കല്ലുറുമ്പിൽ, പ്രകാശ് കോലഞ്ചേരി, പാരീഷ് സെക്രട്ടറി അബ്രഹാം മാടപ്പാട്ട് എന്നിവർ നേതൃത്വം നൽകി.

# വെള്ളിത്തിരയിൽ നാട്ടിലെ കുട്ടികൾ: പ്രേക്ഷകർക്ക് അമ്പരപ്പ്



**വടകര:** രാജ്യാന്തര വേദികളിൽ പ്രതിഭ തെളിയിച്ച വിദ്യാർഥികളെ വെള്ളിത്തിരയിൽ കണ്ടപ്പോൾ സുഹൃത്തുക്കൾക്കും നാട്ടുകാർക്കും കൗതുകമായി. ദേശീയ-അന്തർദ്ദേശീയ ബഹുമതികൾ കരസ്ഥമാക്കിയ മടപ്പള്ളി യുണൈറ്റഡ് എന്ന സിനിമ പുതിയാപ്പ് ഫാൽക്കെ ഫിലിം ഹൗസിൽ പ്രദർശിപ്പിക്കെയാണ് കാണാനെത്തിയവരെ അത്ഭുതപ്പെടുത്തും വിധം നാട്ടുകാരായ കുട്ടികളെ വെള്ളിത്തിരയിൽ കാണാനിടയായത്. അഭിനേതാക്കളായ മടപ്പള്ളി ഗവ ഹൈസ്കൂളിലെ കുട്ടികൾക്കൊപ്പം രക്ഷിതാക്കളും നാട്ടുകാരും പ്രദർശനം കാണാനെത്തിയിരുന്നു. രണ്ട് പ്രദർശനങ്ങളാണ് വെള്ളിയാഴ്ച നടന്നത്. തെഹ്റാനിൽ നടന്ന 51 ാമത് റോഷ്ഡ് രാജ്യാന്തര ചലച്ചിത്രോത്സവത്തിൽ മികച്ച ഫിക്ഷൻ ചിത്രത്തിനുള്ള പുരസ്കാരവും ഇന്ത്യൻ ഫിലിം ഫെസ്റ്റിവെൽ ഓഫ് സിൻസിനാറ്റിയിൽ മികച്ച കുടുംബചിത്രത്തിനുള്ള അവാർഡും നാലാമത് തെനിയ ഇന്റർനാഷനൽ സ്പോർട്സ് ഫിലിം ഫെസ്റ്റിവലിൽ സാമൂഹിക സന്ദേശം അടങ്ങുന്നന്ന മികച്ച സിമിമക്കുള്ള പുരസ്കാരവും മടപ്പള്ളി യുണൈറ്റഡ് എന്ന ചിത്രത്തിന് ലഭിച്ചിരുന്നു. മടപ്പള്ളി അക്കാദമിക് പ്രോഗ്രാം ഫോർ ലേണിങ് ആന്റ് എംപവർമെന്റ് എന്ന പരിപാടിയുടെ ഭാഗമായ നിവരവധി വർക്ക് ഷോപ്പുകളിൽ നിന്ന് രൂപപ്പെട്ട പ്രതിഭകളെ പങ്കെടുപ്പിച്ചാണ് സിനിമ നിർമിച്ചത്. രചനയും സംവിധാനവും നിർവഹിച്ചത് അജയ് ഗോവിന്ദ് ആണ്.

### ഉയരെ' ദ്വിദിന പഠനക്യാമ്പ് സംഘടിപ്പിച്ചു

**വടകര:** മണിയൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ സമഗ്രവിദ്യാഭ്യാസ പരിപാടിയായ 'ഉയരെ' യുടെ ദ്വിദിന പഠനക്യാമ്പിന് മണിയൂർ ജവഹർ നവോദയ വിദ്യാലയത്തിൽ തുടക്കമായി. പ്രൈമറി, സെക്കന്ററി, പൊതുവിഭാഗം എന്നീ മേഖലകൾക്ക് പ്രത്യേകമായാണ് 'ഉയരെ' യിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. സെക്കന്ററി വിഭാഗത്തിലെ പരിപാടിയായ പ്രതിഭാ പോഷണ പരിപാടിയുടെ ഭാഗമായാണ് 'പൊട്ടൻഷ്യ' എന്ന പേരിൽ രണ്ട് ദിവസത്തെ പഠന ക്യാമ്പ് നടന്നത്. പ്രത്യേക പ്രവേശനപരീക്ഷ നടത്തി തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കാണ് പ്രതിഭാപോഷണ പരിപാടി എന്ന പേരിൽ ഒരു വർഷത്തെ പ്രത്യേക പഠന കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്. തിയറ്റർ ആർട്ടിസ്റ്റ് മനോജ് നാരായണൻ, ഫോണിക് ഫൗണ്ടേഷൻ ട്രെയ്നർ സാദിഖ് കെ. വാണിമേൽ, കണ്ണൂർ യൂണിവേഴ്സിറ്റി അസി. പ്രൊഫസർ റഫീഖ് ഇബ്രാഹിം വയനാട്, ആകാശവിസ്മയങ്ങളെ പരിചയപ്പെടുത്തി കെ വിജയൻ മാസ്റ്റർ, യോഗയും മാനസികാരോഗ്യവും എന്ന വിഷയത്തിൽ വി.സി ബിജു, ലിജേഷ്, ഹാരിസ്, മീഡിയ പ്രവർത്തകർ അന്ന, റഹീസ് റഷീദ്, സിനിമാ നിരൂപകൻ വി.കെ ജോബിഷ് എന്നിവരാണ് രണ്ട് ദിവസത്തെ ക്യാമ്പിലെ അതിഥികൾ. ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർ പേഴ്സൺ കെ.വി റീന ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡണ്ട് ടി.കെ അഷ്റഫ് അധ്യക്ഷത വഹിച്ചു.

### സിവിൽ സ്റ്റേഷന് രാത്രി കാല സുരക്ഷ ഉറപ്പാക്കണമെന്ന് കെജിഒഎ

**വടകര:** വടകരയിലെ പ്രധാനപ്പെട്ട ഓഫീസുകൾ സ്ഥിതി ചെയ്യുന്ന സിവിൽ സ്റ്റേഷനിൽ രാത്രി കാലത്ത് വാച്ച്മാൻമാരെ നിയമിച്ച് സുരക്ഷ ഉറപ്പാക്കണമെന്ന് കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ (കെ.ജി.ഒ.എ) വടകര ഏരിയ ജനറൽ ബോഡി യോഗം ആവശ്യപെട്ടു. കത്തി നശിച്ച താലൂക്ക് ഓഫിസ് എത്രയും വേഗം പുനർനിർമ്മിക്കണമെന്ന് യോഗം ബന്ധപ്പെട്ടവരോട് അഭ്യർത്ഥിച്ചു. ജില്ലാ സെക്രട്ടറിയേറ്റ് അംഗം രാജീവൻ വിളയാട്ടൂർ ഉദ്ഘാടനം ചെയ്തു.പി.പി സുധീഷ്, ടി അശോകൻ, ടി.സി സജീവൻ, രാജേന്ദ്രൻ, സുധീർ എന്നിവർ സംസാരിച്ചു.

## അറിയിപ്പ്

### അപേക്ഷ ക്ഷണിച്ചു

മലബാർ ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ മക്കളിൽ 2021 ലെ എസ്എസ്എൽസി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസും, സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ വണും നേടിയവർക്ക് പാരിതോഷികം നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫോറം www.malabar-devaswom.kerala.gov.in എന്ന സൈറ്റിൽ ലഭിക്കും. അപേക്ഷ മലബാർ ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധി സെക്രട്ടറിയുടെയും ഓഫീസിൽ ഡിസംബർ 27 ന് വൈകിട്ട് അഞ്ച് വരെ സ്വീകരിക്കും. സമയ പരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഫോൺ 0495 236 0720

### അപേക്ഷിക്കാം

കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് പദ്ധതികളായ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ സ്റ്റുഡന്റ്സ് വിത്ത് ഡിസെബിലിറ്റീസ്, സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് കോളേജ് ആൻഡ് യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് എന്നിവയ്ക്കായി വിദ്യാർത്ഥികൾക്ക് 31 വരെ ഫ്രഷ് / റിന്യൂവൽ രജിസ്ട്രേഷൻ ചെയ്തു ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാം.കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്ലസ്വൺ മുതൽ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിൽ ഉൾപ്പെട്ട രണ്ടു ലക്ഷത്തിൽ കവിയാത്ത കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസിനും രണ്ടര ലക്ഷത്തിൽ കവിയാത്ത കുടുംബ വാർഷിക വരുമാനമുള്ള എല്ലാ വിഭാഗത്തിലും ഉള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ ഡിസബിലിറ്റീസിനായും അപേക്ഷിക്കാം. പ്ലസ് ടു തലത്തിൽ 80 ശതമാനത്തിൽ കുറയാതെ ഉയർന്ന മാർക്ക് നേടിയ എട്ടു ലക്ഷം രൂപയിൽ കവിയാതെ കുടുംബ വാർഷിക വരുമാനമുള്ള എല്ലാ വിഭാഗത്തിലെയും വിദ്യാർഥികൾക്ക് സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് അപേക്ഷിക്കാം. www.scholarships.gov.in ap-tJ-\ അപേക്ഷകൾ സമർപ്പിക്കാം. മാനുവൽ/ഓഫ്ലൈൻ അപേക്ഷകൾ പരിഗണിക്കില്ല. കൂടുതൽ വിവരങ്ങൾക്ക്: www.dcescholarship.kerala.gov.in, ഇ-മെയിൽ: postmatricscholarship@gmail.com, ഫോൺ :0471 2306580, 9446096580, 9446780308.

### ഒഴിവുകൾ

വനിതാ ശിശു വികസന വകുപ്പിന്റെ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകങ്ങളായ 14 ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലേക്കും 14 ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലേക്കും 2022 മാർച്ചിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓരോ ജില്ലയിലുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ ചെയർപേഴ്സന്റെ ഒരു ഒഴിവും മെമ്പർമാരുടെ നാല് ഒഴിവുകളുമാണുള്ളത്. ഓരോ ജില്ലയിലുള്ള ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ സോഷ്യൽ വർക്കർ മെമ്പർമാരുടെ രണ്ട് ഒഴിവുകളുമുണ്ട്. ഇതുസംബന്ധിച്ച വിജ്ഞാപനങ്ങൾ ഗസറ്റിലും വനിതാ ശിശു വികസന വകുപ്പിന്റെ (wcd.kerala.gov.in) വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. താത്പര്യമുള്ളവർ നിശ്ചിത ഫോമിലുള്ള അപേക്ഷകൾ ഡിസംബർ 27 ന് വൈകിട്ട് അഞ്ചിനു മുമ്പ് ''വനിതാശിശു വികസന ഡയറക്ടർ, സംയോജിത ശിശു സംരക്ഷണ പദ്ധതി, ജയിൽ കഫെറ്റീരിയക്കെതിർവശം, പൂജപ്പുര, തിരുവനന്തപുരം - 695012'' എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണമെന്ന് ഡയറക്ടർ അറിയിച്ചു.



# വയനാടൻ കുളിരുതേടി സഞ്ചാരികൾ

**കൽപ്പറ്റ** :ധനുക്കുളിരിൽ പുതഞ്ഞ വയനാടൻ താഴ്വാരങ്ങളും മഞ്ഞുപുതച്ച മലനിരകളും ആസ്വദിക്കാൻ രണ്ട് നാളുകളിലായി ചുരം കയറിയത് പതിനായിരങ്ങൾ. കോവിഡിനെ തുടർന്ന് അടച്ചുപൂട്ടിയ ടൂറിസം കേന്ദ്രങ്ങൾ വീണ്ടും തുറന്നശേഷം രണ്ട് ദിനങ്ങളിലായി റെക്കോഡ് സഞ്ചാരികളാണ് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിൽ എത്തിയത് . എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും തിരക്കിൽ വീർപ്പുമുട്ടി. ക്രിസ്മസ് ശനിയാഴ്ച ആയതിനാൽ രണ്ട് ദിവസം അടുപ്പിച്ച് അവധി കിട്ടിയതോടെയാണ് കൂടുതൽപേർ വിനോദത്തിനായി ജില്ലയിലേക്കൊഴുകിയത്. ഡിസംബർ സന്ധ്യ സിന്ദൂര മണഞ്ഞ ചുരം വ്യൂ പോയിന്റിലെ കാഴ്ച കാണാനും ആയിരങ്ങളെത്തി.ശനിയും ഞായറും കോഴിക്കോട് വയനാട് റൂട്ടിലെ ചുരം പാതയിൽ വാഹനങ്ങൾ തിങ്ങിനിറഞ്ഞു. കെഎസ്ആർടിസി, ലോറികൾക്ക് പുറമേ സ്വകാര്യ വാഹനങ്ങളും വർധിച്ചതോടെ പലയിടങ്ങളിലും ഗതാഗത തടസ്സമുണ്ടായി. ഞായർ കാലത്ത് ചുരത്തിൽ മണിക്കൂറുകളോളം ഗതാഗതം മുടങ്ങി. പൂക്കോട്, ബാണാസുരസാഗർ, കുറുവ, എടക്കൽ ഗുഹ, സൂചിപ്പാറ, കാന്തൻപാറ, കർളാട് തുടങ്ങി എല്ലാ കേന്ദ്രങ്ങളും ജനനിബിഡമായിരുന്നു. കൂടുതൽ സഞ്ചാരികളെത്തിയത് കെഎസ്ഇബിയുടെ നിയന്ത്രണത്തിലുള്ള ബാണാസുരസാഗറിലാണ്. 13,000 പേരാണ് ഞായറാഴ്ച എത്തിയത്. പൂക്കോട് 8201 , കാന്തൻപാറ 1749, കർളാട് 1776 എന്നിങ്ങനെയും സഞ്ചാരികളെത്തി .പരിധിയിൽ കവിഞ്ഞ എണ്ണം സഞ്ചാരികളെത്തിയതോടെ എടക്കൽ ഗുഹയിൽ നിരവധിപേർക്ക് സന്ദർശനം നടത്താൻ കഴിയാതെ മടങ്ങേണ്ടിവന്നു. 2018ൽ ഉണ്ടായ പ്രളയത്തിൽ ഗുഹാമുഖത്ത് കല്ല് വീഴുകയും പാതയിൽ വിള്ളലുണ്ടാവുകയും ചെയ്തതോടെയാണ് പുരാവസ്തുവകുപ്പ് ഇടപെട്ട് ഇവിടെ പ്രവേശന പാസ് നൽകുന്നത് പരിമിതപ്പെടുത്തിയത്. 1920 പേർക്കാണ് അനുമതി. അതിനുമുമ്പ് വരുന്ന ആളുകൾക്ക് മുഴുവൻ പ്രവേശനാനുമതിയുണ്ടായിരുന്നു. അക്കാലത്ത് ഒഴിവുദിനങ്ങളിൽ 8000 പേർ വരെ എത്തിയിരുന്നതായി ഡിടിപിസി എടക്കൽ ഗുഹയുടെ മാനേജർ പി പി പ്രവീൺ പറഞ്ഞു. രാവിലെ 9 മുതൽക്കാണ് ഇവിടെ ടിക്കറ്റ് കൊടുത്ത് തുടങ്ങുക. ശനി, ഞായർ ദിവസങ്ങളിൽ രണ്ട് മണിക്കൂറിനകം മുഴുവൻ ടിക്കറ്റുകളും തീർന്നു. എന്നാൽ ആയിരക്കണക്കിനുപേർ അപ്പോഴും ടിക്കറ്റിനായി ക്യൂവിലുണ്ടായിരുന്നു. പ്രവേശനാനുമതി ലഭിക്കാതായതോടെ അവരിൽ ഭൂരിഭാഗംപേർക്കും മടങ്ങേണ്ടിവന്നത് അസ്വാരസ്യത്തിനിടയാക്കി. ഗുഹയുടെ സുരക്ഷിതത്വത്തിന് ഭീഷണിയായതോടെയാണ് ഇവിടെ സന്ദർശകരുടെ എണ്ണം നിജപ്പെടുത്തിയതെന്ന് പ്രവീൺ പറഞ്ഞു. ഗുഹയിലുണ്ടായ വിള്ളലിനെക്കുറിച്ച് പഠനം നടത്താൻ രാജ്യത്തെ വിദഗ്ധരടങ്ങുന്ന പുരാവസ്തുവകുപ്പിന്റെ ഉന്നതതല സംഘം അടുത്തമാസം എത്തുമെന്നും അധികൃതർ അറിയിച്ചു.കാനനഭംഗി വഴിഞ്ഞൊഴുകുന്ന കുറുവ ദ്വീപിലും റെക്കോഡ് തകർത്ത് സഞ്ചാരികൾ. പക്ഷേ ഭൂരിഭാഗം പേർക്കും പാസ് കിട്ടിയില്ല. പാക്കം വഴിയും പാൽവെളിച്ചം വഴിയും രണ്ട് പ്രവേശനകവാടങ്ങളാണ് ഇവിടെയുള്ളത്. ഇരു ഭാഗത്തുമായി 575 പേർക്ക് വീതമാണ് പാസ് നൽകുന്നത്. ഒരു മണിക്കൂറിനകം പാസ് മുഴുവൻ തീർന്നു. ഇതോടെ സഞ്ചാരികൾക്ക് ദ്വീപിലെത്താൻ കഴിഞ്ഞില്ല. മുത്തങ്ങ വന്യജീവി സങ്കേതത്തിൽ സന്ദർശകത്തിരക്ക്. നൂറുക്കണക്കിന് പേരാണ് കഴിഞ്ഞ ദിവസങ്ങളിൽ മുത്തങ്ങയിലുമെത്തിയത്. നേരത്തേയെത്തി വനം വകുപ്പിന്റെ കൗണ്ടറിൽ നിന്നും ടിക്കറ്റ് വാങ്ങുന്ന യാത്രക്കാർക്ക് മാത്രമാണ് വന്യജീവി കേന്ദ്രത്തിനകത്തേക്കുള്ള പ്രവേശനം. വനം വകുപ്പിന് കീഴിലുള്ള ഇഡിസിയിൽ രജിസ്റ്റർ ചെയ്ത ജീപ്പുകളിൽ മാത്രമാണ് ഏഴ് പേർ വരെയുള്ള സംഘത്തിന് വന്യജീവി കേന്ദ്രത്തിൽ സഞ്ചരിക്കാനാവുക. ജീപ്പുകളുടെ എണ്ണം രാവിലെ 40ഉം വൈകീട്ട് 20ഉം ആയി നിജപ്പെടുത്തിയതിനാൽ വന്യജീവി കേന്ദ്രം സന്ദർശിക്കാനെത്തിയ എൺപത് ശതമാനം പേർക്കും കഴിഞ്ഞ ദിവസങ്ങളിൽ ടിക്കറ്റ് ലഭിക്കാതെ മടങ്ങേണ്ടി വന്നു.



## കുറുക്കൻമൂലയിലെ കടുവ: തിരച്ചിൽ നിർത്തിയേക്കും

**മാനന്തവാടി:** കഴിഞ്ഞ 28 ദിവസമായി കുറുക്കൻമൂല പ്രദേശത്തെ ഭീതിയിലാഴ്ത്തിയ കടുവയെ കണ്ടെത്താനായി 18 ദിവസമായി നടത്തുന്ന തിരച്ചിൽ അവസാനിപ്പിച്ചേക്കും.ഒമ്പത് ദിവസമായി വളർത്തുമൃഗങ്ങളെയൊന്നും പിടിക്കാതിരിക്കുകയും കാടടച്ച് നടത്തിയ തിരച്ചിലിൽ കണ്ടെത്താനാവാതിരിക്കുകയും കാമറ ട്രാപ്പിൽ ഫോട്ടോ പതിയാത്ത സാഹചര്യത്തിലുമാണ് തിരച്ചിൽ നിർത്തുന്നതിനെക്കുറിച്ച് വനം വകുപ്പ് ആലോചന തുടങ്ങിയത്. തിങ്കളാഴ്ച ജില്ല കലക്ടർ വിളിച്ചുചേർക്കുന്ന വനം, റവന്യൂ, പൊലീസ് ഉന്നതതല യോഗത്തിലാണ് തുടർനടപടികൾ സ്വീകരിക്കുക. ശനി, ഞായർ ദിവസങ്ങളിലും തിരച്ചിൽ നടത്തിയെങ്കിലും ഒരു ഫലവും ഉണ്ടായില്ല. കൈതക്കൊല്ലി, നരിമാന്തിക്കൊല്ലി തുടങ്ങിയ പ്രദേശങ്ങളിലായിരുന്നു തിരച്ചിൽ.

## ലാപ്ടോപ്പുകൾ തിരിച്ചുനൽകി ആദിവാസി വിദ്യാർഥികൾ

**വെള്ളമുണ്ട:** വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് ആറാം വാർഡിലെ ഉണ്ടാടി പണിയ കോളനിയിലെ ആറാംതരം വിദ്യാർഥി അഞ്ജലിയുടെ നിരാശയൂറുന്ന വാക്കുകളാണിത്.അഞ്ജലിക്കൊപ്പം ഇതേ കോളനിയിലെ അമൃത, മനു ബാബു, ശ്രീഹരി എന്നിവരും പത്താം തരത്തിൽ പഠിക്കുന്ന അമൃതയും ഒമ്പതാം ക്ലാസിൽ പഠിക്കുന്ന അരുൺജിതും ലാപ്ടോപ് വാങ്ങാതെ തിരിച്ചേൽപിക്കുകയായിരുന്നു.സമീപ കോളനിയിലുള്ള കുട്ടികളെല്ലാം ലാപടോപ് ഉപയോഗിക്കുന്നത് കാണുമ്പോൾ തങ്ങൾക്കും ആഗ്രഹമുണ്ടെങ്കിലും വൈദ്യുതിയില്ലാതെ എങ്ങനെ എന്ന ചോദ്യം ബാക്കിയാവുന്നു. പ്ലാസ്റ്റിക് ഷീറ്റുകൊണ്ട് മറച്ച കൂരകളിലാണ് ഇവരെല്ലാം താമസിക്കുന്നത്. കാറ്റടിച്ചാൽ പറന്നുപോകുന്ന കൂരകളിൽ ലാപടോപ് സൂക്ഷിക്കാനുള്ള ഭയവും ഇവരെ പിന്നോട്ടടിപ്പിക്കുന്നു.വെള്ളമുണ്ട ഗ്രാമപഞ്ചായത്തി!ന്റെ മൂക്കിന് താഴെയുള്ള കോളനിയാണിതെങ്കിലും വികസനം ഇവിടേക്ക് എത്തിനോക്കിയിട്ടില്ല. കോളനിമുറ്റത്ത് വൈദ്യുതിത്തൂണുണ്ടെങ്കിലും ഷെഡുകളിൽ വൈദ്യുതി നൽകാനാവില്ലെന്ന ചട്ടമാണ് തിരിച്ചടിയായത്.ലാപടോപ് കിട്ടിയിട്ടും ഉപയോഗിക്കാനാവാതെ നിരാശരായ ആദിവാസി വിദ്യാർഥികൾ നിരവധിയാണ്. സമീപത്തെ പല സ്ഥലങ്ങളിലും സമാന അനുഭവങ്ങൾ ഏറെയാണ്.പൊതു വിദ്യാഭ്യാസ വകുപ്പിൻെറ വിദ്യാകിരണം പദ്ധതി പ്രകാരം വിതരണം തുടങ്ങിയ ലാപടോപ്പുകളാണ് കൃത്യമായി ഉപയോഗിക്കാൻ കഴിയാതെ ആദിവാസി വിദ്യാർഥികൾ പ്രയാസപ്പെടുന്നത്.ഓൺലൈൻ ക്ലാസുകൾ കേൾക്കുന്നതിനാണ് പ്രധാനമായും ലാപ്ടോപ്പുകൾ നൽകാൻ സർക്കാർ തീരുമാനിച്ചത്. ജില്ലയിൽ 17,000ത്തിലധികം ലാപ്ടോപ്പുകളാണ് വിതരണം ചെയ്യുന്നത്. ആദിവാസി വിഭാഗത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പണിയ വിഭാഗത്തിലെ വിദ്യാർഥികളാണ് ലാപ്ടോപ് ഉപയോഗിക്കാനാവാതെ വട്ടംകറങ്ങുന്നത്.

### ഡെപ്യൂട്ടേഷൻ ഒഴിവ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, കാസർഗോഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികകളിലെ ഒഴിവുകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അപേക്ഷ ക്ഷണിച്ചു. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സൂപ്പർവൈസറി കേഡറിൽ ജോലി ചെയ്യുന്ന 43,400-92,200 ശമ്പള സ്കെയിലുള്ള ജീവനക്കാർക്ക് അപേക്ഷിക്കാം. അപേക്ഷകൾ ചീഫ് എക്സിക്യൂട്ടീവ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, എസ്.എൻ.പാർക്ക്, പൂത്തോൾ.പി.ഒ, പിൻ: 680004, ഫോൺ: 0487 2386871 എന്ന വിലാസത്തിൽ 2022 ജനുവരി 15 നകം ലഭിക്കണം.

### കാട്ടാനക്കൂട്ടം പതിവായി റോഡിൽ

**ഗൂഡല്ലൂർ:** മുതുമല -തൊപ്പക്കാട്- മസിനഗുഡി റോഡിൽ കാട്ടാനക്കൂട്ടം പതിവായി ഇറങ്ങുന്നു. വൈകിട്ടും രാത്രിയുമാണ് കൂടുതൽ. മസിനഗുഡി മായാർ റോഡ്, തുറപ്പള്ളി കക്ക നല്ല റോഡ് എന്നീ ഭാഗങ്ങളിലെല്ലാം വൈകിട്ടും അതിരാവിലെയും രാത്രിയിലും കാട്ടാനകൾ കുട്ടികളുമായി റോഡിൽ ഇറങ്ങുന്നുണ്ട് . കേരള -തമിഴ്നാട് -കർണാടക ഭാഗങ്ങളിൽനിന്നും ക്രിസ്മസ്-പുതുവത്സര അവധി പ്രമാണിച്ച് നീലഗിരിയിലേക്ക് നിരവധി സഞ്ചാരികളെത്തുന്നുണ്ട്.കാട്ടാനകൾ റോഡിൽ നിൽക്കുമ്പോൾ ഫോട്ടോ എടുക്കാനോ ശബ്ദം ഉണ്ടാക്കാനോ പാടില്ലെന്നും വാഹനത്തിൽ നിന്നിറങ്ങി കാട്ടാന ഉൾപ്പെടെയുള്ള ജീവികളെ നോക്കി നിൽക്കരുതെന്നും വനംവകുപ്പ് മുന്നറിയിപ്പ് നൽകി.

### ഒമിക്രോൺ: അതിർത്തികളിൽ പരിശോധന ശക്തമാക്കി

**ഗൂഡല്ലൂർ:** തമിഴ്നാട്, കേരളം, കർണാടക എന്നീ സംസ്ഥാന ജില്ല അതിർത്തി ചെക്ക്പോസ്റ്റുകളിൽ വാഹന പരിശോധന കർശനമാക്കി. കോവിഡ്, ഒമിക്രോൺ ലോക്ഡൗൺ മാനദണ്ഡങ്ങൾപ്രകാരമുള്ള പരിശോധനകളാണ് ജില്ല അതിർത്തികളായ ചോലാടി, നമ്പ്യാർകുന്ന്, പാട്ടവയൽ, നാടുകാണി, കക്കനഹള്ളി, ബർളായർ, കുഞ്ചപ്പന എന്നീ ചെക്ക്പോസ്റ്റുകളിൽ കർശനമാക്കിയത്.




### ബി.എസ്.എൻ.എൽ ജീവനക്കാരുടെ കൂട്ടായ്മയിൽ മൂന്നു കോളനികളിലെ വിദ്യാർഥികൾക്ക് ഇൻറർനെറ്റ് സൗകര്യമായി

**കൽപറ്റ:** മാനന്തവാടി താലൂക്കിലെ പ്ലാമൂല, ഓലഞ്ചേരി, വരിനിലം ആദിവാസി കോളനികൾ, കോഴിക്കോട്-വയനാട് ജില്ലയിലെ ബി.എസ്.എൻ.എൽ ജീവനക്കാരുടെ കൂട്ടായ്മയിൽ ഓൺലൈനാകുന്നു. പദ്ധതിയുടെ ഔദ്യോഗിക രേഖകൾ കലക്ടർ എ. ഗീതക്ക് കോഴിക്കോട് ബി.എസ്.എൻ.എൽ ജനറൽ മാനേജർ സാനിയ അബ്ദുൽ ലത്തീഫ് കൈമാറി. വയനാട് ഡിവിഷനൽ എൻജിനീയർ കെ. സുനിൽ, ജീവനക്കാരുടെ പ്രതിനിധികളായ എ.ജി. ചന്ദ്രൻ, സി.ടി. ഉലഹന്നാൻ, അലക്സ് പോത്തൻ എന്നിവർ പങ്കെടുത്തു.ആദിവാസി മേഖലയിലേക്ക് ഒപ്റ്റിക്കൽ ഫൈബർ കേബ്ൾ എത്തിച്ചാണ് ഇൻറർനെറ്റ് വൈഫൈ സേവനം ലഭ്യമാക്കിയത്. ബി.എസ്.എൻ.എൽ അംഗീകൃത കേബ്ൾ ഓപറേറ്ററായ എസ് ഫോർ കേബ്ൾ വിഷനുമായി സഹകരിച്ചാണ് പദ്ധതി. ജില്ല പട്ടികവർഗ വികസന ഓഫിസി!ന്റെ അനുവാദത്തോടെ നൽകിയ കണക്ഷൻ ഈ കോളനികളിലെ കുട്ടികളുടെ ഓൺലൈൻ പഠനത്തിന് സഹായകമാവും. 100 എം.ബി.പി.എസ് വേഗമുള്ള ഇൻറർനെറ്റ് കണക്ഷനാണ് നൽകിയത്.ആധുനിക ടെലികോം സംവിധാനങ്ങൾ അപ്രാപ്യമായ വിദൂര ട്രൈബൽ സെറ്റിൽമെൻറുകളിലെ വിദ്യാർഥികൾക്ക് വിദ്യാഭ്യാസാവശ്യത്തിനു വേണ്ടിയാണ് ബി.എസ്.എൻ.എൽ ജീവനക്കാരുടെ കൂട്ടായ്മ ഇത്തരമൊരു ശ്രമം നടത്തിയത്. ഒരു തരത്തിലുള്ള ടെലികോം സേവനങ്ങളും ലഭ്യമല്ലാത്ത അമ്പതിലധികം സ്ഥലങ്ങളിലും ഭാഗികമായി മാത്രം ടെലികോം സേവനങ്ങൾ ലഭ്യമായ നൂറോളം കോളനികളിലും ഇൻറർനെറ്റ് ലഭ്യമാക്കേണ്ടതായി ജില്ല ഭരണകൂടം കണ്ടെത്തിയിരുന്നു.ഇതിൽ ഉൾപ്പെടുന്ന മൂന്നു കോളനികളാണ് ബി.എസ്.എൻ.എൽ ജീവനക്കാരുടെ കൂട്ടായ്മയായ സ്പോർട്സ് ആൻഡ് കൾചറൽ ബോർഡ് ഒരു വർഷത്തേക്ക് സ്പോൺസർ ചെയ്തത്.ജില്ല ഭരണകൂടത്തി!ന്റെ നിർദേശപ്രകാരം മറ്റ് 150ഓളം ട്രൈബൽ കോളനികളിൽ ഇൻറർനെറ്റ് കണക്ഷൻ നൽകുന്ന പ്രക്രിയ വിവിധ ഘട്ടങ്ങളിലാണ്. ഒപ്റ്റിക്കൽ കേബ്ൾ സാങ്കേതിക വിദ്യയിലൂടെയാണ് ഈ കോളനികളിൽ ഇൻറർനെറ്റ് നൽകുന്നത്.

KANNUR

# വൈസ് അഡ്മിറൽ പുനീത് കെ ബാൽ ഏഴിമല നേവൽ അക്കാദമി കമാൻഡന്റ്

ഏഴിമല ഇന്ത്യൻ നേവൽ അക്കാദമി കമാൻഡന്റായി വൈസ് അഡ്മിറൽ പുനീത് കെ ബാൽ ചുമതലയേറ്റു. ഞായറാഴ്ചയാണ് അദ്ദേഹം ചുമതല ഏറ്റെടുത്തത്. അതിവിശിഷ്ട സേവാമെഡൽ, വിശിഷ്ട സേവാമെഡൽ എന്നിവ നേടിയിട്ടുണ്ട്. 1984 ജൂലൈ ഒന്നിനാണ് ഇന്ത്യൻ നാവിക സേനയിൽ കമ്മീഷൻഡ് ഓഫീസറായത്. എൻഡിഎ ഖഡക്വാസ്ലയിലായിരുന്നു പഠനം. ഭാര്യ: അഞ്ജലി ബാൽ. മക്കൾ: ധ്രുവ്, റോബിൻ







# ഇരിവേരി സി എച്ച് സി പ്രതിരോധ കുത്തിവെപ്പ് ബ്ലോക്ക് മന്ത്രി ഉദ്ഘാടനം ചെയ്തു

**കണ്ണൂർ** ജനകീയ ഇടപെടലുകളിലൂടെ ആരോഗ്യമേഖലയെ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോവാൻ കഴിഞ്ഞതായി തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ. ഇരിവേരി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ രോഗ പ്രതിരോധ കുത്തിവെപ്പ് ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആർദ്രം മിഷനിലൂടെ ആരോഗ്യരംഗത്ത് അതിശയിപ്പിക്കുന്ന മാറ്റങ്ങളുണ്ടാക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. കൊവിഡ് ബാധിതരിൽ അനുബന്ധ രോഗമുള്ളവരെ എങ്ങനെ ചികിൽസിക്കണമെന്ന മാതൃക കേരളം ലോകത്തിന് കാട്ടിക്കൊടുത്തു. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ വികസിത രാജ്യങ്ങളേക്കാൾ മികച്ച പ്രവർത്തനങ്ങളാണ് നാം നടത്തിയത്. രാജ്യത്ത് ഏറ്റവും നല്ല രീതിയിൽ വാക്സിനേഷൻ നൽകിയ സംസ്ഥാനമാണ് കേരളം. മനുഷ്യന്റെ ജീവിതം അനുദിനം മെച്ചപ്പെടുത്തിയാണ് നാം മുന്നോട്ട് പോകുന്നത്. നല്ല പാർപ്പിടം, ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാനപരമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ജനങ്ങൾക്ക് നല്ല രീതിയിൽ ജീവിക്കാനുള്ള പശ്ചാത്തലം നമ്മുടെ സംസ്ഥാനത്തുണ്ടെന്നും മന്ത്രി പറഞ്ഞു. എടക്കാട് ബ്ലോക്ക് പഞ്ചായത്ത് 2019-2020 വാർഷിക പദ്ധതിയിൽ നിന്നും 12.6 ലക്ഷം രൂപ ചെലവിലാണ് ബ്ലോക്ക് നിർമ്മിച്ചത്. കുട്ടികൾക്കും ഗർഭിണികൾക്കുമുള്ള രോഗപ്രതിരോധ കുത്തിവെപ്പ് സംവിധാനം ആധുനിക രീതിയിൽ ഒരുക്കുന്നതിനാണിത്. എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പി കെ പ്രമീള അധ്യക്ഷയായി. ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ വി കെ സുരേഷ്ബാബു, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ പി ബാലഗോപാലൻ, സ്ഥിരം സമിതി അധ്യക്ഷരായ സി എം പ്രസീത ടീച്ചർ, കെ മുംതാസ്, ചെമ്പിലോട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ ദാമോദരൻ, അംഗം എം വി അനിൽകുമാർ, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് ജോയിന്റ് ബി ഡി ഒ രജിത, ഇരിവേരി സി എച്ച് സി മെഡിക്കൽ ഓഫീസർ ഡോ കെ മായ, വിവിധ രാഷ്ട്രീയ-സാമൂഹ്യ പ്രതിനിധികൾ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# മുഖ്യമന്ത്രി തെറ്റിദ്ധാരണ പരത്തുന്നു: മൂവാറ്റുപുഴ അഷ്റഫ് മൗലവി



**കണ്ണൂർ:** ആർഎസ്എസ്സിനെ വിമർശിക്കുമ്പോഴുള്ള പരിമിതി മറികടക്കുന്നതിന് തൂക്കമൊപ്പിക്കാൻ മറ്റുള്ളവരെ ചേർത്തു പറഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ കേരളത്തിന്റെ മതനിരപേക്ഷ സമൂഹത്തെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണെന്ന് എസ്ഡിപിഐ സംസ്ഥാന പ്രസിഡന്റ് മൂവാറ്റുപുഴ അഷ്റഫ് മൗലവി വാർത്താസമ്മേളനത്തിൽ പറഞ്ഞു. മുഖ്യമന്ത്രി സംസ്ഥാനത്ത് ഫാഷിസ്റ്റ് രാഷ്ട്രീയത്തിന് വളക്കൂറുള്ള മണ്ണൊരുക്കുകയാണ്. തനിക്ക് ശേഷം ഫാഷിസ്റ്റ് സർക്കാർ കേരളത്തിൽ അധികാരത്തിൽ വന്നാലും പ്രശ്നമില്ലെന്ന അപകടകരമായ നിലപാടാണ് മുഖ്യമന്ത്രിക്ക്. പരസ്യമായ വംശഹത്യയ്ക്ക് ആഹ്വാനം ചെയ്തും കലാപങ്ങൾ സൃഷ്ടിച്ചും സംഹാര താണ്ഡവമാടുന്ന ആർഎസ്എസ്സിനെ ഇരകളുമായി സമീകരിക്കുന്നത് സാമാന്യ യുക്തിക്ക് നിരക്കുന്നതല്ല. അടിസ്ഥാന രഹിതമായ ആരോപണങ്ങൾ പിൻവലിക്കാൻ മുഖ്യമന്ത്രി തയ്യാറാവണം. മുഖ്യമന്ത്രിയുടെ പ്രചാരണങ്ങൾ തൃപുരയിലേതിനു സമാനമായ സാഹചര്യം സൃഷ്ടിക്കും. ഒറ്റ രാത്രി കൊണ്ട് ഉണ്ടായ മാനസിക മാറ്റമായിരുന്നില്ല അവിടെ. മൂന്നു പതിറ്റാണ്ടിന്റെ മാർക്സിസ്റ്റ് ഭരണം വഴിമാറിയത് ഫാഷിസ്റ്റ് വാഴ്ചയ്ക്കായിരുന്നു എന്നത് പിണറായി വിജയൻ മറക്കരുത്. ഫാഷിസ്റ്റ് അനുകൂല പൊതുബോധം സൃഷ്ടിക്കുന്ന തരത്തിലാണ് മുഖ്യമന്ത്രി അടിസ്ഥാന രഹിതമായ ആരോപണങ്ങളുന്നയിക്കുന്നത്. ഫാഷിസ്റ്റ് വക്താവായ ടി പി സെൻകുമാറിന്റെ ഉപദേശത്തിൽ മതിമറന്നാണ് വി എസ് അച്യുതാനന്ദൻ 20 വർഷം കൊണ്ട് കേരളം ഇസ്ലാമിക രാജ്യമാകുമെന്ന് പ്രഖ്യാപിച്ചത്. സെൻകുമാറിനെ തിരിച്ചറിഞ്ഞിട്ടും പ്രസ്താവന തിരുത്താൻ വി എസ് തയ്യാറായിട്ടില്ല. അടിസ്ഥാന സാമൂഹിക വിഭാഗങ്ങളുടെ വിഷയത്തിൽ പക്ഷപാതപരമായ നിലപാട് സ്വീകരിക്കുന്ന മുഖ്യമന്ത്രി ചില വിഭാഗങ്ങളെ പ്രീണിപ്പിക്കുകയാണെന്നും മൂവാറ്റുപുഴ അഷ്റഫ് മൗലവി വ്യക്തമാക്കി. വാർത്താസമ്മേളനത്തിൽ എസ്ഡിപിഐ സംസ്ഥാന സെക്രട്ടറി കെ കെ അബ്ദുൽ ജബ്ബാർ, ജില്ലാ പ്രസിഡന്റ് എ സി ജലാലുദ്ദീൻ സംബന്ധിച്ചു.




# ലെവൽ ക്രോസ് അടച്ചിടും

**തളിപ്പറമ്പ്-കണ്ണപുരം** റോഡിൽ കണ്ണപുരം-പഴയങ്ങാടി സ്റ്റേഷനുകൾക്കിടയിലുള്ള 253ാം നമ്പർ ലെവൽ ക്രോസ് ഡിസംബർ 30 രാവിലെ എട്ട് മണി മുതൽ ജനുവരി ആറ് രാത്രി എട്ട് വരെ അറ്റകുറ്റപണികൾക്കായി അടച്ചിടുമെന്ന് അസി ഡിവിഷണൽ എഞ്ചിനീയർ അറിയിച്ചു.

# 25 ലിറ്റർ ചാരായവുമായി യുവാവ് അറസ്റ്റിൽ

**ആലക്കോട്:** വാറ്റു കേന്ദ്രത്തിൽ എക്സൈസ് സംഘം നടത്തിയ റെയ്ഡിൽ 25 ലിറ്റർ ചാരായവുമായി യുവാവിനെ അറസ്റ്റു ചെയ്തു. വെള്ളാട് ആശാൻ കവലയിലെ പേ ളായിൽ വീട്ടിൽ സൺ സി(36)നെയാണ് റേഞ്ച് എക്സൈസ് ഓഫീസിലെ അസ്സി:എക്സൈസ് ഇൻസ്പെക്ടർ ടി എച്ച് ഷെഫീക്കും സംഘവും പിടികൂടിയത്.

രഹസ്യവിവരത്തെ തുടർന്ന് വെള്ളാട് ആശാൻ കവല, തുരുമ്പി, കനകക്കുന്ന്, ഭാഗങ്ങളിൽ പരിശോധന നടത്തുന്നതിനിടെ ആശാൻ കവലയിയിലെ പ്രതിയുടെ വീട്ടിൽ വെച്ചാണ് പ്ലാസ്റ്റിക് കന്നാസിൽ സൂക്ഷിച്ച 25ലിറ്റർ ചാരായം പിടികൂടിയത്. റെയ്ഡിൽ പ്രിവന്റീവ് ഓഫിസർ അഹമ്മദ് കെപ്രിവന്റീവ് ഓഫീസർ ഗ്രേഡ് സാജൻ കെ.കെ, സിവിൽ എക്സൈസ് ഓഫീസർമാരായ പെൻസ് പി. ശ്രീജിത്ത് വി, വി.ധനേഷ്, ഷിബു സി.കെ, വനിതാ സിവിൽ എക്സൈസ് ഓഫീസർ മുനീറ.എം എന്നിവരും ഉണ്ടായിരുന്നു.



## അറിയിപ്പ്



### ക്വട്ടേഷൻ ക്ഷണിച്ചു

കണ്ണൂർ ഗവ.എഞ്ചിനീയറിങ് കോളേജിലെ ഇ സി ഇ വകുപ്പിലെ വിവിധ ലാബുകളിൽ ഇലക്ട്രോണിക് ഘടകങ്ങൾ സൂക്ഷിക്കുന്നതിനായുള്ള കോമ്പൗണ്ട് ഓർഗനൈസറിന് ക്വട്ടേഷൻ ക്ഷണിച്ചു. ഡിസംബർ 22ന് ഉച്ചക്ക് 12.30 വരെ ക്വട്ടേഷൻ സ്വീകരിക്കും. കോളേജിലെ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ് വിദ്യാർഥികൾക്ക് ടൈനി എഫ്പിജിഎസ് ബോർഡ് വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ഡിസംബർ 27ന് ഉച്ചക്ക് 12.30 വരെ ക്വട്ടേഷൻ സ്വീകരിക്കും. കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിങ് വകുപ്പിലെ ഡൈനാമിക്സ് ലാബിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഇൻസ്റ്റാലേഷനും ക്വട്ടേഷൻ ക്ഷണിച്ചു. ഡിസംബർ 23ന് ഉച്ചക്ക് 12 മണി വരെ ക്വട്ടേഷൻ സ്വീകരിക്കും. ഫോൺ: 0497 2780226.

### അപേക്ഷ ക്ഷണിച്ചു

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് 2021-22 വർഷത്തേക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോറം ജില്ലാ ഓഫീസുകളിലും www.kmtwwfb.org ലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ ഡിസംബർ 31നകം ജില്ലാ ഓഫീസുകളിൽ ലഭിക്കണം.

### ലേലം

വനംവകുപ്പിന്റെ കണ്ണോത്ത് ഗവ. ടിമ്പർ ഡിപ്പോയിൽ തേക്ക് ഉൾപ്പെടെയുള്ള തടികളുടെ ലേലം ഡിസംബർ എട്ട്, 24 തീയതികളിൽ നടക്കും. ഓൺലൈൻ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ www.mstcecommerce.com ൽ രജിസ്റ്റർ ചെയ്യണം. പാൻകാർഡ്, ദേശസാൽകൃത ബാങ്ക് പാസ് ബുക്ക്, ആധാർ/തിരിച്ചറിയൽ കാർഡ്, ഇ-മെയിൽ വിലാസം, ജിഎസ്ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (കച്ചവടക്കാർ) എന്നിവ സഹിതം ഡിപ്പോയിൽ നേരിട്ടെത്തിയും രജിസ്റ്റർ ചെയ്യാം. ഫോൺ: 0490 2302080.

### അദാലത്ത് ജനുവരി 29ന്

ജില്ലയിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി അദാലത്ത് സംഘടിപ്പിക്കുന്നു. ആദ്യഘട്ടം എന്ന നിലയിൽ ജനുവരി 29ന് ആറളം ഫാം സ്കൂളിലാണ് അദാലത്ത് സംഘടിപ്പിക്കുക. തുടർന്ന് താലൂക്ക് തല അദാലത്തുകൾ നടത്തും. ജനുവരി 15 നകം പരാതികൾ സ്വീകരിക്കും. നേരിട്ടുള്ള പരാതികളും അദാലത്തിൽ സ്വീകരിക്കും. ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ ചേർന്ന ഐ ടി ഡി പി, മറ്റ് വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ് തീരുമാനം. പട്ടിക വർഗ്ഗ കോളനികളിലുള്ളവർക്ക് സേവനങ്ങൾ നേരിട്ട് ലഭ്യമാക്കുന്നതിനാണിത്. പ്രൊമോട്ടർമാർ അപേക്ഷകൾ സ്വീകരിക്കുകയും ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുകയും ചെയ്യും. അപേക്ഷയുമായി ബന്ധപ്പെട്ട് ഫോട്ടോ ഇല്ലാത്തവർക്ക് ഫോട്ടോ എടുക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തും. സൗജന്യമായാണ് എല്ലാ സേവനങ്ങളും ലഭ്യമാക്കുക. പുതിയ ആധാർ എടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഗ്രൂപ്പ് എ ഓഫീസറെ അദാലത്തിൽ നിയമിക്കണമെന്ന് നിർദ്ദേശം യോഗത്തിൽ ഉയർന്നു.

ആറളം ഫാം സ്കൂളിലെ കുട്ടികളുടെ കൊഴിഞ്ഞു പോക്ക്, ഫാമിലെ പാലങ്ങളുടെയും റോഡുകളുടെയും നിർമാണ പ്രവൃത്തികൾ, ആന ശല്യം തുടങ്ങിയ കാര്യങ്ങളും യോഗം ചർച്ച ചെയ്തു. ഇവ പരിഹരിക്കുന്നതിന് വേ നടപടികൾ സ്വീകരിക്കാൻ ജില്ലാ കലക്ടർ നിർദ്ദേശിച്ചു. ഫാമിൽ വേനൽക്കാലങ്ങളിൽ രൂക്ഷമാകുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്കുകളിൽ കിണർ കുഴിക്കുന്നതിന് യോഗത്തിൽ തീരുമാനമായി. രാത്രികാലങ്ങളിൽ രോഗികളെ ആശുപത്രിയിൽ എത്തിക്കാൻ ആംബുലൻസ് ഒരുക്കുന്നതിന് വേ നടപടികൾ സ്വീകരിക്കുമെന്ന് ഐ ടി ഡി പി പ്രൊജക്ട് ഓഫീസർ യോഗത്തെ അറിയിച്ചു.

### താൽക്കാലിക ഒഴിവ്

കുറുമാത്തൂർ ഗവ ഐടിഐയിൽ ഇലക്ട്രോണിക്സ് മെക്കാനിക് ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടറുടെ താൽക്കാലിക ഒഴിവ്. ഇലക്ട്രോണിക്സ്/ഇലക്ട്രോണിക്സ് ആന്റ് ടെലികമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിൽ ഡിഗ്രിയും ഒരു വർഷത്തെ പ്രവൃത്തി പരിചയം. അല്ലെങ്കിൽ ഇലക്ട്രോണിക്സ്/ഇലക്ട്രോണിക്സ് ആന്റ് ടെലികമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിൽ ഡിപ്ലോമയും രണ്ട് വർഷത്തെ പ്രവൃത്തി പരിചയം അല്ലെങ്കിൽ എൻഎസി/എൻടിസിയും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ഡിസംബർ 30ന് രാവിലെ 11 മണിക്ക് ഓഫീസിൽ കൂടിക്കാഴ്ചക്ക് ഹാജരാകണം. ഫോൺ: 0460 2225450, 9497639626.



### വൈദ്യുതി മുടങ്ങും

പയ്യന്നൂർ ഇലക്ട്രിക്കൽ സെക്ഷനിലെ മൂരിക്കൊവ്വൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, അനാമയ ഹോസ്പറ്റൽ, അന്നൂർ ആയുർവേദ റോഡ്, ടെലഫോൺ ക്വാർട്ടേർസ്, മുത്തപ്പൻ റോഡ്, കോളനി റോഡ്, കാര, തായിനേരി, പള്ളി ഹാജി, കൊയാക്സിൽ, ഉളിയം എന്നീ പ്രദേശങ്ങളിൽ ഡിസംബർ 28 ചൊവ്വ രാവിലെ ഒമ്പത് മണി മുതൽ വൈകിട്ട് അഞ്ച് വരെ വൈദ്യുതി മുടങ്ങും. കാടാച്ചിറ ഇലക്ട്രിക്കൽ സെക്ഷനിലെ ഈരണിപ്പാലം, മാതൃഭൂമി, ഫോക്സ്വാഗൺ എന്നീ ട്രാൻസ്ഫോർമർ പരിധിയിൽ ഡിസംബർ 28 ചൊവ്വ രാവിലെ ഒമ്പത് മണി മുതൽ രാവിലെ 11 വരെ വൈദ്യുതി മുടങ്ങും. കണ്ണൂർ ഇലക്ട്രിക്കൽ സെക്ഷനിലെ മാണിക്കക്കാവ്, ഇഎസ്ഐ, മാണിക്കക്കാവ് സ്കൂൾ, സന്തോഷ് പീടിക, ഭാഗങ്ങളിൽ ഡിസംബർ 28 ചൊവ്വ രാവിലെ ഒമ്പത് മണി മുതൽ വൈകിട്ട് അഞ്ച് വരെ വൈദ്യുതി മുടങ്ങും. കൊളച്ചേരി ഇലക്ട്രിക്കൽ സെക്ഷനിലെ പറശ്ശിനിപാലം, പറശ്ശിനി റോഡ്, സലാം പീടിക, നാണിയൂർ നംമ്പ്രം, അരിമ്പ്ര, ചാത്തോത്തുകുന്ന്, കുറ്റിച്ചിറ ട്രാൻസ്ഫോർ പരിധിയിൽ ഡിസംബർ 28 ചൊവ്വ രാവിലെ ഒമ്പത് മണി മുതൽ വൈകിട്ട് 5.30 വരെ വൈദ്യുതി മുടങ്ങും. അഴീക്കോട് ഇലക്ട്രിക്കൽ സെക്ഷനിലെ ഓലാടത്താഴെ, ഉപ്പായിച്ചാൽ, ചക്കിപീടിക, നാഷണൽ പ്ലൈ വുഡ് എന്നീ ട്രാൻസ്ഫോർമർ പരിധിയിൽ ഡിസംബർ 28 ചൊവ്വ രാവിലെ ഒമ്പത് മണി മുതൽ വൈകിട്ട് അഞ്ച് വരെ വൈദ്യുതി മുടങ്ങും.



### വാക് ഇൻ ഇന്റർവ്യു

ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ ഐടിപി തസ്തികയിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു. പിഎം എ വൈ/ പിഎംകെ എസ്വൈ/ റർബൻ സ്കീമുകളുടെ എംഐഎസ് കൈകാര്യം ചെയ്യണം. ബിടെക് ഐടി/സിവിൽ യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് വാക്-ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം. താല്പര്യമുള്ളവർ ഡിസംബർ 30 വൈകിട്ട് മൂന്ന് മണിക്കകം ബയോഡാറ്റയും അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിൽ നേരിട്ട് ഹാജരാക്കണം. ഫോൺ :0497 2700143.

### സഹകരണ വികസന ക്ഷേമനിധി ബോർഡ്: ധനസഹായ വിതരണം ബുധനാഴ്ച

സംസ്ഥാന സഹകരണ വികസന ക്ഷേമനിധി ബോർഡ് ജില്ലയിൽ ഡിസംബർ 29 ബുധനാഴ്ച ഏഴ് കോടി രൂപ ധനസഹായമായി വിതരണം ചെയ്യും. രാവിലെ 10ന് കേരളാ ബാങ്ക് ഹാളിൽ നടക്കുന്ന പരിപാടി സഹകരണ വകുപ്പ് മന്ത്രി വി എൻ വാസവൻ ഉദ്ഘാടനം ചെയ്യും. ജില്ലയിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്ന് വായ്പ എടുത്ത ശേഷം മരണപ്പെടുകയോ, മാരക രോഗം ബാധിക്കുകയായോ ചെയ്തവർക്കുള്ള ധനസഹായമായി 7,20,50,232 രൂപയാണ് ബുധനാഴ്ച്ച വിതരണം ചെയ്യുക. ബോർഡിൽ വിവിധ സഹായത്തിനായി അപേക്ഷിച്ച ഫയലുകളിന്മേലുള്ള തീർപ്പാക്കൽ അദാലത്തും ഇതോടൊപ്പം നടക്കും. റിസ്ക് ഫണ്ട് ഇനത്തിൽ മരണാനന്തര ധനസഹായമായി 804 അപേക്ഷകളിൽ 5,72,05,518 രൂപ, ചികിത്സാ സഹായമായി 1066 പേർക്ക് 1, 48, 44,714 രൂപയുമാണ് നൽകുക. രാമചന്ദ്രൻ കടന്നപ്പള്ളി എം എൽ എ അധ്യക്ഷനാകും. സഹകരണ വികസന ക്ഷേമനിധി ബോർഡ് വൈസ് ചെയർമാൻ സി കെ ശശീന്ദ്രൻ, ജില്ലയിലെ പ്രമുഖ സഹകാരികൾ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

### സീറ്റൊഴിവ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജ് ടീച്ചർ എഡ്യുക്കേഷൻ അടൂർ സെന്ററിൽ ഹിന്ദി ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ കോഴ്സിന് ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. പിഎസ്സി അംഗീകരിച്ച കോഴ്സിന് എസ്എസ്എൽസിയും, 50 ശതമാനം മാർക്കോടെ രണ്ടാം ഭാഷ ഹിന്ദിയോടുകൂടിയുള്ള പ്ലസ്ടു ഉള്ളവർക്കും അപേക്ഷിക്കാം. ഭൂഷൺ, സാഹിത്യവിശാരദ്, പ്രവീൺ, സാഹിത്യാചാര്യ, ഹിന്ദി ബിഎ, എംഎ എന്നിവയും പരിഗണിക്കും. പ്രായം 17നും 35നും മധ്യേ. പട്ടികജാതി പട്ടികവർഗക്കാർക്ക് അഞ്ച് വർഷവും മറ്റു പിന്നോക്കക്കാർക്ക് മൂന്ന് വർഷവും വയസിളവ് ലഭിക്കും. ഇ-ഗ്രാന്റ് വഴി പട്ടികജാതി, മറ്റർഹവിഭാഗത്തിന് ഫീസ് സൗജന്യം ലഭിക്കും. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 31. വിലാസം പ്രിൻസിപ്പൽ, ഭാരത് ഹിന്ദി പ്രചാര കേന്ദ്രം, അടൂർ, പത്തനംതിട്ട ജില്ല. ഫോൺ:04734296496, 8547126028.

### ടെണ്ടർ ക്ഷണിച്ചു

കേരള ലളിതകലാ അക്കാദമിയുടെ കിളിമാനൂർ രാജാരവി വർമ്മ സ്മാരക നിലയം ലാന്റ് സ്കേപ്പിങ്ങ് ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. വിശദവിവരങ്ങൾ അക്കാദമി വെബ്സൈറ്റിൽ ലഭിക്കും. **www.lalithkala.org** ഫോൺ 0487 2333773.


### ലെവൽ ക്രോസ് അടച്ചിടും

തളിപ്പറമ്പ്-കണ്ണപുരം റോഡിൽ കണ്ണപുരം-പഴയങ്ങാടി സ്റ്റേഷനുകൾക്കിടയിലുള്ള 253ാം നമ്പർ ലെവൽ ക്രോസ് ഡിസംബർ 30 രാവിലെ എട്ട് മണി മുതൽ ജനുവരി ആറ് രാത്രി എട്ട് വരെ അറ്റകുറ്റപണികൾക്കായി അടച്ചിടുമെന്ന് അസി ഡിവിഷണൽ എഞ്ചിനീയർ അറിയിച്ചു.

### ന്യൂട്രീഷ്യനിസ്റ്റ് നിയമനം

വനിത ശിശു വികസന വകുപ്പിനു കീഴിലെ ന്യൂട്രീഷൻ ആന്റ് പാരന്റിങ് ക്ലിനിക്കിൽ ഒഴിവുള്ള ന്യൂട്രീഷ്യനിസ്റ്റ് തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. കണ്ണൂർ കോർപ്പറേഷൻ, പേരാവൂർ ബ്ലോക്ക് എന്നിവിടങ്ങളിൽ ഓരോ ഒഴിവുകളാണുള്ളത്. എംഎസ്സി ന്യൂട്രീഷൻ /ഫുഡ് സയൻസ് /ഫുഡ് ആന്റ് ന്യൂട്രീഷൻ ക്ലിനിക്/ന്യൂട്രീഷൻ. ആശുപത്രി പ്രവർത്തന പരിചയം/ഡയറ്റ് കൗൺസിലിങ്, ന്യൂട്രീഷണൽ അസസ്മെന്റ്/പ്രഗ്നൻസി കൗൺസിലിങ്, ലാക്ടേഷൻ കൗൺസിലിങ്/തെറാപ്പിക് ഡയറ്റിങ് എന്നിവയിൽ ആറ് മാസത്തിൽ കുറയാത്ത പ്രവൃത്തി പരിചയം എന്നിവയാണ് യോഗ്യത. പ്രായപരിധി 21-41. സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകൾ സഹിതമുള്ള അപേക്ഷ ജനുവരി 15ന് വൈകിട്ട് അഞ്ച് മണിക്കകം ജില്ലാ പ്രോഗ്രാം ഓഫീസർ, ജില്ലാതല ഐസിഡിഎസ് സെൽ, സിവിൽ സ്റ്റേഷൻ കണ്ണൂർ -670002 എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരങ്ങൾ അടുത്തുള്ള ശിശുവികസന പദ്ധതി ഓഫീസിൽ ലഭിക്കും.

## അറിയിപ്പ്




### കോവിഡ് ധനസഹായം

കേരള മദ്രസ അധ്യാപക ക്ഷേമനിധി അംഗങ്ങൾക്ക് കോവിഡ് ധനസഹായത്തിന് അപേക്ഷിക്കാനുള്ള തീയതി ഡിസംബർ 31 വരെ നീട്ടി. മദ്രസ അധ്യാപക ക്ഷേമനിധിയിൽ 2021 മാർച്ചിന് മുമ്പ് അംഗത്വമെടുക്കുകയും വിഹിതം അടയ്ക്കുകയും ചെയ്തു വരുന്ന സജീവ അംഗങ്ങൾക്കാണ് അപേക്ഷിക്കാൻ അർഹത. www.kmtboard.in ലൂടെ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. ഫോൺ: 0495 2966577.

### അധ്യാപക ഒഴിവ്

മൊഗ്രാൽപുത്തൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ ഹൈസ്കൂൾ ടീച്ചർ (മാത്തമാറ്റിക്സ്) അധ്യാപക ഒഴിവുണ്ട്. അഭിമുഖം ജനുവരി നാലിന് രാവിലെ 10.30 ന് സ്കൂൾ ഓഫീസിൽ വെച്ച്. ഫോൺ: 9809794930, 9400006496, 04994232969

### രജിസ്ട്രേഷൻ നിർബന്ധം

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കർഷക രജിസ്ട്രേഷൻ നിർബന്ധമാക്കി. www.aims.kerala.gov.in പോർട്ടലിലൂടെയാണ് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടത്. കർഷകർക്ക് അക്ഷയ കേന്ദ്രങ്ങൾ വഴി ഡിസംബർ 31 നകം രജിസ്ട്രേഷൻ ചെയ്യാം. ആധാർ നമ്പർ, ബാങ്ക് പാസ്ബുക്ക്, ഭൂ നികുതി രശീതി എന്നിവ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിന് ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് തൊട്ടടുത്ത കൃഷി ഭവനുമായി ബന്ധപ്പെടണമെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ഫോൺ: 04994 255346

### മുറികൾ വാടകയ്ക്ക്

കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ പെറാവ്വൽ വനിതാ അപ്പാരൽ പാർക്ക് കെട്ടിടത്തിലുള്ള മുറികൾ വനിതാ ഗ്രൂപ്പുകൾക്കും, സംരംഭകരായ സ്ത്രീകൾക്കും മാസ വാടകയ്ക്ക് നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. അവസാന തീയതി ഡിസംബർ 31.

### അപേക്ഷിക്കാം

സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗങ്ങളായവരുടെ മക്കൾക്ക് 2021–22 വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷിക്കാനുള്ള തീയതി 2022 ജനുവരി 31 വരെ നീട്ടി. ഫോൺ: 0497 2970272

### സീറ്റൊഴിവ്

ഹിന്ദി ഡിപ്ലോമ ഇൻ എലിമെന്ററി എജ്യൂക്കേഷൻ കോഴ്സിന് അടൂർ സെന്ററിൽ ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സിയും 50 ശതമാനം മാർക്കോടെ രണ്ടാം ഭാഷ ഹിന്ദിയോടു കൂടിയുള്ള പ്ലസ് ടു ഉള്ളവർക്ക് അപേക്ഷിക്കാം. ഭൂഷൺ, സാഹിത്യവിശാരദ്, പ്രവീൺ, സാഹിത്യാചാര്യ, ഹിന്ദി ബി.എ, എം.എ എന്നിവയും പരിഗണിക്കും. പ്രായപരിധി 17 നും 35 നും മധ്യേ. ഉയർന്ന പ്രായപരിധിയിൽ പട്ടികജാതി പട്ടിക വർഗക്കാർക്ക് അഞ്ച് വർഷം, മറ്റു പിന്നോക്കക്കാർക്ക് മൂന്ന് വർഷവും ഇളവ് അനുവദിക്കും. അവസാന തീയതി ഡിസംബർ 31. ഫോൺ: 04734296496, 8547126028.



# സംസ്ഥാനത്ത് മൊബൈൽ വെറ്റിനറി ക്ലിനിക്കുകൾ ആരംഭിക്കും: മന്ത്രി ജെ.ചിഞ്ചു റാണി

**കാസർകോട്**: കർഷകർക്ക് ആശ്വാസമായി സഞ്ചരിക്കുന്ന മൊബൈൽ വെറ്റിനറി ക്ലിനിക്കുകൾ ആരംഭിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണെന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചു റാണി പറഞ്ഞു. പരപ്പ ബ്ലോക്ക് ക്ഷീര കർഷക സംഗമവും കുറുഞ്ചേരിത്തട്ട് ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു മന്ത്രി. രാത്രികാലങ്ങളിലും മൃഗ ഡോക്ടർമാരുടെ സേവനം എല്ലാ ബ്ലോക്കുകളിലും ലഭ്യമാക്കാൻ ആവശ്യമായ ക്രമീകരണം ബ്ലോക്കുകൾ വഴി നടപ്പാക്കുന്നുണ്ട്. ഒരു ഫോൺ കോളിൽ തന്നെ മൃഗ ഡോക്ടർമാർ വീട്ടുമുറ്റത്തെത്താൻ തക്ക ക്രമീകരണങ്ങൾ ഇന്ന് നമുക്കുണ്ട്. സംസ്ഥാനത്തെ മുഴുവൻ പശുക്കൾക്കളെയും ഇൻഷുർ ചെയ്യാനുള്ള നടപടിയെടുക്കും. കേരളത്തിലെ ഏറ്റവും കൂടുതൽ പാലളക്കുന്നത് മലബാർ മേഖലയിലാണ്. 32 കോടി രൂപ ചിലവഴിച്ച് പാൽപ്പൊടി ഫാക്ടറിയ്ക്ക് തറക്കല്ലിടുകയും അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. നമ്മുടെ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പാൽ അധികം വന്നാൽ അത് പാൽപ്പൊടിയാക്കി മാറ്റി കേരളത്തിൽ തന്നെ ഉപയോഗിക്കാനുള്ള സൗകര്യമുണ്ടണ്ടെന്നും മന്ത്രി പറഞ്ഞു.പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം ലക്ഷ്മി അധ്യക്ഷത വഹിച്ചു. രാജ്മോഹൻ ഉണ്ണിത്താൻ എം പി മുഖ്യാതിഥിയായി. ക്ഷീരവകുപ്പ് ഡയറക്ടർ വി പി സുരേഷ് കുമാർ പദ്ധതി വിശദീകരണം നടത്തി. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ, പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം ലക്ഷ്മി, പരപ്പ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ ഭൂപേഷ്, കിനാനൂർ കരിന്തളം പ്രസിഡന്റ് ടി കെ രവി, വെസ്റ്റ് എളേരി പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മോഹൻ, പനത്തടി പഞ്ചായത്ത് പ്രസിഡന്റ് പ്രസന്ന പ്രസാദ്, ജില്ലാ പഞ്ചായത്ത് മെമ്പർ കെ ശകുന്തള, പരപ്പ ബ്ലോക്ക് വികസനകാര്യ സ്റ്റാന്റിങ് ചെയർപേഴ്സൺ രജനി കൃഷ്ണൻ, കെസിഎംഎംഎഫ് ഡയറക്ടർ പി പി നാരയണൻ, കാസർകോട് ക്ഷീരവകുപ്പ് ക്വാളിറ്റി കൺട്രോളർ ഓഫീസർ എസ് മഹേഷ് നാരായണൻ, കാസർകോട് ക്ഷീരവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സിജോൺ ജോൺസൺ, കിനാനൂർ കരിന്തളം പഞ്ചായത്ത് വൈസ്പ്രസിഡന്റ് ടി പി ശാന്ത, പരപ്പ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഷോബി ജോസഫ്, കിനാനൂർ കരിന്തളം പഞ്ചായത്ത് സ്ഥിരം സമിതി അദ്ധ്യക്ഷൻ കെ വി അജിത്ത്കുമാർ തുടങ്ങിയവർ വിവിധ മേഖലകളിൽ തെളിയിച്ച കർഷകരെ ആദരിച്ചു.കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ കെ പി ചിത്രലേഖ, കെ പി ബാബു, കാസർകോട് ഡയറി പി ആന്റ് ഐ യൂണിറ്റ് ഹെഡ് പിഎം ഷാജി, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ പി എൻ രാജ്മോഹൻ, ഉമേശൻ വേളൂർ, എൻ പുഷ്പരാജൻ, സി എം ഇബ്രാഹിം, വി സി പത്മനാഭൻ, കുര്യാക്കോസ് പ്ലാപ്പറമ്പിൽ, കമ്പല്ലൂർ ക്ഷീരസംഘം പ്രസിഡന്റ് പികെ മോഹനൻ, ബളാംതോട് ക്ഷീരസംഘം പ്രസിഡന്റ് കെ എൻ സുരേന്ദ്രൻ നായർ, വെള്ളരിക്കുണ്ട് ക്ഷീരസംഘം പ്രസിഡന്റ് പി എം ജോർജ്, രാജപുരം ക്ഷീരസംഘം പ്രസിഡന്റ് കെ എ പ്രഭാകരൻ, പറക്കളായി ക്ഷീര സംഘം പ്രസിഡന്റ് കാവുങ്കൽ നരായണൻ, കാലിച്ചാമരം ക്ഷീരസംഘം സെക്രട്ടറി പി എം രാജൻ, കോളിച്ചാൽ ക്ഷീരസംഘം സെക്രട്ടറി സിന്ധു തുടങ്ങിയവർ സംസാരിച്ചു.ചടങ്ങിൽ കയാക്കിങ് അന്റ് കനോയിങ് ഒമ്പതാമത് സീനിയർ ദേശീയ ഡ്രാഗൺ ബോട്ട് റെയിസിൽ വെങ്കല മെഡൽ നേടിയ ശ്രീകുട്ടി സജീവനെ മന്ത്രി ജെ ചിഞ്ചു റാണി അനുമോദിച്ചു. സംഘാടക സമിതി ചെയർമാൻ മനോജ് തോമസ് സ്വാഗതവും, പരപ്പ ബ്ലോക്ക് ക്ഷീരസംഘം കൺവീനർ പി വി മനോജ് കുമാർ നന്ദിയും പറഞ്ഞു.ക്ഷീര കർഷക സംഗമത്തോടനുബന്ധിച്ച് നടന്ന കന്നുകാലി പ്രദർശനം കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.കെ.രവി ഉദ്ഘാടനം ചെയ്തു. പരപ്പ ബ്ലോക്ക് സ്ഥിരംസമിതി അധ്യക്ഷൻ പി.വി.ചന്ദ്രൻ അധ്യക്ഷനായി. കിനാനൂർ കരിന്തളം പഞ്ചായത്ത് മെമ്പർമാരായ വി.സന്ധ്യ, കെ.യശോദ, മിൽമ സൂപ്പർവൈസർ ദിലീപ് ദാസപ്പൻ, ക്ഷീരോൽപാദക സഹകരണ സംഘം പ്രസിഡന്റുമാരായ സി.ജെ.തോമസ്, പി.വിജയൻ, മാലോം ക്ഷീര സംഘം സെക്രട്ടറി വി.ആർ വിനോദ്കുമാർ, ബിരിക്കുളം ക്ഷീരോത്പാദക സഹകരണ സംഘം സെക്രട്ടറി എ രണഭ തുടങ്ങിയവർ സംസാരിച്ചു. കുറുഞ്ചേരിത്തട്ട് ക്ഷീരോത്പാദക സഹകരണ സംഘം സെക്രട്ടറി കെ.വേണു സ്വാഗതവും പരപ്പ ബ്ലോക്ക് ഡി.എഫ്.ഐ കെ ഉഷ നന്ദിയും പറഞ്ഞു.

## ജെൻഡർ ന്യൂട്രൽ യൂണിഫോം നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല: മന്ത്രി വി ശിവൻകുട്ടി

**കാസർകോട്:** സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ജെൻഡർ ന്യൂട്രൽ യൂണിഫോം നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ലെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു. കാഞ്ഞങ്ങാട് റസ്റ്റ് ഹൗസിൽ നടന്ന വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ജെൻഡർ ന്യൂട്രൽ യൂണിഫോം വേണമെന്ന തീരുമാനം സർക്കാരും വിദ്യാഭ്യാസ വകുപ്പും അടിച്ചേൽപ്പിക്കുന്നതാണെന്ന് ചില സംഘടനകൾക്ക് തെറ്റിധാരണയുണ്ട്. ബാലുശ്ശേരി സ്കൂളിൽ ജെൻഡർ ന്യൂട്രൽ യൂണിഫോം നടപ്പാക്കിയ തീരുമാനം വിദ്യാഭ്യാസ വകുപ്പ് എടുത്തതല്ല. അവിടുത്തെ പി.ടി.എ, രക്ഷിതാക്കൾ, അധ്യാപകർ, നാട്ടുകാർ, തദ്ദേശസ്ഥാപനങ്ങൾ എന്നിവർ ഏകകണ്ഠമായി എടുത്ത തീരുമാനമാണത്. 2018 ൽ കാസർകോട് ജില്ലയിലെ ചെറിയാക്കര ജി.എൽ.പി.എസ് സ്കൂളിൽ അവിടുത്ത പി.ടി.എ ജെൻഡർ ന്യൂട്രൽ യൂണിഫോം പ്രാവർത്തീകമാക്കിയിരുന്നു. ആൺകുട്ടികൾ മാത്രം പഠിക്കുന്ന സ്കൂൾ പെൺകുട്ടികൾ മാത്രം പഠിക്കുന്ന സ്കൂൾ എന്ന തരംതിരിവ് നന്നല്ല. അത്തരം സ്കൂളുകൾ പി.ടി.എ തീരുമാനപ്രകാരം രണ്ട് കൂട്ടരും പഠിക്കുന്ന മിക്സഡ് സ്കൂളാക്കി മാറ്റുന്നതിൽ സർക്കാരിന് എതിർപ്പില്ലെന്നും മന്ത്രി വ്യക്തമാക്കി.സ്കൂൾ തുറക്കുന്നതിന് വേണ്ടി എന്തെല്ലാം തയ്യാറെടുപ്പുകൾ സർക്കാർ നടത്തിയോ അതേ രീതിയിൽ എല്ലാ കുട്ടികൾക്കും കോവിഡ് വാക്സിന് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. കുട്ടികൾക്ക് കോവിഡ് വാക്സിൻ നൽകാമെന്ന് കേന്ദ്രസർക്കാരിൽ നിന്ന് നിർദ്ദേശം ലഭിച്ചാൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേരുന്ന കോറോണ അവലോകന യോഗത്തിൽ വാകിനേഷൻ സംബന്ധിച്ച തീരുമാനമെടുക്കുമെന്നും മന്ത്രി പറഞ്ഞു.

## സ്നേഹ ഭവനത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു



**കാസർകോട്**: ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് ബേക്കൽ ലോക്കൽ അസോസിയേഷൻ വിഷൻ 2021– 26 ന്റെ ഭാഗമായി നിർമ്മിച്ച് നൽകുന്ന സ്നേഹ ഭവനത്തിന്റെ ശിലാസ്ഥാപനം അജാനൂർ കാരക്കുഴിയിൽ നടന്നു. ബേക്കൽ ഉപജില്ലയിലുള്ള വിദ്യാർത്ഥികളിൽ സ്വന്തമായി വീട് നിർമിക്കാൻ സ്ഥലം ഉള്ളതും സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്നതുമായ ഒരു കുടുംബത്തിനാണ് സ്നേഹ ഭവനം എന്ന വീട് നിർമിച്ചു നൽകുന്നത്. ഉപജില്ലയിലെ അധ്യാപകരിൽ നിന്നും വിദ്യാർഥികളിൽ നിന്നുമാണ് വീടിന് ആവശ്യമായ തുക സമാഹരിക്കുന്നത്. അജാനൂർ കാരക്കുഴിയിൽ നടന്ന സ്നേഹ ഭവനത്തിന്റെ ശിലാസ്ഥാപനം ഇ.ചന്ദ്രശേഖരൻ എം.എൽ.എ നിർവഹിച്ചു. അജാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ടി. ശോഭ അധ്യക്ഷത വഹിച്ചു. ജില്ല വിദ്യാഭ്യാസ ഉപഡയറക്ടർ കെ. വി. പുഷ്പ മുഖ്യാതിഥിയായിരുന്നു. കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ലാ ഓഫീസർ വി. വി. ഭാസ്കരൻ, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് ജില്ലാ സെക്രട്ടറി വി. വി. മനോജ് കുമാർ, അജാനൂർ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരംസമിതി ചെയർമാൻ കെ. കൃഷ്ണൻ മാസ്റ്റർ, അജാനൂർ പഞ്ചായത്ത് മെമ്പർ സിന്ധു ബാബു, ഭാസ്കരൻ മാസ്റ്റർ, പി.ബാലചന്ദ്രൻ നായർ, മനോജ്. പി , മനോജ് കുമാർ.എം. പി.സുജേത, ജയൻ അടോട്ട് , സി ബാലകൃഷ്ണൻ, എന്നിവർ സംസാരിച്ചു. ബേക്കൽ എ.ഇ.ഒ കെ. ശ്രീധരൻ സ്വാഗതവും സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് കൺവീനർ ലിൻസ ആർ.കെ നന്ദിയും പറഞ്ഞു

## മേലാങ്കോട് എസി കണ്ണൻ നായർ സ്മാരക ഗവ. യുപി സ്കൂൾ കെട്ടിട സമുച്ചയവും മോഡൽ പ്രീപ്രൈമറി ക്യാമ്പസും ഉദ്ഘാടനം ചെയ്തു

**കാസർകോട്:** കാഞ്ഞങ്ങാട് മേലാങ്കോട് എസി കണ്ണൻ നായർ സ്മാരക ഗവ. യുപി സ്കൂൾ കെട്ടിട സമുച്ചയവും മോഡൽ പ്രീപ്രൈമറി ക്യാമ്പസും പൊതുവിദ്യാഭ്യാസം, തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി നാടിനു സമർപ്പിച്ചു. സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങൾക്ക് മാതൃകയാണ് മേലാങ്കോട്ട് പ്രീപ്രൈമറിസ്ക്കൂളെന്ന് മന്ത്രി പറഞ്ഞു. ജനകീയ പങ്കാളിത്തത്തോടെ വിസ്മയകരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ സ്ക്കൂളിന് സാധിച്ചതായും മന്ത്രി പറഞ്ഞു. ഇ ചന്ദ്രശേഖരൻ എംഎൽഎ അധ്യക്ഷത വഹിച്ചു. രാജ്മോഹൻ ഉണ്ണിത്താൻ എം പി മുഖ്യതിഥിയായി. സ്കൂൾ അധ്യാപകൻ പി.കുഞ്ഞിക്കണ്ണൻ രചിച്ച് ദുർഗ ഹൈസ്ക്കൂൾ അധ്യാപകൻ ഹരി മുരളി സംഗീതം നിർവഹിച്ച സ്വാഗതഗാനത്തോടെയാണ് പരിപാടികൾ ആരംഭിച്ചത്. വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും അടങ്ങിയതായിരുന്നു ഗായക സംഘം. പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ മുഹമ്മദ് മുനീർ വടക്കുമ്പാടൻ റിപ്പോർട്ട് അവതരിപ്പിച്ചു. മോഡൽ പ്രീപ്രൈമറി പദ്ധതി വിശദീകരണം സമഗ്ര ശിക്ഷ കേരളം ജില്ലാ പ്രോജക്ട് കോർഡിനേറ്റർ പി വി.രവീന്ദ്രൻ നിർവഹിച്ചു. നഗരസഭാ വൈസ് ചെയർമാൻ അബ്ദുള്ള ബിൽ ടെക്, നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ കെ.വി മായാകുമാരി , കൗൺസിലർമാരായ ടി.വിസുജിത് കുമാർ, കെ.ലത എൻ. അശോക് കുമാർ കുസുമം ഹെഗ്ഡെ, എം. ശോഭ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കെ.വി. പുഷ്പ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ വിവി ഭാസ്കരൻ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോഡിനേറ്റർ പി ദിലീപ് കുമാർ, നഗരസഭ മുൻ ചെയർമാൻ വി.വി രമേശ്, വികസന സമിതി ചെയർമാൻ പി. അപ്പുക്കുട്ടൻ, എ ഇ ഒ കെ.ടി. ഗണേഷ് കുമാർ, പി. പ്രവീൺ കുമാർ, എം. സുനിൽകുമാർ, രാഷ്ട്രീയ കക്ഷി നേതാക്കളായ കെ. രാജ്മോഹൻ , കെ കെ വത്സലൻ, കെ സി പീറ്റർ, പി പി രാജു, ജോൺ ഐമൺ, എം.കുഞ്ഞമ്പാടി, രതീഷ് പുതിയ പുരയിൽ, കൈപ്രത്ത് കൃഷ്ണൻ നമ്പ്യാർ, മുത്തലീബ് കൂളിയങ്കാൽ, പിടി നന്ദകുമാർ, കെ വി ബാലകൃഷ്ണൻ, എൻ എ ഖാലിദ്, എച്ച് ആർ ശ്രീധരൻ, പിടി എ പ്രസിഡണ്ട് എച്ച് എൻ പ്രകാശൻ, മദർ പിടി എ പ്രസിഡണ്ട് രശ്മി പുതുക്കൈ, വി വനജ, ബി.ബാബു സംസാരിച്ചു. കാഞ്ഞങ്ങാട് നഗരസഭാ ചെയർപേഴ്സൺ കെ.വി സുജാത സ്വാഗതവും സ്ക്കൂൾ പ്രധാനാധ്യാപകൻ കൊടക്കാട് നാരായണൻ നന്ദിയും പറഞ്ഞു. വേറിട്ട പഠന പ്രവർത്തനങ്ങളിലൂടെ പൊതുവിദ്യാലയങ്ങൾക്ക് മാതൃകയാകുകയാണ് കാഞ്ഞങ്ങാട് നഗരസഭയിലെ എസി കണ്ണൻനായർ സ്മാരക ഗവ. യുപി സ്കൂൾ. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ലഭിച്ച 2.50 കോടി രൂപയുടെ പദ്ധതി ജനകീയ പങ്കാളിത്തത്തിലൂടെ നടപ്പിലാക്കി. ഇതിലൂടെ വിദ്യാലയത്തിലെ മുഖച്ഛായ തന്നെ മാറി. സമഗ്ര ശിക്ഷാ കേരളം 2020 –21 വർഷത്തെ പദ്ധതിയിൽ മോഡൽ പ്രീപ്രൈമറി ക്യാമ്പസ് ആയി തെരഞ്ഞെടുക്കപ്പെട്ട ജില്ലയിലെ ഏക വിദ്യാലയമാണ് മേലാങ്കോട്ട് സ്കൂൾ. 15 ലക്ഷം രൂപ കൊണ്ട് വിസ്മയകരമായ മാറ്റങ്ങളാണ് കലാകാരന്മാരുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും അധ്യാപക രക്ഷാകർത്തൃ സമിതിയുടെയും പിന്തുണയോടെ യാഥാർത്ഥ്യമായിരിക്കുന്നത്. 10 ക്ലാസ് മുറികൾ, വിശാലമായ ഹാൾ, ആധുനിക രീതിയിലുള്ള വായനശാലയും ലൈബ്രറിയും, ഇരുനില ശുചിത്വ സമുച്ചയം എന്നിവ ചേർന്നതാണ് കെട്ടിടം.

## പച്ചത്തുരുത്തുകളുടെ സൗന്ദര്യവത്കരണം ഉദ്ഘാടനം



**കാസർകോട്**: ഹരിത കേരളം മിഷന്റെ അഞ്ചാം വാർഷികാഘോഷത്തോടനുബന്ധിച്ച് മടിക്കൈ ഗ്രാമ പഞ്ചായത്തിൽ പച്ചത്തുരുത്തുകളുടെ സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. മണികണ്ഠൻ ഉദ്ഘാടനം ചെയ്തു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എസ്.പ്രീത അധ്യക്ഷത വഹിച്ചു. ഹരിത കേരളം മിഷൻ ജില്ലാ കോഡിനേറ്റർ എം.പി. സുബ്രഹ്മണ്യൻ, സ്ഥിരംസമിതി അധ്യക്ഷന്മാരായ രമ പദ്മനാഭൻ, പി. സത്യ, വാർഡ് മെമ്പർമാരായ, ശൈലജ എ, എൻ.ഖാദർ, കെ.ബാലകൃഷ്ണൻ, പി.പി.ലീല, സുഹറ.വി, രജിത. എം, തൊഴിലുറപ്പ് പദ്ധതി എഞ്ചിനീയർ കെ.അവനീഷ്, അഭിരാജ് എ.പി. എന്നിവർ സംസാരിച്ചു.എണ്ണത്തിലും വിസ്തൃതിയിലും സംസ്ഥാനത്ത് കൂടുതൽ പച്ചത്തുരുത്തുകൾ നിർമ്മിച്ച് മാതൃക തീർത്ത ഗ്രാമപഞ്ചായത്താണ് മടിക്കൈ. 140 ലധികം പച്ചത്തുരുത്തുകൾ നിലവിൽ ഗ്രാമപഞ്ചായത്തിൽ ഉണ്ട്.

## മന്ത്രി ജെ.ചിഞ്ചുറാണി ചിത്താരി കിടാരി പാർക്ക് സന്ദർശിച്ചു

**കാസർകോട്**: ക്ഷീര വികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി ചിത്താരി കിടാരി പാർക്ക് സന്ദർശിച്ചു. ക്ഷീര വികസന വകുപ്പ് ഡയറക്ടർ പി.വി സുരേഷ് കുമാർ, ക്ഷീര വികസന വകുപ്പ് ജോ. ഡയറക്ടർ കെ.ശശികുമാർ, ക്ഷീര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജീജ, ക്ഷീര വികസന ഓഫീസർ മനോഹരൻ, ചിത്താരി ക്ഷീര സംഘം പ്രസിഡന്റ് കൃഷ്ണൻ, ക്ഷീര സംഘം സെക്രട്ടറി പ്രജീഷ്, ഗോവിന്ദൻ വള്ളിക്കാപ്പിൽ തുടങ്ങിയവർ മന്ത്രിയ്ക്കൊപ്പമുണ്ടായിരുന്നു. കിടാരി പാർക്കിൽ നടന്ന ചടങ്ങിൽ കെ.ഗിരിജ, സി.ഷീബ എന്നീ രണ്ട് കർഷകർക്കുള്ള പശുക്കളെ മന്ത്രി വിതരണം ചെയ്തു. വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കിടാരി പാർക്ക് അഭിനന്ദനം അർഹിക്കുന്നുവെന്നും സന്ദർശിക്കാൻ അവസരം ലഭിച്ചതിൽ സന്തോഷവതിയാണെന്നും മന്ത്രി പറഞ്ഞു.2.5 ഏക്കർ വിസ്തൃതിയുള്ള പാർക്കിൽ പശുക്കൾ, മുട്ടകോഴികൾ,തീറ്റപ്പുൽ കൃഷി, ചാണകപ്പൊടി വിൽപന എന്നിവയെല്ലാം ഒരുക്കിയിട്ടുണ്ട്. പാർക്കിൽ പശുക്കൾക്ക് ആവശ്യമായ തീറ്റപ്പുല്ല്, അവിടെത്തന്നെ ഉത്പാദിപ്പിക്കുന്നുണ്ട്. 200 ലിറ്റർ പാൽ ഇവിടെ ഉത്പാദിപ്പിക്കുന്നുണ്ട്.2018 – 19 വർഷത്തെ ക്ഷീര വകുപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച പാർക്കിൽ ഇതുവരെ 88 പശുക്കളുടെ വിൽപന നടത്തി. കിടാരികളെ വളർത്തി പ്രസവത്തിന് ശേഷം അമ്മയെയും കുഞ്ഞിനെയും വിൽക്കുന്ന പദ്ധതിയാണ് ഇവിടെ നടത്തുന്നത്.

PRAVASI-WORLD



# ഒമിക്രോൺ: ന്യൂയോർക്കിൽ കുട്ടികളുടെ ആശുപത്രി പ്രവേശം വർധിക്കുന്നു; പകുതിയും അഞ്ചു വയസ്സിനു താഴെയുള്ളവർ

**വാഷിങ്ടൺ:** ഒമിക്രോൺ വ്യാപനം വർധിക്കുന്ന അമേരിക്കയിൽ നിന്ന് പുറത്തുവരുന്നത് ആശങ്ക വർധിപ്പിക്കുന്ന വാർത്തകൾ.ഒമിക്രോൺ വ്യാപനത്തോടെ കുട്ടികൾ ആശുപത്രിയിലെത്തുന്നതിന്റെ എണ്ണം കൂടിയതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപോർട്ട് ചെയ്തു. പുതിയ സാഹചര്യത്തിൽ പരിശോധനകളുടെ എണ്ണം വർധിപ്പിക്കാൻ വൈറ്റ് ഹൗസ് തീരുമാനിച്ചു.കൊവിഡ് വകഭേദമായ ഒമിക്രോൺ പടർന്നുപിടിക്കുന്നതിനൊപ്പം കുട്ടികളെ കൂടുതലായി ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവരുന്നുണ്ട്. ന്യൂയോർക്കിൽ മാത്രം നാല് ഇരട്ടിയോളം കുട്ടികളെയാണ് ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവന്നത്. ഡിസംബർ 5 മുതലാണ് 18 വയസ്സിനു താഴെയുള്ളവർ കൂടുതലായി ചികിൽസ തേടിയത്.ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടവന്നവരിൽ പകുതിയോളം അഞ്ച് വയസ്സിനു താഴെയുള്ളവരാണ്.കഴിഞ്ഞ 7 ദിവസമായി യുഎസ്സിൽ പ്രതിദിനം 1,90,000 ഓളം പേർക്കാണ് കൊവിഡ് സ്ഥിരീകരിക്കുന്നത്. ക്രിസ്മസ് പോലുള്ള ആഘോഷങ്ങളും ഒഴിവുകാലവും വ്യാപനത്തിന്റെ തോത് വർധിപ്പിച്ചു.കൊവിഡിന്റെ പുതിയ വകഭേദം വലിയ പ്രസരണശേഷിയുള്ളതാണെന്ന റിപോർട്ട് നേരത്തെ പുറത്തുവന്നിട്ടുണ്ട്. എന്നാൽ ഈ വകഭേദത്തിൽ ആശുപത്രിപ്രവേശം കുറവാണെന്നാണ് കരുതപ്പെട്ടിരുന്നത്.



# പുരുഷ കുടുംബാംഗം ഇല്ലാതെ സ്ത്രീകൾ യാത്ര ചെയ്യാൻ പാടില്ല: പുതിയ ഉത്തരവുമായി താലിബാൻ

**കാബൂൾ :** പുരുഷ കുടുംബാംഗം ഇല്ലാതെ സ്ത്രീകളെ ദൂരയാത്രയ്ക്ക് അനുവദിക്കില്ലെന്ന് താലിബാൻ. സ്ത്രീകൾ തനിച്ച് പോകാൻ പാടില്ലെന്നും കുടുംബത്തിലെ ഒരു പുരുഷ അംഗത്തിനൊപ്പം മാത്രമേ ദൂരെയാത്ര ചെയ്യാൻ പാടുള്ളൂവെന്നുമാണ് താലിബാന്റെ പുതിയ ഉത്തരവ്.ഒപ്പം ഹിജാബ് ധരിച്ച സ്ത്രീകളെ മാത്രമേ വാഹനങ്ങളിൽ കയറ്റാവൂ, വാഹനങ്ങളിൽ ഗാനങ്ങൾ വയ്ക്കാൻ പാടില്ല എന്നും താലിബാൻ മന്ത്രാലയം പുറത്തിറക്കിയ ഉത്തരവിൽ പറയുന്നു. സ്ത്രീകൾ പുരുഷ കുടുംബാംഗം ഇല്ലാതെ 72 കിലോമീറ്ററിനപ്പുറം യാത്ര ചെയ്യാൻ പാടില്ല. വളരെ അടുത്ത കുടുംബാംഗമായിരിക്കണമെന്നും ഉത്തരവിൽ പ്രത്യേകം പറയുന്നുണ്ട്. നടിമാർ ഉൾപ്പെടുന്ന സീരിയലുകളും പരിപാടികളും നിർത്തിവയ്ക്കാൻ അഫ്ഗാനിലെ ടെലിവിഷൻ ചാനലുകളോട് മന്ത്രാലയം ഉത്തരവ് നൽകി ആഴ്ചകൾക്കുള്ളിലാണ് ഇത്തരമൊരു ഉത്തരവ് കൂടി പുറത്തിറങ്ങിയിരിക്കുന്നത്. മാത്രമല്ല, വാർത്ത അവതരിപ്പിക്കുമ്പോൾ വനിതാ മാധ്യമപ്രവർത്തകർ ഹിജാബ് ധരിക്കണമെന്നും ഉത്തരവിൽ പറയുന്നു. ഓഗസ്റ്റിൽ അഫ്ഗാന്റെ അധികാരം പിടിച്ചെടുത്തതിന് പിന്നാലെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ ശക്തമായ നിയന്ത്രണങ്ങളാണ് താലിബാൻ കൊണ്ടുവന്നത്.



# തിരഞ്ഞെടുപ്പ് കമ്മീഷനും സമാധാന മന്ത്രാലയവും അനാവശ്യം : പിരിച്ചുവിട്ട് താലിബാൻ

**കാബൂൾ:** അഫ്ഗാനിൽ നിലനിന്നിരുന്ന 2 തിരഞ്ഞെടുപ്പ് കമ്മീഷനുകളെയും പിരിച്ചു വിട്ട് താലിബാൻ ഭീകരർ.അനാവശ്യമെന്ന് കണ്ടാണ് ഈ പിരിച്ചുവിടൽ എന്ന് താലിബാൻ ഔദ്യോഗിക വക്താവായ ബിലാൽ കരീമി വ്യക്തമാക്കി. പ്രസിഡൻഷ്യൽ, പാർലമെന്ററി, പ്രാദേശിക ഭരണകൂടം തിരഞ്ഞെടുപ്പുകളെല്ലാം ഇനി താലിബാൻ നേരിട്ടായിരിക്കും നടത്തുക.തിരഞ്ഞെടുപ്പ് കമ്മീഷനുകളോടൊപ്പം, പാർലമെന്ററികാര്യ മന്ത്രാലയവും സമാധാന മന്ത്രാലയവും താലിബാൻ പിരിച്ചു വിട്ടിട്ടുണ്ട്. താലിബാന്റെ അഭിപ്രായത്തിൽ, ഇപ്പോൾ അഫ്ഗാനിസ്ഥാനിൽ നിലനിൽക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും കാരണം ഇതുപോലെയുള്ള അനാവശ്യ സർക്കാർ സ്ഥാപനങ്ങളാണ്.താലിബാൻ സർക്കാരിന്റെ ഇപ്പോഴത്തെ ഭരണത്തിൽ രീതിയനുസരിച്ച് ചേർന്ന് പോവാത്ത വകുപ്പുകളാണ് അവയെന്നും കരീമി വ്യക്തമാക്കി.അഥവാ, ഭാവിയിൽ ആവശ്യം വന്നാൽ, അപ്പോൾ ഇതു പുനസംഘടിപ്പിക്കാൻ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തെ വനിതാ ക്ഷേമ മന്ത്രാലയവും നേരത്തെ താലിബാൻ പിരിച്ചു വിട്ടിരുന്നു.

# ന്യൂയോർക്ക് സിറ്റിയുടെ ഹെൽത്ത് കമ്മീഷണറായി ഇന്ത്യൻ വംശജൻ അശ്വിൻ വാസനെ നിയമിച്ചു

പി.പി ചെറിയാൻ

**ന്യൂയോർക്ക് :** ന്യൂയോർക്ക് സിറ്റിയുടെ ഹെൽത്ത് കമ്മീഷണറായി ഇന്ത്യൻ വംശജൻ അശ്വിൻ വാസനെ നിയമിച്ചു.ന്യൂയോർക്ക് സിറ്റി മേയർ എറിക്ക് ആഡംസാണ് അശ്വിനെ നിയമിച്ചത്. കോവിഡ് സംബന്ധിച്ച നയങ്ങൾ പ്രഖ്യാപിക്കുന്നതിന്റെ പ്രധാന ഉത്തരവാദിത്വവും അശ്വിന് നൽകിയിട്ടുണ്ട്.ആരോഗ്യ രംഗത്ത് 20 വർഷമായി സേവനം ചെയ്യുന്ന അശ്വിൻ, അടുത്ത വർഷം മാർച്ചിൽ പുതിയ ഉത്തരവാദിത്വം ഏറ്റെടുക്കും.

BUSINESS NEWS




# പുതുവർഷത്തിൽ ജിഎസ്ടിയുമായി ബന്ധപ്പെട്ട 3 വലിയ മാറ്റങ്ങളുണ്ടാകും,സാധാരണക്കാരിലും നേരിട്ട് സ്വാധീനം ഉണ്ടാകും

**ഡൽഹി:** ചരക്ക് സേവന നികുതിയിൽ (ഏടഠ) ബിസിനസുകാർക്കുള്ള നിയമങ്ങളിൽ 2022 ജനുവരി 1 മുതൽ സർക്കാർ മൂന്ന് സുപ്രധാന മാറ്റങ്ങൾ വരുത്താൻ പോകുന്നു.ഈ നിയമങ്ങൾ കൊണ്ടുവരുന്നത് സുതാര്യത വർദ്ധിപ്പിക്കാനാണ്, അതായത് ജിഎസ്ടി വെട്ടിപ്പ് അല്ലെങ്കിൽ കൃത്രിമം തടയുന്നതിനാണ്. ഇതുമൂലം വ്യാപാരികളുടെ ബുദ്ധിമുട്ടുകൾ ഇനിയും വർധിക്കും.പുതുവർഷത്തിൽ സംഭവിക്കുന്ന മൂന്ന് പ്രധാന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് ആദ്യം പറയാം. ജനുവരി മുതൽ, ജിഎസ്ടി ഉദ്യോഗസ്ഥർക്ക് മുൻകൂർ അറിയിപ്പ് കൂടാതെ നികുതി റിക്കവറിക്കായി ഏത് ബിസിനസ്സ് സ്ഥാപനത്തിലും എത്തിച്ചേരാനാകും എന്നതാണ് ആദ്യത്തെ പ്രധാന മാറ്റം. റീഫണ്ട് ക്ലെയിം ചെയ്യുന്നതിന് ആധാർ കാർഡ് നിർബന്ധമാക്കിയ പുതിയ മാറ്റം സംഭവിക്കുന്നു. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് 100% ഇൻവോയ്സ് മാച്ചിംഗ് നിർബന്ധമാക്കിയിരിക്കുന്നു എന്നതാണ് മൂന്നാമത്തെ മാറ്റം.അതായത്, ക്ലെയിം ചെയ്യുന്ന മുഴുവൻ ക്രെഡിറ്റിനും, വിൽക്കുന്നയാളുടെയും വാങ്ങുന്നയാളുടെയും ഇൻവോയ്സുകൾ പൊരുത്തപ്പെടണം. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്നാൽ അസംസ്കൃത വസ്തുക്കൾക്ക് ഒരു നിർമ്മാതാവ് അടച്ച നികുതി തിരികെ ലഭിക്കുന്നു എന്നാണ്.ജിഎസ്ടിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലെന്ന് ചാർട്ടേഡ് അക്കൗണ്ടന്റ് (സിഎ) അങ്കിത് ഗുപ്ത പറയുന്നു. ജിഎസ്ടി ഉദ്യോഗസ്ഥർക്ക് നേരത്തെയും അധികാരമുണ്ടായിരുന്നെങ്കിലും ഇപ്പോൾ കൂടുതൽ അധികാരങ്ങൾ നൽകുന്നുണ്ട്. ഇത് ബിസിനസുകാർക്ക് ബുദ്ധിമുട്ട് വർദ്ധിപ്പിക്കുമെന്ന് വ്യക്തം. പ്രത്യേകിച്ചും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, അതായത് അസംസ്കൃത വസ്തുക്കൾക്കും മറ്റ് സേവനങ്ങൾക്കും അടച്ച നികുതിയുടെ റിട്ടേൺ നിയമങ്ങൾ കർശനമാക്കുമ്പോൾ, ചെറുകിട വ്യവസായികളുടെ ബുദ്ധിമുട്ട് വർദ്ധിക്കും.



# ക്രിസ്മസ് ആഘോഷം: രണ്ട് ദിവസത്തിൽ കേരളം കുടിച്ച് തീർത്തത് 150 കോടിയുടെ മദ്യം

ക്രിസ്മസ് ദിനങ്ങളിൽ കേരളത്തിൽ റെക്കോർഡ് മദ്യവിൽപ്പന. ക്രിസ്മസിന്റെ തലേനാൾ ബിവ്റേജസ് കോർപറേഷൻ 65.88 കോടി രൂപയുടെ മദ്യമാണ് ഒറ്റ ദിവസം വിറ്റത്. കഴിഞ്ഞ വർഷം ഇത് 55 കോടി രൂപയായിരുന്നു. തിരുവനന്തപുരം പവർ ഹൗസ് ഔട്ട്ലെറ്റിലായിരുന്നു ഏറ്റവും കൂടുതൽ വിൽപന നടന്നത്. 73 ലക്ഷം രൂപയുടെ മദ്യമാണ് ഇവിടെ മാത്രം വിറ്റഴിച്ചത്. ബെവ്കോ ഔട്ലറ്റുകൾ വഴി ക്രിസ്മസ് അവധി ആഘോഷിച്ച നാല് ദിവസം 215 കോടി രൂപയുടെ മദ്യം വിറ്റു.ഡിസംബർ 25 ന് കേരളത്തിൽ ആകെ വിറ്റത് 73 കോടി രൂപയുടെ മദ്യമാണ്. ബെവ്കോയ്ക്ക് പുറമെ കൺസ്യൂമർ ഫെഡ് ഔട്ലറ്റുകൾ വഴി വിറ്റ മദ്യത്തിന്റെ കണക്ക് കൂടി കൂട്ടുമ്പോഴാണിത്. ക്രിസ്മസ് ദിവസം ബെവ്കോ ഔട്ലറ്റ് വഴി 65 കോടിയുടെയും കൺസ്യൂമർ ഫെഡ് ഔട്ലറ്റ് വഴി എട്ട് കോടി രൂപയുടെയും മദ്യം വിറ്റു. ഡിസംബർ 24 ന് ഇത് 11.5 കോടി രൂപയായിരുന്നു. ഇതുകൂടിയാകുമ്പോൾ ക്രിസ്മസിന് കുടിച്ചത് 150.38 കോടിരൂപയുടെ മദ്യമാണ്. ബെവ്കോ ഏറ്റവും കൂടുതൽ മദ്യം വിറ്റ തിരുവനന്തപുരം പവർ ഹൗസിലെ ഔട്ലറ്റാണ് ഈ വർഷവും വിൽപ്പനയിൽ ഒന്നാം സ്ഥാനത്ത്. 73.54 ലക്ഷം രൂപയ്ക്ക്. 70.70 ലക്ഷം രൂപയുടെ മദ്യം വാങ്ങിക്കുടിച്ച ചാലക്കുടിക്കാർ രണ്ടാമതാണ്. 60 ലക്ഷം രൂപയുടെ മദ്യംവിറ്റ ഇരിഞ്ഞാലക്കുട ഔട്ലെറ്റ് മൂന്നാം സ്ഥാനത്താണ്. കഴിഞ്ഞ തവണയും ഈ ഔട്ലെറ്റുകൾ തന്നെയായിരുന്നു മുന്നിൽ. 5 കോടിരൂപയുടെ മദ്യമാണ് ബെവ്കോ വിറ്റത്. കൺസ്യൂമർ ഫെഡ് ഔട്ലറ്റുകളിൽ 54 ലക്ഷം രൂപയുടെ വിൽപ്പന നടന്ന കൊടുങ്ങല്ലൂരാണ് മുമ്പിൽ. കൊച്ചി ബാനർജി റോഡിലെ ഔട്ലറ്റിൽ 53 ലക്ഷം രൂപ



# ചിപ്പ് ക്ഷാമം; ഇലക്ട്രിക് വാഹനങ്ങളുടെ വില വർധിച്ചേക്കും

രാജ്യത്തെ വാഹന നിർമാതാക്കളെല്ലാം സെമികണ്ടക്റ്റർ ചിപ്പുകളുടെ ക്ഷാമത്തെ തുടർന്ന് പ്രതിസന്ധി നേരിടുന്നവരാണ്.ഇതോടൊപ്പം വിതരണ ശൃംഖലകളിൽ നേരിടുന്ന തടസവും നിർമാണ സാമഗ്രികളുടെ വില ഉയർന്നതും ചൂണ്ടിക്കാട്ടി വാഹന നിർമാതാക്കൾ അടിക്കടി വില വർധിപ്പിക്കുകയാണ്. ഇപ്പോൾ സമാനമായ സാഹചര്യത്തിലൂടെ കടന്നു പോവുകയാണ് രാജ്യത്തെ ഇലക്ട്രിക് വാഹന നിർമാണ മേഖലയും.ലിഥിയം അയൺ ബാറ്ററി ക്ഷാമമാണ് ഇവി നിർമാതാക്കൾ നേരിടുന്ന പ്രധാന വെല്ലുവിളി. ബാറ്ററി നിർമാണത്തിന് ഉപയോഗിക്കുന്ന ലിഥിയം, നിക്കൽ, കൊബാൾട്ട് തുടങ്ങിയവയുടെ വില ഉയർന്നതും വിതരണ ശൃംഖലകളിലെ തടസവും ബാറ്ററിയുടെ വില വർധിക്കാൻ കാരണമായി. 2021 മുതൽ ഓരോ നാലുമാസം കൂടുമ്പോളും ബാറ്ററി നിർമാതാക്കൾ വില ഉയർത്തുന്നുണ്ട്. 2020 ജനുവരിയുമായി താരതമ്യം ചെയ്യുമ്പോൾ ബാറ്ററി വിലയിൽ 40-50 ശതമാനത്തിന്റെ ഉയർച്ചയാണ് ഉണ്ടായത്. കഴിഞ്ഞമാസം ബാറ്ററി നിർമാതാക്കൾ 10 ശതമാനം വില ഉയർത്തിയിരുന്നു. 2022 മാർച്ചിൽ അടുത്ത ഘട്ട വിലവർധനവ് ഉണ്ടാകുമെന്നാണ് ബാറ്ററി നിർമാണ് മേഖലയിലുള്ളവർ പറയുന്നത്.ബാറ്ററി നിർമാണത്തിലെ പ്രധാന ഘടകമായ സെൽ ഇന്ത്യയിൽ നിർമിക്കുന്നില്ല. ചൈനയിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. നിർമാണ സാമഗ്രികൾക്ക് ചൈനയിൽ നേരിടുന്ന ക്ഷാമം ഇന്ത്യയിലും പ്രതിഫലിക്കുകയാണ്. അതേ സമയം രാജ്യത്ത് ഇവികളുടെ ഡിമാൻഡ് ഉയരുകയാണ്. ആദ്യമായി പ്രതിമാസ ഇവി രജിസ്ട്രേഷൻ നവംബറിൽ 40,000 കവിഞ്ഞു. 42,067 യൂണീറ്റുകളാണ് നവംബറിൽ വിറ്റത്. സർക്കാർ സബ്സിഡിയെ ആശ്രയിച്ചാണ് ഇവി നിർമാതാക്കൾ ഒരു പരിധിവരെ വില വർധനവിനെ പിടിച്ചു നിർത്തുന്നത്.കഴിഞ്ഞ മാസം ഹീറോ ലാക്ട്രോയും റിവോൾട്ടും മോഡലുകളുടെ വില ഉയർത്തിയിരുന്നു. റിവോൾട്ട് 400ന് 18,000 രൂപയാണ് ഒറ്റയടിക്ക് വർധിപ്പിച്ചത്. നിർമാണ സാമഗ്രികളുടെ ചെലവ് ഉയരുന്നത് തുടർന്നാൽ വിലവർധിപ്പിക്കുമെന്ന് ഹീറോ ലാക്ട്രോ സിഇഒ ആദിത്യ മുൻചാൽ അറിയിച്ചു. ലിഥിയം അയൺ ബാറ്ററി റീസൈക്ലിങ്ങിനായി 300 കോടിയുടെ നിക്ഷേപം നടത്താൻ ഒരുങ്ങുകയാണ് എംജി മോട്ടഴ്സ്. ഇന്ത്യൻ കമ്പനിയായ അട്ടേരോ റീസൈക്ലിങ്ങുമായാണ് എംജി സഹകരിക്കുന്നത്. ഓല, ഏഥർ തുടങ്ങിയ ഇലക്ട്രിക് സ്കൂട്ടർ നിർമാതാക്കൾ വിലവർധനവ് പ്രഖ്യാപിച്ചിട്ടില്ല. അതേ സമയം ഇലക്ട്രിക് കാറുകളുടെ വില ഉയരുമെന്ന് ടാറ്റ നേരത്തെ തന്നെ അറിയിച്ചിരുന്നു.





# വാർഷിക അവലോകനം: ആയുഷ് മന്ത്രാലയം

ലോകമെമ്പാടും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും പൊതുജനങ്ങളുടെയും വ്യവസായങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനും ആയുഷ് മന്ത്രാലയത്തിന്റെ ശ്രദ്ധേയമായ സംരംഭങ്ങൾക്ക് 2021 സാക്ഷ്യം വഹിച്ചു.സേവാഭാരതിയുടെ പിന്തുണയോടെ മന്ത്രാലയത്തിന് കീഴിലുള്ള ഗവേഷണ കൗൺസിലുകളുടെയും ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും 86 ക്ലിനിക്കൽ യൂണിറ്റുകൾ വഴി ആയുഷ് മന്ത്രാലയം രാജ്യത്തുടനീളം ആയുഷ് 64 ന്റെ വിതരണ പരിപാടി ആരംഭിച്ചു. സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ആയുർവേദിക് സയൻസസ് (**CCRAS**) വികസിപ്പിച്ച പോളിഹെർബൽ ഔഷധമായ ആയുഷ് 64, ലക്ഷണമില്ലാത്തതും നേരിയതും മിതമായതുമായ കോവിഡ്-19 അണുബാധയുടെ ചികിത്സയിൽ അനുബന്ധമായി ഉപയോഗപ്രദമാണെന്ന് രാജ്യത്തെ പ്രശസ്ത ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ കണ്ടെത്തി. ഈ മരുന്നുകളുടെ ഫലപ്രാപ്തി നിരവധി കേന്ദ്രങ്ങളിലെ ക്ലിനിക്കൽ പരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്.കോവിഡ്-19 ഉയർത്തുന്ന വെല്ലുവിളികൾക്ക് ആയുഷ് അധിഷ്ഠിത സമീപനങ്ങളും പരിഹാരങ്ങളും നൽകുന്നതിനായി മന്ത്രാലയം ഒരു പ്രത്യേക ജനപിന്തുണ ഹെൽപ്പ്ലൈൻ പ്രവർത്തനക്ഷമമാക്കി. ടോൾ ഫ്രീ നമ്പർ 14443 ആണ്. ഈ ഹെൽപ്പ്ലൈൻ രാവിലെ 6 മുതൽ അർദ്ധരാത്രി 12 വരെ ആഴ്ചയിലെ ഏഴ് ദിവസവും പ്രവർത്തിക്കുന്നു.ഏഴാമത് അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് നടത്തിയ പ്രസംഗത്തിലാണ് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി **'WHOmYoga'** ആപ്പ് പ്രഖ്യാപിച്ചത്. പല ഭാഷകളിലുമുള്ള പൊതുവായ യോഗ പ്രോട്ടോക്കോൾ (സിവൈപി) അടിസ്ഥാനമാക്കി, യോഗ പരിശീലനം എളുപ്പത്തിൽ പഠിക്കാൻ ഈ ആപ്പ് സഹായിക്കും. ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്ക് അവരുടെ ജോലിസ്ഥലത്ത് വെറും 5 മിനിറ്റിനുള്ളിൽ ക്ഷീണം തീർത്തുകൊണ്ട് വീണ്ടും ശ്രദ്ധ കേന്ദ്രീകരിക്കാനും സമ്മർദ്ദം കുറയ്ക്കാനും അവരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മന്ത്രാലയം **'Ybreak'** ആപ്പും പുറത്തിറക്കി. ഈ ആപ്പ് പൊതുവായ യോഗ പ്രോട്ടോക്കോൾ അടിസ്ഥാനമാക്കിയുള്ളതാണ്.മറ്റൊരു സംരംഭത്തിൽ, കോവിഡ്-19 രോഗികളുടെ മാനസിക-സാമൂഹിക പുനരധിവാസത്തിനുള്ള ഒരു പ്രോട്ടോക്കോൾ വികസിപ്പിക്കുന്നതിന് മൂന്ന് പ്രമുഖ സ്ഥാപനങ്ങൾ ഒത്തുചേർന്നു പ്രവർത്തിക്കുന്നു. സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ യോഗ ആൻഡ് നാച്ചുറോപ്പതി (**CCRYN**), നിംഹാൻസ് -ബെംഗളൂരു, സ്വാമി വിവേകാനന്ദ യോഗ അനുസന്ധാന സംസ്ഥാന (**SVYASA**) എന്നിവയാണ് ഈ സ്ഥാപനങ്ങൾ.ആയുഷ് മന്ത്രാലയവും വനിതാ-ശിശു വികസന മന്ത്രാലയവും കൈക്കൊണ്ട ഒരു പ്രധാന ചുവടുവെപ്പിൽ, പോഷകാഹാരത്തെക്കുറിച്ചുള്ള ഒരു സംയോജിത പ്രചാരണ പരിപാടി ആരംഭിച്ചു. ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പോഷകസമൃദ്ധമായ ഭക്ഷണവും ഔഷധസസ്യങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുന്നതിനായി അംഗൻവാടികൾ, സ്കൂളുകൾ, അടുക്കളത്തോട്ടങ്ങൾ എന്നിവിടങ്ങളിൽ ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള യജ്ഞവും നടന്നു വരുന്നു. ആയുഷ് അധിഷ്ഠിത മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ടേക്ക് ഹോം റേഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ആയുഷ് അധിഷ്ഠിത ഇടപെടലുകളിലൂടെ പോഷകാഹാരക്കുറവ്, വിളർച്ച എന്നിവയ്ക്കുമുള്ള പ്രവർത്തനങ്ങളും എല്ലാ അംഗൻവാടി കേന്ദ്രങ്ങളിലും ഘട്ടം ഘട്ടമായി നടന്നു വരുന്നു.ഇന്ത്യയിലെ സ്റ്റാർട്ടപ്പുകളും സ്റ്റാർട്ട്-അപ്പ് അന്തരീക്ഷവും ലോകത്തിലെ ഏറ്റവും മികച്ചതാക്കുന്നതിന് അക്ഷീണം പ്രയത്നിക്കുന്നതിനായി ആയുഷ് ഉദ്യമയും (**AYUSH UDYAMAH**) ഉദ്ഘാടനം ചെയ്തു.ഇന്ത്യയിൽ 156.86 ദശലക്ഷം ആളുകൾ 2021 ലെ അന്താരാഷ്ട്ര യോഗ ദിനത്തിൽ പങ്കെടുത്തു, ആകെ 496.1 ദശലക്ഷം ആളുകൾ (സമൂഹ മാധ്യമങ്ങൾ ഉൾപ്പെടെ) പങ്കെടുത്തു. വിദേശത്തുള്ള ഇന്ത്യൻ എംബസികൾ വഴി 50,000-ത്തിലധികം ആളുകൾ വിവിധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ടൈംസ് സ്ക്വയർ, ഐഫൽ ടവർ തുടങ്ങിയ സുപ്രധാന സ്ഥലങ്ങളിൽ യോഗ അതിന്റെ സാനിധ്യം അടയാളപ്പെടുത്തുകയും ചെയ്തു.**AMAR, RMIS, SAHI, eMedha** പോർട്ടലുകൾ എന്നിവയ്ക്കൊപ്പം ആയുർവേദ ഡാറ്റാസെറ്റുമായി ബന്ധപ്പെട്ട **CTRI** (ക്ലിനിക്കൽ ട്രയൽ രജിസ്ട്രി ഓഫ് ഇന്ത്യ) പോർട്ടലിന്റെ സമാരംഭം ഓൺലൈൻ മേഖലയിൽ ആയുഷിന്റെ സാന്നിധ്യം വർധിപ്പിച്ചു.കൂടാതെ, ആയുഷ് ക്ലിനിക്കൽ കേസ് റിപ്പോസിറ്ററി (**ACCR**) പോർട്ടലും ആയുഷ് സഞ്ജീവനി ആപ്പിന്റെ മൂന്നാം പതിപ്പും ഒരു വെർച്വൽ പരിപാടിയിലൂടെ അവതരിപ്പിച്ചുകൊണ്ട് ആയുഷ് മന്ത്രാലയം മറ്റൊരു നാഴികക്കല്ല് സൃഷ്ടിച്ചു.സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം പ്രമാണിച്ച് ആയുഷ് മന്ത്രാലയം ആസാദി കാ അമൃത് മഹോത്സവ് പരിപാടിയ്ക്ക് കീഴിൽ ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 5 വരെ നിരവധി പരിപാടികൾ നടത്തി. വൈ-ബ്രേക്ക് ആപ്പിന്റെ ലോഞ്ച്, 75,000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാനുള്ള ഔഷധസസ്യങ്ങളുടെ വിതരണം, ഒരു വർഷത്തിനുള്ളിൽ 75 ലക്ഷം പേർക്ക് പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യാനുള്ള ദേശീയ പരിപാടി, 75,000-ലധികം സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികൾക്കായി പ്രഭാഷണ പരമ്പര എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഒരു വർഷത്തേക്ക് ഈ പ്രവർത്തനങ്ങൾ തുടരും.മറ്റൊരു സംരംഭത്തിൽ, കോവിഡ്-19 സ്ഥിരീകരിച്ചവരിൽ പ്രതിരോധ പഠനങ്ങളും തുടർ ഇടപെടലുകൾ നടത്തുന്നതിനുമായി ക്ലിനിക്കൽ റിസർച്ച് പ്രോട്ടോക്കോളുകൾ രൂപകൽപ്പന ചെയ്യുന്നതിനു വേണ്ടി, വിവിധ മേഖലകൾ സംയോജിപ്പിച്ചു കൊണ്ട് ആയുഷ് ഗവേഷണ, വികസന കർമ്മ സേന രൂപീകരിച്ചു. ഈ കർമ്മ സേനയിൽ ഐസിഎംആർ, ബയോടെക്നോളജി വകുപ്പ്, സിഎസ്ഐആർ, എയിംസ്, ആയുഷ് സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തം ഉണ്ട്.ഒരു പ്രധാന നടപടിയായി, ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയും (**AIIA**), യുകെയിലെ ലണ്ടൻ സ്കൂൾ ഓഫ് ഹൈജീൻ & ട്രോപ്പിക്കൽ മെഡിസിനും (**LSHTM**) സഹകരിച്ചു കൊണ്ട് കോവിഡ്-19 ൽ നിന്ന് വേഗത്തിലുള്ള രോഗമുക്തക്കായി 'അശ്വഗന്ധ'-യിൽ പഠനം നടത്താൻ തീരുമാനിച്ചു. യുകെയിലെ മൂന്ന് നഗരങ്ങളിലായി 2,000 ആളുകളിൽ 'അശ്വഗന്ധ' ക്ലിനിക്കൽ പരീക്ഷണങ്ങൾ നടത്തുന്നതിന് **AIIA**യും **LSHT**ഉം ഒരു ധാരണാപത്രത്തിൽ ഒപ്പുവച്ചു.മറ്റൊരു സുപ്രധാന നീക്കത്തിൽ, ലൈസൻസുകൾ അനുവദിക്കുന്ന പ്രക്രിയ എളുപ്പമാക്കുന്നതിനും സമയം ലാഭിക്കുന്നതിനുമായി ആയുഷ് മന്ത്രാലയം ഒരു ഓൺലൈൻ ആപ്ലിക്കേഷൻ സംവിധാനം അവതരിപ്പിച്ചു.ഫാർമക്കോപ്പിയ കമ്മീഷൻ ഫോർ ഇന്ത്യൻ മെഡിസിൻ & ഹോമിയോപ്പതിയും (**PCIM&H**) അമേരിക്കൻ ഹെർബൽ ഫാർമക്കോപ്പിയയും തമ്മിൽ ഇന്ത്യൻ പരമ്പരാഗത വൈദ്യശാസ്ത്ര സമ്പ്രദായങ്ങളിലെ നിലവാരം ശക്തിപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണത്തിന് ഒരു ധാരണാപത്രം ഒപ്പുവച്ചു.2020-21 സാമ്പത്തിക വർഷത്തിൽ, മന്ത്രാലയത്തിന്റെ പൊതുമേഖലാ നിർമാണ യൂണിറ്റായ ഇന്ത്യൻ മെഡിസിൻസ് ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐഎംപിസിഎൽ) 164.33 കോടി രൂപയുടെ (താൽക്കാലിക കണക്ക്) വിറ്റുവരവ് രേഖപ്പെടുത്തിയത് നേട്ടത്തിന്റെ മറ്റൊരു പൊൻ തൂവലാണ്. കമ്പനിയുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന സംഖ്യയാണിത്. ഈ വർഷം ഏകദേശം 12 കോടി രൂപയുടെ എക്കാലത്തെയും ഉയർന്ന ലാഭം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.2014-20-ൽ ആയുഷിന്റെ വിപണി മൂല്യം 17 ശതമാനം വർധിച്ച് 18.1 ശതകോടി **US** ഡോളറിലെത്തിയെന്ന് റിസർച്ച് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം ഫോർ ഡെവലപ്പിംഗ് കൺട്രീസ് (ആർഐഎസ്) റിപ്പോർട്ട് വ്യക്തമാക്കുന്നു.

# മാധ്യമപ്രവർത്തനം മഹത്തരമായ തൊഴിൽ: ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ

നിർഭയവും നിഷ്പക്ഷവുമായ മാധ്യമപ്രവർത്തനം ഭാരതത്തിന്റെ സംസ്കാരത്തിലും പാരമ്പര്യത്തിലും അധിഷ്ഠിതമാണെന്നും ഈ തൊഴിലിന്റെ പ്രാധാന്യം മാധ്യമപ്രവർത്തകരും ജേർണലിസം വിദ്യാർഥികളും തിരിച്ചറിഞ്ഞുകൊണ്ട് പ്രവർത്തിക്കണമെന്നും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.കേരള മീഡിയ അക്കാദമിയുടെ 2018, 2019 വർഷങ്ങളിലെ മാധ്യമ അവാർഡുകളും അക്കാദമിയുടെ 2019-20 ലെ പി.ജി. ഡിപ്ലോമ കോഴ്സിലെ വിദ്യാർഥികളുടെ സർട്ടിഫിക്കറ്റുകളും കോവളത്തെ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു ഗവർണർ.അച്ചടിക്കുന്നതും പ്രക്ഷേപണം ചെയ്യുന്നതുമായ ഓരോ വാക്കിനും വളരെ പ്രാധാന്യമുണ്ട്. തൂലിക എഴുതാനുള്ള ഒരു ഉപകരണം മാത്രമല്ല അത് അറിവിന്റെ ഉറവിടം കൂടിയാണ്. സ്വന്തം താത്പര്യങ്ങൾക്ക് അധീതമായി നിന്ന് വസ്തുതകൾ മനസ്സിലാക്കികൊണ്ടുള്ള റിപ്പോർട്ടിങ്ങ് രീതിയാണ് അവലംബിക്കേണ്ടത്. ക്ലാസുമുറികളും സർവകലാശാലകളും ആശയങ്ങളുടെ വ്യാപാരകേന്ദ്രങ്ങളാണ്. പഠനം ഒരു തുടർപ്രക്രിയയാണ്. ഒരു ധ്യാനം പോലെ തന്നെ അറിവിനെ പിന്തുടരണം. എങ്കിൽ മാത്രമേ സമുന്നതമായ ആശയങ്ങൾ രൂപപ്പെടുത്താൻ സാധിക്കൂ.ലഭിച്ച അവാർഡുകൾ കൂടുതൽ മഹത്തരമായ നേട്ടങ്ങൾക്ക് മാധ്യമപ്രവർത്തകർക്ക് പ്രചോദനം നൽകുമെന്നും അതോടൊപ്പം അവ കൂടുതൽ ഉത്തരവാദിത്തങ്ങൾ അവാർഡ് ജേതാക്കൾക്ക് നൽകുന്നുവെന്നും ഗവർണർ പറഞ്ഞു.ചടങ്ങിൽ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർഥികൾ സ്ത്രീധനവിരുദ്ധ പ്രതിജ്ഞ ഗവർണർക്ക് ഒപ്പിട്ടു നൽകി.എം. വിൻസന്റ് എം.എൽ.എ മുഖ്യ പ്രഭാഷണം നടത്തി. കേരള മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്. ബാബു, അക്കാദമി അസിസ്റ്റന്റ് സെക്രട്ടറി കല. കെ, മാധ്യമ നിരീക്ഷകൻ ഡോ. സെബാസ്റ്റ്യൻ പോൾ, യുവജന കമ്മീഷൻ ചെയർപേഴ്സൺ ഡോ. ചിന്ത ജെറോം, അക്കാദമി വൈസ് ചെയർമാൻ ദീപു രവി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ഡയറക്ടർ ഡോ. എം. ശങ്കർ എന്നിവർ പങ്കെടുത്തു.





# IND vs SA First Test, Day 2: വില്ലനായി മഴ; രണ്ടാം ദിനത്തിലെ കളി ഉപേക്ഷിച്ചു

**സെഞ്ചൂറിയൺ:** ഇന്ത്യ-ദക്ഷിണാഫ്രിക്ക ഒന്നാം ടെസ്റ്റിന്റെ രണ്ടാം ദിവസത്തിലെ കളി മഴമൂലം ഉപേക്ഷിച്ചു. ആദ്യ ദിനം കളിയവസാനിച്ചപ്പോൾ ഇന്ത്യ 272-3 എന്ന നിലയിലാണ്.122 റൺസുമായി കെ. എൽ. രാഹുലും 40 റൺസുമായി അജിങ്ക്യ രഹാനയുമാണ് ക്രീസിൽ. ഓപ്പണർ മായങ്ക് അഗർവാൾ, ചേതേശ്വർ പൂജാര, വിരാട് കോഹ്ലി എന്നിവരുടെ വിക്കറ്റാണ് ഇന്ത്യക്ക് നഷ്ടമായത്.ടോസ് നേടി ബാറ്റിങ് തിരഞ്ഞെടുത്ത നായകൻ വിരാട് കോഹ്ലിയുടെ തീരുമാനം ശരി വയ്ക്കുന്നതായിരുന്നു ഓപ്പണർമാരുടെ പ്രകടനം. മായങ്കും രാഹുലും ചേർന്ന് ആദ്യ വിക്കറ്റിൽ 117 റൺസാണ് ചേർത്തത്.123 പന്തിൽ 60 റൺസെടുത്തായിരുന്നു മായങ്ക് മടങ്ങിയത്. ഒൻപത് ഫോറുകളാണ് താരത്തിന്റെ ബാറ്റിൽ നിന്ന് പിറന്നത്. ലുങ്കി എൻഗിഡിയാണ് വലം കൈയൻ ബാറ്ററെ പുറത്താക്കിയത്.പിന്നാലെ എത്തിയ പൂജാര നേരിട്ട ആദ്യ പന്തിൽ തന്നെ പുറത്തായി. എൻഗിഡി തന്നെയാണ് പൂജാരയേയും പുറത്താക്കിയത്. ടെസ്റ്റ് ക്രിക്കറ്റിൽ പൂജാര മോശം ഫോം തുടരുകയാണ്. ഒരിക്കൽകൂടി പരാജയപ്പെട്ടതോടെ ബാറ്റിങ് നിരയിൽ ആശങ്കകൾ വർധിക്കുകയാണ്. പൂജാര മടങ്ങിയെങ്കിലും കോഹ്ലിയെ കൂട്ടുപിടിച്ച് രാഹുൽ ഇന്ത്യയെ നയിച്ചു.അനാവശ്യ പന്തിൽ ബാറ്റ് വച്ചായിരുന്നു കോഹ്ലിയുടെ പുറത്താകൽ. ഒരിക്കൽ കൂടി കിട്ടിയ തുടക്കം വലിയ സ്കോറിലേക്ക് എത്തിക്കാൻ സാധിക്കാതെ ഇന്ത്യൻ നായകൻ മടങ്ങി. 94 പന്തിൽ 35 റൺസായിരുന്നു സമ്പാദ്യം. നാല് ഫോറുകളും ഇന്നിങ്സിൽ ഉൾപ്പെടുന്നു. അഞ്ചാമനായിറങ്ങിയ രഹാനെ പിന്നീട് രാഹുലിന് മികച്ച പിന്തുണ നൽകി.ടീമിലെ തന്റെ സ്ഥാനം ഉറപ്പിക്കാൻ രഹാനെയ്ക്ക് മികച്ച ഇന്നിങ്സ് കാഴ്ച വച്ചെ മതിയാകു. 81 പന്തിൽ നിന്ന് 40 റൺസെടുത്താണ് താരം പുറത്താകാതെ നിൽക്കുന്നത്. 248 പന്തുകൾ നേരിട്ട രാഹുൽ 16 ബൗണ്ടറികളുടേയും ഒരു സിക്സിന്റേയും അകമ്പടിയോടെയാണ് 122 റൺസ് നേടിയത്. ഇന്ത്യയുടെ മൂന്ന് വിക്കറ്റുകളും എൻഗിഡിയാണ് സ്വന്തമാക്കിയത്.

EDITORS CHOICE



# ഇസ്ലാമിക തീവ്രവാദത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ബി.ജെ.പി സംസ്ഥാന ഉപാദ്ധ്യക്ഷൻ പി.അബ്ദുള്ളക്കുട്ടി

**ആലുവ:**ഇസ്ലാമിക തീവ്രവാദത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ബി.ജെ.പി സംസ്ഥാന ഉപാദ്ധ്യക്ഷൻ പി.അബ്ദുള്ളക്കുട്ടി പറഞ്ഞു. ഹിന്ദു ഐക്യവേദി എറണാകുളം ജില്ലാ സമിതി ആലുവ മഹാത്മഗാന്ധി ടൗൺ ഹാൾ ഗ്രൗണ്ടിൽ സംഘടിപ്പിച്ച ഭീകരവാദവിരുദ്ധ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.രാജ്യവ്യാപാകമായി ഇസ്ലാമിക തീവ്രവാദം വളർന്നു വരുകയാണ്. ഇത് രാജ്യത്തിന് അപകടമാണ്. കിഴക്കമ്പലത്ത് നടന്നത് ഈശോ വിനെ ആരാധിക്കുന്നതിനെ തിരെയുള്ള അക്രമണമാണ്. അള്ള ഹു വല്ലാതെ മറ്റൊരു ആരാധനയും സമ്മതിക്കുകയില്ലെന്ന മുസ്ലീം തീവ്രവാദി അതിഥി തൊഴിലാളികളുടെ അക്രമണമാണ് നടത്തിയത്. മുസ്ലീം തീവ്രവാദികളുടെ കൈ യ്യടി വാങ്ങുവാനാണ് പിണറായി വിജയൻ ശ്രമിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. സമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് പി.കെ.ചന്ദ്രശേഖരൻ അദ്ധ്യക്ഷതവഹിച്ചു .ഹിന്ദു ഐക്യവേദി സംസ്ഥാന അദ്ധ്യക്ഷ കെ.പി ശശികല ടീച്ചർ സംസാരിച്ചു. ഹിന്ദു സമൂഹം ഒരു കനത്ത വെല്ലുവിളിയെയാണ് നേരിടുന്നത്. മരിക്കാനും കൊല്ലാനും തെയ്യാറായി വരുന്ന മുസ്ലീം തീവ്രവാദികൾക്കെതിരെ നടപടി സ്വീകരിക്കാതെ അവർക്കുവേണ്ടി എല്ലാ ഒത്താശയും ചെയ്തു കൊടുക്കു യാന്ന് പിണറായി വിജയൻ ചെയ്യുന്നതെന്ന് അവർ പറഞ്ഞു. ആലു വ സ്വകാര്യ ബസ് സ്റ്റാന്റ് പരിസരത്തു ആരംഭിച്ച പ്രകടനം മാർക്കറ്റ് റോഡ് സർക്കാർ ആശുപത്രി, റയിൽവേസ്റ്റേഷൻ, പമ്പ് കവല വഴി ടൗൺഹാളിൽ എത്തി ചേർന്നു സ്ത്രീകളും കുട്ടികളുമടക്കം ആയിരക്കണക്കിനാളുകൾ പ്രകടനത്തിൽ പങ്കെടുത്തു. പത്മശ്രീ എം.കെ. കുഞ്ഞോൽ മാസ്റ്റർ (സംസ്ഥാന രക്ഷാധികാരി ഹിന്ദു ഐക്യവേദി),ആർ. വി.ബാബു (സംസ്ഥാന ജനറൽ സെക്രട്ടറി ഹിന്ദു ഐക്യവേദി ), ക്യാപ്റ്റൻ കെ.സുന്ദരൻ (സംസ്ഥാന ഉപാദ്ധ്യക്ഷൻ ഹിന്ദു ഐക്യവേദി),കെ.വി.ശിവൻ(സംസ്ഥാന പ്രസിഡന്റ് വീരശൈവ മഹാസഭ), ശിവാനന്ദൻ (സംസ്ഥാന ഉപാദ്ധ്യക്ഷൻ കേരള കു ടുബി ഫെഡറേഷൻ),രാധാകൃഷ്ണൻ (എൻ എസ് എസ് ഡയറക്ടർ ബോർഡ് മെമ്പർ),വിജയൻ ടി (ജില്ലാ പ്രസിഡന്റ് ചക്ലിയർ മഹാസഭ), സുബ്രഹ്മണ്യൻ ടി.സി (അഖിലേന്ത്യ പട്ടികജാതി പട്ടികവർഗ്ഗ സംരക്ഷണ സമിതി ജില്ലാ പ്രസിഡന്റ്), സഞ്ജയൻ സംസ്ഥാന പ്രചാർ പ്രമുഖ് വിശ്വഹിന്ദു പരിഷിത്ത്), ഡോ. വിജയകുമാരി (സംസ്ഥാന ഉപാദ്ധ്യക്ഷ മഹിളാ ഐക്യവേദി), യമുനാ വത്സൻ (ജില്ലാ അദ്ധ്യക്ഷ മഹിളാ ഐക്യവേദി) തുടങ്ങിയവർ പങ്കെടുത്തു. ജില്ലാ ജനറൽ സെക്രട്ടറി എം.സി.സാബു ശാന്തി സ്വാഗതവും, സെക്രട്ടറി പ്രകാശൻ തുണ്ടത്തുംകടവിൽ കൃതജ്ഞതപറഞ്ഞു.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com